
Poomkavanam Monthly | Volume 09 | Issue 05 | 2017 January
₹: 20/-
പൂങ്കാവനം
കുടുംബമാസിക
പ്രമേഹം വില്ലനാകുമ്പോൾ
പച്ചമീനിലും മാരക വിഷമോ?
കിളിമലക്കു താഴെ പുതിയ വിശേഷങ്ങൾ
വാടക ഗർഭപാത്രം നമ്മുടെ നാട്ടിലും


ഹലാലായ വരുമാനം
അമാനത്തിലൂടെ
വെറുതെയിരിക്കുന്ന പണം ഞങ്ങളെ ഏൽപ്പിക്കുക
ഹലാലായ വരുമാനം നേടുക!
കോഴിക്കോട് കേന്ദ്രീകരിച്ച് 29 വർഷമായി
പ്രവർത്തിച്ചുവരുന്ന ദാറുൽ അമാനത്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
ഇസ്‌ലാമിക ബോധമുള്ളവരിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപം
വിവിധ ബിസിനസ്സുകളിൽ വിനിയോഗിച്ച് അതിൽ നിന്ന് ലഭിക്കുന്ന വാർഷിക ലാഭം
നിശ്ചിത തോതനുസരിച്ച് നിക്ഷേപകരും മാനേജ്മെന്റും പങ്കുവെക്കുന്നു.
ഹജ്ജ്, ഉംറ, വിവാഹം, വീട് നിർമ്മാണം തുടങ്ങിയ ആവശ്യങ്ങളിലേക്ക്
നീക്കി വെച്ചിരിക്കുന്ന പണം ഉപയോഗപ്പെടുത്തി നിങ്ങൾക്കും ഹലാലായ വരുമാനം നേടാം.
പരിചയവും പാരമ്പര്യവും നിങ്ങളുടെ
നിക്ഷേപം സുരക്ഷിതമാക്കുന്നു.
വീക്ഷണവും സൂക്ഷ്മതയും
നിങ്ങളുടെ വരുമാനം ഹലാലാക്കുന്നു.
നിശ്ചിത സമയത്തിന് മുമ്പ് നോട്ടീസ്
നൽകി നിക്ഷേപം പിൻവലിക്കാൻ സൗകര്യം
ദാറുൽ അമാനത്ത്
ഹലാലായ വരുമാനം ആഗ്രഹിക്കുന്നവരുടെ കൂട്ടായ്മ
Managing Director
darul amaanath
darul amaanath
Markaz Complex, Opp. Markaz Masjid, Ist Floor, Mavoor Road,
Kozhikode-4. Tel: 0495-2721528, 96 56 00 4000

# മൂന്ന് പുതിയ പുസ്തകങ്ങൾ വിപണിയിൽ

₹: 60/-




## വിചിത്രാനുഭവങ്ങൾ

ഇബ്നു ബത്തൂത്ത

ലോകപ്രശസ്ത സഞ്ചാരിയായിരുന്ന ഇബ്നു ബത്തൂത്തയുടെ വിശ്വോത്തര കൃതി രിഹ്‌ലയുടെ പുനഃരാഖ്യാനം. മൊഴിമാറ്റം: സയ്യിദ് സ്വലാഹുദ്ദീൻ ബുഖാരി, കൂരിയാട്

₹: 100/-




## സുവർണ യുഗത്തിലെ ഖലീഫമാർ

സിദ്ദീഖ് കയ്പമംഗലം

അധികാരം മോഹിക്കാതെ ജനഹിതം മാനിച്ച് ഭരണം നടത്തിയ നാല് ഖലീഫമാരുടെ ജീവിതവും കാലവും വരച്ചിടുന്ന കൃതി.

₹: 200/-




## ഖുർആൻ വഴി കാണിക്കുന്നു

എ.കെ. അബ്ദുൽമജീദ്

അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തെക്കുറിച്ചും തിരുനബിയുടെ ജീവിതത്തെക്കുറിച്ചും മനുഷ്യന്റെ ഇഹപര ജീവിതത്തെക്കുറിച്ചും വിചിന്തനം ചെയ്യുന്ന കൃതി.

പി. ആർ. എഫ്. അംഗങ്ങൾക്ക് 40% കിഴിവ്.

**മൂന്ന് കൃതികളും ഇപ്പോൾ സ്വന്തമാക്കാൻ 240 രൂപ എം.ഒ. അയക്കുക**

പുസ്തകം സൗജന്യ തപാലോടെ നിങ്ങൾക്ക് ലഭിക്കുന്നു.

**പൂങ്കാവനം പബ്ലിക്കേഷൻസ്**

മർകസ് കോംപ്ലക്സ്, കോഴിക്കോട്–673 004
ഫോൺ: 0495–2729036, 037
: 8089773806
E-mail: poomkavanamcalicut@gmail.com

Poomkavanam Publications: Bank A/c No: 13060200026390, Federal Bank, Puthiyara Branch, Kozhikode, IFSC: FDRL0001306



6

## സ്നേഹതീരം ഉണർന്നു; കിളിമലക്കു താഴെ...

ഇബ്രാഹിം ടി.എൻ.പുരം



18

## ഭവനം ഇനി ഒരു സ്വപ്നമല്ല

റശീദ് പുന്നശ്ശേരി



38

## പ്രമേഹം വില്ലനാവുമ്പോൾ

ഡോ: സുമയ്യ അബ്ദുല്ല



58

## റസീനയുടെ ഭർത്താവ്

22/വാടക ഗർഭപാത്രം; കരാറു വാങ്ങി പ്രസവിക്കുന്നവർ/നിയാസ് മുണ്ടമ്പ്ര

40/മാപ്പിള സംസ്കാരങ്ങളും മുഹ്യിദ്ദീൻ മാലയും/മുനീർ അഹ്സനി ഒമ്മല

42/ശൈഖ് ജീലാനി/ഹബീബുല്ല തങ്ങൾ കൊന്നാര്

46/ഇസ്‌ലാമിക ചരിത്രത്തിലെ സൂഫീ വനിതകൾ/ഇസ്സുദ്ദീൻ പൂക്കോട്ടുചോല

52/പിഴക്കാത്ത വഴി/മുഹമ്മദ് കുട്ടി ബാഖവി പെരുമുഖം

54/പച്ച മീനിലും മാരക വിഷം/ത്വയ്യിബ് പെരുവള്ളൂർ

56/കേവലാക്ഷരങ്ങളുടെ രഹസ്യം/അബ്ദുറഹ്മാൻ ദാരിമി, സീഫോർത്ത്

60/വസ്‌വാസ്: ചികിത്സ എങ്ങനെ, എപ്പോൾ?/ഷംസീർ ഇബ്റാഹീം നൂറാനി

62/പൊരിവെയിൽ കൊള്ളുന്ന ജനങ്ങളും മോഡിയും/അബ്ദുള്ള പേരാമ്പ്ര

64/കുട്ടികളുടെ ഭക്ഷണം/ഡോ: എൽ. വിജയലക്ഷ്മി

66/ഭർത്താവ്: ഭാര്യയുടെ സ്വർഗം/അക്ബർ അലി കൊല്ലം

- 12/ഓർമ്മച്ചെപ്പ്
- 13/ആത്മവെളിച്ചം
- 14/വാക്കുകൾ
- 16/ഇത്താത്ത എഴുതുന്നു
- 17/ഇണയും തുണയും
- 25/ഫലിതനുറുങ്ങുകൾ
- 26/ക്ലാസ് റൂം
- 29/കവിത
- 34/കഥ
- 37/മിനിക്കഥാച്ചെപ്പ്
- 44/നിങ്ങളും സംശയങ്ങളും
- 49/നോവൽ
- 68/താലോലം
- 72/അടുക്കള





2911

പൂങ്കാവനം

കുടുംബ മാസിക

വാള്യം: 09, ലക്കം: 05
2017 ജനുവരി

cover/haiza hashim
photo/k.m. adhil

ചീഫ് എഡിറ്റർ:
ഡോ.ഹുസൈൻ രണ്ടത്താണി
പ്രിന്റർ & പബ്ലിഷർ:
കെ.സി. അബ്ദുൽ ഖാദിർ
എഡിറ്റർ ഇൻചാർജ്:
ഇബ്രാഹിം ടി.എൻ.പുരം
9447 239 168
അസി. എഡിറ്റർ:
അബ്ദുല്ല പേരാമ്പ്ര

Poomkavanam monthly, Markaz Complex, Puthiyara P.O,
Calicut - 673 004. Tel: 0495 272 9036, 272 9037
poomkavanamcalicut@gmail.com
www.poomkavanam.net
WhatsApp No: 8089773806

Poomkavanam Publications
A/c No: 13060200026390.Federal Bank, Puthiyara Branch,
Kozhikode. IFSC: FDRL0001306

Manager: 0495 4099547. Office: 0495 2729036. Book Stall: 0495 2729037. poomkavanammonthly@yahoo.co.in.



വിചാരം

ഡോ. ഹുസൈൻ രണ്ടത്താണി

# കള്ളനാണയങ്ങൾ

ഡോക്ടറേറ്റ് കിട്ടിയ സന്തോഷത്തോടെ വീട്ടിലിരിക്കുമ്പോഴാണ് അയലത്തെ പാത്തുമ്മാമ വീട്ടിൽ വന്ന് രോഗ വിവരം പറയുന്നത്. ആദ്യമൊന്നും എനിക്കും മനസ്സിലായില്ല. രോഗ ലക്ഷണങ്ങളും കാഴ്ചക്കുറവും പറഞ്ഞ് സമയം നീണ്ടപ്പോൾ ഞാനിടപെട്ടു: 'ഉമ്മുമ്മാ ഡോക്ടറെ കാണിച്ചു കൂടേ.' പാത്തുമ്മാമയുടെ മറുപടി കിട്ടിയപ്പോഴാണ് കാര്യം മനസ്സിലായത്, "ഇനി എനിക്ക് മോൻ ചികിത്സിച്ചാൽ മതി." പാത്തുമ്മാമയെ എന്ത് പറഞ്ഞാണ് ഞാൻ മനസ്സിലാക്കുക. ഞാനങ്ങോട്ട് പറഞ്ഞിട്ടൊന്നും ഉമ്മുമ്മ വിടുന്നില്ല. എനിക്ക് കോളജിൽ പോവാനും സമയമായി. അവസാനം ഉപ്പ കുടിക്കുന്ന ഒരു അരിഷ്ടത്തിന്റെ പേര് എഴുതിക്കൊടുത്തു. എന്നിട്ടും വിട്ടില്ല പാത്തുമ്മാമ. അവർക്ക് ഇംഗ്ലീഷ് മരുന്ന് വേണം. ഡോക്ടറേറ്റിനേയും പഴിച്ച് ഞാൻ തടി സലാമത്താക്കി. പാത്തുമ്മാമയെ ആരോ പററിച്ചതാണ്.

കുട്ടിക്ക് മുലപ്പാല് കൊടുക്കരുത് എന്ന് പറഞ്ഞ് ഒരു ഉമ്മയെ ചികിത്സിച്ച സിദ്ധന്റെ കഥ അടുത്ത് പത്രത്തിൽ വായിച്ചല്ലോ. കാള പെററെന്ന് കേൾക്കുമ്പോഴേക്കും കയറെടുക്കുന്ന നമുക്ക് എന്നാണിനി നേരം വെളുക്കുക? രാവിലെ പത്രം വായിച്ചിരിക്കുമ്പോഴാണ് ഒരാളുടെ ഫോൺവിളി. 'ഇക്കാ, ഒന്ന് സഹായിക്കണം.' കാര്യം മറെറാന്നുമല്ല. ഭാര്യയുടെ സുഖ പ്രസവത്തിന് വേണ്ടി ഏതോ വ്യാജന്റെ അടുത്ത് പോയതാണ് ചങ്ങാതി. അയാൾ സുഖ പ്രസവം ഗ്യാരണ്ടി നൽകി. മരുന്നിന്റെ പോരിശകൾ തുരുതുരാ പറഞ്ഞപ്പോൾ പാവം ഭർത്താവിന് മരുന്ന് കിട്ടിയേ പററൂ എന്നായി. ആഗതൻ തന്റെ കെണിയിൽ കുടുങ്ങി എന്നറിഞ്ഞപ്പോൾ വ്യാജൻ വീണ്ടും വാചാലനായി. ഇരുപതിനായിരം വേണമെന്ന് പറഞ്ഞപ്പോൾ ഭർത്താവ് ഒന്ന് ഞെട്ടി. അത് മരുന്നിന്റെ വില മാത്രം. നിങ്ങളായത് കൊണ്ട് മറെറാന്നും വേണ്ട. വന്നയാളുടെ സാമ്പത്തിക വിഷമം കേട്ടപ്പോൾ അയാൾക്ക് അലിവ് തോന്നിയതാണ്. പലരും മരുന്ന് വാങ്ങുന്നുണ്ടത്രേ. പത്ത് മാസം തികഞ്ഞാൽ പ്രശ്നമൊന്നുമില്ലെങ്കിൽ സുഖമായി പ്രസവിക്കാറുമുണ്ട്. സിസേറിയൻ ചെയ്താലും ഒരു വേദനയും ഗർഭിണി അറിയുകയുമില്ല. ഇത് കേട്ടാൽ ആരാണ് ആ മരുന്ന് വാങ്ങാതിരിക്കുക! ഞാൻ പറഞ്ഞു, അയാളുടെ പേരിൽ കേസ് കൊടുക്കാൻ. പക്ഷേ ഭാര്യയുടെ പ്രസവം അലങ്കോലപ്പെടുമോ എന്നതിനാൽ ഭർത്താവിന് ധൈര്യമുണ്ടായില്ല. പിന്നെ എന്തുണ്ടായി എന്നറിഞ്ഞിട്ടുമില്ല.

വ്യാജ സിദ്ധൻമാർ എല്ലാ ജാതിയിലുമുണ്ട്. പല സ്ഥലങ്ങളിലുമുണ്ട്. ചില സ്ഥലങ്ങളിൽ മണ്ണിനും വെള്ളത്തിനും വരേ സിദ്ധ ശക്തിയുണ്ട്. വള്ളിക്കുന്നിലെ ഒരു വെള്ളത്തെക്കുറിച്ച് എന്റെ ഉമ്മുമ്മ പണ്ട് പറയുമായിരുന്നു. ആ കിണററിലെ വെള്ളമെടുത്ത് കുളിച്ചാൽ എത് കാഴ്ചയില്ലാത്തവർക്കും കാഴ്ച ലഭിക്കുമെന്ന്. ഇങ്ങനെ കണ്ണു കാണാത്തവർ വടിയും കുത്തിപ്പിടിച്ച് വള്ളിക്കുന്നിലേക്ക് പ്രവഹിച്ചു. വെള്ളം കോരി കുളിച്ചപ്പോൾ കാഴ്ച തിരിച്ചു കിട്ടി. പിന്നെ വേറെയായി പ്രശ്നം. കാഴ്ച തിരിച്ചു കിട്ടിയ അന്ധൻമാർ തങ്ങൾ കൊണ്ടു വന്ന ഊന്നു വടി അവിടെത്തന്നെ ഉപേക്ഷിച്ച് പോയി. വടി കൊണ്ടുപോവാൻ ലോറികൾ വേണ്ടി വന്നുവത്രേ. അപ്പോൾ എന്തായിരിക്കും വള്ളിക്കുന്നിലെ വെള്ളത്തിന് തിരക്ക്. അന്വേഷിച്ച് ചെന്നപ്പോൾ വള്ളിക്കുന്നിൽ അമ്മാതിരി വെള്ളവുമില്ല; കിണറുമില്ല.

ഇത് പോലെയാണ് വ്യാജ ഡോക്ടർമാരുടേയും കഥ. ഒന്നും അന്വേഷിക്കില്ല. നല്ല ഡോസുള്ള ഏതെങ്കിലും മരുന്ന് തന്ന് മരിക്കാറാകുമ്പോഴാണ് ഈ ഡോക്ടർ വ്യാജനാണെന്നറിയുക. ബോർഡ് കാണുമ്പോഴേക്കും പാഞ്ഞു കയറരുത്. ഏത് വേദനക്കും അരിഷ്ടം കൊടുത്ത് മാററുന്ന ഒരു വ്യാജ സിദ്ധനുണ്ടായിരുന്നു. തൊട്ടടുത്ത ഒരു ഇംഗ്ലീഷ് മരുന്ന് ഷാപ്പുകാരനുമായാണ് വ്യാജന്റെ കൂട്ടു കെട്ട്. പാരസിററമോൾ അരിഷ്ടത്തിൽ കലക്കി കൊടുക്കുകയാണ് അയാൾ ചെയ്തിരുന്നത്. പോരാത്തതിന് ഒരു ജപ നൂലും. പുന്നാര പാരസിററമോളുണ്ടെങ്കിൽ ഏത് വേദനയും ശമിക്കുമല്ലോ?

നല്ല മനുഷ്യർ സാന്ത്വന ചികിത്സ നടത്താറുണ്ട്. അവർ വിശ്വാസപരമായ മന്ത്ര ജപങ്ങളിലൂടെ വിശ്വാസികൾക്ക് ആശ്വാസം കൊടുക്കാറുമുണ്ട്. അത് കൗൺസിലിങ്ങിന്റെ മറെറാരു രൂപമാണ്. ചിലപ്പോൾ ഒരാളുടെ പ്രാർഥന മതിയായിരിക്കും മനസ്സിന് ശാന്തി ലഭിക്കാൻ. ഒരു ക്യാൻസർ രോഗിയെ സാന്ത്വന ചികിത്സക്ക് വിട്ടാൽ അവന്റെ മനഃസംഘർഷം കുറക്കാം. അതുവഴി രോഗത്തിന് ആശ്വാസവുമുണ്ടാവും.

ഏതു രംഗത്തും പറ്റിക്കുന്നവരുണ്ട്. അതിൽ തലവെച്ചുകൊടുക്കാതിരിക്കുക. ചികിത്സയുടെ പേരിലുള്ള ചൂഷണങ്ങളെ നാം തിരിച്ചറിഞ്ഞേ മതിയാവൂ.

## ഫീച്ചർ/ഇബ്രാഹിം ടി.എൻ.പുരം



പാലക്കാട് ജില്ലയിൽ പുതുനഗ
രം-കൊല്ലങ്കോട് റോഡിൽ
വടവന്നൂർ വൈദ്യശാല
സ്റ്റോപ്പിൽനിന്ന് പടിഞ്ഞാറു ഭാഗ
ത്തേക്ക് ഒരുകൊച്ചു റോഡുണ്ട്. ഇത്
ചെന്നവസാനിക്കുന്നത് വടവന്നൂർ
കീഴ്ച്ചിറ എന്ന ഗ്രാമത്തിലാണ്.
ഇന്നും ഓലക്കുടിലിൽ താമസി
ക്കുന്ന നിരവധി കുടുംബങ്ങൾ.
ചുറ്റും പരന്നുകിടക്കുന്ന വയൽ. വയ
ലിനപ്പുറം ദൂരെ ഉയർന്നുനിൽക്കുന്ന
മലനിരകൾ. നിരവധിയാളുകൾ അല
ക്കാനും കുളിക്കാനും ആശ്രയിക്കുന്ന
ചിറക്കുളം. യുവാക്കൾ സന്ധ്യാനേര
ങ്ങളിൽ വർത്തമാനം പറഞ്ഞിരി
ക്കുന്ന കുളപ്പരിസരം. ഒഴിഞ്ഞ പാട
ങ്ങളിൽ വൈക്കോൽ കൂനകൾ. ഇടവ
ഴിയിലൂടെ ഇടക്കിടെ പാഞ്ഞു കളി
ക്കുന്ന നായകൾ. എണ്ണപ്പെട്ട വീടു
കൾ മാത്രം ഓടിട്ടത്... വിവിധ മത
ക്കാർ ഐക്യത്തോടെ കഴിയുന്ന
'സ്നേഹതീര'മാണിത്. ഗ്രാമത്തിനോ
ട് ചേർന്ന് തലയുയർത്തിനിൽക്കുന്ന
മസ്ജിദ്. ദാരിദ്ര്യം കൂടപ്പിറപ്പാണെങ്കി
ലും, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടുക
ഴിയുന്ന, ഉള്ളതു പങ്കുവെക്കാൻ
ധൃതികൂട്ടുന്ന സുമനസ്കർ...

കഥകളിൽ മാത്രം കാണുന്ന ഈ
ഗ്രാമീണരെ നേരിട്ടു കാണാൻ ക
ഴിഞ്ഞ മാസം സ്നേഹ തീരത്തിലെ
ത്തിയപ്പോൾ നിഷ്കളങ്ക ജനങ്ങളെ
ക്കണ്ട് ഉള്ളു കിളിർത്തു. ദാരിദ്ര്യം
നീങ്ങിയിട്ടില്ലെങ്കിലും വിദ്യാഭ്യാസം
നേടുന്നതിൽ ഗ്രാമീണർ ഉത്സുകരാ
യിരിക്കുന്നു. ദീൻ പഠിക്കാത്ത ഒരു
കുട്ടിയും തങ്ങളുടെ വീട്ടിലുണ്ടാവരു
തെന്ന് അവർ തിരിച്ചറിഞ്ഞിരിക്കു
ന്നു. സ്വന്തം കുട്ടിക്കാലവും
യുവത്വവും ദീൻ അറിയാതെ, അനാ
ചാരങ്ങളിൽ മുഴുകി ജീവിച്ചുപോയ
തിൽ പലർക്കും കുറ്റബോധമുണ്ട്.
അറിവാണ്, വിജയത്തിന്റെ വഴി
എന്ന തിരിച്ചറിവിൽ ഇവർ ഉദ്ബുദ്ധ
രാകുന്നു. പണത്തിനേ കുറവുള്ളൂ,
വിജ്ഞാന സമ്പാദ്യത്തിൽ ഇനി
പിന്നോട്ടില്ലെന്ന് ജീവിതംകൊണ്ട്
തെളിയിക്കുന്നു. ഈ പരിവർത്തന
ത്തിനു കാരണം എന്ത് എന്ന് ചോദി
ച്ചാൽ ഗ്രാമീണരുടെ ചുണ്ടിൽ വിരി
യുന്നത് ആദ്യം ഉസ്താദ് എന്ന ആദ
രവും അതേത്തുടർന്ന് പി.എം.കെ.
എന്ന മൂന്നക്ഷരവും... 1990-93 കാല
ത്താണ് പാലക്കാടൻ ഗ്രാമങ്ങളിൽ
പി.എം.കെ. ഫൈസി എത്തുന്നത്.
അന്നത്തെ ജീവിതാവസ്ഥകളെക്കു
റിച്ച് ഒരൽപം ഫ്ളാഷ് ബാക്ക്...

*****

# സ്നേഹതീരം ഉണർന്നു; കിളിമലക്കു താഴെ...

ദാരിദ്ര്യം കൊടികുത്തി വാണിരുന്ന നാളുകളായിരുന്നു അത്. എല്ലാ വീട്ടുകാർക്കും അറിയുന്ന കൈത്തൊഴിലായിരുന്നു പായ നെയ്ത്ത്. വൈകുന്നേരം വരെ നെയ്ത്തിൽ ഏർപ്പെടും. ഒരു പായ നെയ്താൽ കിട്ടുന്നത് രണ്ടു രൂപ മാത്രം. ഓരോ ദിവസവും, അതു വാങ്ങാൻ ആവശ്യക്കാർ വരും. വിൽക്കുന്നതുവരെ പായയിൽ കിടക്കാനും, രാത്രിയായാൽ വെറും നിലത്തു കിടക്കാനും വിധിക്കപ്പെട്ടവർ.

ചെറിയ പള്ളിയുണ്ടായിരുന്നെങ്കിലും നിസ്കരിക്കാൻ വരുന്നവർ കുറവ്. മതബോധത്തിന്റെ കുറവും ദാരിദ്ര്യത്തിന്റെ കൂട്ടുമായപ്പോൾ കുട്ടികൾ പട്ടിണി കിടക്കാതിരിക്കാനുള്ള നെട്ടോട്ടമായിരുന്നു അന്ന്. മുതവല്ലി മുത്തഹമ്മദ് സാഹിബിന്റെ വാക്കുകളിൽ ചില ദിവസം തറാവീഹിന് ഇമാമും മുക്രിയും മാത്രം നിസ്കരിക്കേണ്ടിവന്ന അനുഭവമുണ്ടായിട്ടുണ്ട്. അറിവിന്റെ അഭാവം മൂലം ആചാരങ്ങൾ, അനാചാരങ്ങൾക്കും വഴിമാറിയിരുന്നു. കല്യാണ വീടുകളിൽ ഇതു കൂടുതൽ കാണാമായിരുന്നു. പുതിയാപ്ലയുടെ മുടി വെട്ടാനും താടി വടിക്കാനും ക്ഷുരകൻ കല്യാണ വീട്ടിൽ എത്തുന്ന ചടങ്ങാണ് രസകരം. 'മുഖവേല' എന്നാണ് ഇതിന്റെ പേര്. താലത്തിൽ അരിയും പഴവും വെച്ച് വീട്ടുകാർ ക്ഷുരകനെ സ്വീകരിക്കുന്നു. മുടിവെട്ടുന്നതോടെ ഓരോ കുടുംബാംഗങ്ങളും തങ്ങളുടെ വിഹിതവുമായി എത്തണമെന്നാണ് നിയമം. ഇല്ലെങ്കിൽ പകുതി ജോലി ചെയ്ത് ക്ഷുരകൻ കാത്തുനിൽക്കും. വല്യമ്മായിയുടെ വക കിട്ടിയില്ല, ചെറിയമ്മായി എവിടെ... എന്നിങ്ങനെ പേരെടുത്തു, മുഴുവൻ അവകാശങ്ങളും കിട്ടാതെ പുതിയാപ്ലയെ തന്റെ പിടിയിൽനിന്ന് വിടില്ലത്രെ.

മഹ്റ് അന്ന് പണമായിട്ടാണ് നൽകിയിരുന്നത്. 951/4, 961/4, 971/4 രൂപ എന്നിങ്ങനെ ഓരോരുത്തരും തങ്ങളുടെ ശേഷിക്കനുസരിച്ച് കൊടുത്തിരുന്ന കാലമുണ്ടായിരുന്നു. വട്ടത്തിൽ നിന്ന് കൈകൊട്ടിപ്പാടി പുതിയാപ്ലയെ ആനയിക്കും. വരന്റെ പെങ്ങന്മാർ പുഷ്പമാല, വധുവിന് ചാർത്തിക്കൊടുക്കും. കല്യാണത്തലേന്ന് 'മൈലാഞ്ചിയിടൽ' ചടങ്ങിൽ മണവാട്ടി കൈ നീട്ടി ഇരിക്കുമായിരുന്നു. വരുന്നവരൊക്കെ, ആൺ–പെൺ വ്യത്യാസമില്ലാതെ മൈലാഞ്ചിയിട്ടു കൊടുക്കും.

പുതിയാപ്പിള ഇറങ്ങുമ്പോൾ 'ചതനം നോക്കൽ' എന്ന ആചാരമുണ്ടായിരുന്നു. ഉത്തരവാദപ്പെട്ടവർ മൊന്തയിൽ വെള്ളവുമായി, പുതിയാപ്ലയുടെ കൂടെ ഇറങ്ങണം. ആ സമയത്ത് വൃദ്ധരോ, രോഗികളോ, വിധവകളോ പുതിയാപ്പിളയെക്കാണാൻ പാടില്ല; അവലക്ഷണമാണ്. പുതിയാപ്പിളയും പുതുപ്പെണ്ണും ഇറങ്ങുമ്പോൾ മുതിർന്നവരുടെ കാല് തൊട്ട് വന്ദിക്കണം.

പുതിയാപ്പിള തിരിച്ചുവരുമ്പോഴുമുണ്ട് ചില നടപടിക്രമങ്ങൾ. ചുണ്ണാമ്പും മഞ്ഞളും കലർത്തിയ വെള്ളം പാത്രത്തിൽ വെച്ചിട്ടുണ്ടായിരിക്കും. അതിൽ തിരി കൊളുത്തിക്കത്തിച്ച്, രണ്ടുപേരും അതിനെ മൂന്നു പ്രാവശ്യം പ്രദക്ഷിണം വെക്കുകയും തുടർന്ന് ഇരുവരും വെള്ളത്തിൽ തുപ്പുകയും വേണം. ആ വെള്ളം പുറത്തെ 'പടിക്കാലിൽ' ഒഴിച്ചാൽ എല്ലാ മുസ്വീബത്തും തീർന്നുവെന്നാണ് വിശ്വാസം.

മരണവീട്ടിലുമുണ്ടായിരുന്നു കുറെ ആചാരങ്ങൾ. പ്രായപൂർത്തിയാവുന്ന പെൺകുട്ടി 'കുളി'ച്ചാലും 'പ്രസവക്കുളി' കഴിഞ്ഞാലും മതത്തിലില്ലാത്ത ചില ചടങ്ങുകൾ ഉണ്ടായിരുന്നു. പുസ്തക പൂജയും വിഷുക്കണി കാണലും കൈനീട്ടം വാങ്ങലുമായി, മറ്റു മതങ്ങളിൽ നിന്നു കടമെടുത്ത കാര്യങ്ങൾ വേറെയും.

ആചാരങ്ങളിലെ നെല്ലും പതിരും വേർതിരിച്ചു പറഞ്ഞുകൊടുക്കാൻ മാത്രം അറിവുള്ളവർ പല ഗ്രാമങ്ങളിലുമുണ്ടായിരുന്നില്ല. വിശപ്പു മാറാത്ത ഒരു സമൂഹത്തോട് ഇതൊക്കെപ്പറയാൻ ആർക്കു നേരം? കർക്കടകമാസത്തിലൊക്കെ മുഴുപ്പട്ടിണിയായിരുന്നു ഒരു കാലത്ത്. വല്ലപ്പോഴും നായന്മാരുടെ തറയിൽ കഞ്ഞിവെച്ചു കൊടുക്കുമ്പോൾ മൂന്നു ചിരട്ട കഞ്ഞി കിട്ടും. അതു കുടിച്ചാൽ വിശപ്പു തീരില്ല പലർക്കും. വീണ്ടും വീട്ടിൽ വന്ന് കുപ്പായം മാറി വേറെ പാത്രവുമായി വരി നിൽക്കുന്നത് പിടിക്കപ്പെടരുതേ എന്ന പ്രാർത്ഥനയുമായിട്ടാണ്. കൊല്ലത്തിലൊരിക്കൽ കഞ്ഞിവെച്ചു കൊടുക്കുന്ന ചിങ്ങം വീടുണ്ടായിരുന്നു കീഴ്ച്ചിറയിൽ. വെള്ളപ്പയറും മത്തനും ചേർത്ത് കുഴമ്പു പോലൊരു കൂട്ടാനും... അതിന്റെ രുചി ഇന്നും മറന്നിട്ടില്ലെന്ന് ഗ്രാമീണരിൽ പലരും ഓർത്തെടുക്കുന്നു.

ഇവിടങ്ങളിലാണ് പിൽക്കാലത്ത് പി.എം.കെ. ഉസ്താദ് എത്തുന്നത്. ഗ്രാമീണർക്ക് ഒരു സാന്ത്വനമായി, ആശ്രയമായി അദ്ദേഹം മാറിയത് പെട്ടെന്നായിരുന്നു. വെറും കൈയോടെ ഉസ്താദ് വരില്ലായിരുന്നു. അവർക്ക് നൽകാൻ അരിക്കിറ്റുകളും ഉടുക്കാൻ വസ്ത്രങ്ങളും കരുതുമായിരുന്നു. പി.എം.കെ. ഫൈസി വരുന്നുണ്ടെന്നറിഞ്ഞാൽ രാത്രി ഏറെ വൈകുവോളം അവർ കാത്തിരിക്കുമായിരുന്നു.

ശരീരത്തിന്റെ വിശപ്പു മാറ്റിയതിനു ശേഷമാണ് ആത്മാവിന്റെ വിശപ്പു മാറ്റാൻ പി.എം.കെ. തയ്യാറായത്. അത്, ഘോര പ്രസംഗങ്ങളായിരുന്നില്ല. ഗ്രാമീണർക്കിടയിൽ ഒരാളായി, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, എല്ലാം സഹിച്ചും ത്യജിച്ചും ഇടപെടുകയായിരുന്നു.



പാലക്കാടൻ യാത്രകളിൽ പി.എം.കെയെ വേദനിപ്പിച്ച ഏറെ കാഴ്ചകളുണ്ടായിരുന്നു ചിലയിടങ്ങളിൽ. അതിലൊന്ന് വിവാഹ സമയത്തെ ചില അശ്രദ്ധകൾ കണ്ടപ്പോഴായിരുന്നു. ഉത്തരവാദപ്പെട്ടവർ ലഹരിയുടെ വിൽപനക്കാർ ആയതായിരുന്നു മറ്റൊരു വേദന. പള്ളിക്കമ്മിറ്റിക്കാരിൽ ചിലർ ലോട്ടറി വിൽപനക്കാരായതും അദ്ദേഹത്തെ ദുഃഖിപ്പിച്ചു. അവരിൽ പലർക്കും ദിശാബോധം നൽകി, പല ഗ്രാമങ്ങളിലും 'ആത്മീയത' വളർത്താൻ ആ ദാഇകളുടെ ദാഇക്ക് സാധിച്ചു. ഒന്നും എളുപ്പമായിരുന്നില്ലെന്ന് മാത്രം.

കീഴ്ച്ചിറയിലും പരിവർത്തനങ്ങളുണ്ടായി. മദ്റസ സജീവമാക്കി. തുടർവിദ്യാഭ്യാസം ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ നൽകി. "പി.എം.കെ. വന്നില്ലായിരുന്നെങ്കിൽ ഞങ്ങളുടെയൊക്കെ വഴിമാറിപ്പോയേനെ..." കീഴ്ച്ചിറയിലെ ആദ്യ മുതഅല്ലിമായ ശറഫുദ്ദീൻ മുസ്‌ലിയാർ പറഞ്ഞു. രണ്ട് ബിരുദദാരികൾഇന്ന് കീഴ്ച്ചിറയിലുണ്ട്. 15 പേർ വിവിധ ദർസുകളിൽ പഠിക്കുന്നുമുണ്ട്.

പിന്നീട്, കാന്തപുരം ഉസ്താദ് വഴി പള്ളി പുനർനിർമിച്ചതോടെ ഗ്രാമത്തിന്റെ യശസ്സ് ഉയർന്നു. എ.പി. ഉസ്താദ് വരുന്ന കാലത്ത് റോഡില്ലായിരുന്നു. ഷംസുദ്ദീൻ എന്നയാളുടെ ടൂവീലറിൽ ഇരുന്ന് എ.പി. ഉസ്താദ് കീഴ്ച്ചിറയിലെത്തിയത് ഗ്രാമീണർക്ക് മറക്കാൻ പറ്റില്ല.

ഇപ്പോൾ ജൈലാബ്ദീൻ ഹാജി (പ്രസിഡണ്ട്), സാലുദ്ദീൻ (സെക്രട്ടറി), അബ്ദുസ്സമദ് (ട്രഷറർ) എന്നിവർ കമ്മിറ്റിയുടെ മേൽനോട്ടം വഹിക്കുന്നു. മുതവല്ലിയും വൈസ് പ്രസിഡണ്ടുമായ കുഞ്ഞഹമ്മദ് സാഹിബ് (66 വയസ്) പ്രചോദനമായി കൂടെത്തന്നെയുണ്ട്. പള്ളിയിൽ മുദർരിസായി എസ്.വൈ.എസ്. കൊല്ലങ്കോട് സോണൽ സെക്രട്ടറിയായ ബഷീർ സഖാഫി വണ്ടിത്താവളം വന്നതോടുകൂടി കാരുണ്യപ്രവർത്തനങ്ങൾ കൂടുതൽ സജീവമാണ്. എസ്.വൈ.എസിന്റെ 'സാന്ത്വനം' ഈ മേഖലയിൽ ഏറെ ആശ്വാ

# സ്വപ്നം കാണാൻ ഭാഗ്യമില്ലാതെ...

എട്ടു വർഷം മുമ്പ്, അന്ന് നദീറ നാലാം ക്ലാസിൽ പഠിക്കുകയായിരുന്നു. ദഅ്‌വാ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഒരു യാത്രയിലാണ്, കുഴൽമന്ദത്തെ ഒരു കോളനിയിൽനിന്ന് നദീറയെയും വീട്ടുകാരെയും കാണുന്നത്. പഠിക്കാൻ മിടുക്കിയായ നദീറയെ പഠിപ്പിക്കാൻ മാത്രം ശേഷിയുള്ളവരായിരുന്നില്ല വീട്ടുകാർ.

ദരിദ്രരാണ്. സ്വന്തമായി ഒരു കൂര ഇല്ലാത്തവർ. നദീറയുമായി സംസാരിച്ചപ്പോൾ മതപരമായ ബാലപാഠങ്ങളേ അവൾക്കറിയുമായിരുന്നുള്ളൂ... ടീച്ചർ പഠിപ്പിച്ച ഒരു ഗാനം അവൾ പാടിത്തന്നു; അത് യേശുവിനെ സ്തുതിക്കുന്ന പ്രാർഥനാ ഗീതങ്ങളായിരുന്നു.

നദീറ, മനസ്സിൽ വേദനയായി വിങ്ങി. ഇതുപോലുള്ള ദരിദ്ര വിദ്യാർഥിനികളെ വിദ്യാസമ്പന്നരാക്കുന്ന ഒരു സംരംഭം ഇതിനകം ടി.എൻ.പുരത്ത് പ്രവർത്തനം തുടങ്ങിയിരുന്നു; ദാറുൽ അമാൻ അഥവാ പേടിയില്ലാത്ത വീട്.

പാവപ്പെട്ട പെൺകുട്ടികൾക്ക് ഇരു വിദ്യാഭ്യാസവും നൽകി, മികച്ച അവബോധമുള്ളവരാക്കി മാറ്റുകയാണ് ലക്ഷ്യം. സദാസമയവും കുട്ടികളെ പരിചരിച്ച്, ആവശ്യമായ വിജ്ഞാനം നൽകാൻ പ്രാപ്തരായ ടീച്ചർമാർ സ്ഥാപനത്തിന്റെ വളർച്ചക്ക് കാരണവുമായി.

ഇതിനകം എത്രയോ പേർ പഠിച്ചു പാസായിക്കൊണ്ടിരുന്നു. നദീറയെക്കൂടാതെ അൻഫിയ, ഷക്കീന,



സമായി.

*****

പാലക്കാട്ടും പരിസരങ്ങളിലുമായി ഒട്ടേറെ മഹാന്മാർ മറപെട്ടു കിടക്കുന്നു. പാലക്കാട് ജില്ലയിൽ ദീൻ വെളിച്ചമെത്തിച്ച വലിയ്യുല്ലാഹി സയ്യിദ് നൂർ മുഹമ്മദ് ഖാദിരിയുടെ മഖ്ബറ വെളയം ചാത്തനൂരിലാണുള്ളത്.

ഗൗസുൽ അഅ്ളമിന്റെ രണ്ടാമത്തെ മകനായ സയ്യിദ് അബ്ദുറസാഖ് അൽഖാദിരിയുടെ മകനാണ് മഹാനവർകൾ. 800 കൊല്ലം മുമ്പ്, ദഅ്വാ സഞ്ചാരത്തിനിടയിൽ ചെന്നൈയിലെ 'ഫോർബന്ദറിൽ' കപ്പലിറങ്ങി, അദ്ദേഹം പാലക്കാട്ടേക്ക് നടന്നുവരികയായിരുന്നു. ഏഴാം വരി കോവിലകത്ത് ഇളയരാജൻ നാടു ഭരിക്കുന്ന കാലം. സയ്യിദ് നൂർമുഹമ്മദ് ഖാദിരി, നാട്ടുരാജാവിന്റെ ഒരു കുളത്തിൽ നിന്ന് വുളൂഅ് ചെയ്ത്, അടുത്തുള്ള കളപ്പുരയിൽ നിസ്കരിക്കാൻ കയറുന്നു. തെക്കുവടക്കായി സ്ഥിതി ചെയ്തിരുന്ന കളപ്പുര പെട്ടെന്ന് കിഴക്ക്-പടിഞ്ഞാറായി മാറിയത് ജനങ്ങൾ അതിശയത്തോടെ നോക്കിക്കാണുന്നു. കറാമത്ത് കേട്ടറിഞ്ഞ നാട്ടുരാജാവ് ഓടിവരുന്നു. ജന്മനാ ശാരീരിക ശേഷിയില്ലാതെ കിടക്കുന്ന തന്റെ മകളുടെ കാര്യം പറയുന്നു. "തിരിച്ചു ചെല്ലുമ്പോൾ എല്ലാം ശരിയായിട്ടു



ജുബീന, ഹംസത്ത്, സുൽഫിയ, ജസീന, ആഷിഫ, സുമയ്യ, സഫ്ന തുടങ്ങി പാലക്കാട് ജില്ലയിലെയും മറ്റുമായി ധാരാളം കുട്ടികൾ.

ഇതിൽ പലരുടെയും വീട്ടിലെ അവസ്ഥ കഷ്ടപ്പാടിന്റെ നേർചിത്രങ്ങളായിരുന്നു. അവർക്ക് വയറു നിറയെ ഭക്ഷണം കൊടുക്കാനും മനം നിറയെ അറിവു നൽകാനും ദാറുൽഅമാൻ ശ്രദ്ധിച്ചു പോന്നു. കുട്ടികളുടെ കഴിവുകൾ പുറത്തെടുക്കാൻ അവർക്കിടയിൽ കലാപരമായ കൂട്ടായ്മയും ഉണ്ടാക്കിയിരുന്നു.

ഈ കുട്ടികളിൽ ചിലർ സ്ഥാപനത്തിലെത്തിയതിൽ പിന്നെയാണ് നിസ്കാരം എന്ന മഹാസംഗതിയെക്കുറിച്ച് അടുത്തറിയുന്നത്. ഗൗരവം

ണ്ടാവു"മെന്ന് മഹാന്റെ മറുപടി. അതുകേട്ട് രാജാവ് തിരിച്ചെത്തുമ്പോൾ മകൾ സുഖം പ്രാപിച്ചിരിക്കുന്നു. ശാരീരിക ശേഷിയും സംസാര കഴിവും തിരിച്ചുകിട്ടിയപ്പോൾ "എന്താണു സമ്മാനം തരേണ്ടത്" എന്ന നാട്ടുരാജാവിന്റെ ചോദ്യത്തിന് നിസ്കരിക്കാൻ ഒരു സ്ഥലം വേണമെന്ന് ശൈഖിന്റെ മറുപടി. കളപ്പുര നിസ്കരിക്കാൻ വിട്ടുനൽകുകയും "തെക്കൻമല (കിളിമല) മുതൽ വടമല (വടക്കുള്ള മല) വരെയുള്ള സ്ഥലങ്ങൾ (ഇന്നത്തെ പാലക്കാട്, ചിറ്റൂർ, ആലത്തൂർ ഉൾക്കൊള്ളുന്ന താലൂക്കുകൾ) മതപ്രബോധനം നടത്താൻ" അനുവദിക്കുകയും ചെയ്തത് ചരിത്ര സത്യം.

പ്രസ്തുത കളപ്പുരയാണ് വെളയം ചാത്തനൂരിൽ ഇന്നു പള്ളിയായി തലയുയർത്തി നിൽക്കുന്നത്.

പിൽക്കാലത്ത്, പ്രബോധന രംഗം ശോഷിച്ചതാണ് മലയോര മേഖലകളിൽ 'പിന്നോക്കാവസ്ഥ' ഉണ്ടാവാനുള്ള പ്രധാന കാരണം. പണ്ഡിതന്മാരുടെ വ്യവസ്ഥാപിതമായ നീക്കത്തോടെ പഴയ യശസ്സിലേക്ക് ഈ ഗ്രാമങ്ങൾ മുന്നേറുകയാണിപ്പോൾ.

*****

വടവന്നൂർ-കീഴ്ച്ചിറയിൽ കഴിഞ്ഞ വർഷം നടത്തിയ സമൂഹ വിവാഹവും മത സൗഹാർദ്ദ സമ്മേളനവും വലിയൊരു മാറ്റത്തിനു തിരികൊളുത്തിയതായി 'ഇർശാദുൽ മുസ്‌ലിമീൻ സംഘം' ഭാരവാഹികൾ പറഞ്ഞു. 2015 നവംബറിൽ ആറു സാധു പെൺകുട്ടികളുടെ വിവാഹം ഏറ്റെടുത്തു നടത്തിയപ്പോൾ അതിലൊന്ന് കീഴ്ച്ചിറയിൽ തന്നെയുള്ള അകാലത്തിൽ മരണമടഞ്ഞ പരമേശ്വരന്റെ മകൾ സിനിയുടേതായിരുന്നു.

ഗ്രാമം, ഉത്സവത്തിലേക്കു പകർന്നാടിയ ദിവസമായിരുന്നു അത്. ജാതി-മതത്തിന്റെ വേർതിരിവില്ലാതെ ഒരു ചരടിൽ ഒരമ്മ പെറ്റ മക്കളെപ്പോലെ കഴിയാൻ ഈ ഗ്രാമീണർക്ക് ഇന്നും സാധിക്കുന്നു. 'സ്നേഹതീരം' എന്ന പേര് അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കി ഒരുമയോടെ ജീവിക്കുന്നവർ. സർവരും പരസ്പര ആഘോഷങ്ങളിൽ കൈകോർക്കുന്നു. ഒരു തീവ്രവാദി സംഘടനയും, ബിദഈ കക്ഷികളും 'സ്നേഹതീരത്തിൽ' ഇല്ലെന്നത് ചെറിയ കാര്യമല്ല. കീഴ്ച്ചിറയിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല ഇർശാദുൽ മുസ്‌ലിമീന്റെ കാരുണ്യ പ്രവർത്തനം. അതുകൊണ്ടുതന്നെ ഇപ്രാവശ്യം വിവാഹ അപേക്ഷകൾ ധാരാളം വന്നു. അതിൽനിന്നും 25 അപേക്ഷകൾ പരിഗണനയിലുണ്ട്. അതിൽ എല്ലാവരുടെയും അവസ്ഥ കഷ്ടപ്പാടും ദുരിതവും നിറഞ്ഞതാണ്. (1) "സുനീറ (18), ബാപ്പയും ഉമ്മയും ഇല്ല. ബന്ധുവീട്ടിൽ താമസം. ബന്ധുവിനും സ്വന്തമായി വീടില്ല. വിവാഹം നിശ്ചയിച്ചിരിക്കുന്നു, സഹായിക്കണം." (2) "ഫമീന (18), ബാപ്പ ട്രെയിൻ യാത്രയിൽ മരണപ്പെട്ടു, രണ്ടു സഹോദരിമാർ മാത്രമുള്ള കുടുംബം,



ഉൾക്കൊള്ളാത്തവരും അലസ സമീപനം സ്വീകരിച്ചവരും കുറച്ചൊന്നുമല്ലായിരുന്നു മലയോര ഗ്രാമങ്ങളിൽ. നിസ്കാരക്കുപ്പായം ഇല്ലാത്ത ചില മുസ്‌ലിം വീടുകളുടെ ലിസ്റ്റ് കുട്ടികൾ മുഖേന കിട്ടിയപ്പോൾ അമ്പരക്കാതിരുന്നില്ല; ഇതും കേരളത്തിൽ തന്നെയോ?

പിന്നീടുള്ള പല യാത്രകളിലും അറിയാൻ കഴിഞ്ഞു; വീടുകളിൽ നിന്ന് ദീൻ അകലുന്നതിന്റെ നേർക്കാഴ്ചകൾ. ചില ഗ്രാമങ്ങളിൽ ലഹരിയാണ് പുരുഷന്മാരെ വീഴ്ത്തുന്നതെങ്കിൽ സിനിമയും സീരിയലുമായിരുന്നു സ്ത്രീകളുടെ ദൗർബല്യം. സദാസമയവും സംഗീതമയമായ വീടുകൾ... പുറത്തിറങ്ങുമ്പോഴും മുടി മറക്കാത്ത മങ്കമാർ... വിശ്വാസിയായി പിറന്നിട്ടും വിശ്വാസ കർമങ്ങളുടെ ഗൗരവമറിയാത്ത വീട്ടുകാർ...

വർഷങ്ങൾ മാറിമറിഞ്ഞു. ഇതിനിടെ, പലർക്കും വിവാഹാലോചനകൾ വന്നു. ഹംസത്ത്, മുബീന, ഷഹർബാൻ, ഷാദിയ, ഷക്കീന, റമീസ, നുഫിഹ തുടങ്ങി പലരും വിവാഹിതരായി. അവർക്കൊക്കെ രണ്ടു വിദ്യാഭ്യാസവും നൽകാൻ കഴിഞ്ഞു എന്നത് വലിയ ആശ്വാസമായി.

നദീറ അപ്പഴും ഒരു നൊമ്പരമായി എന്റെ മനസ്സിലുണ്ടായിരുന്നു. ഇതിനിടെ മറ്റൊരു ഗ്രാമത്തിലേക്ക്, വാടക വീട്ടിലേക്ക് അവളുടെ കുടുംബം മാറിക്കഴിഞ്ഞിരുന്നു. വെക്കേഷൻ സമയങ്ങളിൽ അവളെ കൂട്ടിക്കൊണ്ടുപോകാൻ യാത്രാക്കൂലിയില്ലാതെ വിഷമിച്ചിരുന്ന ഉമ്മയെ മറക്കാനാവില്ല. പൊട്ടിപ്പൊളിഞ്ഞ വാടക വീട്ടിലാണ് അവർ താമസിച്ചിരുന്നത്. എങ്കിലും ആ ചുമരുകളിൽ മനോഹരമായ കൈയക്ഷരത്തിൽ നദീറ എഴുതിവെക്കുമായിരുന്നു, മാശാ അല്ലാഹ്, തവക്കൽതു അലല്ലാഹ് എന്നൊക്കെ...

പ്ലസ്ടുവിൽ എത്തുംമുമ്പേ അവൾ ദാറുൽ അമാനിൽ നിന്ന് മദ്റസ പത്താം ക്ലാസും പാസായിക്കഴിഞ്ഞിരുന്നു. പെൺകുട്ടികൾക്കായുള്ള നിസ്കാരങ്ങളിൽ ഇമാമത്ത് നിൽക്കാനും മനോഹരമായി ഖുർആൻ പാരായണം ചെയ്യാനും അവൾ മിടുക്കിയായിരുന്നു.

ഇതിനിടെ നദീറക്ക് വിവാഹാലോചനകൾ വരാൻ തുടങ്ങി. ഒരു മതപണ്ഡിതനെത്തന്നെ വരനായി കിട്ടണമെന്നായിരുന്നു അവളുടെ ആഗ്രഹം. പഠിച്ചത് മറക്കാതിരിക്കാനും കൂടുതൽ പഠിക്കാനും ഒരു പണ്ഡിതന്റെ കൂട്ടാണ് അവൾ ആഗ്രഹിച്ചത്.

പ്രാർത്ഥനപോലെ, അവളെക്കാണാൻ വന്നതും ഒരു പണ്ഡിതൻ തന്നെ. ചെർപുളശ്ശേരി ഭാഗത്തു നിന്നും വന്ന ബിരുദദാരി. പാവപ്പെട്ട പെൺകുട്ടിയെയാണ്



വിവാഹം നിശ്ചയിച്ചിരിക്കുന്നു...” (3) “സബീന (22), വാപ്പ മരണപ്പെട്ടു, നിർധന കുടുംബം, ലക്ഷംവീട്ടിൽ താമസം, ഉമ്മ കൂലിപ്പണി ചെയ്ത് ജീവിക്കുന്നു, വിവാഹം നിശ്ചയിച്ചു.” (4) “മുഹ്സിന (18), വാപ്പ മാനസിക രോഗത്തിന് ചികിത്സയിലാണ്, നിർധന കുടുംബം, വിവാഹം ഉറപ്പിച്ചിട്ടുണ്ട്.” (5) “നസീമ (20), വാപ്പ ഇല്ല, ഉമ്മ രോഗിയാണ്, വിവാഹം നിശ്ചയിച്ചു. (6) “ലീല. പി (26), അച്ഛൻ മരണപ്പെട്ടു, നിർധന കുടുംബം. വിവാഹം നിശ്ചയിച്ചു.” (7) “ലതിക (26), അച്ഛൻ മരണപ്പെട്ടു. നിർധന കുടുംബം. വിവാഹം ഉറപ്പിച്ചിട്ടുണ്ട്” –ഇങ്ങനെ പോകുന്നു അപേക്ഷകൾ. 2017 ജനുവരി 14,15–നാണ് സമൂഹ വിവാഹം നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷ തന്നവരൊക്കെ പ്രതീക്ഷയിലാണ്; അല്ല, ഇതു മാത്രമേ അവർക്ക് വഴിയുള്ളൂ... ഒരു പെൺകുട്ടിയുടെ വിവാഹത്തിലേക്കായി അഞ്ചു പവനും 25,000 രൂപയുമാണ് നൽകുന്നത്. ഇനിയും വേണ്ടത്ര സംഖ്യ സ്വരൂപിക്കാൻ കഴിയാത്തതുകൊണ്ട് സംഘാടകർ ബേജാറിലാണ്. കനിവുള്ളവർ സഹായ ഹസ്തം നീട്ടിയാലേ ഈ പാവപ്പെട്ട കുട്ടികൾ രക്ഷപ്പെടൂ...

കീഴ്ച്ചിറയിൽ തന്നെ പള്ളി–മദ്റസയിലെ ഉസ്താദുമാർക്ക് മാസാമാസം ശമ്പളം കൊടുക്കാൻ പെടാപ്പാടു പെടുന്ന കമ്മിറ്റിക്കാർ എന്തിന് സമൂഹ വിവാഹത്തിനു തുനിഞ്ഞു എന്നു ചോദിച്ചാൽ അവർക്കു കൃത്യമായ മറുപടിയുണ്ട്. ദാരിദ്ര്യത്തിന്റെ പേരിൽ മാത്രം, ഒളിച്ചോടുന്ന പെൺകുട്ടികൾ ജില്ലയിൽതന്നെ എത്രയുമുണ്ട്. അത്തരം ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ, ഇത്തരം സംഭവങ്ങളിൽ നമ്മളും കുറ്റക്കാരാവില്ലേ എന്ന തിരിച്ചറിവിൽ അവർ ഉണർന്നു പ്രവർത്തിക്കുന്നു. മുണ്ടുമുറുക്കിയുടുക്കാൻ നിവൃത്തിയില്ലെങ്കിലും ഈ കൂട്ടായ്മയിൽ കുറച്ചു  പെൺകുട്ടികളെയെങ്കിലും രക്ഷപ്പെടുത്താൻ കഴിയുമെന്ന് അവർക്ക് പ്രതീക്ഷയുണ്ട്. നിസ്കരിക്കാൻ സൗകര്യമില്ലാത്ത പരിസര പ്രദേശങ്ങളിൽ, മദ്റസകളില്ലാത്ത ഗ്രാമങ്ങളിൽ ഇനിയും പലതും ചെയ്യാൻ ഇവർക്കു പദ്ധതിയുണ്ട്.
വിവാഹം ധൂർത്തിന്റെ പര്യായമാക്കുന്ന സമ്പന്നരേ... ഒരു വിവാഹത്തിന്റെ പേരിൽ മാത്രം ലക്ഷങ്ങൾ ദുർവ്യയം ചെയ്യുന്നവരേ... ഒന്നേകാൽ ലക്ഷം രൂപ ദാനം ചെയ്താൽ ഒരു പാവപ്പെട്ട കുട്ടിയെ നിങ്ങൾക്കു രക്ഷപ്പെടുത്താം. മനസ്സിൽ കരുണ വറ്റാത്തവർ കണ്ണു തുറക്കണം. ഇനിയും ഇത്തരം പാവപ്പെട്ടവർ ‘യാതന’ അനുഭവിക്കാതിരിക്കാൻ ഇവരുടെ കൂടെ നിങ്ങളുമുണ്ടാവണം. ചെറിയ രീതിയിൽ സഹായിക്കാൻ കഴിയുന്നവരെയും ഇവർ കാത്തിരിക്കുന്നു. ‘കിളിമലക്കു താഴെ’ ആവർത്തിക്കാതിരിക്കാൻ പ്രിയപ്പെട്ടവരേ, നാം ഉണർന്നേ മതിയാകൂ... (സഹായ മനസ്ഥിതിയുള്ളവർ ബന്ധപ്പെടുക: 8606745786).

■

അദ്ദേഹവും ആഗ്രഹിച്ചത്. എല്ലാം അദ്ദേഹത്തിന്നറിയാം... കൂടപ്പിറപ്പായ ദാരിദ്ര്യം, സ്വന്തമായി വീടില്ലാത്തതിന്റെ വിഷമം... ഇതിനേക്കാളെല്ലാം അദ്ദേഹം വിലമതിച്ചത് പെൺകുട്ടിയുടെ മതഭക്തിക്കായിരുന്നു, അറിവിനായിരുന്നു.

ഇക്കഴിഞ്ഞ ആഗസ്റ്റ് 11–ന് ആലത്തൂരിനടുത്ത്, ഉമ്മ വീട്ടിൽ വെച്ചായിരുന്നു വിവാഹം. ഞങ്ങൾക്ക് വീണ്ടും ഒരു പാലക്കാട് യാത്ര. ഓരോ യാത്രയും ഓരോ അനുഭവങ്ങളാണ്. പച്ചപ്പ് മാറാത്ത പാലക്കാടൻ ഗ്രാമങ്ങളിലൂടെയാവുമ്പോൾ അതിന് വിശേഷങ്ങൾ വേറെയുമുണ്ട്.

ഞങ്ങൾ ചെല്ലുമ്പോൾ നദീറയും വീട്ടുകാരും കാത്തിരിക്കുകയായിരുന്നു. ഒരു മുടിയിഴയും കാണാത്ത, മാതൃകാ വേഷമണിഞ്ഞ നദീറ ഒരു കൗതുകമായി.

പാവപ്പെട്ടവരാണെങ്കിലും, കല്യാണമാവുമ്പോൾ കുറച്ചൊക്കെ കൊതിക്കില്ലേ പെൺകുട്ടികൾ. പൊന്നിനെ പ്രണയിക്കാത്തവരുണ്ടാകുമോ? പക്ഷേ, വീട്ടുകാർ നിസ്സഹായരായിരുന്നു. ഈ കല്യാണം തന്നെ ആരുടെയൊക്കെയോ ഔദാര്യം കൊണ്ട് നടക്കുന്നതാണ്. സങ്കടം ഉള്ളിലൊതുക്കി അതൊന്നും സാരമില്ല എന്ന ഭാവത്തിലായിരുന്നു നദീറ.

നാലു പവനാണ്, ഞങ്ങൾ കരുതിയിരുന്നത് എങ്കിലും, നദീറയുടെ അവസ്ഥ ഞങ്ങളുടെ കണ്ണ് നനയിച്ചു. വരൻ വരുംമുമ്പേ അടുത്ത ടൗണിലെ സ്വർണക്കടയിൽ പോയി ഒരു പവൻ കൂടി വാങ്ങിക്കൊണ്ടുവന്നു. ഇത്രയും കുറഞ്ഞ ആഭരണങ്ങൾ ധരിച്ച ഒരു മണവാട്ടി എന്റെ അറിവിലോ അനുഭവത്തിലോ ഉണ്ടായിരുന്നില്ല.

നികാഹു നടക്കുമ്പോൾ നദീറ സന്തോഷവതിയായിരുന്നു. വരൻ മഹ്റായി കൊണ്ടുവന്ന രണ്ടു പവൻ കൂടി ലഭിക്കാൻ പോകുന്നു. ഇന്നലെവരെ ഒന്നുമില്ലാതിരുന്ന തനിക്ക് ഇത്രയെങ്കിലും ആയല്ലോ എന്നോർത്ത് അല്ലാഹുവിനെ സ്തുതിക്കുന്ന പാവം പെൺകുട്ടി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഇനി പുതിയ ജീവിതം... പുതിയ ആളുകൾ...

വിവാഹം ആർഭാഢമാക്കി ലക്ഷങ്ങൾ തുലക്കുന്നവരും, നൂറും ഇരുനൂറും പവൻ നൽകി മക്കളെ സ്വർണം കൊണ്ട് മൂടുന്നവരും ഓർക്കുക; നമ്മുടെ നാടുകളിൽ സ്വപ്നം കാണാൻ ഭാഗ്യമില്ലാത്ത പെൺകുട്ടികളുമുണ്ടെന്ന്... അനാഥകൾ മാത്രമല്ല, അവരേക്കാൾ വിഷമിക്കുന്നവരും നമുക്കിടയിലുണ്ടെന്ന് എത്രപേർ തിരിച്ചറിയുന്നുണ്ട്?

**ടി.എൻ.പി** ■



ഖലീൽ തങ്ങൾ

● ഓർമ്മച്ചെപ്പ്

# ഇബ്‌ലീസിന്റെ പിസ്ത

'ഇബ്‌ലീസ്' എന്ന പേരിട്ട ടീഷർട്ടും ധരിച്ച്, ബൈക്കിലൂടെ സഞ്ചരിക്കുന്ന ഒരാളുടെ ഫോട്ടോ വാട്ട്സാപ്പിൽ വൈറലായത്രെ. ഷൈൻ ചെയ്യാനും ശ്രദ്ധിക്കപ്പെടാനും എന്തു വൃത്തികേടും കാണിക്കാൻ ചിലർക്ക് മടിയില്ല. മുടിയിലും താടിയിലും ഇവർ കാണിക്കുന്ന ഫാഷൻ കാണുമ്പോൾ ഇബ്‌ലീസ് സന്തോഷിക്കുന്നുണ്ടാവണം. തെളിച്ചിടത്ത് കിട്ടിയില്ലെങ്കിൽ കിട്ടിയേടത്തേക്ക് തെളിക്കുക എന്നത് പിശാചിന്റെ നയമാണ്. നിസ്കാരത്തിനിടയിൽ പോലും വസ്‌വാസുണ്ടാക്കി ഭക്തരെ പിഴപ്പിക്കാൻ പിശാച് കഠിനശ്രമം നടത്തുന്നു.

ഞങ്ങൾ കുട്ടികളായിരിക്കുമ്പോൾ, ഉപ്പ പറഞ്ഞുതന്ന ഒരു കഥയുണ്ട്. ആത്മീയ സദസ്സിൽ, കുഴപ്പമുണ്ടാക്കാൻ വന്ന ഇബ്‌ലീസിന്റെ കഥ. കഥയുടെ പേര് 'മാങ്ങാണ്ടി'. സദസ്സിലുള്ളവരുടെ ശ്രദ്ധ തെറ്റിക്കാൻ ഇബ്‌ലീസ് ഒരു ചോദ്യമുന്നയിച്ചുവത്രെ. മാങ്ങയാണോ അണ്ടിയാണോ ആദ്യം ഉണ്ടായത് എന്നായിരുന്നു ചോദ്യം. സദസ്സ് ചോദ്യം ഏറ്റെടുക്കുന്നു. കുറെയാളുകൾ 'മാങ്ങ'യാണെന്ന് ഉറപ്പിച്ചു പറയുമ്പോൾ മറ്റുചിലർ അല്ലെന്നായി. അണ്ടിയില്ലാതെ എങ്ങനെ മാങ്ങയുണ്ടാവും എന്ന ചോദ്യമായി പിന്നെ. നന്മയുടെ ചിന്തയിൽനിന്ന് സദസ്സിന്റെ ശ്രദ്ധ മാറ്റുകയായിരുന്നു ഇബ്‌ലീസിന്റെ ലക്ഷ്യം. അതില വൻ വിജയിക്കുകയും ചെയ്തു.

ബനൂ ഇസ്രാഈലിലെ ഒരു ഭക്തനെ പിഴപ്പിക്കാൻ ഇബ്‌ലീസ്, പണ്ഡിത രൂപത്തിൽ വന്ന ചരിത്രമുണ്ട്. അബദ്ധത്തിൽ കൊന്നുപോയ എലിയെ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചുനിൽക്കുന്ന ഭക്തനോട് അവൻ പറയുന്നു: "ജീവനെടുക്കാൻ സൃഷ്ടികൾക്ക് അധികാരമില്ല. ജീവൻ നൽകുന്ന അല്ലാഹുവിനല്ലാതെ ആരെയും കൊല്ലാനും പറ്റില്ല. നിങ്ങൾ ചെയ്തത് മഹാ പാതകം. പരിഹാരം ഒന്നുമാത്രം, ഇനിയുള്ള കാലം ചത്ത എലിയെ കഴുത്തിൽ കെട്ടി ജീവിക്കണം. നിസ്കാരത്തിലും ഇതുതന്നെ വേണം." അയാളുടെ ആരാധനകൾ വിഫലമാക്കുകയായിരുന്നു ലക്ഷ്യം.

ഇനി ഇബ്‌ലീസിന്റെ പിസ്തയിലേക്കു വരാം. ഇത് ഏത് സൂപ്പർമാർക്കറ്റിൽ കിട്ടും എന്നു ചോദിക്കരുത്. ചില നികാഹു സദസ്സുകളിലാണ് ഞാനിത് കണ്ടിട്ടുള്ളത്. പവിത്രമായ ചടങ്ങിൽ, ഫാതിഹ ഓതുമ്പോഴോ, പ്രാർത്ഥിക്കുമ്പോഴോ ആയിരിക്കും ചിലർ ഈത്തപ്പഴവും പിസ്തയും ആളുകൾക്ക് വിതരണം ചെയ്യുന്നത്. ജനങ്ങളുടെ ശ്രദ്ധ മാറുകയും 'ഓത്തും ദുആയും' തകരാറിലാവുകയും ചെയ്യുന്നത് ഇവർ കാര്യമായെടുക്കാറില്ല. ഭക്ഷ്യവിഭവങ്ങൾ നൽകേണ്ട എന്നല്ല. തെരഞ്ഞെടുക്കുന്ന സമയമാണ് വിഷയം. ഒന്നുകിൽ നികാഹിനും പ്രാർത്ഥനക്കും ശേഷം, അല്ലെങ്കിൽ ഇവക്കു മുമ്പ് ഇതൊക്കെ ആവാമല്ലോ. പവിത്രമായ ഒരു ചടങ്ങിനെ നിസ്സാരവൽകരിക്കരുത് എന്ന് ചുരുക്കം.

മൗലിദോതിയവർക്ക്, ഹദ്‌യ നൽകാൻ യാസീൻ ഓതുന്ന സമയം തന്നെ ചിലർ തെരഞ്ഞെടുക്കുന്നത് എന്തിന്? ഓത്ത് തെറ്റിച്ച്, പ്രയാസപ്പെടുത്താൻ വേണ്ടിയോ? വലതു കൈ നൽകുന്നത് ഇടതു കൈ പോലുമറിയരുത് എന്ന തത്വം സ്വദഖ നൽകുമ്പോൾ മറക്കരുത്.

ഇനിയും പിശാച് ആഹ്ലാദിക്കുന്ന രംഗങ്ങളുണ്ട്. നമ്മുടെ അശ്രദ്ധയെ അവൻ ബുദ്ധിപൂർവം ഉപയോഗപ്പെടുത്തുന്നു. ബാങ്ക് കേൾക്കുമ്പോൾ സംസാരിക്കരുത് എന്ന് എല്ലാവർക്കുമറിയാം. പക്ഷേ, എത്രപേർ ഗൗനിക്കാറുണ്ടെന്ന് ഓരോരുത്തരും ചിന്തിക്കുക.

നിസ്കാരം, സമയത്തിന്റെ ആദ്യത്തിൽ, അതും ജമാഅത്തായി നിർവഹിക്കലാണ് ഏറ്റവും മഹത്തരം. പഠിച്ചവർ പോലും, അശ്രദ്ധരാവുന്നത് സങ്കടകരമാണ്. ഇനിയും സമയമുണ്ടല്ലോ എന്നായിരിക്കും ന്യായം. അല്ലാഹുവിന് ഇഷ്ടം ആദ്യസമയത്തു തന്നെ നിർവഹിക്കലാണ്. നിസ്കാരത്തിനു പോകുന്നവനെ, തടഞ്ഞുനിർത്തുകയും അവനുമായി സംസാരിച്ച് നേരം കളയുകയും ചെയ്യുന്ന ഇബ്‌ലീസുകൾ എത്രയെങ്കിലുമുണ്ട്. ബാങ്കു കൊടുത്ത ശേഷം, നിസ്കരിക്കാതെ പള്ളിയിൽ നിന്നിറങ്ങുന്നവൻ 'പിശാചാ'ണെന്ന് (പിശാചിന്റെ സ്വാധീനത്തിൽ പെട്ടവൻ എന്നർത്ഥം) ഹദീസിൽ കാണാം.

നല്ലതു കാണാനായി 'യൂട്യൂബ്' സെർച്ചു ചെയ്യുകയും, നല്ലതല്ലാത്തത് കാണുകയും ചെയ്യുന്നുവെങ്കിൽ, മനുഷ്യൻ തോൽക്കുകയും ഇബ്‌ലീസ് ജയിക്കുകയും ചെയ്യുന്നു. 'ഒരേയൊരു പ്രാവശ്യം' എന്ന തോന്നലിൽ, അവൻ ഇരയെ ആകർഷിക്കുകയും പിന്നെ രക്ഷപ്പെടാനാവാത്തവിധം തളച്ചിടുകയും ചെയ്യുന്നു. ജനങ്ങളെ സുകൃതങ്ങളിൽ നിന്നു പിന്തിരിപ്പിക്കാനും, അതിനായി പുതിയ സൂത്രങ്ങൾ മെനയാനും ഇബ്‌ലീസും കൂട്ടാളികളും എല്ലാ ദിനവും ഒത്തുകൂടുന്നുണ്ട്. ഭാര്യ-ഭർതൃ ബന്ധത്തിൽ വിള്ളലുണ്ടാക്കുന്നവർക്കാണ് ഇബ്‌ലീസ് കൂടുതൽ മാർക്ക് നൽകുന്നത്. ■

മുശ്താഖ്

# നല്ല വാക്കുകൾ

നമ്മുടെ ഓരോ വാക്കുകൾക്കും അതിന്റേതായ പ്രതിഫലനമുണ്ട്. ഒന്നും വെറുതെയാവാൻ പോവുന്നില്ല. മലക്കുകൾ എല്ലാം രേഖയാക്കിവെക്കുന്നുവെന്നതുതന്നെ അവയുടെ ഗൗരവം ബോധ്യപ്പെടുത്തുന്നു. പാഴ്വാക്കുകളായി കരുതുന്ന ശബ്ദങ്ങൾക്കുപോലും പ്രതിപ്രവർത്തനമുണ്ടാവും.

വാക്പ്രയോഗങ്ങൾ ശ്രോതാവിൽ സൃഷ്ടിക്കുന്ന പ്രതിഫലനത്തെക്കുറിച്ച് ചിന്തിക്കാത്തവർ ഏറെയാണ്. എന്നാൽ, താൻ പറഞ്ഞ ഒരു വാക്ക് അപരനിൽ നിന്നു കേൾക്കുമ്പോൾ ചിലർ അസ്വസ്ഥരാവുന്നതു കാണാം. സംസാരിക്കുമ്പോൾ ശ്രോതാവിനെ ഗൗനിക്കേണ്ടത് അനിവാര്യമാണ്. സ്ഥലവും കാലവും സന്ദർഭവുമൊക്കെ പരിഗണിക്കണം. അപരനോടുള്ള ഗുണകാംക്ഷയാണ് നന്മയാഗ്രഹിക്കുന്നവർ തങ്ങളുടെ സംസാരത്തിലും ദീക്ഷിക്കുക. തെറ്റുകുറ്റങ്ങൾ, അരുതായ്മകൾ, പാകപ്പിഴവുകൾ തുടങ്ങിയവക്കെതിരെ ശകാരവാക്കുകൾ പലപ്പോഴും ഫലം ചെയ്യാറില്ല. ചിലപ്പോഴാകട്ടെ വിപരീത ഫലമുളവാക്കുകയും ചെയ്യും. ശാപവാക്കുകളോ അപഹാസ്യമോ ഇല്ലാത്ത സദുപദേശങ്ങളാണ് ഫലം കാണുക.


തന്നേക്കാൾ പ്രായം കുറഞ്ഞവരോടു പോലും കരുണയോടെയായിരിക്കണം സംസാരിക്കേണ്ടത്; മുതിർന്നവരോട് ആദരവുകളോടെയും. 'ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരെ ആദരിക്കാത്തവനും നമ്മിൽ പെട്ടവനല്ല' എന്നാണ് ഒരു തിരുമൊഴിയുടെ സാരം. കാരുണ്യവും ആദരവും സംസാരത്തിലും വേണമല്ലോ!

പിഞ്ചോമനകളുടെ കുസൃതി ഉൾക്കൊള്ളാനാകാത്ത മാതാപിതാക്കളുണ്ട്. അത്തരക്കാരിൽ ചിലർ കുട്ടികളുടെ അവിവേകങ്ങൾ കാണുമ്പോൾ ശാപവാക്കുകളെറിഞ്ഞാണ് അതിനെതിരെ പ്രതികരിക്കുന്നത്. ശാപവാക്കുകൾ പലപ്പോഴും മക്കൾ ചീത്തയായിപ്പോവാൻ ഇടവരുത്തുന്നു എന്നതാണ് വസ്തുത. മാതാപിതാക്കൾ പക്ഷെ, ഇതറിയുന്നില്ല. വികൃതിക്കുട്ടികളോടു പോലും ശാപവാക്കുകളരുത്. ആ വാക്കുകൾ അറംപറ്റാനുള്ള സാധ്യത ഏറെ ഭയപ്പെടേണ്ടതാണ്.

**വില്ലിൽ നിന്നു തെറിച്ചു പായുന്ന ശരങ്ങളാണ് വാക്കുകൾ. അതു കരുതലോടെ പ്രയോഗിക്കാൻ നമുക്കാകണം. ആയുധ പ്രഹരമേറ്റുണ്ടാകുന്ന മുറിവുകൾ ഇല്ലാതാവും. എന്നാൽ വാക്കുകൾ കൊണ്ടുണ്ടാവുന്ന മുറിവുകൾ ഉണങ്ങാൻ പ്രയാസമാണെന്നാണ് ഒരു ജ്ഞാനിയുടെ മൊഴി സാരം.**

ശാപവാക്കുകളും അശ്ലീല പ്രയോഗങ്ങളും ചേർത്ത് തമാശ പറയുന്ന ചിലരെക്കാണാം. സംസ്കാര ശൂന്യമായ സ്വഭാവമാണത്. തന്റെ സംസാരം മറ്റൊരാളെ വേദനിപ്പിക്കുന്നതോ മുറിപ്പെടുത്തുന്നതോ ആവാൻ പാടില്ല. തിരുനബി(സ്വ)യുടെ മൊഴികൾ വായിച്ചുനോക്കിയാൽ വാക്കുകളുടെ സൗന്ദര്യമറിയാം. ഏറ്റവും ഉദാത്തമായ വാക്കുകൾ മാത്രമേ തിരുമൊഴികളിൽ കാണൂ. അവ പിന്തുടർന്ന സ്വഹാബികളുടെയും ശേഷം വന്ന ജ്ഞാനികളുടെയും മൊഴികളും നമുക്ക് മാതൃകയാണ്. വില്ലിൽ നിന്നു തെറിച്ചു പായുന്ന ശരങ്ങളാണ് വാക്കുകൾ. അതു കരുതലോടെ പ്രയോഗിക്കാൻ നമുക്കാകണം. ആയുധ പ്രഹരമേറ്റുണ്ടാകുന്ന മുറിവുകൾ ഇല്ലാതാവും. എന്നാൽ വാക്കുകൾ കൊണ്ടുണ്ടാവുന്ന മുറിവുകൾ ഉണങ്ങാൻ പ്രയാസമാണെന്നാണ് ഒരു ജ്ഞാനിയുടെ മൊഴി സാരം.

വാക്കുകൾ





പി.കെ. പാറക്കടവ്

# അസഹിഷ്ണുത പെരുകുമ്പോൾ

*ഒരു ദിവസം*

*ഏറ്റവും ദരിദ്രരായ ജനങ്ങളാൽ*

*എന്റെ രാഷ്ട്രത്തിലെ അരാഷ്ട്രീയ ബുദ്ധിജീവികൾ*

*ചോദ്യം ചെയ്യപ്പെടും.*

*ഏകാന്തവും ചെറുതുമായ ഒരു ജ്വാല പോലെ*

*രാജ്യം ക്രമേണ മരിച്ചുകൊണ്ടിരുന്നപ്പോൾ*

*എന്തു ചെയ്തു എന്നവർ ചോദ്യം ചെയ്യപ്പെടും*

(ഓട്ടോ റെനേ കാസ്റ്റിലോയുടെ കവിത)

******

രാജ്യം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞാൽ പൂർണമായ അർത്ഥത്തിൽ അത് ശരിയല്ല. രാജ്യം കൊല്ലപ്പെട്ടുകൊണ്ടിരിക്കുകയാണ്. "അസഹിഷ്ണുതയുടെ വിദ്വേഷ പ്രകടനങ്ങൾ വർധിക്കുകയാണ്. ഇത് ജനാധിപത്യത്തിനെതിരാണ്." കൃത്യമായി ഒരു വർഷം മുമ്പ് ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് ഇങ്ങനെ വിളിച്ചു പറഞ്ഞത് സാക്ഷാൽ എൽ.കെ. അധ്വാനിയായിരുന്നു. സുധീന്ദ്ര കുൽക്കർണിക്ക് നേരെ ശിവസേന കരിമഷി പ്രയോഗം നടത്തിയപ്പോഴായിരുന്നു അത്.

അസഹിഷ്ണുതയുടെ തൃശൂലങ്ങൾ പുസ്തകങ്ങൾക്ക് നേരെ നീണ്ടു. ഗസലുകൾക്കും സിനിമകൾക്കും നേരെ നീണ്ടു. ഇന്ത്യ-പാക് ക്രിക്കറ്റ് കളി പാടില്ലെന്നവർ ശഠിച്ചു. മഹാത്മാഗാന്ധിയെ വധിച്ച നാഥൂറാം ഗോഡ്സെയെ തൂക്കിലേറ്റിയ ദിനം ഹിന്ദുമഹാസഭ ബലിദാൻ ദിവസ് ആയി

**അസഹിഷ്ണുതയുടെ തൃശൂലങ്ങൾ പുസ്തകങ്ങൾക്ക് നേരെ നീണ്ടു. ഗസലുകൾക്കും സിനിമകൾക്കും നേരെ നീണ്ടു. ഇന്ത്യ–പാക് ക്രിക്കറ്റ് കളി പാടില്ലെന്നവർ ശഠിച്ചു. മഹാത്മാഗാന്ധിയെ വധിച്ച നാഥൂറാം ഗോഡ്സെയെ തൂക്കിലേറ്റിയ ദിനം ഹിന്ദുമഹാസഭ ബലിദാൻ ദിവസ് ആയി ആചരിക്കുമ്പോഴും നമ്മുടെ വൻകിട പത്രങ്ങളൊന്നും ഇത് വാർത്തയാക്കാൻ പോലും ധൈര്യം കാണിച്ചില്ല.**



ആചരിക്കുമ്പോഴും നമ്മുടെ വൻകിട പത്രങ്ങളൊന്നും ഇത് വാർത്തയാക്കാൻ പോലും ധൈര്യം കാണിച്ചില്ല.

ഒടുവിൽ ഫാഷിസം നമ്മുടെ അടുക്കളയിൽ വരെയെത്തി. രാജ്യം കാക്കുന്ന ഒരു സൈനികന്റെ പിതാവിനെ–മുഹമ്മദ് അഖ്ലാഖിനെ–ഗോമാംസം ഫ്രിഡ്ജിൽ സൂക്ഷിച്ചെന്ന് പറഞ്ഞ് അവർ അടിച്ചുകൊന്നു.

അന്ധവിശ്വാസത്തിനെതിരെ പ്രതികരിച്ചതിന് കർണാടകയിലെ എഴുത്തുകാരൻ കൽബുർഗിയെ വെടിവെച്ചു കൊന്നു. അതിനു മുമ്പ് പൻസാരെ പ്രഭാത സവാരിക്കിടെ കൊല്ലപ്പെട്ടു.

അസഹിഷ്ണുതയുടെ വക്താക്കൾ ഗുലാം അലിയോട് പാടരുതെന്ന് പറഞ്ഞു. ദാവങ്കരെ യൂനിവേഴ്സിറ്റിയിൽ ജേർണലിസം പി.ജി. രണ്ടാം വർഷ വിദ്യാർത്ഥിയായ ഹുച്ചംഗി പ്രസാദ് 'ഒടല കിച്ചു' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. 'ഒടല കിച്ചു' എന്നതിന് 'ഉള്ളിലുള്ള അഗ്നി' എന്നാണർത്ഥം. അംബേദ്കറിന്റെ പ്രഭാഷണങ്ങളും എഴുത്തുകളും ആ പുസ്തകത്തിന്റെ രചനയെ സ്വാധീനിച്ചിട്ടുണ്ടെന്ന് ഹുച്ചംഗി. കെ.എസ്. ഭഗവാനാണ് പുസ്തകം പ്രകാശനം ചെയ്തത്. പുസ്തകത്തിലെ ആശയങ്ങൾ ചർച്ച ചെയ്യുന്നതിന് പകരം ആശയത്തെ ആയുധംകൊണ്ടാണ് ഫാഷിസ്റ്റുകൾ നേരിട്ടത്.

പുസ്തകം ഹൈന്ദവർക്കെതിരാണെന്നും ഹുച്ചംഗി പ്രസാദ് ദളിതനായി ജനിച്ചത് മുജ്ജന്മത്തിൽ നീചകൃത്യംചെയ്തതിനാലാണെന്നും പറഞ്ഞ് അദ്ദേഹത്തിന്റെ കൈവെട്ടുകയാണ് ഫാഷിസ്റ്റുകൾ ചെയ്തത്.

ജെ.എൻ.യുവിലെയും ഹൈദരാബാദ് യൂനിവേഴ്സിറ്റിയിലെയും വിദ്യാർത്ഥികൾ ന്യായമായ മുദ്രാവാക്യങ്ങൾ മുഴക്കി പ്രതിഷേധിക്കുമ്പോഴും അസഹിഷ്ണുതയോടെയാണ് അതിനെ അധികൃതർ നേരിടുന്നത്.

ആശയങ്ങളെ ആയുധംകൊണ്ടല്ല ആശയം കൊണ്ടാണ് നേരിടേണ്ടത്. സംവാദങ്ങളുടെ വാതിലുകൾ ആരും കൊട്ടിയടക്കരുത്. ■

കഥ/**പി.കെ.**

# രാജ്യസ്നേഹത്തിന്റെ കുളിപ്പുരകൾ

ഹിറ്റ്ലർ ജർമ്മനിയെയും
മുസോളിനി ഇറ്റലിയെയും
അത്രമേൽ സ്നേഹിച്ചിരുന്നു.
ഹിറ്റ്ലർ ജൂതന്മാരെ കൊന്നൊടുക്കിയ ഗ്യാസ് ചേമ്പറിന് 'കുളിപ്പുര' എന്നായിരുന്നു പേരിട്ടിരുന്നത്.
നമ്മളെയും ഒരുനാൾ രാജ്യസ്നേഹികൾ കുളിപ്പിക്കാൻ കൊണ്ടുപോകും.
എണ്ണ തേച്ച്,
സോപ്പും തോർത്തുമായി നമുക്കും കാത്തിരിക്കാം. ■



● ഇത്താത്ത എഴുതുന്നു

# ജീവിത പങ്കാളിയെ ചതിക്കുമ്പോൾ

മിസ്റ്റർ എം.സി.കെ. തളിപ്പറമ്പ്

ചോദ്യം: ഞാൻ വിവാഹിതനും മൂന്നു ആൺമക്കളുടെയും രണ്ടു പെൺമക്കളുടെയും പിതാവുമാണ്. എനിക്കിപ്പോൾ നാൽപത്തി ആറു വയസ്സായി. ഇരുപത്തി രണ്ടാം വയസ്സിലാണ് ഞാൻ കല്യാണം കഴിച്ചത്. ഭാര്യക്ക് പത്തൊമ്പതു വയസ്സു പ്രായമായിരുന്നു. ഇപ്പോൾ നാൽപത്തി മൂന്നായി എന്നർത്ഥം. ഞങ്ങൾ നാട്ടുകാരുടെ കണ്ണിൽ നല്ലൊരു കുടുംബജീവിതമാണ് നയിക്കുന്നത്. ഒരിക്കലും കലഹിക്കാറില്ല. കുട്ടികളും വളരെ സന്തോഷത്തോടെയാണ് ഞങ്ങളുടെ കൂടെ ജീവിക്കുന്നത്. സാധാരണഗതിയിൽ നന്നായി പഠിക്കുന്നവരുമാണവർ. ചെറിയ ചെറിയ സൗന്ദര്യപ്പിണക്കങ്ങളല്ലാതെ ഞങ്ങൾ തമ്മിൽ പൊതുവേ വഴക്കുകൂടാറില്ല. അടുത്ത വീട്ടിലെ സൈതുക്കയും ഭാര്യയും തമ്മിൽ ഇടക്കിടെ വഴക്കാണ്. അവർ ഒച്ചയിടുന്നത് അയൽപക്കങ്ങളിൽ കേൾക്കാം. ഞങ്ങളുടെ മൂത്ത മകൻ പലപ്പോഴും ചോദിക്കാറുണ്ട്, പ്പച്ചിയും മ്മച്ചിയുമെന്താ വഴക്കടിക്കാത്തതെന്ന്. നല്ല മാതൃകാ ദമ്പതികളിങ്ങനെയാ എന്ന് ഞാൻ വീമ്പു പറയും. പക്ഷെ, ഞങ്ങൾ തമ്മിൽ കലഹിക്കാത്തതിന് കാരണം എന്റെ ഭാര്യയുടെ സ്വഭാവഗുണം കൊണ്ടാണെന്നത് എനിക്ക് മാത്രമേ അറിയൂ. പൊതുവേ ചൂടനായ ഞാൻ വല്ലപ്പോഴും അവളോട് തട്ടിക്കയറാൻ ശ്രമിക്കാറുണ്ട്. എന്നാൽ അവളതൊക്കെ പുഞ്ചിരിച്ചുകൊണ്ട് നിസ്സാരമാക്കിക്കളയും. രണ്ടു കൈ ഒരുമിച്ചു മുട്ടിയാലല്ലേ ശബ്ദമുണ്ടാകൂ. ഞാൻ മുന്നോട്ടു ചെന്നാൽ അവൾ പിന്മാറിക്കളയും. എത്ര ദേഷ്യപ്പെട്ടാലും അവളുടെ മറുപടി സമാധാനിപ്പിക്കുന്നതായിരിക്കും. സാവധാനം എന്റെ ദേഷ്യം തണുത്തുറഞ്ഞു പോകും. എന്നെ ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടാണവൾക്കു ഇത്ര സ്നേഹത്തോടെ എന്നോട് പെരുമാറാൻ കഴിയുന്നതെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. പുറമേയ്ക്ക് കാണുന്നതുപോലെ നല്ല ഒരു ഭർത്താവല്ല ഞാൻ. സത്യം പറഞ്ഞാൽ, പലപ്പോഴും ഞാനവളെ വഞ്ചിച്ചിട്ടുണ്ട്. കല്യാണത്തിന് മുമ്പേ എനിക്ക് ഒരു അവിഹിത ബന്ധമുണ്ടായിരുന്നു. ആ പെണ്ണിന്റെ വിവാഹത്തോടെ അതവസാനിച്ചു. എന്നാൽ എനിക്ക് ഭാര്യയോട് വിശ്വസ്തത പുലർത്താൻ കഴിയാറേ ഇല്ല. ചില വീട്ടുജോലിക്കാരികളുമായിപ്പോലും ഞാൻ അതിരുവിട്ടു പെരുമാറിയിട്ടുണ്ട്. എന്റെ ദുസ്സാമർത്ഥ്യത്തിലെ വൈദഗ്ധ്യം കൊണ്ട് ഒന്നും വെളിപ്പെടുന്നില്ല എന്നുമാത്രം. എന്നാൽ ഇയ്യിടെയുണ്ടായ ചില അനുഭവങ്ങളെന്നെ പശ്ചാത്താപ വിവശനാക്കുന്നു. അടുത്ത കാലത്ത് എനിക്ക് അർശസ്സ് വന്ന് അധികമായി. അന്ന് ഞാനനുഭവിച്ച കഷ്ടപ്പാടുകളിൽ ഒപ്പംനിന്ന ഭാര്യയെ ഓർത്ത് എനിക്ക് വിസ്മയം തോന്നുന്നു. ചോരയും ചലവുമൊക്കെ അവൾ തുടച്ച് വൃത്തിയാക്കിയതും മറ്റു ശുശ്രൂഷകളും മരുന്നുകളും നൽകിയതുമെല്ലാം ഒരിക്കൽപോലും മുഖത്ത് അനിഷ്ടത്തിന്റെ ഒരു ചുളിവുപോലും വന്നുപോവാതെയാണ്. ഇങ്ങനെയൊരാളെയാണല്ലോ പടച്ചോനേ, ഞാൻ ചതിക്കുന്നതെന്നോർത്തപ്പോൾ എനിക്കു സഹിക്കാൻ സാധിക്കുന്നില്ല. ഇനിയും അവളോട് തെറ്റു ചെയ്താൽ സർവശക്തനെന്നെ വല്ലാതെ ശിക്ഷിച്ചുകളയും എന്നെനിക്കു തോന്നുന്നു. ഇനി ഞാനെന്താണ് ചെയ്യേണ്ടത് എന്ന് ഒരുപാടു പ്രശ്നങ്ങൾക്ക് ഉത്തരം നൽകാറുള്ള ഇത്താത്തയാ

നിങ്ങളുടെ മാനസിക പ്രശ്നങ്ങളെന്തും ഇത്താത്തക്കെഴുതാം. ചോദ്യങ്ങൾ കത്തിലൂടെ മാത്രം.

ഇത്താത്ത,
പൂങ്കാവനം മാസിക,
കോഴിക്കോട്-4

**ണെനിക്ക് പറഞ്ഞുതരേണ്ടത്. എല്ലാം ഏറ്റുപറഞ്ഞ് മാപ്പ് ചോദിച്ചാലല്ലേ ശരിക്കും പ്രായശ്ചിത്തമാകൂ. അല്ലെങ്കിൽ അല്ലാഹുവിന്റെ ക്രൂരമായ ശിക്ഷക്ക് പാത്രമാവേണ്ടി വരില്ലേ? എന്നാൽ ഇതൊക്കെ ഞാൻ തുറന്നു പറഞ്ഞാൽ എന്റെ സഹധർമിണി എന്നെ വെറുക്കില്ലേ? അതോ, ഈ വാർത്തകളൊക്കെ അറിയുമ്പോഴും പഴയതുപോലെ അവൾ ക്ഷമിക്കുമോ? അങ്ങനെ സഹിക്കുവാൻ ഒരു ഭാര്യക്ക് സാധിക്കുമോ? ഇനി പറയാതിരുന്നാൽ ഞാൻ ഭാവിയിലും അവളോട് ചെയ്യുന്ന ഒരു തെറ്റാവില്ലേ അത്? ഇയ്യിടെയായി എല്ലാമോർത്ത് എനിക്കുറങ്ങാൻ സാധിക്കാറില്ല. രാത്രിയിൽ ഞാൻ പേടിസ്വപ്നം കണ്ട് ഇടക്ക് നിലവിളിക്കും. അതുകൊണ്ട് ഞാനെന്തു ചെയ്യണമെന്ന് വ്യക്തമായ നിർദേശം തരാൻ വിനയപൂർവം അപേക്ഷിക്കുന്നു. ഇത്താത്ത എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. എനിക്ക് സ്വസ്ഥമായ ഒരു ജീവിതം ലഭിക്കുവാൻ വേണ്ടി...**

**മറുപടി:** സർവശക്തനായ അല്ലാഹു നമുക്ക് ചെയ്തുതരുന്ന സൗഭാഗ്യങ്ങളെപ്പറ്റി പലപ്പോഴും നാം മനസ്സിലാക്കാറില്ല. അത് നഷ്ടപ്പെടുമ്പോഴാണ് നമുക്ക് പശ്ചാത്താപം തോന്നുക. ദാമ്പത്യ കലഹങ്ങൾ നിത്യ സംഭവമായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഇത്രയും സഹനശീലയായ ഒരു ജീവിത പങ്കാളിയെ ലഭിച്ചത് ചെറിയ കാര്യമല്ല. നിങ്ങളെ ശുശ്രൂഷിക്കുന്നത് ജീവിതവ്രതമാക്കിയ ഒരാളോടാണ് ഇങ്ങനെയൊക്കെ ചെയ്യാനുള്ള കരളുറപ്പ് കാട്ടിയത് എന്ന കാര്യം നിങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. സഹനശീലയായ ഭാര്യയെ, ഇരുപത്തിനാലു മണിക്കൂറും പുരുഷന്റെ സുഖസൗകര്യങ്ങൾക്ക് വേണ്ടി പാടുപെടുന്ന സ്ത്രീയെ നാം പലപ്പോഴും മനസ്സിലാക്കുന്നേയില്ല. ഒരു മനുഷ്യജീവി എന്ന പരിഗണന പോലും കാണിക്കുന്നില്ല. സ്വാർത്ഥതയാണിത്. നമ്മുടെ സുഖം മാത്രം ലക്ഷ്യം വയ്ക്കുക. മറ്റുള്ളവർക്കെന്ത് സംഭവിച്ചാലും ഒന്നുമില്ല എന്ന മട്ട്. ശരിക്കും താങ്കൾ, ഭാര്യയോട് എല്ലാ തെറ്റുകുറ്റങ്ങളും ഒന്നൊഴിയാതെ പറഞ്ഞ് അവളോട് ക്ഷമാപണത്തിന്നപേക്ഷിക്കേണ്ടതാണ്. നൂറു ശതമാനം വിശ്വസിച്ച ആളെ വഞ്ചിക്കുകയായിരുന്നു നിങ്ങൾ. എന്നാൽ, ഒരു പക്ഷെ, ഇതൊക്കെ കേട്ടാൽ നിങ്ങളെ ഇത്രമാത്രം വിശ്വസിച്ച ഭാര്യ തളർന്നുപോയേക്കാം. ഇങ്ങനെയുള്ള ഒരാളുടെ കൂടെയാണല്ലോ ഞാനിത്രയും കാലം ജീവിച്ചത് എന്നോർക്കുമ്പോൾ ഒന്നുമവർക്ക് സഹിക്കാൻ കഴിഞ്ഞില്ലെന്നു വരും. അതു മാത്രമല്ല, ഇതുവരെയുള്ള കാര്യങ്ങളൊന്നും അവർ അറിയാത്തതുകൊണ്ട്, അതൊക്കെ അവരെ സംബന്ധിച്ചേടത്തോളം ഇല്ലാത്തതാണ്. എന്നാൽ ഇതറിയുന്നതോടെ കഴിഞ്ഞുപോയതാണെങ്കിലും അവരെസ്സംബന്ധിച്ച് അവയപ്പോഴും ഉള്ളതായി മാറും. ഒരിക്കലും ഒന്നും മറക്കാൻ കഴിയാത്ത അവസ്ഥയിലേക്കവരെത്തും. പഴയ, ഇന്നലെ വരെ കണ്ട ആളായിരിക്കയില്ല നിങ്ങളുടെ ഭാര്യ. അതുകൊണ്ട് കാര്യങ്ങൾ തുറന്നുപറഞ്ഞ് പശ്ചാത്തപിക്കുന്നത്, അല്ലാഹുവിന്റെ മുമ്പിൽ മാത്രം മതി. അത് താൽക്കാലികമായ കുറ്റബോധംകൊണ്ട് മാത്രം വരുന്ന ഒന്നായിരിക്കരുത്. ചിലരുടെ കുറ്റബോധത്തിന് പലപ്പോഴും അൽപായുസ്സാണ്. നിങ്ങളോട് പൊറുക്കാനുള്ള മനസ്സാന്നിധ്യം അവൾ കാണിച്ചാലും നിങ്ങൾ പഴയ ആളായി മാറരുത്. പ്രലോഭിപ്പിക്കാൻ ഇനിയും പലരും ചുറ്റുപാടും കാണും. പശ്ചാത്താപം കഴിഞ്ഞ് കുറ്റം ചെയ്ത് വീണ്ടും പശ്ചാത്തപിച്ചാൽ മതിയല്ലോ എന്ന് ഈസിയായി കാര്യങ്ങൾ കാണരുത്. മനസ്സും ശരീരവും ശുദ്ധമാക്കി, പുതിയ ജീവിതം നയിക്കാനുള്ള തയ്യാറെടുപ്പുമായി വേണം നിങ്ങൾ വീണ്ടും ജീവിതത്തിലേക്ക് വരാൻ. തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ പലർക്കും കഴിയാറില്ല. ദൃഢപ്രതിജ്ഞ, മനസ്സിന്റെ കരുത്ത് ആവശ്യപ്പെടുന്നതാണ്. മറ്റൊരു കാര്യം കൂടി ചെയ്യണം. ഭാര്യയോട് കൂടുതൽ നന്നായി പെരുമാറുകയും അവരുടെ ആവശ്യങ്ങളും ആശങ്കകളും സാധിച്ചു കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. എങ്കിൽ മാത്രമേ നിങ്ങളുടെ ഖേദിച്ചുള്ള മടക്കം ആത്മാർത്ഥതയോടെ ഉള്ളതാവുകയുള്ളൂ. ഇത്താത്ത സഹോദരനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. എല്ലാം ശുഭമായിത്തീരട്ടെ.

**ഇണയും തുണയും പരസ്യം തീർത്തും സൗജന്യമാണ്. അന്വേഷണങ്ങൾക്ക്: 0495 272 90 37**

# ഇണയും തുണയും

**3258:** ദീനീ ചിട്ടയുള്ള കുടുംബത്തിലെ യുവതി (24), മതഭക്ത, തന്റേതല്ലാത്ത കാരണത്താൽ (വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ) വിവാഹമോചിത. വെളുത്ത നിറം. കുട്ടികളില്ല. ടൈലറിംഗ് അറിയാം. മതബോധമുള്ളവരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. കാസർഗോഡ്ജില്ല.

*****

3259: മുസ്‌ലിം യുവതി (22), 5.3 ഉയരം, ഇരുനിറം, മദ്റസ: പ്ലസ്ടു, എം.എ. ഇംഗ്ലീഷ് (NET Qualified), എയ്ഡഡ് കോളേജിൽ ഗസ്റ്റ് ലക്ചററായി വർക്ക് ചെയ്യുന്നു. തിരൂരങ്ങാടി ഭാഗം, മത–ഭൗതിക വിദ്യാഭ്യാസ യോഗ്യതയുള്ള സുന്നി യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. മലപ്പുറം ജില്ലക്കാർ ബന്ധപ്പെടുക.

*****

3260: ബധിരയായ മുസ്‌ലിം യുവതി (20), ഉയരം: 5.2, വെളുത്ത നിറം, സൗന്ദര്യവതി, ഇടത്തരം സാമ്പത്തികം, പത്താം ക്ലാസ് പാസ്സ്, ബധിരരായ സുന്നീ യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. എറണാകുളം, തൃശൂർ ജില്ലക്കാർക്ക് മുൻഗണന, എറണാകുളം ജില്ല.

*****

3261: മുസ്‌ലിം യുവതി (21), ഉയരം: 5'4, ഇരുനിറം, സാമാന്യ സൗന്ദര്യം, മദ്റസ: 10–ാം തരം, ഭൗതികം: ഡിഗ്രി, ബി.കോം, DIFA, ഇടത്തരം സാമ്പത്തികം, അനുയോജ്യരായ ദീനീ ചിട്ടയുള്ള സുന്നീ യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ആലുവ–കാക്കനാട് ഇടയിലുള്ളവർക്ക് മുൻഗണന. കൊടുങ്ങല്ലൂർ ഭാഗം, തൃശൂർ ജില്ല.

*****

3262: മുസ്‌ലിം യുവതി (21), വെളുത്ത, ഒത്ത ശരീരം, 160 സെ.മീ. ഉയരം, നികാഹ് മാത്രം നടന്നു, 35 ദിവസത്തിനകം ത്വലാഖ്, പി.ജി. പഠിക്കുന്നു. യോജിച്ച ആലോചനകൾ ക്ഷണിക്കുന്നു. കൊണ്ടോട്ടി ഭാഗം, മലപ്പുറം ജില്ല.

*****

3263: മുസ്‌ലിം യുവതി (25), 5.3 ഉയരം, ഇരുനിറം, ബി.കോം, ഡി.സി.എ., ടാലി, ഫേഷൻ ഡിസൈനിംഗ് & ടൈലറിംഗ്, മദ്റസ: 7, ആദ്യ വിവാഹം, ദീനീ കുടുംബം, സാമാന്യ സൗന്ദര്യം (ഇടതു കൈവിരലുകൾ 3 എണ്ണം ചെറുത്), ചെറിയ രൂപത്തിലുള്ള അംഗപരിമിതരെയും പരിഗണിക്കും, മത–ഭൗതിക വിദ്യാഭ്യാസമുള്ള രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. തൃശൂർ ജില്ല.

റഷീദ് പുന്നശ്ശേരി

## ചുരുങ്ങിയ ചെലവിൽ വീട് നിർമിച്ച് വിജയിച്ച ലേഖകന്റെ കാഴ്ചപ്പാടുകൾ

# ഭവനം ഇനി ഒരു സ്വപ്നമല്ല

സ്വപ്നങ്ങളുടെ തീരത്ത് മനോഹരമായൊരു ഭവനമുണ്ട്. നമ്മുടെ ഓരോരുത്തരുടെയും മനസ്സിലെവിടെയോ, മഞ്ഞും, മഴയും, വേനലും വിരുന്നെത്തുന്ന ശാന്തമായൊരിടം. വീടിനെക്കുറിച്ച് അത്രമേൽ പ്രതീക്ഷകളാണ് ഓരോ മലയാളിക്കുമുള്ളത്. അതുകൊണ്ടുതന്നെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടു കാലത്തിനിടെ ഹരിതാഭമായിരുന്ന നമ്മുടെ നാട് കോൺക്രീറ്റ് കാടുകളാൽ വികൃതമായി മാറി എന്നതാണ് വാസ്തവം. വീടുകളും, ഫ്ളാറ്റും, കൂറ്റൻ കെട്ടിടങ്ങളുമായി നമ്മുടെ ഗ്രാമങ്ങൾ പോലും എത്ര വേഗമാണ് മാറിക്കൊണ്ടിരിക്കുന്നത്. ജെ.സി.ബി. എന്ന മഞ്ഞ മൃഗത്തിന്റെ കൈകൾ മലകൾ തുരന്നും, കുന്നിടിച്ചും, വയൽ നികത്തിയും നമുക്കുവേണ്ടി രാപ്പകൽ അധ്വാനിക്കുകയാണ്. ഓരോ വീടും പണിയുന്നതിനായി മുറിച്ചുനീക്കപ്പെടുന്നത് വർഷങ്ങൾ പ്രായമുള്ള കൂറ്റൻ മരങ്ങളാണ്. ഒരു വീടിന് ചുരുങ്ങിയത്



മൂന്നര ലക്ഷം രൂപ ചെലവിൽ നിർമിച്ച വീട്

ഇരുപത് മരങ്ങൾ മുറിക്കുമ്പോൾ പകരം എത്ര മരങ്ങൾ വച്ച് പിടിപ്പിക്കുന്നുണ്ട് എന്ന് ചിന്തിക്കാറില്ല. ഗൾഫ് പണത്തിന്റെ കുത്തൊഴുക്കിൽ നെയ്തുകൂട്ടുന്ന വലിയ വലിയ സ്വപ്നങ്ങൾ തകർത്തെറിയുന്നത് നമ്മുടെ നാടിന്റെ പ്രകൃതിയും കാലാവസ്ഥയുമാണെന്ന് തിരിച്ചറിയുമ്പോഴേക്കും ഏറെ വൈകിയിരിക്കുന്നു. വേനൽ പെയ്യുന്ന മഴക്കാലമാണ് നമുക്കിപ്പോൾ ലഭിക്കുന്നത്. ജലദൗർലഭ്യമാവട്ടെ വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ അടിയിൽ പാതാളം വരെ തുരന്ന് കിണറുകൾ നിർമിക്കുകയാണിപ്പോൾ. പണം ഒരു പ്രശ്നമല്ലാത്തവർക്ക് വീടും, ഫ്ളാറ്റും, കെട്ടിടങ്ങളും ഉണ്ടാക്കുകയും അതുവഴി വീണ്ടും പണമുണ്ടാക്കുകയും ചെയ്യാം. അതിനുവേണ്ടി എന്തു വില കൊടുത്തും സാധന സാമഗ്രികൾ വാങ്ങാനും, എത്ര കൂലി കൊടുത്തും ജോലിക്കാരെ കൊണ്ടു വരാനും അവർ തയ്യാറാണ്. എന്നാൽ ഇത് സൃഷ്ടിച്ചിരിക്കുന്ന സാമൂഹിക അനിശ്ചിതത്വം ചെറുതല്ല.



നിർമാണച്ചെലവ് അഞ്ചര ലക്ഷം രൂപ



**അയൽവാസികളോടും, സുഹൃത്തുക്കളോടുമെല്ലാം വീടുണ്ടാക്കുന്ന കാര്യത്തിൽ നമ്മൾ പരസ്പരം മത്സരിക്കുകയാണ്. നമ്മുടെ ഭവന സങ്കൽപങ്ങളിലേക്ക് കടന്നുകയറിയ ഈ ആഡംബര സംസ്കാരം മാറ്റിമറിച്ചത്, കഴിഞ്ഞുകൂടാൻ ഒരു കൊച്ചു കൂര വേണമെന്ന സമാധാരണക്കാരന്റെ സങ്കൽപത്തെയാണ്. കേരളം വിട്ട് പുറത്ത് പോയിട്ടില്ലാത്തവരെല്ലാം കാണുന്നത് നമുക്ക് ചുറ്റും നിർമിച്ചുകൊണ്ടിരിക്കുന്ന കൂറ്റൻ ഭവനങ്ങൾ മാത്രമാണ്.**

## വീടെന്നാൽ ആർഭാഢമല്ല

മലയാളിയുടെ അമിതമായ ഭ്രമങ്ങളിലൊന്നു മാത്രമാണ് യഥാർത്ഥത്തിൽ വലിയ വീടുകൾ. കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്കിക്കാര്യം വ്യക്തമാവും. മഹാരാഷ്ട്രയിലെ നാന്തെടിൽ ഒരു ചെറിയ പട്ടണത്തിലെ കോടീശ്വരനായൊരു വ്യാപാരിയുടെ വീട്ടിൽ ഒരു ദിവസം തങ്ങേണ്ടിവന്നു. വർഷങ്ങൾക്ക് മുമ്പ് ഗുജറാത്തിലെ കച്ചിൽ നിന്ന് ഇവിടെ കുടിയേറിയ മേമൻ കുടുംബത്തിലെ അംഗമാണദ്ദേഹം. തിരക്കുള്ള അങ്ങാടിയിലെ ഒരു ഗോഡൗണിനകത്തേക്ക് അദ്ദേഹം ഞങ്ങളെ ആനയിച്ചു. കച്ചവട സാമഗ്രികളും എണ്ണ ടിന്നുകളും മറ്റും സൂക്ഷിച്ചിരിക്കുന്ന മുറിയുടെ മുകളിലേക്ക് ഒരു ഗോവണിയുണ്ട്. അതുവഴി കയറി മുകൾനിലയിലെത്തി. രണ്ടു മുറിയും അടുക്കളയും ഹാളുമുള്ള ചെറിയൊരു അപ്പാർട്ടുമെന്റ്. അവിടെയാണദ്ദേഹം താമസിക്കുന്നതെന്ന് പറഞ്ഞപ്പോൾ അത്ഭുതമായി. വീട് വേറെ ഉണ്ടായിരിക്കുമല്ലേ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് തിരിച്ചു ചോദിച്ചു: "നശ്വരമായ ദുനിയാവിൽ ഇതിനേക്കാൾ വലിയൊരു വീട് ആവശ്യമുണ്ടോ സുഹൃത്തേ". വീടെന്നത് നമുക്ക് വിശ്രമിക്കാനും ആരാധനകളിലേർപ്പെടാനും മനസ്സ് ശാന്തമാക്കാനും വേണ്ടി സൗകര്യപ്രദമായ ഒരിടമാണ്. എത്രത്തോളം

ശാന്തിയും സമാധാനവും തരാൻ വീടിനു സാധിക്കുമോ അത്രമേൽ നാം ആ വീടിനോട് ബന്ധിതരായിരിക്കുമെന്നതാണ് സത്യം.

## കാഴ്ചബംഗ്ലാവുകൾ

കേരളത്തിലെ വീടുകൾ പലതുമിപ്പോൾ കാഴ്ചബംഗ്ലാവുകളെന്ന് വിളിക്കാവുന്ന രീതിയിലുള്ളവയാണ്. വലിപ്പംകൊണ്ടും, സൗകര്യങ്ങളുടെ ധാരാളിത്തം കൊണ്ടും മാത്രമല്ല, അതിനകത്ത് കഴിയുന്ന വിരലിലെണ്ണാവുന്ന മനുഷ്യരുടെ ആഡംബര വൈവിധ്യങ്ങൾ കൂടിയാണ് ഇതിനു കാരണം. പൊങ്ങച്ചത്തിന്റെയും, ധൂർത്തിന്റെയും, പ്രകൃതി നശീകരണത്തിന്റെയും സ്മാരകങ്ങൾ പോലെയാണ് പല മാളികകളായും ഉയർന്നുവരുന്നത്. അയൽവാസികളോടും, സുഹൃത്തുക്കളോടുമെല്ലാം വീടുണ്ടാക്കുന്ന കാര്യത്തിൽ നമ്മൾ പരസ്പരം മത്സരിക്കുകയാണ്. നമ്മുടെ ഭവന സങ്കൽപങ്ങളിലേക്ക് കടന്നുകയറിയ ഈ ആഡംബര സംസ്കാരം മാറ്റിമറിച്ചത്, കഴിഞ്ഞുകൂടാൻ ഒരു കൊച്ചു കൂര വേണമെന്ന സമാധാരണക്കാരന്റെ സങ്കൽപത്തെയാണ്. കേരളം വിട്ട് പുറത്ത് പോയിട്ടില്ലാത്തവരെല്ലാം കാണുന്നത് നമുക്ക് ചുറ്റും നിർമിച്ചുകൊണ്ടിരിക്കുന്ന കൂറ്റൻ ഭവനങ്ങൾ മാത്രമാണ്. നാല് സാരികൾ മറച്ച് മുകളിലൊരു ഷീറ്റ് കെട്ടിയാൽ നാലഞ്ച് പേരടങ്ങുന്ന കുടുംബത്തിന് കിടക്കാനും, ഇരിക്കാനും, വെക്കാനും, തിന്നാനുമെല്ലാം ഉള്ള വീടായി എന്നതാണ് അന്യസംസ്ഥാനങ്ങളിലെ സ്ഥിതി. എന്നാൽ വൃത്തിയും വെടിപ്പും, സൗകര്യങ്ങളും അത്യാവശ്യമാണെന്നതിനാൽ മലയാളികൾക്ക് അവരുടേതായ ഭവനസങ്കൽപമുണ്ട്. ആ സങ്കൽപമാണ് പൊടുന്നനെ വളർന്ന് വലുതായി സാധാരണക്കാരന് അപ്രാപ്യമായ നിലയിൽ എത്തിനിൽക്കുന്നത്.

## ലക്ഷങ്ങൾ വേണ്ടേ..?

ഒരു വീട് വെക്കണമെന്നാഗ്രഹിക്കുന്നവരോട് നാം ചോദിക്കുന്നത് എത്ര ലക്ഷം ചിലവാകുമെന്നാണ്. എത്ര ഇല്ലാത്തവനും പറയും രണ്ടു മുറിയും, അടുക്കളയും, രണ്ട് ബാത്റൂമും, പോർച്ചും, ഹാളും, വരാന്തയുമെല്ലാം നിർമിക്കാൻ പത്ത് പന്ത്രണ്ടു ലക്ഷമെങ്കിലും ചുരുങ്ങിയത് വേണ്ടിവരുമെന്ന്. കോൺട്രാക്ടറും എഞ്ചിനീയറും മേസ്തിരിയും മറ്റും തരുന്ന കണക്ക് വിശ്വസിച്ചാണ് നമ്മൾ വീടുപണിക്ക് ഇറങ്ങുന്നത്. അല്ലാതെ വീടുണ്ടാക്കി പരിചയമുള്ളവരൊന്നുമല്ലല്ലോ നമ്മൾ. അതുകൊണ്ടുതന്നെ മറ്റുള്ളവർക്ക് ചിലവായതിന്റെ കണക്കുകൾ വെച്ചാണ് നാം പഠിക്കുന്നത്. മാത്രമല്ല, ഏത് ഇല്ലായ്മയിലും നമുക്ക് താങ്ങാവുന്നതിലപ്പുറമുള്ള കണക്കുകൂട്ടലുകളാണ്. അയൽപക്കത്തെ വീടിനെക്കാൾ എന്തുകൊണ്ടും ഒരു പടി മുന്നിൽ നിൽക്കണമെന്ന് മാത്രമാണ് ഓരോ ശരാശരി സാധാരണക്കാരന്റെയും ചിന്ത. അതിനുള്ള വ്യഗ്രതയിൽ നിർമാണ ബജറ്റ് താളം തെറ്റുകയും വീട് നിർമിച്ച് താമസമാവുമ്പോഴേക്കും ഒരുപക്ഷെ ആയുസ്സിന്റെ നല്ലൊരു ഭാഗം കഴിഞ്ഞിരിക്കും. അല്ലെങ്കിൽ ലക്ഷക്കണക്കിനു രൂപയുടെ കടക്കാരനായി അത് വീട്ടാൻ ഗതിയില്ലാതെ, വീട് പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യേണ്ട ഗതികേടിലെത്തും. ഇത് നമ്മുടെ സ്വപ്ന ഭവനങ്ങൾക്ക് നിർമാണത്തിനു മുമ്പ് ആവശ്യമായ 'ഹോം വർക്കുകൾ' ചെയ്താൽ നിയന്ത്രിക്കാവുന്നതേയുള്ളൂ. ലക്ഷങ്ങൾ മുടക്കി ഒരു ഭവനം എന്ന ചിന്ത മാറ്റിവച്ച്, സ്വസ്ഥത ലഭിക്കുന്ന ഒരു നല്ല ഭവനം എന്ന് മനസ്സിനെ ക്രമീകരിക്കാൻ പറ്റിയാൽ നാം വീടുപണിയുടെ പാതി വഴി പിന്നിട്ടു. ലക്ഷങ്ങളല്ല വീടുപണിയെ നയിക്കേണ്ടത്. നമ്മുടെ ലക്ഷ്യങ്ങളാണ്.

## പണിയാം ശാന്തസുന്ദര ഭവനങ്ങൾ

കോൺക്രീറ്റ് കാടുകളിൽ അന്തിയുറങ്ങുന്ന വിദേശങ്ങളിലെ മനുഷ്യർ ഇത്തിരി ശുദ്ധവായു തേടി വന്നെത്തുന്ന മനോഹര ഭൂമിയാണ് കേരളം. നമ്മുടെ നാടും പതിയെ കോൺക്രീറ്റ് കാടായി മാറുമ്പോൾ മഴയും, കുളിരും ശാന്തിയും തേടി നമ്മളും പലായനം ചെയ്യേണ്ടിവരും. വിദേശികൾക്കായി കേരളത്തിൽ പണിതിരിക്കുന്ന റിസോർട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ? പരമ്പരാഗത വാസ്തുശിൽപവും, പ്രകൃതിയോട് ചേർന്ന് നിൽക്കുന്ന രീതിയിൽ മരവും, ചെങ്കല്ലും കളിമണ്ണും മറ്റുമുപയോഗിച്ച് നമ്മുടെ പഴയ തറവാട് വീടുകൾ പോലെ തോന്നിപ്പിക്കുന്ന ഓടു പാകിയ വീടുകളിൽ താമസിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. ഏത് വെയിലിലും സ്വയം ക്രമീകരിക്കാവുന്ന താപനിലയാണ് ഇത്തരം വീടുകൾക്കുള്ളത്.തറയിൽ മുന്തിയ ഇനം ടൈലുകൾക്ക് പകരം ടെറാകോട്ടയുടെ തറയോടുകൾ പാകി മനോഹരമാക്കുകയും, മുറികളും, ബാത്റൂമും മറ്റും ആധുനിക സൗക



ര്യങ്ങളോടെ നിർമിക്കുകയും ചെയ്ത് വളരെ ചുരുങ്ങിയ ചിലവിലാണ് ഇത്തരം ഭവനങ്ങളുടെ നിർമാണമെന്ന് മനസ്സിലാക്കാം. ലക്ഷങ്ങളുടെ സാമ്പത്തിക ശേഷിയില്ലാത്ത സാധാരണക്കാർക്ക് വേണ്ടി ഇത്തരം വീടുകൾ നിർമിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചതിന്റെ ഫലമായി ഇത്തരം 14 വീടുകൾ, കേരളത്തിൽ നിർമിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രമുഖ ജീവകാരുണ്യ സംഘടനയായ ആർ.സി.എഫ്.ബി.യുടെ സാമ്പത്തിക സഹായത്താൽ, എഞ്ചിനീയർമാരടങ്ങിയ വളണ്ടിയർ വിങ്ങാണ് ചിലവ് കുറഞ്ഞ വീടുകളുടെ രൂപകൽപനയും നിർമിതിയും നടത്തിയത്. ചെങ്കല്ലിലും കരിങ്കല്ലിലുമാണ് തറ പണിതിരിക്കുന്നത്. ചുവരുകൾക്ക് മണ്ണുകൊണ്ട് നിർമിച്ച ചുടുകട്ടകളാണുപയോഗിച്ചത്. ഇത് പിന്നീട് ആവശ്യമായ ഇടങ്ങളിൽ മാത്രം സിമന്റുപയോഗിച്ച് പ്ലാസ്റ്ററിംഗ് ചെയ്യുകയും പ്രത്യേകതരം പെയിന്റുപയോഗിച്ച് മനോഹരമാക്കുകയും ചെയ്തു. അലൂമിനിയം കോട്ടിംഗുള്ള സ്ക്വയർ പൈപ്പുകൾ ഉപയോഗിച്ച് മേൽക്കൂരയുടെ സ്കൽട്ടൻ ചെയ്ത് മുകളിൽ മുന്തിയ ഇനം ചുവന്ന ഓടുകൾ പാകി. 500 സ്ക്വയർഫീറ്റിൽ രണ്ട് കിടപ്പുമുറികൾ, അടുക്കള, ഹാൾ, ബാത്റൂം, വരാന്ത എന്നിവ ഉൾക്കൊള്ളിച്ച്, കോൺക്രീറ്റ് ജനലുകളും, പ്ലൈവുഡിന്റെ വാതിലുകളുമാണ് വീടുകൾക്കുപയോഗിച്ചത്. ഒരു വീടിന് ഏകദേശം മൂന്നര ലക്ഷം രൂപയാണ് ചിലവായിട്ടുള്ളത്. അൽപംകൂടി വലുതാക്കുകയും, അകത്ത് ടൈൽസോ, ചുവന്ന തറയോടോ ഉപയോഗിക്കുകയും, അടുക്കളയിലെയും മറ്റും ഫിനിഷിംഗ് വർക്കുകൾ ചെയ്യുകയും ആയാൽ അഞ്ച് ലക്ഷം രൂപക്ക് ഈ വീടുകൾ തന്നെ കൂടുതൽ മെച്ചപ്പെട്ടതാക്കാം. സാധാന സാമഗ്രികളുടെ തെരഞ്ഞെടുപ്പിലും, വിലയിലും മറ്റും ഇടപെടുകയും, തൊഴിൽ ശേഷി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയും ചെയ്താൽ വീടുപണിയിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കി കൂടുതൽ മികവുറ്റതാക്കാമെന്ന സത്യം ഞങ്ങൾ പരീക്ഷിച്ചറിഞ്ഞതാണ്. ഈ അറിവ് പങ്കുവെക്കുന്നതിലൂടെ ഒരു വീടിനുവേണ്ടി കഷ്ടപ്പെടുന്നവർക്ക് അതുപകാരപ്പെടുമെന്നാണ് പ്രതീക്ഷ. നമ്മുടെ സ്വപ്നങ്ങളെ



കുന്നോളം വലുതാക്കി ഇല്ലാതാക്കുന്നതിനു പകരം, സാക്ഷാൽക്കരിക്കാവുന്ന സ്വപ്നങ്ങളുടെ ലോകത്തേക്ക് ഇറങ്ങിവരാൻ മാനസികമായ തയ്യാറെടുപ്പ് ഉണ്ടായിരിക്കണമെന്നതാണ് ഏറെ പ്രധാനം.

നാല് സെന്റിൽ അധികം സ്ഥലമില്ലാത്തവരും, 600 സ്ക്വയർഫീറ്റിൽ താഴെ വീട് പണിയാൻ ആഗ്രഹിക്കുന്നവരുമായ ഭവന രഹിതർക്ക് സർക്കാർ വീടു നിർമാണത്തിന് രണ്ടു ലക്ഷം രൂപവരെ സഹായം നൽകിവരുന്നുണ്ട്. സമാന സ്വഭാവമുള്ള വീടുകളുടെ മേൽക്കൂര നിർമാണത്തിന് ചില സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ അമ്പതിനായിരം രൂപ വരെ സാമ്പത്തിക സഹായം വേറെയും നൽകുന്നുണ്ട്. ഇത്തരം ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചാൽ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തല ചായ്ക്കാൻ ഒട്ടും മോശമല്ലാത്ത ഒരു വീട് നിർമിക്കാൻ സാധിക്കുമെന്നാണ് അനുഭവസാക്ഷ്യം. അപ്പോൾ നമ്മുടെ ദുരഭിമാനത്തിൽനിന്ന് ചില ചോദ്യങ്ങൾ ഉയർന്നുവരും. ഓടിട്ട വീടുകൾ കള്ളൻമാർ പെട്ടെന്ന് കയറില്ലേ, അത് സുരക്ഷിതമാണോ എന്നൊക്കെയാവും ചോദ്യങ്ങൾ. സി.സി.ടി.വിയും, കോൺക്രീറ്റ് ഭിത്തികളും, ലോക്കറുകളും തകർത്ത് കളവ് നടക്കുന്ന കാലത്ത് ഓടിട്ട വീടിന്റെ ഓടിളക്കി വീട്ടിൽ കടന്ന് മൺചട്ടിയിലെ ചോറ് വാരി തിന്നാൻ മാത്രം ദരിദ്രരല്ല ഹൈടെക് കള്ളന്മാർ എന്ന അൽപം ക്രൂരമായ തമാശയേ മറുപടി പറയാനുള്ളൂ... നശ്വരമായ ലോകത്തിന്റെ ജീവിത പങ്കപ്പാടുകൾക്കിടയിൽ അൽപമൊന്ന് ശ്രദ്ധ വെച്ചാൽ ആർക്കും പണിയാവുന്നതേയുള്ളൂ സ്വപ്നസുന്ദരമായ ഭവനങ്ങൾ.

abdlrasheed@gmail.com


**വന്ധ്യതക്ക് ഹോമിയോ**

തൈറോയ്ഡ് പ്രശ്നങ്ങൾ, സ്ത്രീ രോഗങ്ങൾ, ലൈംഗിക ശക്തിക്കുറവ്, താൽപര്യമില്ലായ്മ, മൂത്രാശയക്കല്ല്, അരിമ്പാറ, പാദം വിണ്ടുകീറൽ, വിട്ടുമാറാത്ത അലർജി, തരിപ്പ്, തലവേദന എന്നീ രോഗങ്ങൾക്ക് കുട്ടികൾക്കും മുതിർന്നവർക്കും പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ഡോ. എം. ആർ. രാകേഷ് BHMS
ആർ.കെ. ഹോമിയോ ക്ലിനിക്
(ഹോമിയോ & ആയുർവേദിക്)
ICICI ബാങ്കിന് സമീപം,
മണ്ണാർക്കാട് റോഡ്, പെരിന്തൽമണ്ണ
Ph : 9048297794, 9447769061

നിയാസ് മുണ്ടമ്പ്ര



# വാടക ഗർഭപാത്രം; കരാറു വാങ്ങി പ്രസവിക്കുന്നവർ

കൊച്ചി നഗരത്തില തിരക്കൊഴിഞ്ഞ സ്വകാര്യ ആശുപത്രിയിൽ ഒരു യുവതി പ്രസവത്തിന്റെ സമയവും കാത്തിരിക്കുകയാണ്. യാന്ത്രികമായ പേറ്റുനോവ് അവളെ വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. അവളുടെ ചിന്തയിൽ കുഞ്ഞിനെക്കുറിച്ചോ മാതൃത്വത്തെക്കുറിച്ചോ ഒരു ചിന്തയുമില്ല. മുൻ നിശ്ചയ പ്രകാരം ഒരു ആൺകുഞ്ഞിനെ പ്രസവിക്കണം. കൃത്യം ഒരു മാസം മുലയൂട്ടണം. പിന്നെ കരാർ ഉറപ്പിച്ചവർക്ക് കുഞ്ഞിനെ കൈമാറണം. ഇത്രമാത്രമാണ് അവളുടെ ചിന്തയിലുള്ളത്.

കുഞ്ഞിനെ പ്രസവിക്കാൻ കരാർ നൽകിയ ആൾ ബാംഗ്ലൂരിൽ നിന്ന് അപ്പപ്പോൾ തന്നെ അടുത്ത മുറിയിലുള്ള ഡോക്ടറോട് വിവരമന്വേഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചെന്നൈ നഗരത്തിലെ ശീതീകരിച്ച ഓഫീസ് മുറിയിൽ നിന്ന് കരാർ നൽകിയ ആളിന്റെ ഭാര്യ ഇടക്കിടെ ചാറ്റിലൂടെ ചോദിക്കുന്നുണ്ടായിരുന്നു പെയിൻ തുടങ്ങിയോ എന്ന്. മണിക്കൂറുകൾക്ക് ശേഷം യുവതി ഒരാൺകുഞ്ഞിന് ജന്മം നൽകി. ദിവസങ്ങൾ കടന്നുപോയി. കൃത്യം ഒരുമാസം തികഞ്ഞപ്പോൾ ഫ്ളൈറ്റിൽ എത്തിയ ദമ്പതികൾക്ക് പ്രസവിച്ച കുഞ്ഞിനെ കരാറുകാരി സ്നേഹത്തോടെ നൽകി. കരാർ ഉറപ്പിച്ച പ്രതിഫലം ഏറ്റുവാങ്ങി ആ ദമ്പതികൾ സൈബർ ലോകത്തേക്ക് ഫ്ളൈറ്റിൽ തന്നെ മടങ്ങി.



TIPS

# ആർത്തവ വേദനയോ?

ആർത്തവ സംബന്ധമായ വേദന ശമിക്കാൻ ഉലുവയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചാൽ മതി.

ആർത്തവ ചക്രം കൃത്യമാവാൻ ഒരു സൂത്രം: 50 ഗ്രാം കറുത്ത എള്ള് 800 മില്ലി വെള്ളത്തിൽ തിളപ്പിച്ച് 100 മില്ലി ആക്കി അരിച്ചെടുത്ത് 50 മില്ലി വീതം രാവിലെയും രാത്രിയും ഒരു നുള്ള് ശർക്കര, കാൽ ചെറിയ സ്പൂൺ നെയ്യും ഒരു നുള്ള് ചുക്കും ചേർത്ത് കഴിച്ചാൽ മതി.

രണ്ടു ഗ്രാം വീതം അയമോദകം, ഇന്തുപ്പ്, പെരുങ്കായം എന്നിവ ഒരല്ലി വെളുത്തുള്ളി ചേർത്തരച്ച് 40 മില്ലി ശുദ്ധി ചെയ്ത ആവണക്കെണ്ണയിൽ ലയിപ്പിച്ച്, നല്ലപോലെ തിളപ്പിച്ച് അരിക്കുക, അര ചെറിയ സ്പൂൺ വീതം കാച്ചിയ പാലിൽ ചേർത്ത് രണ്ടുനേരം കുടിച്ചാൽ ആർത്തവ വേദന ഇല്ലാതാകും.

മുപ്പത് മില്ലി കുമ്പളങ്ങാനീര്, അഞ്ച് ഗ്രാം കൽകണ്ടവും വെണ്ണയും യോജിപ്പിച്ച് രണ്ടു നേരം ഭക്ഷണത്തിനു മുമ്പ് കഴിച്ചാൽ ആർത്തവ വേദന കുറയും.

കേവലം ഒരു കഥയായി നമുക്കിതിനെ തള്ളിക്കളയാനാവില്ല. ഐ.ടി മേഖലയുടെ വികാസം മനുഷ്യന്റെ ഗർഭ പാത്രത്തെ വരെ സ്വാധീനിച്ചിരിക്കുന്നു എന്നതിന്റെ ചെറിയൊരു ഉദാഹരണമാണിത്. ഗർഭം ധരിക്കുന്നവരുടെയും ഗർഭം കോൺട്രാക്ട് നൽകുന്നവരുടെയും എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുന്ന ഒരു ലോകത്താണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്.

ശാരീരിക വൈകല്യങ്ങളാൽ ഗർഭധാരണം അസാധ്യമായവർക്ക് സ്വന്തം രക്തത്തിലുള്ള കുഞ്ഞിനെ ലഭിക്കാനുള്ള സംവിധാനമായി മറ്റൊരു സ്ത്രീയെ ഉപയോഗിച്ചു കൊണ്ടായിരുന്നു വാടക ഗർഭ പാത്രത്തിന്റെ തുടക്കം. എന്നാൽ ഇത് വിജയം വരിച്ചതോടെ ഉന്നതങ്ങളിലിരിക്കുന്നവരുടെ ശ്രദ്ധ ഇതിലേക്ക് പതിഞ്ഞു. വൈകല്യങ്ങളില്ലെങ്കിലും സമയക്കുറവും ജോലിയും എല്ലാം കണ്ടുകൊണ്ട് പലരും ഇതിനെ പ്രിയം വെക്കുന്നു. പ്രസവം മൂലം ലീവെടുത്താൽ വൻ തുക തന്നെ നഷ്ടമാകും. മറ്റു ചിലപ്പോൾ ജോലി തന്നെ പോകും. അതുകൊണ്ടുതന്നെ ആരും ജോലി നഷ്ടപ്പെടുത്തി ഗർഭം ധരിക്കാൻ മുന്നോട്ട് വരില്ല. നേരെ മറിച്ച് ഒരു മാസത്തെ ശമ്പളം മാത്രം മതി തന്റെ രക്തത്തിലുള്ള ഒരു കുഞ്ഞിനെ ലഭിക്കാൻ. ഗർഭധാരണം മൂലമുണ്ടാകുന്ന ഒരു പ്രയാസവും അറിയാതെ പേറ്റുനോവറിയാതെ ക്രെഡിറ്റ് കാർഡു കൊണ്ട് കുഞ്ഞിനെ കരസ്ഥമാക്കുന്ന സംവിധാനം.

2005ൽ തിരുവനന്തപുരം സമദ് ആശുപത്രിയിലാണ് കേരളത്തിലെ ആദ്യത്തെ വാടക ഗർഭ പാത്രത്തിൽ നിന്ന് കുഞ്ഞ് പിറന്നത്. നാൽപതു കഴിഞ്ഞ കൊച്ചി സ്വദേശികളായ പൊൾഡൻ പ്രഭ ദമ്പതികൾക്ക് വേണ്ടിയായിരുന്നു പരീക്ഷണം. ഗർഭ പാത്ര തകരാറുള്ള പ്രഭക്കു വേണ്ടി പ്രസവിക്കാൻ മറ്റൊരു സ്ത്രീയെ കണ്ടെത്തി ദമ്പതികളുടെ ബീജവും അണ്ഡവും ശേഖരിച്ച് ഭ്രൂണത്തെ വാടക മാതാവിൽ നിക്ഷേപിച്ചു. ആദ്യം പരാജയപ്പെട്ടെങ്കിലും പരീക്ഷണം പിന്നീട് വിജയിച്ചു. പ്രസവ ശേഷം യുവതി കുഞ്ഞിനെ ദമ്പതികൾക്ക് കൈമാറി. ഈ പരീക്ഷണം വിജയിച്ചത് വലിയ ആഘോഷമായിട്ടാണ് കേരളം കൊണ്ടാടിയത്.

മാതൃത്വം, പിതൃത്വം എന്നീ മഹത്തായ അർത്ഥങ്ങളെ വിശ്വസിച്ചു പോന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. സ്വന്തം കുഞ്ഞിനെ ഗർഭം ധരിക്കാനും നൊന്തു പ്രസവിക്കാനും പാലൂട്ടി വളർത്താനും കൊതിക്കുന്നവർക്കേ മാതൃത്വത്തെ അവകാശപ്പെടാനാകൂ. എന്നാൽ, മാതൃത്വത്തെ കളങ്കപ്പെടുത്തുന്ന വാണിജ്യ സംസ്കാരമായി മാതൃത്വവും പിതൃത്വവും മാറുമ്പോൾ സ്നേഹമറ്റ ഒരു ജനതയുടെ പിറവിക്ക് കാരണമാകുന്നു. മാതൃത്വത്തിന്റെ ചൂടേറ്റ് വളരേണ്ട, പത്തു മാസം പേറി നടക്കേണ്ട ഗർഭധാരണം പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന ലാഘവത്തോടെ വിരിയിച്ചെടുക്കുകയാണ് മോഡേൺ അമ്മമാർ. സ്വന്തം മകൾ-മകൻ അന്യ സത്രീകളുടെ ഗർഭാശയത്തിൽ ചോരച്ചൂടേറ്റ് വളരുമ്പോൾ ശീതീകരിച്ച റൂമിൽ ജീവിതം ആസ്വദിക്കുകയാണ് പുതിയ മാതൃത്വം.

## ആരെയാണ് ഞാൻ ഉമ്മാ എന്ന് വിളിക്കേണ്ടത്?

ഗുജറാത്തിലെ ആനന്ദ് ആശുപത്രിയിലെ വന്ധ്യതാ നിവാരണ കേന്ദ്രത്തിലെ തണുത്ത മുറിയിലായിരുന്നു അവളുടെ പിറവി. ചുറ്റും വാത

കക്കുഴലുകളും അലോസരപ്പെടുത്തുന്ന മരുന്നിന്റെ ഗന്ധവും. തന്നെ പ്രസവിച്ചപ്പോൾ ഉമ്മയുടെ സ്നേഹ സ്പർശം അവൾ ഒരുപാട് ആഗ്രഹിച്ചിരിക്കാം. താരാട്ടു പോലെ പത്തു മാസം കേട്ടു കിടന്ന ഉമ്മയുടെ നെഞ്ചിടിപ്പ് കേൾക്കാൻ അവൾ വല്ലാതെ കൊതിച്ചു. ഉമ്മയെ കാണാനുള്ള ആഗ്രഹത്താൽ അവൾ ഒരുപാട് കരഞ്ഞു നോക്കി, പക്ഷെ ആ സത്യം അവളറിഞ്ഞിരുന്നില്ല. അടുത്ത മുറിയിൽ പേറ്റുനോവിന്റെ കണക്കു പുസ്തകം മറിച്ചു നോക്കി അലസമായി ചിരിച്ചു കൊണ്ട് അവളെ പെറ്റവൾ ഇരിക്കുന്നുണ്ടായിരുന്നു. പത്തു മാസത്തെ പേറ്റു നോവിനും സഹനത്തിനും ഒക്കെ ചേർത്ത് കരാറുറപ്പപിച്ച പണം ഏറ്റു വാങ്ങുന്ന തിരക്കിലായിരുന്നു പെറ്റവൾ.

നിശ്ചയിച്ചുറപ്പിച്ച പണം കിട്ടിയപ്പോൾ പെറ്റവൾ സ്ഥലം കാലിയാക്കി. ഉടൻ തന്നെ ആശുപത്രി അധികൃതർ ജപ്പാനിലേക്ക് വിവരമറിയിച്ചു. അവിടെയാണ് ഈ കുഞ്ഞിന്റെ അവകാശികൾ. ടോക്കിയോവിലെ ഒരു അസ്ഥിരോഗ വിദഗ്ധൻ ഡോ. ഇക്ഫുമി യമാദ, ആയാളുടെ ഭാര്യ യൂകി യമാദ എന്നിവരായിരുന്നു കുഞ്ഞിനെ വിരിയിച്ചെടുക്കാൻ കരാർ കൊടുത്തത്.

2007 നവംബർ 22നായിരുന്നു ദമ്പതികൾ ആദ്യമായി ഇന്ത്യയിൽ എത്തിയത്. അണ്ഡവും ബീജവും വെവ്വേറെ എടുത്ത് ആശുപത്രിയിൽ നൽകി. അങ്ങനെ ആ ഭ്രൂണത്തെ വാടക മാതാവിന്റെ ഗർഭപാത്രത്തിൽ നിക്ഷേപിച്ചു. വാടക മാതാവിന്റെ ഗർഭപാത്രത്തിൽ കുഞ്ഞു വളരുന്നുണ്ടെന്ന സന്തോഷത്തിൽ ജപ്പാൻ ദമ്പതികൾ ടോക്കിയോവിലേക്ക് മടങ്ങി.

മാസം തോറും കുഞ്ഞിന്റെ വളർച്ചാ വികാസങ്ങൾ ഡോക്ടർമാർ ദമ്പതികളെ അറിയിച്ചു കൊണ്ടിരുന്നു. താൻ വളരുന്നത് വാടകക്കെടുത്ത ഒരു ഗർഭപാത്രത്തിലാണെന്ന സത്യം അറിയാതെ ആ ഭ്രൂണം വളർന്നു കൊണ്ടേയിരുന്നു. ഈ സമയത്താണ് കുഞ്ഞിനെ വിരിയിച്ചെടുക്കാൻ കരാർ നൽകിയ ജപ്പാൻ ദമ്പതികൾക്കിടയിൽ കുടുംബ കലഹം തുടങ്ങുന്നത്. തന്റെ അണ്ഡം ഉപയോഗിക്കാതെയാണ് കുഞ്ഞിനെ വിരിയിച്ചെടുത്തത് എന്നായിരുന്നു യൂക്കി യമാദയുടെ ആരോപണം. ഒടുക്കം അവർ വഴക്കടിച്ച് ദാമ്പത്യം വേണ്ടെന്നു വെച്ചു. ദാമ്പത്യം വേർപെട്ടു കൃത്യം ഒരു മാസം കഴിഞ്ഞപ്പോൾ വാടക മാതാവ് കുഞ്ഞിനെ പ്രസവിച്ചു. ഇന്ത്യൻ ഭരണ കൂടത്തിന്റെ നിയമ തടസ്സം കാരണം സ്വന്തം കുഞ്ഞിനെ കൈവശപ്പെടുത്താനാകാതെ ഭർത്താവ് യമാദ വല്ലാതെ വിഷമിച്ചു.

ആളുകളിൽ നിന്ന് ബീജവും അണ്ഡവും ശേഖരിച്ച് മറ്റുള്ളവരിൽ നിക്ഷേപിച്ച് കുഞ്ഞിനെ ഉത്പാദിപ്പിക്കുന്ന അധാർമ്മിക പ്രവർത്തിയാണ് ഇന്ന് പല വന്ധ്യതാ ക്ലിനിക്കുകളിലും നടക്കുന്നത്. ചെറിയ ഒരു വാട്ടർ ബോട്ടിലിന്റെ വലിപ്പമുള്ള ജാറിൽ കോടികൾ വിലമതിക്കുന്ന മനുഷ്യ ജന്മങ്ങൾ കയറ്റി അയക്കുന്നുമുണ്ട്. അമേരിക്കയിലും ജർമ്മനിയിലും പ്രാദേശിക ഭ്രൂണം ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾക്ക് കർശന നിരോധനമാണ് ഏർപ്പെടുത്തിയിരിക്കുന്ന ത്.34 രാജ്യങ്ങൾ ഇക്കാര്യത്തിൽ നിയമ നിർമ്മാണം വരെ നടത്തി. ഈയടുത്ത് ഇന്ത്യൻ ഗവൺമെന്റും വാടക ഗർഭപാത്രത്തിനെതിരെ നിയമം കൈക്കൊണ്ടത് സ്വാഗതാർഹമാണ്.

ഓരോ ക്ലിനിക്കുകളും ആയിരക്കണക്കിന് ഭ്രൂണങ്ങളാണ് സൂക്ഷിച്ചു വെക്കുന്നത്. അണ്ഡം ഉത്പാദിപ്പിക്കാൻ കഴിയാത്ത യുവതികൾ വന്ധ്യതാ ചികിത്സക്കെത്തുമ്പോൾ അവരറിയാതെ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന ഭ്രൂണം ഉപയോഗിച്ചാണ് പലപ്പോഴും കുഞ്ഞുങ്ങളെ ജനിപ്പിച്ച് നൽകുന്നത്. ഇങ്ങനെ ഒരു സ്ത്രീയിൽ നിന്നെടുത്ത 10 അണ്ഡം ബീജ സങ്കലനം നടത്തി 10 പേരിൽ നിക്ഷേപിച്ച് അതിൽ ശരാശരി എട്ടു കുട്ടികളെയെങ്കിലും ജനിപ്പിക്കും. ഇങ്ങനെ സംഭവിച്ചാൽ ജനിതക മാതാവ് അറിയാതെ സ്വന്തം നാട്ടിൽ തന്റെ തന്നെ എട്ട് കുഞ്ഞുങ്ങൾ എട്ടിടങ്ങളിൽ അന്യരായ രക്ഷിതാക്കളോടൊപ്പം വളരുന്നു. ഇങ്ങനെ വന്നാൽ ഭാവിയിൽ ഒരേ ചോരയിൽ പിറന്ന സഹോദരങ്ങൾ തമ്മിൽ വിവാഹം നടക്കുകയും സന്താനോത്പാദനം നടത്തപ്പെടുകയും ചെയ്യും. ഈ പ്രവണത സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ ഒരു സമൂഹത്തിനും പൊറുപ്പിക്കാനാവില്ല.

ആരാണ് യഥാർത്ഥ മാതാവ്? അണ്ഡം കൊടുത്തവളോ, ഗർഭപാത്രം വാടകയ്ക്ക് നൽകിയവളോ? ഇങ്ങനെ ധാരാളം ചോദ്യങ്ങൾ വാടക ഗർഭ പാത്രത്തിന്റെ കാര്യത്തിൽ ഉയർന്നു വരുന്നു. വാടക ഗർഭപാത്രത്തിൽ വെച്ചാണ് ഭ്രൂണം ശിശുവായിത്തീരുന്നതും വളർച്ചയുടെ എല്ലാ ഘട്ടങ്ങളും നടക്കുന്നതും. ഗർഭധാരണത്തിന്റെയും പ്രസവത്തിന്റെയും വേദനകൾ സമ്മാനിക്കുന്നതും വാടക മാതാവ് തന്നെ. ചുരുക്കത്തിൽ തലമുറകളുടെ വംശ ബന്ധം  ചോദ്യം ചെയ്യപ്പെടുകയാണിവിടെ. ഇനി വാടക മാതാവ് വിവാഹിതയാണെങ്കിൽ വാടക മാതൃത്വത്തിന്റെ കാലത്തുതന്നെ അവൾ ഭർത്താവുമായി ബന്ധപ്പെടാം. കുഞ്ഞ് സ്വന്തം ഭർത്താവിന്റേതായി തീരാനുള്ള സാധ്യതയും ഇവിടെ നിലനിൽക്കുന്നു.

ഗർഭപാത്രത്തിൽ ഒരു ജീവന്റെ തുടിപ്പ് ഉത്ഭവിക്കുന്നതു മുതൽ അത് കുഞ്ഞായി പ്രസവിക്കുന്നതു വരെയുള്ള സമയം മാതൃത്വത്തിന്റെ ഏറ്റവും മഹത്തായ ഘട്ടമാണ്. കൈമാറ്റം ചെയ്യപ്പെടാവുന്നതോ വിപണനം നടത്താവുന്നതോ അല്ല, കുടുംബ ബന്ധങ്ങൾ. ജനങ്ങൾക്ക് തോന്നിയ വിധം കുടുംബ വ്യവസ്ഥയെ മാറ്റി മറിച്ചാൽ മാനുഷിക മൂല്യങ്ങൾ നശിച്ച ഒരു സമൂഹത്തിന്റെ പിറവിക്കത് ഹേതുവാകും. ■


വെള്ളപ്പാണ്ട്

മാറാനും ഇന്നുതന്നെ
അറിയാതിരിക്കാനും

ഇന്ത്യയിലെ പ്രമുഖ ഡോക്ടർമാർ അംഗീകരിച്ചതും
പ്രധാന പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തതുമായ

സുവർണ്ണകരണി®
എം.എം. കൃഷ്ണൻ വൈദ്യർ

സുവർണ്ണകരണി വൈദ്യശാല, കളരിക്കണ്ടി,
പി.ഒ. പിലാശ്ശേരി, കുന്ദമംഗലം, കോഴിക്കോട്

മെഡിക്കൽ കോളേജിന് സമീപം,
വേണാട് ടൂറിസ്റ്റ് ഹോമിലും
ഗുരുവായൂർ അർച്ചനാ ലോഡ്ജിലും
വെച്ച് രോഗികളെ പരിശോധിക്കുന്നു.

മദ്യപാനം, പുകവലി–
ഫലം കണ്ടാൽ മാത്രം പ്രതിഫലം

Ph : 9847453857
www.vitiligosuvarnakarani
Facebook : vitiligommkrishnan

താരൻ, ചൊറി, രോമം കൊഴിച്ചിൽ,
തലവേദന എന്നിവക്ക് ബന്ധപ്പെടുക.


സമാഹരണം: കാനേഷ് പൂനൂർ

## പ്രതിഫലം

**“നീ** പ്രേമിച്ചയാളെ കെട്ടി യോടാ?”

“അവളുടെ ആങ്ങളമാർ എന്നെ കെട്ടിയിട്ട് തല്ലി...”

*****



## അസ്സൽ

**ബാ**ങ്ക് മാനേജർ: ഈ പട്ടയം ഒറിജിനലാണെന്ന് ഞാനെങ്ങനെ അറിയും?

ഇടപാടുകാരൻ: സത്യമാണ് സർ, ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് മറ്റു ബാങ്കുകളിൽ സമർപ്പിച്ചിട്ടുണ്ട്.

*****

## ക്വാളിറ്റി

**അ**ച്ഛനും മകനും ഊണിന് ഹോട്ടലിൽ കയറി. സപ്ലയർ ചോദിച്ചു:

“സാമ്പാറെടുക്കട്ടെ?”

“ശരി”

“സ്പെഷ്യലായി മട്ടൻ കറി, മട്ടൻ ഫ്രൈ, ബീഫ് കറി, ബീഫ് ഫ്രൈ, ചിക്കൻ കറി, ചിക്കൻ ഫ്രൈ എല്ലാമുണ്ട്. എന്താണ് വേണ്ടത്?” -സപ്ലയർ.

ഒരു മട്ടൻ കറിക്കും ഒരു ബീഫ് ഫ്രൈക്കും അച്ഛനും മകനും ഓർഡർ ചെയ്തു. അവർ രണ്ടും പാതി വീതം പങ്കുവെച്ചു കഴിച്ചു.

അച്ഛൻ ചോദിച്ചു: ഈ മട്ടനും ബീഫും തമ്മിൽ ഒരു വ്യത്യാസവുമി ല്ലല്ലോ.


സപ്ലയർ: ഉണ്ട് സർ. രണ്ടു ദിവ സത്തെ വ്യത്യാസമുണ്ട്.



## സ്വഭാവം

**ഒ**രു അമേരിക്കനും ബ്രിട്ടീഷു കാരനും ഇന്ത്യക്കാരനും ഹോട്ടലിൽ ചായ കുടിക്കുകയാണ്. ഓരോ ചായ ക്കപ്പിലും ഈച്ചകൾ ചത്തു കിടക്കു ന്നു. അമേരിക്കക്കാരൻ ചായ മുഴു വൻ തൂവിക്കളഞ്ഞു. അയാൾ മറ്റൊരു ഹോട്ടൽ തേടിപ്പോയി. ബ്രിട്ടീഷുകാരൻ വേറെ ചായ കൊണ്ടുവരാൻ പറഞ്ഞു. ഇന്ത്യക്കാ രൻ ചായയിൽനിന്നും ഈച്ചയെ എടുത്ത് പകുതി കുടിച്ചശേഷം ബാക്കിയുള്ളതിൽ ഈച്ചയെ തിരി ച്ചിട്ട് വേറെ ചായയ്ക്ക് ഓർഡർ ചെയ്തു.

*****



## അഭിനന്ദനം

**ഭ**ർത്താവ്: എന്നോട് ഒരു സൈക്കോളജിസ്റ്റു പറയുകയാ, മണ്ട ന്മാരാണ് സുന്ദരിമാരെ കല്യാണം കഴിക്കുക എന്ന്.

ഭാര്യ: താങ്ക്യൂ ചെട്ടാ. ഞാൻ സുന്ദരിയാണെന്ന് ഇപ്പോഴെങ്കിലും സമ്മതിച്ചല്ലോ.

*****

# നിസ്കാരക്കാർ പലവിധം

സമയമായാൽ ഉടനെ നിസ്കരിക്കണമെന്നത് ഇസ്‌ലാമിന്റെ അധ്യാപനമാണ്. അഞ്ചുനേരം നിസ്കാരം നിർബന്ധമാക്കിയതിനു പിന്നിൽ പല പൊരുളുകളുമുണ്ട്. 'നിസ്കാരം വിശ്വാസികളുടെ മേൽ സമയബന്ധിത ഫർളാക്കിയിരിക്കുന്നു' എന്ന് ഖുർആൻ വ്യക്തമാക്കുന്നു.

ചില നിസ്കാരക്കാരെ പരിചയപ്പെടാം.

ഒരാൾ പലചരക്കു കച്ചവടക്കാരനാണ്. നിസ്കാരം കൃത്യമായി നിർവഹിക്കുന്നയാൾ. പക്ഷേ, മിക്കവാറും ചില നിസ്കാരങ്ങൾ ഖളാആക്കും. ളുഹ്റിനും അസ്റിനും കണക്കാക്കി, അസ്ർ ബാങ്കിന്റെ പത്തു മിനിറ്റു മുമ്പ് പള്ളിയിലെത്തുകയാണ് പതിവ്. ഒരു വെടിക്ക് രണ്ടു പക്ഷിയെ വീഴ്ത്തുന്ന തന്ത്രം. ചിലപ്പോൾ പണി പാളും. പള്ളിയിലേക്കിറങ്ങുമ്പോഴായിരിക്കും സാധനം വാങ്ങാൻ ആരെങ്കിലും വരുന്നത്. ഇതുകാരണം നിരവധി തവണ ളുഹ്ർ ഖളാആയിട്ടുണ്ട്. മഗ്‌രിബ് മിക്ക ദിവസങ്ങളിലും ഖളാആണ്. കട പൂട്ടി, വീട്ടിലെത്തി മഗ്‌രിബും ഇശാഉം ഒന്നിച്ചു നിസ്കരിക്കുകയാണ് ശീലം.

ഇതെഴുതുന്നയാളുടെ അയൽവീട്ടിലുമുണ്ട് നിസ്കാരത്തിന്റെ ഗൗരവം ഉൾക്കൊള്ളാത്ത ഒരു കുടുംബിനി. ളുഹ്ർ ദിനേന ഖളാആക്കും. വീട്ടുജോലിയും അലക്കലും കുളിയും കഴിഞ്ഞ്, നിസ്കാരപ്പായയിലെത്തുമ്പോൾ അസ്ർ ബാങ്ക് വിളിച്ചിരിക്കും. വീട്ടിൽ സഹായിക്കാൻ ആരുമില്ലാത്തതുകൊണ്ട് ഇതൊരു തുടർക്കഥയായി ഇന്നും തുടരുന്നു.

ഇനിയുമുണ്ട് നമുക്കിടയിൽ എത്രയോ നിസ്കാരക്കാർ. നിസ്കരിക്കുന്നവരാണെങ്കിലും, ലാഘവ മനസ്ഥിതിയോടെ ഖളാആക്കുന്നവർ.

ഇവർ വിഷയത്തിന്റെ ഗൗരവം തിരിച്ചറിയണം. ഉറക്കിൽ പെടുക, മറന്നുപോവുക എന്നീ കാരണങ്ങൾക്കല്ലാതെ നിസ്കാരം ഖളാആക്കാൻ വകുപ്പില്ല. യാത്രയിലാണെങ്കിലും ഖളാആകുംമുമ്പ് നിസ്കരിക്കണം. ട്രെയ്നിലും ബസ്സിലും വിമാനത്തിലും വരെ നിസ്കരിക്കേണ്ടിവരും ചിലപ്പോൾ. വുളൂ എടുക്കാൻ സൗകര്യമില്ലാത്തിടത്തും നിസ്കാരം ഒഴിവാകുന്നില്ല. ഈ ഘട്ടങ്ങളിലൊക്കെ എങ്ങനെ നിസ്കരിക്കണം എന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നുണ്ട്.

നമ്മുടെ ഈമാനിനെ റീചാർജ് ചെയ്യുകയാണ് നിസ്കാരം എന്ന ഇബാദത്തിലൂടെ. സ്വുബ്ഹിയിൽ നിറച്ച ചാർജ് ളുഹ്ർ ആകുമ്പോഴേക്കും കുറഞ്ഞു കുറഞ്ഞു വരുന്നു. ളുഹ്ർ നിസ്കരിക്കുന്നതോടെ ചാർജായി. വീണ്ടും ചാർജ് കുറയുമ്പോഴേക്കും അസ്റിന്റെ സമയമായി. നമ്മുടെ പാപമാകുന്ന മാലിന്യത്തെ ഓരോ സമയവും കഴുകിക്കളയാൻ നിസ്കാരംകൊണ്ട് സാധിക്കുന്നു. "നിങ്ങളുടെ വീടിന്നരികിലൂടെ ഒരു പുഴ ഒഴുകുന്നുണ്ടെന്ന് സങ്കൽപിക്കുക." തിരുനബി(സ്വ) ഒരിക്കൽ വിശദീകരിച്ചു. "അഞ്ചു നേരം പുഴയിൽ നിന്ന് കുളിച്ചാൽ ശരീരത്തിൽ വല്ല അഴുക്കുമുണ്ടാകുമോ?"

ഉണ്ടാവില്ലെന്ന് സ്വഹാബികളുടെ മറുപടി.

"തീർച്ചയായും നിസ്കാരവും ഇപ്രകാരമാണ്. അതു കാരണം പാപങ്ങൾ മായ്ക്കപ്പെടുന്നു" - നബി(സ്വ) പറഞ്ഞുകൊടുത്തു. പോർക്കളത്തിൽ ശത്രുവിന്റെ മുമ്പിലാണെങ്കിലും നബി(സ്വ)യും സ്വഹാബത്തും നിസ്കാരം ഉപേക്ഷിച്ചിരുന്നില്ല.

പലരും, അശ്രദ്ധകൊണ്ട് മഹത്തായ കർമത്തിന്റെ പ്രതിഫലം നഷ്ടപ്പെടുത്തുന്നുണ്ട്. നിന്ന് മൂത്രിക്കുന്നവർ ഉദാഹരണം. രോഗമോ, മറ്റു പ്രതിസന്ധികളോ ഉണ്ടാവുമ്പോൾ നിന്ന് മൂത്രമൊഴിക്കാമെങ്കിലും, പാന്റ് താഴ്ത്താൻ മടിച്ച് നിന്നു മൂത്രിക്കുന്നവരാണ് ഏറെപ്പേരും. ഇതു പലപ്പോഴും പാന്റിലേക്ക് മൂത്രം തെറിക്കാൻ കാരണമാവാറുണ്ട്. ആ നജസും പേറിയാണ് നിസ്കരിക്കുന്നത്. നിസ്കാരം സ്വീകാര്യമാവില്ലെന്നു മാത്രമല്ല, പള്ളി മലിനമായെങ്കിൽ ശിക്ഷ വേറെയും ലഭിക്കും.

നിസ്കാരക്കുപ്പായം ധരിക്കുന്ന സഹോദരിമാരും ശ്രദ്ധിക്കണം. മുഖവും മുൻകൈയും ഒഴികെ മറ്റെല്ലാം മറക്കൽ നിർബന്ധമാണ്. നിസ്കാരക്കുപ്പായത്തിന്റെ മുൻകൈ ഭാഗം അയവുള്ളതാണെങ്കിൽ, കൈ ഉയർത്തുമ്പോൾ തണ്ടംകൈ പോലോത്തത് കാണുന്നുവെങ്കിൽ നിസ്കാരം അസാധുവാകും. യാത്രയിലും മറ്റും പർദയിട്ടു നിസ്കരിക്കുന്നവർ കാല് വെളിവാകാതെ നോക്കണം. കാലിൽ സോക്സ് ധരിച്ചാൽ ഈ പ്രശ്നം പരിഹരിക്കാം.


**മുഖമക്കന; ശരിയും തെറ്റും**



മുഖമക്കന കഴുത്തിലേക്കിറങ്ങി നിൽക്കരുത്, മുഖത്തിന്റെ പരിധിയിൽ ഒതുക്കുക

ബാങ്കു കേട്ട ഉടനെ പള്ളിയിലെത്തുന്നവരെക്കാണുമ്പോൾ സന്തോഷിക്കാത്തവരില്ല. എത്ര ജോലിത്തിരക്കാണെങ്കിലും ബാങ്കു കേട്ടാൽ നിസ്കാരത്തിനായി എഴുന്നേൽക്കുന്നവർ. അറേബ്യൻ രാജ്യങ്ങളിൽ ഇതു കൂടുതൽ കാണാം. ആദ്യസമയത്തു തന്നെ നിസ്കരിക്കുന്നതാണ് അല്ലാഹുവിനും ഇഷ്ടം.

ജമാഅത്ത് നഷ്ടപ്പെടാതെ നോക്കുക; സംഘനിസ്കാരത്തിന് വലിയ മഹത്വമുണ്ട്. അന്ധനായ സ്വഹാബിയോടു പോലും ജമാഅത്തിന് പള്ളിയിലെത്താൻ നബി(സ്വ) നിർദേശിച്ചുവെങ്കിൽ, മറ്റുള്ളവർ എത്രയും വേഗം പള്ളിയിലെത്തണമെന്നാണ് അതിന്റെ മറുവശം. മരണത്തിന്റെ രോഗാവസ്ഥയിലായിരുന്നിട്ടും സ്വഹാബികളുടെ കൂടെ നബി(സ്വ) പള്ളിയിലെത്തിയത് ഹദീസുകളിലുണ്ട്.



പാന്റ്സ് ഞെരിയാണിക്കു താഴെ ഇറങ്ങരുത്

ബനിയനും ട്രൗസറുമിട്ട് നിസ്കരിക്കുന്ന ചില യുവാക്കളെ ആദ്യം കണ്ടത് ഗൾഫിൽ വെച്ചാണ്. ഇപ്പോൾ, കേരളത്തിലും ഈ കാഴ്ച കാണേണ്ടിവരുന്നത് സങ്കടകരമാണ്. ഇതേക്കുറിച്ച് സംസാരിച്ചാൽ ഔറത്ത് മറയുന്നില്ലേ എന്നവർ തിരിച്ചു ചോദിക്കും. നിൽക്കുന്നത് അല്ലാഹുവിന്റെ മുമ്പിലാണെന്ന് ഓർമവേണം. ഈ കോമാളി വേഷവും അണിഞ്ഞിട്ടാണോ റബ്ബിനോട് മുനാജാത് നടത്തുന്നത്; കഷ്ടം തന്നെ. നിസ്കാരത്തിന്റെ ആത്മീയത ഉൾക്കൊള്ളാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്യാൻ ധൈര്യം വരുന്നത്.


ഒരനുഭവം പറയാം: അഞ്ചു മണിക്കാണ് സ്വുബ്ഹി ബാങ്ക്. ഞങ്ങൾ കുറച്ചുപേർ കാസർഗോഡ് റെയിൽവേ സ്റ്റേഷനിലായിരുന്നു അപ്പോൾ. തീവണ്ടി വരുന്നത് അഞ്ചേ പത്തിന്. പള്ളിയിൽ പോകാൻ സമയമില്ല. എന്തു ചെയ്യും? വേഗം വുളൂഅ് എടുത്ത്, പ്ലാറ്റ്ഫോമിൽ കടലാസ് വിരിച്ച് അതിൽ നിസ്കരിച്ചു. നിസ്കരിക്കാത്ത ഭൂരിഭാഗം യാത്രക്കാരും ഇത് അതിശയത്തോടെ നോക്കിനി

ന്നു. അതെ, യാത്രക്കാരനാണെങ്കിലും മനസ്സു വെച്ചാൽ നിസ്കാരം നിർവഹിക്കാം. തീവണ്ടിയിലൊക്കെ നിസ്കരിക്കുന്ന എത്രയോ ആളുകളെ നാം കാണാറുണ്ട്. ഖിബ്‌ല ശരിയാവാതിരിക്കുക തുടങ്ങിയ പാളിച്ചകൾ സംഭവിച്ചുവെങ്കിൽ പിന്നീട് ഖളാഅ് വീട്ടണം. എങ്കിലും സമയത്ത് നിസ്കാരം നിർവഹിക്കാതെ പറ്റില്ല.

കല്യാണത്തിനും ഷോപ്പിംഗിനും ഇറങ്ങുന്ന സഹോദരിമാർ ജാഗ്രതൈ. നിസ്കാരം ഖളാആക്കാതെ തിരിച്ചെത്താൻ പറ്റുന്ന രീതിയിൽ കാര്യങ്ങൾ പ്ലാൻ ചെയ്യണം. ഉദാ: ളുഹ്ർ നിസ്കരിച്ച ഉടനെ പുറപ്പെടുക. അസ്ർ ഖളാആകും മുമ്പ് തിരിച്ചെത്തുക എന്നിങ്ങനെ...

മണവാട്ടിയെ മൈലാഞ്ചിയിൽ കുളിപ്പിക്കുമ്പോൾ ഉത്തരവാദപ്പെട്ടവർ ഒരു കാര്യം മറന്നുപോകുന്നു. കല്യാണ ദിവസം അവളുടെ നിസ്കാര വിഷയം. സന്തോഷ ദിനത്തിൽ തന്നെ നന്ദികേട് കാണിക്കുന്നത് മഹാ അപരാധമല്ലേ. നിസ്കരിക്കണം എന്ന ബോധമുള്ളവർ അതിന് എങ്ങനെയും സമയം കണ്ടെത്തിയിരിക്കും.

പ്രായപൂർത്തിയും വിവേകവുമുള്ള എല്ലാ മുസ്‌ലിംകൾക്കും നിസ്കാരം നിർബന്ധമാണ്. രോഗം കൊണ്ടോ, ഭ്രാന്ത് കൊണ്ടോ വിവേകം നീങ്ങിയവർക്ക് നിസ്കാരം നിർബന്ധമില്ല. അവർ ഖളാ വീട്ടുകയും വേണ്ട. മുർത്തദ്ദായാൽ (ഇസ്‌ലാമിൽ നിന്ന് പുറത്തായവൻ) ആ കാലയളവിലെ ആരാധനകളൊന്നും സ്വീകാര്യമല്ല. വീണ്ടും ശഹാദത്ത് ചൊല്ലി, അംഗത്വമെടുക്കണം. മുർത്തദ്ദായ കാലത്തെ



തുണി ഞെരിയാണിക്കു താഴെയാകും വിധം നിസ്കരിക്കരുത്

നിസ്കാരങ്ങൾ ഖളാഅ് വീട്ടുകയും വേണം. അമുസ്‌ലിം, ഇസ്‌ലാം സ്വീകരിക്കുമ്പോൾ കഴിഞ്ഞ കാലത്തെ നിസ്കാരങ്ങൾ വീട്ടേണ്ടതില്ല.

മാതാപിതാക്കളെയാണ് കുട്ടികൾ അനുകരിക്കുക. നിസ്കാരമുള്ള വീട്ടിൽ നിന്ന് കുട്ടികൾ ഇത് വേഗം പഠിച്ചെടുക്കുന്നു. ഏഴു വയസ്സായാൽ നിസ്കാരം ശീലിപ്പിക്കണം. ജീവിതത്തിന്റെ ഭാഗമാവാനാണീ പരിശീലനം. പത്തു വയസ്സാൽ നിസ്കരിക്കാത്തതിന്റെ പേരിൽ അവനെ രക്ഷിതാക്കൾക്ക് അടിക്കാം. സംഗതി ഗൗരവമാണെന്ന് അവൻ മനസ്സിലാക്കട്ടെ.

നിസ്കരിക്കാൻ നിൽക്കുമ്പോൾ മൊബൈൽ ഓഫാക്കുകയോ സൈലന്റാക്കുകയോ ചെയ്യണം. സുജൂദിന്റെ ഭാഗത്ത് ഡിസ്‌പ്ലേ കാണുന്ന വിധം മൊബൈൽ വെക്കാതിരിക്കുക. കോൾ വരുമ്പോൾ നിങ്ങളുടെ ശ്രദ്ധ മാത്രമല്ല, തൊട്ടടുത്തു നിൽക്കുന്നവരെയും അതു ബാധിക്കും. വൈബ്രേഷനിലിട്ടാലും കോൾ വന്നാൽ നമ്മുടെ ചിന്ത ചിതറും. ഏകാഗ്രതയോടെ നിസ്കരിക്കണമെങ്കിൽ മൊബൈൽ ഓഫാക്കിയേ മതിയാവൂ. സഹോദരിമാരും അതെ, നിസ്കാര സമയത്ത് മൊബൈലിനെ അകറ്റിനിർത്തുക തന്നെ വേണം.

നിസ്കാരത്തെ നിഷേധിച്ചവൻ മതത്തിൽ നിന്ന് പുറത്താണ്. ഖളാആയാൽ എത്രയും പെട്ടെന്ന് നിസ്കരിച്ചു വീട്ടണം. മനഃപൂർവം ഖളാആക്കിയത് പരിഹരിക്കേണ്ടതില്ല എന്ന നവീനവാദികളുടെ ആശയം തെറ്റാണ്. ■


## വിവാഹിതരും അവിവാഹിതരും

ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നാഡിതളർച്ച, ഉദ്ധാരണമില്ലായ്മ, സംതൃപ്തിയില്ലായ്മ, മൂലക്കുരു, സിഫിലിസ്, മറ്റു രഹസ്യരോഗങ്ങൾ എന്നിവ കാരണം നിരാശപ്പെടുന്നവർ പ്രസിദ്ധിയാർജ്ജിച്ച പാരമ്പര്യ ആയുർവേദ ചികിത്സകൻ **എസ്. നൗഷാദിനെ** സമീപിക്കുക. നേരിൽ വരാൻ സാധിക്കാത്തവർ രോഗവിവരം വ്യക്തമായി എഴുതി അറിയിക്കുക. കത്തുകൾ രഹസ്യമായിരിക്കും. മരുന്നുകൾ പാർസലായി അയക്കുന്നതാണ്.



(Govt. Regd. No. 1667/94)

**നവശക്തി ഡിസ്പെൻസറി**

**രണ്ടാം നില, സി.എസ്.ഐ. ബിൽഡിംഗ്, ബേങ്ക് റോഡ്, കോഴിക്കോട് – 673 001, ഫോൺ: 0495–2721523, 9847467070**



# വേട്ട

ബിജു. ടി.ആർ. പുത്തഞ്ചേരി

ഇരട്ടക്കുഴൽ തോക്കുമായ്
നഗരത്തിൽ നിന്നും
നാട്ടിൻപുറത്തെത്തിയത്
വേട്ടയ്ക്കു തന്നെയാണ്

ആൾത്തിരക്കിലും
ശൂന്യമായ ഇടങ്ങളിലും
ഒരിരയെ തേടിയലഞ്ഞു...

പേടിച്ചരണ്ട മാൻമിഴികളെ അവഗണിച്ചു
വിശുദ്ധിയുടെ മുഖംമൂടികളെ ആട്ടിയോടിച്ചു
രതി നിറഞ്ഞ വാക്കുകൾ തിരസ്കരിച്ചു
സദാചാര പൊലീസിന്റെ
നോട്ടം കണ്ടില്ലെന്നു നടിച്ചു...

ഒടുവിൽ
ഇരകളെക്കാളും കൂടുതൽ
വേട്ടക്കാരുണ്ടെന്ന
തിരിച്ചറിവോടെ
ഒരൊളിത്താവളം തേടി നടന്നു...

നഫീജ് കോണത്തുകുന്ന്

# ഉമ്മ

മുറിയുന്ന നോവിലും കരയാതിരിക്കുന്ന
കരടാണു കണ്ണിൽ എന്നു മൊഴിയുന്ന
പരിശുദ്ധ സ്നേഹത്താൽ നിറയുന്ന
അർത്ഥ സമാനമാണെന്റെയുമ്മ.

കരയിച്ചു വിടചൊല്ലി പോയവരെല്ലാം
കരയിക്കും ഓർമ്മതൻ താളുകളെല്ലാം
അറിഞ്ഞിടും നോവുകൾ കരഞ്ഞിടും കണ്ണുകൾ
സ്വന്തമായ് തീർന്നവരാണെന്റെയുമ്മ.

എത്രയോ ജന്മങ്ങൾ വിടചൊല്ലാതകന്നിട്ടും
അത്രയും വേദന ഉള്ളിലൊതുക്കീട്ടും
നോവിന്റെ നൊമ്പരം നോക്കാതിരുന്നിട്ടും
കണ്ണുകൾ നിളപോലെ ആയവരാണെന്റെയുമ്മ.

ഓർമ്മയിൽ മിന്നുന്ന ഉമ്മകളെല്ലാം
എൻ കവിളത്ത് ചാർത്തിയവരാണെന്റെയുമ്മ
നോവിൽ ഒരു സാന്ത്വനമായെന്റെയുമ്മയിൽ
നിറയുന്നു ദീപ്തിയാൽ സ്നേഹ ദീപങ്ങൾ.

പരതുന്ന നിനവുകൾ എരിയുന്ന കനവുകൾ
നനയുന്ന കൺതടം ചമയുന്ന മാറ്റമായ്
നിലകൊള്ളുമെന്നുമ്മ കരയുന്ന കരളുമായ്
എന്നും തിരയുന്ന സാന്ത്വന ഗീതമായ്.

എന്നും ഒരു താരമായ് ചാരത്തു നിന്നവർ
പെറ്റിട്ടു എന്നെ ഈ ഭൂലോകമദ്ധ്യയിൽ
അറിയാത്തതെല്ലാം അറിയിച്ചു എന്നുള്ളിൽ
അണിയിച്ചു നന്മ തൻ മുത്തിനാൽ മാലകൾ.

തിരുനബി(സ്വ) മലയാള കവിതയിൽ-2

വി. മുഹമ്മദ് കോയ

# സർവ്വദാ സർവ്വദാ സർവരോടും...



കൊല്ലം ജില്ലയിലെ രജിസ്റ്റർ ഓഫീസ് ഗുമസ്തനായിരുന്നു എൻ.ജി. ഗോപാലൻ നായർ. 'പരിശുദ്ധ നബി ദേവമാഹാത്മ്യം' എന്ന ശീർഷകത്തിൽ മുഹമ്മദ് നബി(സ്വ)യുടെ ജീവിത മാഹാത്മ്യത്തെയും വ്യക്തിത്വ മഹാത്മ്യത്തെയും കുറിച്ച് അദ്ദേഹം കവിത രചിച്ചു. കൊല്ലവർഷം 1111-ലാണ് ഈ മനോഹര കാവ്യം രചിക്കപ്പെട്ടത്. ഗാനമാലികയെന്നാണ് കവി ഈ കാവ്യത്തെ വിശേഷിപ്പിച്ചത്. പേജുകൾക്കിടയിലൂടെ കണ്ണോടിക്കുമ്പോൾ വഞ്ചിപ്പാട്ട് രീതിയിൽ തുടങ്ങി 'ഓട്ടൻതുള്ളൽ' വൃത്തത്തിലേക്ക് ചുവട് മാറി നീങ്ങുന്നതായി കാണാം. ഒട്ടും ലളിത കോമളമല്ല വരികൾ. ദുർഗ്രഹതയും ഭാഷാതിക്തകവും ഈ കവിതക്ക് പോരായ്മയുണ്ട്. എങ്കിലും ഇടയിൽനിന്നും നമുക്ക് കുറച്ചു ലളിത വരികൾ തിരഞ്ഞെടുക്കാം. ഓമനപുത്രി ഫാത്വിമ(റ)യുടെ വീട്ടിലേക്ക് പ്രവാചകൻ(സ്വ) സന്ദർശനത്തിനായി പോകുന്നു.

"ഫാത്തിമ്മായുടെ ഭവനത്തേക്ക്
പാദസരോജം വെച്ചു തുടങ്ങി
ലോകത്തിന്നു സമാധാനത്തെ
ദാനം ചെയ്തോരീശ്വര ദൂതൻ
പയ്യെപ്പയ്യെ നടന്നു സുഹൂറാ
വാസസ്ഥാനത്തെത്തി മഹാ
ത്മൻ"

വൃത്തമാറ്റം (തുള്ളൽ) രീതിയിലാണ് ഇതിന്റെ രചന. വിശ്വശാന്തിയ്ക്കുര ചെയ്ത വന്ദ്യൻ ഈശ്വര ദൂതന്റെ മകളുടെ ഭവനം കണ്ടു കവി വിസ്മയം കൊള്ളുന്നു. ഇത്ര ദരിദ്രമോ രാജകുമാരിയുടെ വീട്. എങ്കിലും സാരമില്ല, ശാന്തിദൂതൻ മകളെ സമാധാനപ്പെടുത്തുന്നു.

"ഈന്തപ്പനയാം തൂണു കളുത്ത
ര-
മതിനുടയിലയാ മേച്ചിലുമെല്ലാം
തുണികൊണ്ടകമതിലൊരു മുറി
മറവു-
ണ്ടീവിധമാണോ കെട്ടിട
മോർത്താൽ
കരുണാകരനാം ഭഗവാനിങ്ങനെ
വരുവാനുള്ളൊരു മൂലം ചിന്തി-
ച്ചന്ധിക്കുന്നൊരു പുത്രിയൊ
ടേവം
ശാന്തവചസ്സാ ചൊല്ലി പരാ
ത്മൻ"

പി.ടി. അബ്ദുറഹ്മാനെന്നെ അനുഗൃഹീത കവിയെ മലയാള ഭാഷ ഒരിക്കലും മറക്കില്ല. പ്രവാസികൾ ഏറെക്കാലം പാടി നടന്നതും അവരുടെ വിചാര വികാരങ്ങൾക്ക് മേൽ തീക്കനലെറിഞ്ഞതും പിന്നെയത് ഊതിക്കെടുത്തിയതും പി.ടി. തന്നെ. 'കടലിന്റെയക്കരെ വന്നവരേ'യെന്ന ഒരൊറ്റ ഈരടിയിൽ പ്രവാസ ലോകം പതിറ്റാണ്ടുകൾക്ക് മുമ്പ് സ്തംഭിച്ചുനിന്നിട്ടുണ്ട്. വീണ്ടും അവരുടെ കുട്ടിക്കാല മനസ്സും ഓത്തുപള്ളിയും ചെറിയ ചെറിയ ഇഷ്ടം കൂടലുമൊക്കെ 'ഓത്തുപള്ളീലന്ന് നമ്മള്' എന്ന പാട്ടിലൊതുക്കി പി.ടി. പക്ഷെ, ഈ കവി പറയുന്നു: 'മുഹമ്മദിൽ ജ്വലനാകാരം അകക്കണ്ണിൽ പ്രശോഭിക്കുന്നു'വെന്ന്. ഇവിടെ ഗൗരവ വിഷയത്തിലേ

ക്കാണു പി.ടി. കടന്നുവരുന്നത്.

"ത്യാഗത്തിന്റെ നോവും ബലി-
പീഠത്തിന്മേൽ കണ്ണും നട്ടു
ത്യാജ ഗ്രാഹ്യ വിവേചന
വിചിന്തനത്തിൽ
ആഗ്നരായിരിക്കുമ്പോ-
ളകക്കണ്ണിൽ പ്രശോഭിക്കും
മുഹമ്മദിൻ ജ്വലനാകാരം"

കവിയായ ഞാൻ പോകട്ടെ, രാഗങ്ങൾ തന്നെ പാടിപ്പതിക്കുന്ന പക്ഷികൾക്കുമസാധ്യമാണ് പ്രവാചക കീർത്തനമെന്ന് പി.ടി. പറയുന്നു. ആ മഹദ് വ്യക്തിത്വത്തിനു മുമ്പിൽ പ്രപഞ്ചം തോൽക്കുന്നു.

"അവനെക്കുറിച്ചു പാടി-
പ്പറക്കുവാൻ ഗഗനങ്ങൾ
മതിയാവാതഴൽക്കിളി
കരഞ്ഞിടുന്നു..."

പ്രഗത്ഭനായ ഒരു ഡോക്ടർ എഴുത്തിലും മികവ് തെളിയിക്കുന്നതൊരത്ഭുതമായിരിക്കാം. അതായിരുന്നു ഡോക്ടർ എൻ. ചെല്ലപ്പൻ നായർ. ചേർത്തല സ്വദേശിയായിരുന്നു. പഴയ തലമുറയിലെ ആനുകാലികങ്ങളിലൊക്കെയദ്ദേഹം കവിതകളും ലേഖനങ്ങളുമെഴുതിയിട്ടുണ്ട്. കോട്ടയത്തുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ഇശാഅത്ത്' മാസികയിൽ അദ്ദേഹത്തിന്റെയൊരു കവിത പ്രസിദ്ധീകരിച്ചത് ശ്രദ്ധേയമായി. 'അല്ലാഹ്' എന്ന കവിതയിൽ റസൂൽ കരീമിനെയദ്ദേഹം എങ്ങനെ വിശേഷിപ്പിക്കുന്നുവെന്നത് നിരീക്ഷിക്കുക:

"ഗുണനിധി ഭഗവാൻ 'റസൂൽ കരീം' വ-
ന്നണയുമിതാർത്തിഹരാർത്ഥ മന്ത്രന്തനം
പരിചൊടിതു നിനച്ചറേബ്യമോദാൽ
പരിസിത വസ്ത്രമുടുത്തൊരുങ്ങി നിന്നാൾ"

അർത്ഥം ഇങ്ങനെയാണ്: ഗുണകാംക്ഷിയായ റസൂൽകരീം വരികയാണ്. നിശ്ചയം, അത് ദുഃഖത്തെ ഇല്ലായ്മ ചെയ്യും. ആനന്ദതുന്ദിലരായി വെള്ള വസ്ത്രവും ധരിച്ചു അറേബ്യാദേശം അതിനു കാത്തിരിക്കുന്നു.

മറ്റൊരു നാടകീയ രംഗം കൂടെ ചെല്ലപ്പൻ നായർ അവതരിപ്പിക്കുന്നു. ത്യാഗം എന്ന ഒരു ചെറു കവിതയിലാണത്. ഇസ്‌ലാമിക പ്രബോധന രംഗത്ത് നിന്നു പ്രവാചകനെ പിന്തിരിപ്പിക്കാനുള്ള ശ്രമവുമായി ഉത്ബാ വരുന്നു. അയാൾ പ്രലോഭനങ്ങൾ കോരിച്ചൊരിയുന്നുണ്ട്. എന്നാൽ നിർഭയം ദൈവദൂതൻ കൊടുത്ത മറുപടിയെന്തെന്ന് പരിശോധിക്കുകയാണ് കവി:

"ഹാ! നാടും ധനവും കളത്ര ജനവും
സ്ഥാനങ്ങളും പ്രൗഢിയും
നാനാ മാന വിചിന്തയും ക്ഷണ മഹോ
പോയീടുമീ ദേഹവും
ഞാനാ വസ്തുതയൊന്നുമല്ല കരുതീ-
ടുന്നു ജഗദ്രക്ഷക-
സ്ഥാനാധിത്യക പൂകുവാൻ സുഗുണമാം
സൽഭക്തി സന്മാർഗ്ഗകം" (കൊല്ല വർഷം: 1114)

പഴയ തലമുറയിലെ മറ്റൊരാളെക്കൂടെ പരിചയപ്പെടാനുണ്ട്. കവിയെന്നതിലുപരി സംസ്കൃത പണ്ഡിതൻ കൂടെയായിരുന്നു ശ്രീമാൻ കെ. അപ്പുണ്ണി നായർ. 'അൽ അമീൻ' പത്രത്തിന്റെ നബിദിന വിശേഷാൽ പ്രതിയിലെഴുതിയ 'റസൂലവതാരം' എന്ന കവിത മികച്ച ഭാഷാഭംഗികൊണ്ടു ശ്രദ്ധേയമാകുന്നു. പ്രവാചകന്റെ ബാല്യകാല സംഭവങ്ങളെ ചരടിൽ കോർത്ത മണിമുത്ത് പോലെയദ്ദേഹം വർണിച്ചിരിക്കുന്നു. കോമള ബാലന്റെ 'സ്റ്റയില്' കവിഭാവനയിൽ ഒന്നു കാണുക:

"ഫുല്ല നീരജ വിലോചനങ്ങളും
പല്ലവത്തോടു ജയിച്ചൊരോഷ്ഠവും
മുല്ലമൊട്ടുകളെ വെന്നിടുംവിധം
പല്ലുകൾക്കമരു മുത്തമാഭയും"

കവിക്ക് വർണിച്ചിട്ടു കൊതി തീരുന്നില്ല. നമുക്ക് വായിച്ചിട്ടും കൊതി തീരുകയില്ല.

"നീളമുള്ള നബി തന്റെ കൈകളും
മേളമാർന്നതി പരന്ന വത്സവും
ചേണെഴുന്ന പദ പത്മ യുഗ്മവും
കാണുവോർക്കമുദ മേറ്റമേറ്റിടും"

നാടുവാഴി, രാജാവ് എന്നെല്ലാം അർത്ഥങ്ങളോടെ സംപൂജ്യമായൊരിടത്തേക്ക് പ്രവാചകനെയുയർത്തുന്നു മഠം എന്ന തൂലികാ നാമത്തിലെഴുതിയിരുന്ന ശ്രീ. എം. ഗോവിന്ദൻ. ഈ കവിത 1997-ൽ മദ്രാസ് മുസ്‌ലിം അസോസിയേഷൻ പ്രസിദ്ധീകരിച്ച ഉപഹാരത്തിൽ ആദ്യമായി അച്ചടിച്ചു വന്നു.

"അന്ധവിശ്വാസാന്ധകാര നിബിഡതയാലെ ഭീതി-
ദന്തുരമായ് ലോകനഭസ്സന്നൊരു കാലം
വിഷമഞ്ഞു പൊഴിക്കവേ യുദിച്ചുയർന്നങ്ങൊരു
വിശുദ്ധ സുധാകരനാം നബി'ത്തമ്പുരാൻ"

റബീഉൽ അവ്വലിന്റെ പന്ത്രണ്ടാം നാളിൽ ലോകമെങ്ങും ഈ വിശുദ്ധന്റെ നാമപ്രകീർത്തനമുയരുമ്പോളൊരു കവി നമ്മോടു പറയുന്നു. അങ്ങനെ പാടിയാൽ പോരാ, ആർത്തു പാടണം. കോഴിക്കോട് സ്വദേശിയായ ഇക്കിരി കൃഷ്ണനാണ് കൃതഹസ്തനായ ആ കവി. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

"പുത്തൻ പ്രസൂന പ്രഭാ സമനാനനൻ
മുത്തുനബിയുടെ കീർത്തനങ്ങൾ
ആർത്തു നീ പാടുക-വാനവർ പാടുന്നു
സർവ്വദാ സർവ്വദാ സർവ്വരോടും"

കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകൾക്കിടയിൽ കലാകാരന്മാരും കവികളും ജീവചരിത്രകാരന്മാരുമൊക്കെ പ്രവാചകന്റെ ഉത്തുംഗ വ്യക്തിത്വ ശോഭ കണ്ടു പകച്ചുനിന്നിട്ടുണ്ട്. തുല്യതയില്ലാത്ത ഒരു മനുഷ്യനെയവർ മനസ്സിൽ കുറിക്കുന്നു. പലരും പലതായിക്കണ്ടു പകർത്തുന്നു. അവരുടെ സംസ്കാരത്തിന്റെ പ്രതീകങ്ങളും കലയിലേക്കു കടന്നുവരാം. 1930-31 വർഷങ്ങളിൽ അൽഅമീൻ പത്രാധിപരായിരുന്ന പണ്ഡിതർ ടി. കെ. രാജൻ മേനോന്റെ 'വിഭാത താരം' എന്ന കവിതയിൽ പ്രവാചകന്റെ വ്യക്തിത്വം ഒരു വിസ്മയമായി വിടരുന്നു.

"വാസര ലക്ഷ്മി തൂകും ഹർഷാശ്രു കണികയോ
വാസമാന മാമാത്മ ജ്യോതിസ്സോ, ശുക്രർഷിയോ
സത്യരൂപമോ, വിശ്വപ്രേമ ബുൽബുദം* താനോ
നിത്യലോകത്തിൽ കൊളുത്തീടിന ദീപികയോ"

1936-ൽ മലപ്പുറം മുസ്‌ലിം ട്രെയ്നിംഗ് സ്കൂൾ മാസികയിൽ പ്രസിദ്ധീകരിച്ച ഒരു കവിത സർവരുടെയും പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. അധ്യാപകനും പിന്നെ കലാകാരനുമായി അറിയപ്പെട്ടിരുന്ന വി. കൃഷ്ണൻ മാസ്റ്ററുടെതായിരുന്നു

പ്രസ്തുത കവിത.

"മാനാധിക ഗുണത്തിന്നൊരിപ്പിട മായ മുഹ-
മ്മദു നബിയറേബ്യയിലിസ്ലാം മതത്തെ
പ്രചരിപ്പിക്കുന്നു തനിക്കനുയായികളസംഖ്യം
പരിചിൽ ലഭിച്ചിടുന്നു ദിനങ്ങൾ തോറും"

ഇതൊരു കവിതയുടെ തുടക്കമായിരുന്നു. എന്നാൽ അതവസാനിക്കുന്നത് നബിതിരുമേനിക്ക് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ടാണ്.

"സന്തതം വിജയിക്കട്ടെ ലോകമെങ്ങും അതികാന്തി

ചിന്നിടുന്ന തവനാമം ആ ചന്ദ്ര താരം"

സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീ. നാരായണ ഗുരുസ്വാമികൾ നബിതിരുമേനിയെക്കുറിച്ചെന്തു ചിന്തിച്ചിരുന്നു, എന്ത് എഴുതിയിരുന്നു എന്നത് കൗതുകകരമാണ്. ആ മഹാമനസ്സിലും സ്ഥാനം പിടിച്ചിരുന്നു പ്രവാചകൻ മുഹമ്മദ് നബി(സ്വ). അനുകമ്പാ ദശകമെന്ന ചെറുഖണ്ഡ കാവ്യത്തിൽ അദ്ദേഹം പ്രകീർത്തിക്കുന്നു തിരുനബി(സ്വ)യെ.

"പുരുഷാകൃതി പൂണ്ട ദൈവമോ
നര ദിവ്യാകൃതി പൂണ്ട ധർമ്മമോ
പരമേശ പവിത്ര പുത്രനോ
കരുണവാൻ നബി മുത്തുരത്നമോ"

അത്യുക്തിയാലും അത്ഭുതങ്ങളാലും ശ്രീ നാരായണ ഗുരു പദാവലി വർഷിക്കുകയാണ് നബിതിരുമേനിയിൽ. അക്ഷരാർത്ഥത്തിലെടുക്കേണ്ടതില്ല ഇതൊന്നും. ഇതൊക്കെ കവിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളുമാണ്. മുഹ്‌യിദ്ദീൻ മാലയിലെയും ബുർദഃയിലെയും വരികളിൽ കവിത കാണാതെയും കാവ്യമെന്തെന്നറിയാതെയും അക്ഷരാർത്ഥത്തിൽ വിശദീകരിച്ചതാണ് സലഫികൾക്ക് പറ്റിയ അബദ്ധം.

തുടരുന്നു, നാരായണ ഗുരു:
"നരരൂപമെടുത്തു ഭൂമിയിൽ
പെരുമാറീടിന കാമധേനുവോ
പരമാദ്ഭുത ദാനദേവതാ-
തരുവോയീയനുകമ്പയാണ്ടവൻ"

ജഗദ് പ്രഭുവായിട്ടും കാണുന്നു കവികൾ. നേരത്തെ വള്ളത്തോൾ 'പാന്ഥരായ് വരുന്നോർക്കുറ്റ വിശ്രമത്തിനായ് ഈശ്വരൻ നട്ട വൃക്ഷമായി' പ്രവാചകനെ നിരീക്ഷിച്ചത് വായിച്ചുവല്ലോ. 'ശാന്തിതൻ പുഷ്പമായും', പടരുന്ന പരിമളമായും, പ്രഫുല്ല സംസ്കാര സുഗന്ധമായുമൊക്കെ വിശേഷിപ്പിച്ചു. പൻമന രാമചന്ദ്രനെന്ന കവി വ്യത്യസ്തനാണ്. അദ്ദേഹം വാങ്മയ പ്രഭയാൽ പ്രവാചകനോടു സംസാരിക്കുന്നു. നമുക്ക് കാതോർക്കാം.

"മർത്ത്യസംസ്കാരത്തിനു
മങ്ങലാർന്ന ജ്ഞാനത്തിൻ-
മൂടലിൽ മുങ്ങിപ്പാര-
മിരുളിൽ മറയവേ,
സത്യത്തിൻ ദയാവായ്പിൻ
പാവന പ്രഭാദീപ-
നാളവും പേറിപ്പാരി-
ലെത്തിയ ജഗൽ പ്രഭോ
മംഗളാത്മാവേ ഭവൽ-
പാദ താരുകൾ ഞങ്ങൾ
ക്കരുളീടട്ടേ മാർഗ്ഗ
മെങ്ങൾ തൻ നമോവാകം"

ഈ പട്ടിക ഇവിടെയെങ്ങും തീരുന്നില്ല. ഒടുങ്ങുന്നുമില്ല. കവി മനസ്സുമായി ഭൂമിയിൽ പിറന്നവർ താന്താങ്ങളുടെ ഭാഷയിൽ ഈ മഹാമനീഷിയെ വാഴ്ത്തിക്കൊണ്ടേയിരുന്നു. 'അൽഅമീനെ'ന്ന ശീർഷകത്തിൽ ഇക്കിരി കൃഷ്ണനെഴുതിയ മറ്റൊരു കവിത തുടങ്ങുന്നതിങ്ങനെ:

"പാടുക പാടുക ശാരദ ശാരികെ
പാടലാധരി നീ ഇമ്പമോടെ
പാരിടെ 'അൽഅമീൻ' എന്നൊരു പേരിനു
ആരുതാനാരുതാൻ അർഹനർഹൻ"

ശാരദ ശാരികയോടു പാടുവാനാഭ്യർത്ഥിച്ച കവിയുടെ മറ്റൊരു മനസ്സാണ് എം.പി. അപ്പനെന്ന കവിക്ക്. 'മുസ്‌ലിം' എന്ന പേരിലെഴുതിയ അദ്ദേഹത്തിന്റെ കവിത വായിക്കാം.

"സൗരഭ സൗഭഗ സാന്ദ്രമനൂനം
വിരിയുമൊരവികല പനിനീർസൂനം
മുസ്‌ലിം സൗഹൃദ സുഷമാപൂരം
മികവിനൊടരുളുമൊരുജ്ജ്വല താരം"

ഈ പ്രപഞ്ചത്തോട്, മാനവ സമൂഹത്തോട്, ദുഃഖാഗ്നിയിൽ വേവുന്ന മനസ്സുകളോട് എന്തേ നബിവര്യന്റെ പവിഴച്ചുണ്ടുകളിലേക്ക് ശ്രദ്ധ തിരിക്കാത്തൂയെന്നു തിരക്കുന്നു മാവേലിക്കര കെ. അച്ചുതൻപിള്ള. ഇദ്ദേഹം ഇറവങ്കര സ്വദേശിയായിരുന്നു.

'ശ്രീ നബിവര്യൻ' തന്റെ
പവിഴച്ചുണ്ടിൽ നിന്നും
വാർന്ന വാങ് മധുവതാ
തുടുത്തു തുളുമ്പുന്നു.
ദുഃഖ വഹ്നിയിൽ വേവും
നാവിലാ വിശ്വ പ്രേമ-
ദുഗ്ദ്ധ ബിന്ദുക്കൾ തൂവാൻ
തുനിയൂ നീ ലോകമേ..."

* ബുർദഃ = നീർക്കുമിള

*(അവലംബം: കെ.കെ. മുഹമ്മദ് അബ്ദുൽ കരീം ക്രോഡീകരിച്ച തിരുനബി മാഹാത്മ്യം, ചില ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പ്രഗത്ഭ കവികളുടെ പുസ്തകങ്ങൾ.)*


# ഹിപ്നോട്ടിക് ചികിത്സ

**ടെൻഷൻ, വിട്ടുമാറാത്ത ചിന്തകൾ, ഉറക്കക്കുറവ്, ഉൾഭയം, അമിത കോപം, ഉൽകണ്ഠ, നിരാശ, വിഷാദം, സംശയങ്ങൾ, ആത്മഹത്യ പ്രവണത, അമിത ആസക്തി, ദുശ്ശീലങ്ങൾ, സ്വവർഗ്ഗ താൽപര്യം ... തുടങ്ങിയ നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ചികിത്സയും കൗൺസിലിങ്ങും നൽകുന്നു.**

**വിദ്യാർത്ഥികളിലെ പ്രശ്നങ്ങൾക്ക് - സ്റ്റുഡൻസ് കൗൺസിലിങ്ങും, ദാമ്പത്യ പ്രശ്നങ്ങൾക്ക് - ഫാമിലി കൗൺസിലിങ്ങും നൽകുന്നു.**

**24 വർഷങ്ങളായി ഹിപ്നോട്ടിസത്തിൽ നിരന്തര ഗവേഷണങ്ങളും, പരിശീലനങ്ങളും നൽകിവരുന്ന ഡോ. ഇക്ബാൽ മാസ്റ്ററുടെ സേവനങ്ങൾക്ക് ബുക്ക് ചെയ്ത് നേരിൽ വരിക.**

**എടപ്പാൾ, മലപ്പുറം ജില്ല : 9961 89 31 99**
**പറവൂർ, എറണാംകുളം ജില്ല : 9995 22 09 88**

•പ്രതികരണം/ ഫെബിനാ റശീദ്

# സ്ത്രീകളെ കല്ലെറിയുന്നവരോട്

സ്ത്രീ സമത്വം, സ്ത്രീ സുരക്ഷ എന്നീ മുറവിളികളൊക്കെ അച്ചടിത്താളുകളിൽ ഒതുങ്ങിനിൽക്കുന്ന നിയമങ്ങൾ മാത്രമാണ്. എന്തൊക്കെയായാലും സ്ത്രീ ഒരിക്കലും പുരുഷന് തുല്യമായി വരില്ല എന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു. ഗാർഹിക ചുറ്റുപാടുകളിൽ നിന്നുതന്നെ ആ കാര്യങ്ങൾ പകൽപോലെ വ്യക്തമാണ്.

ഉദാഹരണത്തിന് വീട്ടിലെ കാര്യം തന്നെയെടുക്കാം. മകൻ കല്യാണം കഴിച്ചുകൊണ്ടുവരുന്ന പെണ്ണും, മകളുടെ ഭർത്താവായി വരുന്ന പുരുഷനും. മരുമകൾക്ക് സാധാ ഭക്ഷണം നൽകുന്നതിൽ ഒരു പന്തികേടും ഗൃഹനാഥക്ക് തോന്നുന്നില്ല. എന്നാൽ മരുമകന് വിളമ്പുന്നതിൽ എന്തെങ്കിലും വിഭവങ്ങൾ കുറഞ്ഞുപോകുമോ എന്ന ആധിയാണ്.

മാത്രമല്ല, പുരുഷനും, സ്ത്രീയും തമ്മിലുള്ള വ്യത്യാസം വിവാഹ ജീവിതത്തിലും അന്യമല്ല. ഒരു പുരുഷന്റെ ഭാര്യ മരണപ്പെട്ടാൽ അയാൾ വൃദ്ധനായാലും വേറെ കെട്ടുന്നില്ലേ എന്നാണ് ജനങ്ങളുടെ ചോദ്യം. എന്നാൽ ഒരു പെണ്ണ് വിധവയായാൽ ആ ചോദ്യം വളരെ അപൂർവമായേ ഉയരുന്നുള്ളൂ. അതിനുപകരം അവൾ എവിടെപ്പോകുന്നു, വരുന്നു, അവൾ ഏതൊക്കെ അന്യപുരുഷന്മാരോട് ഇടപഴകുന്നു എന്നു ചികയാനും അതിനെപ്പറ്റി അപവാദം പറഞ്ഞുണ്ടാക്കാനും മൽസരമാണ്. മാത്രമല്ല, ഒരു വിധവയുടെ, അല്ലെങ്കിൽ വിവാഹമോചിതയുടെ ഫോൺ കുറച്ചു സമയം എൻഗേജ്ഡ് ആയാലും പത്തു മണിക്കുശേഷം ഫോൺ അറ്റന്റു ചെയ്താലും അവരെ വിളിക്കുന്ന ആളുകൾക്ക് ആധിയാണ്. 'ആരോടായിരുന്നു കത്തി' എന്നാണ് ചോദ്യം. ആ സ്ത്രീയാണെങ്കിൽ തികച്ചും നിരപരാധിയായിരിക്കും. ഏതെങ്കിലും കൂട്ടുകാരികളോട് തന്റെ വിഷമം കേൾക്കാൻ തയ്യാറാകുന്ന അപൂർവം ചിലരോട് അവർക്ക് ഒഴിവുള്ള സമയം നോക്കി ജീവിത പ്രാരാബ്ധങ്ങൾ പറഞ്ഞാലെങ്കിലും ആശ്വാസം കിട്ടുമല്ലോ എന്നു കരുതി സംസാരിക്കുകയാവും. അവിടേക്ക് സമൂഹത്തിന്റെ സംശയദൃഷ്ടി നീളുന്നു.

മാത്രമല്ല, സുരക്ഷയുടെ കാര്യത്തിലും വിധവയായ, വിവാഹമോചിതയായ അല്ലെങ്കിൽ യൗവ്വനയുക്തയായ ഒരു സ്ത്രീ കൂടുതൽ റിസ്ക് അനുഭവിക്കുന്നു. ജോലി സ്ഥലത്തും അവൾക്ക് ഭർത്താവില്ലെന്ന കാരണത്താൽ ധാരാളം പ്രലോഭനങ്ങൾ നേരിടേണ്ടിവരുന്നു. പലർക്കും ജീവിത പ്രയാസങ്ങൾ ഉണ്ടായിട്ടും മാനഹാനി ഭയന്ന് ജോലി തന്നെ ഉപേക്ഷിക്കേണ്ടിവരുന്നു.

മാത്രമല്ല, വേറെ പല തരത്തിലും സ്ത്രീ നിരപരാധിയായി അപവാദം കേൾക്കേണ്ടി വരാറുണ്ട്. തെറ്റു ചെയ്യുന്നവർ ഉണ്ടായിരിക്കാം. ഈ ലേഖികയുടെ അനുഭവത്തിൽ നിന്നു തന്നെ ഉദാഹരണത്തിന്, ഒരു ദിവസം തലവേദന വന്നപ്പോൾ ഫ്ളാറ്റിലെ അടുത്ത റൂമിലെ കൂട്ടുകാരിയുടെ സഹായം തേടി. കൂട്ടുകാരി മരുന്ന് വാങ്ങാൻ ഏൽപിച്ചത് അവരുടെ ഭർത്താവിനെയായിരുന്നു. അന്ന് ഒരു ബന്ധു ഗൃഹസന്ദർശനത്തിന് എത്തുമെന്ന് അറിയിച്ചിരുന്നു. ഒടുവിൽ ഈ ലേഖികക്ക് ആധിയായി. മരുന്ന് കൊണ്ടുവരുന്നത് കൂട്ടുകാരിയുടെ ഭർത്താവാണെങ്കിൽ വരുന്ന ബന്ധുവിനോട് എന്തു സമാധാനം പറയും? ബന്ധു വരുന്നതിന് മുമ്പുതന്നെ പടച്ചവൻ സഹായിച്ച് മരുന്നുമായി കൂട്ടുകാരിയുടെ ഭർത്താവെത്തി. കതക് പകുതി തുറന്ന് മരുന്നു വാങ്ങിച്ചുവെച്ചു. അപ്പോഴാണ് സമാധാനമായത്. ഇത്തരം സന്ദർഭങ്ങളിൽ നിർഭാഗ്യവശാൽ സംഭവിച്ചത് മറ്റൊന്നാണെങ്കിലോ? മരുന്നു വാങ്ങിപ്പിച്ച യുവതി പ്രതിക്കൂട്ടിലാകും. വിശദീകരണങ്ങൾ ഫലിക്കണമെന്നില്ല. അങ്ങനെ എത്രയോ സ്ത്രീകൾ നിരപരാധികളായി മാനഹാനി അനുഭവിക്കുന്നു. മറിച്ചും  അപൂർവം സംഭവിക്കുന്നുണ്ടായിരിക്കാം.

ഇത്തരത്തിൽ പെരുമാറുന്ന സമൂഹം ഒരു കാര്യം ചിന്തിച്ചിരുന്നുവെങ്കിൽ! അവർക്കും ഉമ്മ പെങ്ങന്മാരും, ഭാര്യമാരും, മക്കളുമുണ്ട്. നാളെ അവരുടെ സ്ഥിതി എന്തെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. നമ്മുടെജീവിതത്തിൽ ഏതെല്ലാം റോളുകളിലൂടെയാണ് ജീവിതം ആടിത്തിമിർക്കേണ്ടിവരികയെന്ന് ആർക്കും നിശ്ചയമില്ല. മറ്റുള്ളവരുടെ സ്വകാര്യ ജീവിതത്തിൽ ചുഴ്ന്നു നോക്കുന്നതിനു പകരം ജീവിതത്തിൽ കഷ്ടപ്പെടുന്നവർക്ക് ഉപകാരം ചെയ്യാനും നല്ല വാക്കുകൾ പറയാനും സമയം ചിലവഴിക്കുക. അത്തരക്കാരുടെ നന്മ ഒരിക്കലും പാഴാകുകയില്ല. അവർ ഇഹത്തിലും പരത്തിലും ആദരിക്കപ്പെടും.

കഷ്ടപ്പെടുന്ന സ്ത്രീകൾ സമൂഹത്തിൽ കൂടിവരികയാണ്. പലതരം അനുഭവങ്ങൾ നിറഞ്ഞതാണ് ഒരു സ്ത്രീയുടെ ജീവിതം. ജോലിസ്ഥലത്തും വീട്ടിലും പൊതുസമൂഹത്തിലും അവൾ വിഷമങ്ങൾ അനുഭവിക്കുന്നു. പുറമേനിന്ന് സൗഭാഗ്യങ്ങൾ അനുഭവിക്കുന്നുവെന്ന് തോന്നുന്ന പല സ്ത്രീകളും ഉള്ളിൽ വീർപ്പുമുട്ടി ജീവിക്കുകയാണ്. ഈ ലേഖികയുടെ അനുഭവത്തിൽ നിന്നുതന്നെ പല സ്ത്രീകളും തങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ പങ്കുവെച്ചിട്ടുണ്ട്.

ഒരു സ്ത്രീ ഒരിക്കലും പുരുഷന് തുല്യമായി എത്തില്ലെങ്കിലും, അവളുടെ പ്രയാസങ്ങളിൽ പിടിച്ചുനിൽക്കാനുള്ള ഒരു പ്രത്യാശയെങ്കിലും സമൂഹം അവൾക്ക് നൽകിയിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോകുന്നു. അവളെ ഊതിക്കെടുത്തുന്നതിനു പകരം, ഊതിക്കത്തിച്ചിരുന്നുവെങ്കിൽ എന്ന് വൃഥാ കൊതിച്ചുപോകുന്നു. ■

● കഥ

ജസ്ന സനീബ, കൊടിഞ്ഞി

# യാത്ര

ചുട്ടുപൊള്ളുന്ന മണൽപരപ്പിന്റെ വിദൂരതയിലേക്ക് കണ്ണും നട്ട് അയാളിരുന്നു. ആ ഇരുനില കെട്ടിടത്തിന്റെ അടച്ചിട്ട മുറിയിൽ അയാൾ തനിച്ചാണ്. പ്രവാസ ജീവിതം മതിയാക്കി അയാൾ നാട്ടിലേക്ക് തിരിക്കുകയാണ്. രണ്ടു ദിവസം കഴിഞ്ഞാൽ ഞാൻ എന്റെ നാട്ടിലേക്കെത്തും. സൽമയെയും മക്കളെയും കാണാനായി അയാളുടെ മനസ്സ് നിർവൃതി കൊണ്ടു. എന്തെന്നില്ലാത്ത ഊർജവും ഉത്സാഹവും അയാളുടെ സ്വസ്ഥത കെടുത്തി. ഹാംഗറിൽ തൂങ്ങിയ യൂണിഫോമിലേക്ക് നോക്കി അയാൾ മനസ്സാ യാത്ര പറഞ്ഞു. 4 വർഷങ്ങൾക്കു ശേഷം താൻ തന്റെ നാട് കാണാൻ പോകുന്നു. ഗൃഹാതുരത്വത്തിന്റെ ഒരു ത്വര അയാളിൽ പടർന്ന് പന്തലിച്ച് നിന്നു.

"ഹോ... സൽമാൻ എന്തായിത് ഇനിയും നിന്റെ സ്വപ്നം കാണൽ കഴിഞ്ഞില്ലേ..?" ജോലി കഴിഞ്ഞെത്തിയ അസ്സയിനാറിക്ക വന്ന് തോളിൽ തട്ടിയപ്പോൾ സൽമാൻ ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു.

"അപ്പോ... പോക്കായി അല്ലെ... ഇനി ഒരു തിരിച്ചു വരവ് ഉണ്ടാകുമോ..?"

അസ്സയിനാറിക്ക പറഞ്ഞ് നിർത്തിയപ്പോൾ സൽമാന്റെ മനസ്സ് കിടിലം കൊണ്ടു. തന്റെ നാടിനെക്കാളും വീടിനെക്കാളും ഞാൻ കൂടുതൽ അടുത്തത് ഈ മുറിയിലെ സഹവാസക്കാരോടാണ്. വർഷങ്ങൾ കഴിയുമ്പോൾ കിട്ടുന്ന രണ്ടു മാസത്തെ ലീവിൽ നാട്ടിൽ ഞാനൊരു വിരുന്നുകാരൻ മാത്രം. മക്കൾക്കു മുമ്പിൽ ഒരപരിചിതൻ. മടുത്തു ഈ വേഷംകെട്ടൽ. എല്ലാം ഇവിടെ അവസാനിപ്പിക്കണം. ജോലി ക്യാൻസൽ ചെയ്ത കാര്യം സൽമയോട് പറഞ്ഞിട്ടില്ല. നാട്ടിൽ ചെന്നിട്ട് പറയാം. അവൾക്കൊരു സർപ്രൈസ് ആയിക്കോട്ടെ. വരില്ലെന്നും കാണില്ലെന്നുമുള്ള പരിഭവങ്ങൾക്ക് ഇനി വിട. മരണംവരെ ഹരിതാഭകരമായ തന്റെ ഗ്രാമത്തിൽ സൽമയോടും മക്കളോടും കൂടി ജീവിച്ച് തീർക്കണം. ഈ പ്രയാസം നിറഞ്ഞ പ്രവാസ ജീവിതം തനിക്ക് നഷ്ടപ്പെടുത്തിയത് എന്തെല്ലാമാണ്. പൊന്നുപോലെ വളർത്തി വലുതാക്കിയ ഉമ്മയുടെ മരണവിവരം താൻ കേട്ടത് ഫോണിലൂടെ. മകനെ കാണാനുള്ള മോഹം ഖൽബിൽ കുഴിച്ചുമൂടി ആ സാധു മരണത്തിലേക്ക് നടന്നടുത്തു. ലീവിനായി അപേക്ഷിച്ചെങ്കിലും കിട്ടിയില്ല. അന്നത്തെ തന്റെ ദിവസം ജീവച്ഛവം പോലെ വേദന കടിച്ചമർത്തി നാലു ചുവരുകൾക്കുള്ളിൽ ഒതുക്കിക്കൂട്ടി. വർഷങ്ങളായി കമ്പനിക്ക് പണയംവെച്ച തന്റെ ശരീരം ഇന്നത്തോടുകൂടി സ്വതന്ത്രമാവുന്നു. ഓർമകൾ കാടുകയറി. കവിളിലേക്ക് ഒലിച്ചിറങ്ങിയ കണ്ണീർ ആരും കാണാതെ തുടച്ചു. കണ്ണീരിന് പോലും രുചിയുണ്ടെന്ന് മനസ്സിലാക്കിയത് ഈ നാട്ടിൽ വന്നപ്പോഴാണ്.

ആശിച്ച ദിനം വന്നെത്തി. സാധനങ്ങളൊക്കെ കെട്ടിപ്പെറുക്കി പാസ്പോർട്ടും മറ്റും പരിശോധിച്ച് കൂടെയുള്ളവരോട് യാത്ര പറഞ്ഞിറങ്ങി. എന്നും കാണുന്ന ആ ദുബായ് കാഴ്ചകളോട് അയാൾക്ക് എന്തെന്നില്ലാത്ത ആനന്ദം തോന്നി. രാവിലെ ഒരു നേരം കെട്ടിയൊരുങ്ങി കമ്പനി വാഹനത്തിൽ ജോലിസ്ഥലത്തേക്കും രാത്രി തിരിച്ച് റൂമിലേക്കും. പരിഭവങ്ങൾക്കും പരാതികൾക്കുമിടയിൽ എവിടെ ഭംഗി ആസ്വദിക്കാനുള്ള നേരം. കാറിന്റെ വിൻഡോയിലൂടെ അയാൾ കാഴ്ചകൾ കണ്ടിരുന്നു. ആ നാടിന്റെ കഠിനതയിൽ നിന്നും താൻ മോചിക്കപ്പെട്ടു എന്ന് അയാളുടെ മനസ്സ് പലയാവർത്തി മന്ത്രിച്ചുകൊണ്ടിരുന്നു. ഇനി ഒരു തിരിച്ചുവരവില്ലെന്നോർത്തപ്പോൾ മനസിന്റെ ഉള്ളിലെവിടെയോ ഒരു തേങ്ങൽ.

"എത്ര മണിക്കാ ഫ്ളൈറ്റ്..? നാട്ടിൽ ചെന്നാൽ ഞങ്ങളെയൊന്നും മറക്കരുത്. സമയം കിട്ടുമ്പോഴൊക്കെ മിസ്സടിക്കണം..." ഡ്രൈവ് ചെയ്യുന്നതിനിടയിൽ അസ്സയിനാറിക്ക പറഞ്ഞു.

അസ്സയിനാറിക്ക എന്ന പാവം മനുഷ്യന്റെ വാക്കുകളിൽ നാടിനോടുള്ള മോഹങ്ങൾ അങ്ങനെ നിഴലിച്ച് നിന്നു. തന്നെപ്പോലയല്ല, ദുബായിൽ വന്നിട്ട് വർഷം 30 കഴിഞ്ഞു. അതിനിടയിൽ നാട്ടിൽ പോയി വന്നത് കണക്കു

കൂട്ടിയാൽ വെറും 4 വർഷങ്ങൾ മാത്രം.

ഏഴു പെൺമക്കളുള്ള അസയിനാറിക്കാക്ക് എന്നും പ്രശ്നങ്ങളും പരാതികളും മാത്രമാണ് കൂട്ട്. ചെറിയ മകളെ കെട്ടിക്കാതെ അടുത്തൊന്നും നാട് എന്ന ചിന്ത പോലുമില്ല.

എയർപോർട്ടിലെത്തി അസ്സയിനാറിക്കയോട് യാത്ര പറഞ്ഞ് തിരിഞ്ഞ് നടക്കുമ്പോൾ ആ മഹാമനസ്കന്റെ കവിളിൽ കണ്ണീർ ചാലിട്ടൊഴുകിയിരുന്നു. ഒരുപാട് നാൾ വെച്ച് വിളമ്പിത്തന്ന ആ കൈകൊണ്ട് ഹസ്തദാനം നൽകി തിരികെ പോരുമ്പോൾ മക്കൾക്ക് വേണ്ടി സമ്മാനമായി തന്ന ബദാമും പിസ്തയും നോക്കിയപ്പോൾ ഉള്ളിലെവിടെയോ ഒരു നീറ്റൽ അനുഭവപ്പെട്ടു. സത്യം തിരിച്ചറിഞ്ഞ കണ്ണ് പോലും മടിച്ചില്ല. അവസാനമായി അസ്സയിനാർക്കാക്ക് വേണ്ടി രണ്ട് തുള്ളി കണ്ണീർ പൊഴിച്ച് കടമ തീർത്ത സംതൃപ്തിയിൽ കണ്ണ് മെല്ലെ ഇമകൾ അടച്ചു. ഇമ തുറക്കുമ്പോഴേക്കും അസ്സയിനാറിക്ക അവിടം വിട്ടിരുന്നു.



നാട്ടിലെ എയർപോർട്ടിലെത്തി. ചെക്കിംഗ് എല്ലാം കഴിഞ്ഞ് സൽമാൻ പൂർണ സ്വതന്ത്രനായി. തന്നെ സ്വീകരിക്കാൻ വന്ന കുടുംബക്കാരെക്കണ്ട് സൽമാന്റെ ഉള്ളം നിറഞ്ഞു. മുഖത്തേക്ക് അടിച്ചുവീശിയ കേരള കാറ്റിൽ സ്നേഹത്തിന്റെ ഒരുപാട് സുഗന്ധങ്ങൾ അയാൾക്ക് അനുഭവപ്പെട്ടു.

വേഗം നാടെത്താനുള്ള കൊതി കൂടി. വീടിന്റെ പടി കയറുമ്പോൾ ഖൽബൊന്ന് കാളി. ഉമ്മാന്റെ സാന്നിധ്യമില്ലാത്ത വീട് സൽമാനെ അത്യധികം വീർപ്പുമുട്ടിച്ചു. പതിയെപ്പതിയെ ആ അന്തരീക്ഷത്തോട് അവൻ പൊരുത്തപ്പെട്ടു തുടങ്ങി.

മാസങ്ങളും ദിവസങ്ങളും അതിവേഗം കടന്നുപോയി. അതിനിടയിൽ പ്രവാസിയോട് സ്ഥിരം ചോദിക്കാറുള്ള പതിവ് ചോദ്യങ്ങൾ കേട്ടുകൊണ്ടിരുന്നു. “എന്നാ തിരിച്ച് പോണെ...” ആദ്യമൊക്കെ ദേഷ്യം തോന്നിയെങ്കിലും പിന്നെ അതും പൊരുത്തപ്പെട്ട് തുടങ്ങി.

മകളുടെ കല്യാണം ആർഭാടത്തോടുകൂടി കൊണ്ടാടി. ഇന്നലെ രാത്രി സൽമ കെറുവിച്ച് എന്റെ അടുക്കൽ വന്നപ്പോ തുടങ്ങിയതാണ് നെഞ്ചിലെ തീയ്. അവളോടിതുവരെ ജോലി ക്യാൻസൽ ചെയ്ത

വിവരം പറഞ്ഞിട്ടില്ല. ഇന്നലത്തെ അവളുടെ വാക്കുകൾ... ജോലി ഒഴിവാക്കിയ കാര്യം പറയണ്ടാന്ന് തന്നെ തീരുമാനിച്ചു.

“ഇക്ക... ഇക്ക എന്നാ തിരിച്ച് പോണത്..?”

സൽമാൻ ദിക്കറിയാത്ത തോണിക്കാരനെപ്പോലെ അവളെ ഒന്ന് പകച്ച് നോക്കി.

“ജമീലത്താത്ത ചോദിക്കാണ്. ഇക്ക ജോലി മതിയാക്കി നാട്ടിൽ വന്നതാണോന്ന്... ജമീലയോട് അവളുടെ കെട്ടിയോൻ മൊയ്തീൻ പറഞ്ഞതാണത്രെ... അവൾ നുണച്ചിയാ. എല്ലാം കുത്തിക്കുത്തി ചോദിച്ചോളും. ഇക്ക ഇനി ഗൾഫിൽ പോയി വന്നിട്ട് വേണം ഒരു കാറെടുത്ത് അവളുടെ മുമ്പിലൊന്ന് പത്രാസ് കാണിക്കാൻ...”

ജമീലയോടുള്ള അരിശം പല്ലുകൊണ്ട് കടിച്ചമർത്തി സൽമ വീണ്ടും ഗൾഫുകാരന്റെ ഭാര്യയുടെ പൊലിമ വാതോരാതെ പറഞ്ഞുകൊണ്ടിരുന്നു.

കണ്ണ് നിറഞ്ഞത് സൽമ കാണാതിരിക്കാൻ സൽമാൻ ഉറക്കം നടിച്ച് ബെഡിലേക്ക് ചാഞ്ഞു. ആ കിടത്തത്തിൽ അയാൾ ചില തീരുമാനങ്ങളെടുത്തുകഴിഞ്ഞിരുന്നു.

ഒരു ദിവസം അയാൾ നട്ടുച്ചക്ക് വീട്ടിൽ വന്നു കയറി; ക്ഷീണിതനായിരുന്നു.

“എവിടേക്കാ ങ്ങള് പോയിനിം. മനുഷ്യൻ ഇവിടെ പേടിച്ചിരിക്കേനിം” സൽമാൻ വരാൻ വൈകിയതിൽ സൽമ ക്ഷോഭിച്ചു.

“ഞാൻ ട്രാവൽസ് വരെ ഒന്ന് പോയതാ. ടിക്കറ്റ് എടുത്തു. അടുത്ത ആഴ്ച വണ്ടി കേറും”. പതറിയ വാക്കുകൾ കൂട്ടിച്ചേർത്ത് സൽമക്ക് മുഖം കൊടുക്കാതെ അകത്തേക്ക് നടന്നു.

അസ്സയിനാറിക്കാക്ക് വിളിച്ച് ജോലി ശരിയാക്കിയത് ഒരു നിമിത്തം മാത്രം. തനിക്ക് മനസ്സുഖം കിട്ടണമെങ്കിൽ ഗൾഫിൽ തിരിച്ചെത്തണം. അവിടത്തെ കൂട്ടുകാരുമായി കഴിയണം. ആ ആത്മാർത്ഥത എവിടെയും കിട്ടില്ല.

വീട്ടിലാകെ സന്തോഷവും ബഹളവും അലതല്ലി. ഉപ്പയുടെ പോക്ക് സംബന്ധിച്ച് മകൾ ഭർത്താവിനെയും കൂട്ടി വീട്ടിലേക്ക് വിരുന്ന് വന്ന ബഹളമാണ്. മരുമകനെ പരിഗണിക്കണമല്ലോ. പല തരം വിഭവങ്ങൾ ടേബിളിൽ നിരന്നു. എല്ലാവരുടെയും മനസ്സിൽ സന്തോഷത്തിന്റെ പൂത്തിരി കത്തി. സൽമാൻ മാത്രം പുറത്ത് ചിരിച്ച് ഉള്ളാലെ കരയുന്ന പ്രതിമ കണക്കെ ആ വീടിനുള്ളിൽ നടന്നുതീർത്തു.

ഭക്ഷണം കഴിച്ചെന്ന് വരുത്തി അയാൾ റൂമിലേക്ക് നടന്നു. കൊണ്ടുപോകാനുള്ള പെട്ടി കെട്ടുന്നതിന്റെ തിരക്കിലായിരുന്നു മക്കളും സൽമയും.

വാതിൽ കൊളുത്തിട്ടു അയാൾ വിതുമ്പിക്കരഞ്ഞു. പാസ്പോർട്ടിലേക്ക് നോക്കിയതും അയാളുടെ ഹൃദയം തകർന്ന് നൂറ് കഷ്ണമായി ചിന്നിച്ചിതറി.

“ഇക്കാ... വാതിൽ തുറക്ക്. ഇക്കയെ കാണാൻ എന്റെ ആങ്ങള വന്നിരിക്ക്ണു...”

“ഇക്കാ... ഇക്കാ...”

വാതിൽ തുറന്ന് അകത്ത് കടന്ന സൽമയും ആങ്ങളയും കണ്ടത് സൽമാന്റെ നിശ്ചല ശരീരമാണ്. കൈയിൽ നിന്നും ഊർന്ന് വീണ പാസ്പോർട്ടിലെ ഫോട്ടോയിൽ അയാൾ അപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരുന്നു.

■


PRF
POOMKAVANAM
READERS
FORUM

## പി. ആർ. എഫ്. അംഗങ്ങൾ അറിയാൻ

പി. ആർ. എഫ്. അംഗങ്ങൾ വർഷത്തിൽ ഏറ്റവും ചുരുങ്ങിയത് 1000 രൂപ മുഖവിലയുള്ള പുസ്തകങ്ങളെങ്കിലും എടുക്കൽ നിർബന്ധമാണ്. ഈ നിബന്ധന പിൻതുടരാത്തവരുടെ അംഗത്വ കാർഡ് ഇനിയൊരു അറിയിപ്പും കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. അതിനാൽ അംഗത്വം നിലനിർത്തി ആനുകൂല്യം തുടരാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം പുസ്തകങ്ങളെടുക്കാൻ താൽപര്യപ്പെടുന്നു.

ഇപ്പോൾ മുതൽ പി. ആർ. എഫ്. അംഗത്വ സംഖ്യ 500 രൂപയാണ്. അംഗത്വമെടുക്കുമ്പോൾ ആ തുകയ്ക്ക് പൂങ്കാവനം പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നു. തുടർന്നുള്ള ഓരോ പർച്ചേസിനും 300 രൂപയ്ക്ക് താഴെയുള്ള പുസ്തകങ്ങൾക്ക് 40%വും ആയിരം രൂപ വരെ മുഖവിലയുള്ള പുസ്തകങ്ങൾക്ക് 30%വും കിഴിവ് ലഭിക്കുന്നു. അതിനു മുകളിൽ മുഖവില വരുന്ന പുസ്തകങ്ങൾക്ക് 25% പി. ആർ. എഫ്. അംഗങ്ങൾക്ക് കിഴിവ് ലഭിക്കുന്നു. കൂടാതെ നിങ്ങളുടെ ഫോട്ടോ പതിച്ച അംഗത്വ കാർഡ്, പൂങ്കാവനം മാസികയിൽ പേരും ഫോട്ടോയും സൗജന്യമായി അച്ചടിച്ചു വരാനുള്ള സൗകര്യം എന്നിവയും ലഭിക്കുന്നു. പൂങ്കാവനം പുസ്തകങ്ങൾക്ക് പുറമെ മറ്റ് പ്രസാധകരുടെ പുസ്തകങ്ങളും ആകർഷകമായ കിഴിവിൽ പി. ആർ. എഫ്. അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.

1326 – അഷ്ക്കർ സഖാഫി സി. കെ, തിരുവള്ളൂർ
1327 – മുഹമ്മദ് ഷഫീഖ്. എൻ, പരപ്പനങ്ങാടി
1328 – അബ്ദുല്ല കുണിയ
1329 – പി. കെ. അബ്ദുൽ അസീസ്, മണ്ണാർക്കാട്
1330 – എൻ. അബ്ദുൽ നാസിർ ലത്വീഫി
1331 – മുഹമ്മദ് ബഷീർ. പി, പൊൻമുണ്ടം
1332 – സയ്യിദ് മുഹമ്മദ് എം. എം, കടലുണ്ടി
1333 – മുഹമ്മദ് യാസീൻ. ടി. എച്ച്, ഇടുക്കി
1334 – അസ്സൈയിൻ. കെ, പള്ളിക്കൽ ബസാർ
1335 – മുഹമ്മദ് കബീർ, പല്ലന
1336 – മുഹമ്മദ്. കെ. എം, ലക്ഷദ്വീപ്
1337 – ജാബിർ നാമത്ത്, പാനൂർ
1338 – മുഹമ്മദ്. എ, കൊല്ലം
1339 – മുഹമ്മദ് വി. കെ, തച്ചംപൊയിൽ
1340 – ഇബ്രാഹിം പി. പി, കൊടക്കാട്


1326


1328


1334


1337


പൂങ്കാവനത്തിന്റെ സൗജന്യ കാറ്റലോഗിനുവേണ്ടി എഴുതുക.
അന്വേഷണങ്ങൾക്കും എം. ഒ. അയക്കുന്നതിനും

മാനേജർ, പൂങ്കാവനം പബ്ലിക്കേഷൻസ്
കോഴിക്കോട് – 673 004
ഫോൺ: 0495 – 2729036, 9846323768

●മിനിക്കഥാച്ചെപ്പ്

സുഹ്റ കൊടശ്ശേരി

# കുറത്തി



"കൈ നോക്കണമ്മാ... കൈ നോക്കണോ... കൈ നോക്കണമ്മാ... കൈ നോക്കണോ... ഭൂതം, ഭാവി എല്ലാം പറയാം, തത്ത ചീട്ടെടുക്കും" എന്ന് പറഞ്ഞുകൊണ്ട് കുറത്തി സരസ്വതി ഇടവഴിയിലൂടെ നടക്കുമ്പോൾ വീടിന്റെ സിറ്റൗട്ടിൽ ഒരു സുന്ദരി ഇരിക്കുന്നത് കണ്ടു.

"അമ്മാ... കൈ നോക്കണോ... ഭാവിയിൽ സംഭവിക്കാവുന്ന എല്ലാ കാര്യങ്ങളും പറയാം..." കുറത്തി അവളോട് പറഞ്ഞു.

"ന്റെ പൊന്നു കുറത്തീ... ന്റെ കല്യാണം ഇപ്പഴെങ്ങാനും നടക്കുമോ?"

"എന്താ പേര്?"

"സവിത..."

"സവിത അമ്പത് രൂപ തന്ന് കൈ കാണിക്ക്. കുറത്തി എല്ലാം പറയാം..."

അവൾ അമ്പത് രൂപ കുറത്തിക്ക് നൽകി കൈ മലർത്തിക്കാണിച്ചു. "ഈ കുട്ടീടെ കല്യാണം അടുത്ത ചിങ്ങത്തിനു മുന്നെ നടക്കും..." കുറത്തി പറഞ്ഞു.

ഇതുകേട്ട് സവിത പറഞ്ഞു: "ഞാൻ രണ്ട് കുട്ടികളുടെ അമ്മയാ..."



റശീദ് ജലാൽ വില്ലൂർ

# എഴുത്തുകാരൻ

എഴുതിയ കവിതകളിൽ ഭാവനയില്ലെന്ന് പറഞ്ഞ് മാസിക തിരിച്ചയച്ചു. കഥയിൽ അനുഭവമില്ലെന്നു പറഞ്ഞ് പത്രത്തിൽ നിന്നും വിളിവന്നു. ആത്മകഥ വെറും കാളമൂത്രമാകുന്നുവെന്ന് എഡിറ്റർ താക്കീത് ചെയ്തു.

എഴുതി എഴുതി തീർന്ന മഷിക്കുപ്പികളും ചീന്തിയെറിഞ്ഞ കടലാസ് കെട്ടുകളും വിറ്റ് അയാൾ തട്ടുകട തുടങ്ങി. ഇപ്പോൾ അനുഭവം നിറഞ്ഞു. ഭാവനയും കൂടി; പക്ഷെ, എഴുതാൻ സമയമില്ല; കുടുംബം പോറ്റുന്ന തിരക്കിലാണയാൾ!!

ആരോഗ്യം/ഡോ: സുമയ്യ അബ്ദുല്ല

# പ്രമേഹം വില്ലനാവുമ്പോൾ



ഒരു കാലത്ത് പ്രമേഹം വാർധക്യ കാലത്തുമാത്രം പിടികൂടുന്ന രോഗമായിരുന്നു. എന്നാൽ തിരക്കുപിടിച്ച ആധുനിക കാലത്ത് കഥയും കാര്യവും മാറി. ജീവിത ശൈലീ രോഗങ്ങളിൽ മുഖ്യമായതാണ് പ്രമേഹമിന്ന്. ജോലിത്തിരക്ക്, മാനസിക സംഘർഷം, രാത്രി ഉറക്കമൊഴിക്കൽ, ഫാസ്റ്റ്ഫുഡ് സംസ്കാരം എന്നിവയെല്ലാം ഒരാളെ വേഗത്തിൽ പ്രമേഹ രോഗവുമായി ബന്ധിപ്പിക്കുന്നു. അതിനാൽ തന്നെ കാലമോ, പ്രായമോ നോക്കാതെ ഏവർക്കും ഏത് സമയത്തും വരാവുന്ന ഒരു രോഗമായി പ്രമേഹം മാറി. കുട്ടികളെപ്പോലും ഇന്നത് ബാധിക്കുന്നു.

മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലാണ് പ്രമേഹ രോഗികൾ വർധിക്കുന്നതെന്നാണ് ഒരു കണക്ക്. പത്ത് വർഷം പിന്നിട്ടാൽ ഓരോ പത്ത് പേരിലും ഒരാൾക്കെന്ന രൂപത്തിൽ പ്രമേഹം വർധിക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ഇതിന് പല കാരണങ്ങൾ ഉണ്ട്. ഗ്രാമ്യജീവിതം വിട്ട് നഗരങ്ങളിലേക്ക് കുടിയേറിയവരും, ഗ്രാമങ്ങളിൽ തന്നെ ശരീരാദ്ധ്വാനം കുറഞ്ഞ ജോലികളിൽ ഏർപ്പെടുന്നവർക്കുമാണ് ഈ രോഗം ബാധിക്കുന്നതായി കാണുന്നത്. പ്രമേഹം പെട്ടെന്ന് വരാനുള്ള എല്ലാ സാധ്യതകളും ഇവിടെ നിലനിൽക്കുന്നുണ്ടെന്ന് ചുരുക്കം. അതിൽ കേരളീയരായ നാം ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്. കാരണം ഒരേ ഇരിപ്പിലുള്ള ജോലി, വ്യായാമം ഇല്ലായ്മ, കമ്പ്യൂട്ടർ ഉപയോഗം, മാനസിക സംഘർഷം, മൊബൈൽ ഉപയോഗം, വൈകിയുള്ള അത്താഴം, ടെലിവിഷൻ കണ്ടുകൊണ്ടുള്ള ഭക്ഷണരീതി, ഫാസ്റ്റ്ഫുഡ് കഴിക്കൽ... എന്നിവയെല്ലാം പ്രമേഹത്തെ വേഗത്തിൽ വിളിച്ചുവരുത്തുന്നു.

മറ്റുള്ള രോഗങ്ങളെപ്പോലെ നിസ്സാരമായി തള്ളിക്കളയേണ്ട ഒരു രോഗമല്ലിത്. രോഗങ്ങൾക്കിടയിലെ വില്ലനാണിവൻ. അതിനുമുണ്ട് പല കാരണങ്ങൾ. ഒരു വ്യക്തിയിൽ പ്രമേഹം ആരംഭിച്ചുകഴിഞ്ഞാൽ അതിനെ നിയന്ത്രിച്ചു കൊണ്ടുവരാൻ എളുപ്പമല്ല. മാത്രവുമല്ല, പ്രമേഹം നിങ്ങളെ വിവിധ തരത്തിലാണ് ബാധിക്കുന്നത്. ലൈംഗിക ശേഷിയെ മാത്രമല്ല, നാഡീ ഞരമ്പുകളെയും ഹൃദയത്തിന്റെ പ്രവർത്തനത്തെയും തകരാറിലാക്കുന്നതോടൊപ്പം വൃക്കകളുടെ പ്രവർത്തനത്തെ ബാധിക്കുകകൂടി ചെയ്യുന്നു. ഇതിനെല്ലാം പുറമെ, ഒരു പ്രമേഹ രോഗിയുടെ രക്തചംക്രമണം തകരാറിലാവുകയും അത് പരിധിവിട്ടാൽ കൈകാലുകൾ മുറിച്ചുമാറ്റേണ്ട അവസ്ഥവരെ ചെന്നെത്തുകയും ചെയ്യുന്നു. നാഡീഞരമ്പുകളെ സാരമായി ഈ രോഗം ബാധിക്കുന്നതുകൊണ്ട് രോഗബാധിതന് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. ആ അർത്ഥത്തിൽ പ്രമേഹത്തെ നിശ്ശബ്ദ കൊലയാളി എന്നുവേണം മെഡിക്കൽ സയൻസിൽ വിളിക്കാൻ.

ഒരു വീട്ടിൽ ഒരാൾ എന്ന നിലയിൽ പ്രമേഹ രോഗികൾ വർധിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ശ്രദ്ധയും കരുതലും ഏറെ



ആവശ്യപ്പെടുന്ന രോഗമാണിത്.

### സങ്കീർണതകൾ എന്തെല്ലാം

പ്രമേഹം അഥവാ ഡയബറ്റിസിന്റെ സങ്കീർണതകൾ ഏറെയുണ്ട്. വൃക്കകളുടെ പരാജയമാണ് അതിലൊന്ന്. അങ്ങനെ വരുമ്പോൾ രോഗിക്ക് ഡയാലിസിസ് ആവശ്യമായി വരുന്നു. ഇത് മറികടക്കാൻ പരിശോധനകൾ നേരത്തെ ആരംഭിക്കേണ്ടതുണ്ട്. പ്രമേഹ ബാധിതനായ ഒരാൾക്ക് ഹൃദയാഘാതം വരാനുള്ള സാധ്യതകൾ കൂടുതലാണ്. ഉയർന്ന രക്തം ഇതിനു കാരണമാകുന്നു. മാത്രവുമല്ല, പക്ഷാഘാത സാധ്യതയും നേത്ര രോഗങ്ങളും ഇതുമൂലം വരുന്നു. പ്രമേഹം മൂലം നാഡികൾക്ക് തകരാറുകൾ സംഭവിക്കുന്നതിനാൽ കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിൽ എടുക്കേണ്ടതുണ്ട്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രമേഹ രോഗികൾ ഭക്ഷണ കാര്യത്തിൽ ശ്രദ്ധിക്കണം. ഡോക്ടറുടെ നിർദേശപ്രകാരമുള്ള ഔഷധങ്ങൾ കഴിക്കുന്നതോടൊപ്പം തന്നെ ഭക്ഷണ കാര്യത്തിൽ കൃത്യനിഷ്ഠയും കഴിക്കുന്ന ഭക്ഷണത്തിലെ കലോറിയും ഉപ്പും കുറച്ച് ശരീര ഭാരത്തെ നിയന്ത്രിക്കേണ്ടതുണ്ട്. ഭക്ഷണ മെനുവിൽ പച്ചക്കറികൾക്കും പഴങ്ങൾക്കും പ്രാധാന്യം കൊടുക്കുക എന്നതാണ് മുഖ്യം. മധുരം കുറച്ചുകൊണ്ടുവരണം. അരിയാഹാരങ്ങൾക്ക് നിയന്ത്രണം വരുത്തുന്നത് നന്ന്. ഒരു ദിവസം ചുരുങ്ങിയത് അര മണിക്കൂറെങ്കിലും വ്യായാമം ചെയ്യുന്നത് നല്ലതാണ്. മദ്യപാനം, പുകവലി എന്നിവ പറ്റെ വർജിക്കേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരു പ്രമേഹ രോഗി കൃത്യമായ ഔഷധ സേവ, വ്യായാമം, ഭക്ഷണ നിയന്ത്രണം എന്നിവ പാലിച്ചിരിക്കണമെന്ന് സാരം.

പ്രമേഹ രോഗികൾ അറിയാൻ ചില കാര്യങ്ങൾ

- ഹൈപ്പോഗ്ലൈസീമിയക്ക് നേസൽ സ്പ്രേ വരുന്നു.

- ഫ്ളൂ വാക്സിൻ മരണസാധ്യത കുറയ്ക്കും.

- രാത്രിയിലെ ബി.പി. മരുന്ന് പ്രമേഹ സാധ്യത കുറയ്ക്കുന്നു.

- 65 വയസ്സ് കഴിഞ്ഞവർ ശ്രദ്ധിക്കണമെന്ന് പഠനങ്ങൾ.

- ഇൻസുലിൻ നേരത്തെ തുടങ്ങാം.

- വിറ്റാമിൻ ഡി പ്രമേഹം കുറയ്ക്കുമത്രെ.

TIPS

## കേശ സംരക്ഷണത്തിന്

നീല അമരിയില ഇടിച്ചു പിഴിഞ്ഞ നീരും കയ്യോന്നി നീരും ചേർത്ത് എണ്ണ കാച്ചി തലയിൽ തേച്ചു കുളിച്ചാൽ മുടിക്ക് കറുപ്പ് വർധിക്കും.

എള്ളെണ്ണയോ വെളിച്ചെണ്ണയോ തലയിൽ തേച്ച് പത്തു മിനിറ്റു കഴിഞ്ഞ് കുളിക്കുക; തലക്ക് തണുപ്പും മുടിക്കു മിനുസവും കറുപ്പും കിട്ടും.


മുട്ടയുടെ വെള്ള തലയിൽ പുരട്ടി അര മണിക്കൂർ കഴിഞ്ഞ് കഴുകിക്കളഞ്ഞാൽ മുടി കൊഴിച്ചിൽ കുറഞ്ഞുകിട്ടും.

കറ്റാർവാഴ, കുറുന്തോട്ടിയില, ചെമ്പരത്തിയില ഇവയിലേതെങ്കിലും അരച്ചു താളിയാക്കി ഉപയോഗിക്കുന്നത് മുടിക്കും തലക്കും നല്ലതാണ്. പയറുപൊടിയോ കടലമാവോ കുറച്ചു വെള്ളം ചേർത്തു പുരട്ടിയും തല കഴുകാം.

മുടി കറുക്കാനും, കൊഴിച്ചിൽ മാറാനും: ഉണങ്ങിയ നെല്ലിക്ക, രാമച്ചം ഇവയിട്ടു തിളപ്പിച്ച വെള്ളം തണുപ്പിച്ച് തലയിലൊഴിച്ച് കുളിക്കുക.

മുനീർ അഹ്സനി ഒമ്മല

# മാപ്പിള സംസ്കാരങ്ങളും മുഹ്യിദ്ദീൻ മാലയും



സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ അനന്തരാവകാശികളാണ് കേരളീയ മുസ്‌ലിം സമുദായം. തിരുനബി(സ്വ)യുടെ കാലത്തുതന്നെ ഇസ്‌ലാം മതം ഏറ്റുവാങ്ങിയ മണ്ണാണ് ഈ കേരളീയ ഭൂമിക. പലരും സത്യമതം പുൽകി തിരിച്ചുവന്ന് കേരളീയ സംസ്കാരത്തിന്റെ മുഖഛായ തന്നെ മാറ്റിമറിച്ചിട്ടുണ്ട്. ഈ സാംസ്കാരിക മുന്നേറ്റം മനസ്സിൽ പതിഞ്ഞവരെല്ലാം അണിനിരന്നു. അങ്ങനെയാണ് കേരളീയ ചുറ്റുപാടിലേക്ക് പാരമ്പര്യ ഇസ്‌ലാം പ്രവേശിക്കുന്നത്. ഇത്ര വേഗത്തിൽ അറബീ സംസ്കാരത്തിലേക്ക് കേരളീയ സമൂഹം മാറിയതിനും കാരണങ്ങൾ ഉണ്ട്. ഇസ്‌ലാം വരുന്നതിന്റെ മുമ്പുതന്നെ വ്യാപാര മേഖലയിൽ രണ്ടു കൂട്ടർക്കും ബന്ധമുണ്ട്. ഇങ്ങനെ സ്ഥാപിച്ചെടുത്ത ഈ സുഹൃദ്ബന്ധം ഇസ്‌ലാമിന്റെ വരവോടെ വിശ്വാസപരമായി ഊട്ടിയുറപ്പിക്കാൻ സാധിച്ചു. അങ്ങനെ ഈ നിലയിൽ സംസ്കാരങ്ങൾ ശക്തി പ്രാപിച്ചപ്പോൾ കേരളീയ സംസ്കാരങ്ങളിൽ ഇസ്‌ലാം ലയിച്ചുകഴിഞ്ഞിരുന്നു.

ഒരു പ്രദേശത്തെ സംസ്കാരം കടന്ന് വരുമ്പോൾ സ്വാഭാവികമായും അവിടുത്തെ ഭാഷയും ഒപ്പമുണ്ടാവും. ഇതിന്റെ അർത്ഥപൂർണമാണ് അറബി ഭാഷ കേരളത്തിലെത്തിയത്. പരസ്പരം അന്യോന്യം ആശയവിനിമയം നടത്താൻ ഭാഷ അത്യന്താപേക്ഷിതമാണ്. അതിനാലാണ് പ്രബോധനാർത്ഥം വന്നെത്തിയ അറബികൾ താമസിക്കുന്ന പ്രദേശം സങ്കരയിന ഭാഷകളായി മാറിയത്. അങ്ങനെ അറബിയും മലയാളവും ചേർന്ന് സങ്കരയിനമായി ഉണ്ടായതാണ് അറബി മലയാളം എന്നത്. ശേഷം മുസ്‌ലിംകളുടെ ദൈനംദിന ഉപയോഗത്തിനുള്ള ഭാഷയായി ഇതിനെ മനസ്സിലാക്കിയിട്ടുണ്ട്. ഇത് വികസിച്ച് ഒരു ജനവിഭാഗത്തിന്റെ ഭാഷയും സംസ്കാരവുമായി. വലിയ സാഹിത്യ പടുക്കൾ വരെ ഈ രംഗത്ത് കുതിച്ചുകയറി. മാപ്പിളമാർ അറബി മലയാളത്തെ നെഞ്ചോട് ചേർത്തുവെച്ചു.

ഇസ്‌ലാമിന്റെ ഭാഷ അറബിയാണല്ലോ. അതോടൊപ്പം പിറന്ന മണ്ണിന്റെ മാതൃഭാഷയായ മലയാളം കയ്യൊഴിക്കാനും നിർവാഹമില്ല. ഇങ്ങനെയാണ് അറബി മലയാളം പിറവി കൊള്ളുന്നത്. അറബി മലയാളം, മാപ്പിള മലയാളം എന്നിങ്ങനെ പൊതുവിൽ ഇതിനെ പറയപ്പെടാറുണ്ട്. ഉർദു, തമിഴ് തുടങ്ങിയ ഭാഷകളിൽനിന്ന് ആവശ്യമുള്ള പദങ്ങൾ കടമെടുത്തു. പ്രത്യേകിച്ച് ഇന്നുള്ള പ്രകാരം മലയാള ഭാഷ വികാസം പ്രാപിക്കാത്ത ഒരു കാലത്താണ് ഇതിന്റെ പിറവിയെന്ന് പറയാം. വളരെയേറെ സ്വാധീനം ചെലുത്തിയ ഒരു ഭാഷയാണിത്. നിരവധി കൃതികളും കലകളും ഇതിനകം അറബി

മലയാളത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മദ്റസാ പാഠപുസ്തകങ്ങൾ വരെ ഈ ലിപിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇന്നും പല പാഠപുസ്തകങ്ങളും ഈ ഭാഷയിൽ തന്നെയാണ്. ഒട്ടനവധി കാവ്യങ്ങൾ ഈ ഭാഷയിൽ പിറവിയെടുത്തിട്ടുണ്ട്. അറബി മലയാളത്തിൽ എഴുതപ്പെട്ട കാവ്യങ്ങൾക്ക് പൊതുവായുള്ള പേര് മാപ്പിളപ്പാട്ടുകൾ എന്നാണ്. ഭാഷാ കാവ്യങ്ങളിൽ നിന്നു ഭിന്നമായ ശൈലിയിലും ഭാവത്തിലും മാപ്പിളക്കവികൾ നിർമിച്ചു വികസിപ്പിച്ചെടുത്ത ഈ ഗേയകാവ്യങ്ങൾക്ക് ആ പേർ തികച്ചും അന്വർത്ഥമായിരിക്കുന്നു.

മാപ്പിളപ്പാട്ടുകൾ മലയാള ലിപിയിൽ അച്ചടിക്കാറുണ്ടെങ്കിലും പഴയ പാരമ്പര്യക്കാർ അറബി മലയാളത്തിൽ തന്നെയാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. കേരള മുസ്‌ലിംകൾക്ക് അറബി ഭാഷയുമായി ഗാഢസമ്പർക്കമുണ്ടായിരുന്നതിനാൽ മാപ്പിളപ്പാട്ടുകളിൽ ആദ്യകാല കൃതികളിലെ ഭാഷ അറബി സമ്മിശ്രമായ മലയാളം ആയിരുന്നു. പിന്നീട്, അതിൽ ക്രമേണ വിവിധ ഭാഷകളുടെ അതിപ്രസരം പ്രകടമായി.

മാപ്പിളപ്പാട്ടുകളിൽ വിവിധ രീതിയിലുള്ള വൃത്തങ്ങൾ വിദഗ്ധമായി പ്രയോഗിച്ചിട്ടുണ്ട്. ദ്രാവിഡ-സംസ്കൃത വൃത്തങ്ങൾക്കു പുറമെ മൂന്നും, ആറും, എട്ടും ശീലുകളുള്ള ചില പുതിയ വൃത്തങ്ങളും പൊതുവെ ദൃശ്യമാണ്. ഇവയിൽതന്നെ വർണ വൃത്തങ്ങളും മാത്രാവൃത്തങ്ങളും ഉൾപ്പെടുന്നു. വൃത്തങ്ങളെല്ലാം ഇശൽ എന്ന പേരിലാണ് അറിയപ്പെടുന്നത്. മാപ്പിളപ്പാട്ടുകൾ ആദ്യത്തിൽ 'സബീനപ്പാട്ടുകൾ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കുഞ്ഞായിൻ മുസ്‌ലിയാരുടെ 'കപ്പപ്പാട്ടിൽ' നിന്നാണ് ഈ പേരുണ്ടായതെന്നാണ് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. മനുഷ്യശരീരത്തെ കപ്പലിനോടുപമിച്ച് ആധ്യാത്മിക വിചാരം നടത്തുന്ന ഒരു ദാർശനിക കാവ്യമാണ് കപ്പപ്പാട്ട്. കപ്പലിന് അറബിയിൽ സഫീനഃ എന്നാണ് പറയുക. അതിനാൽ കപ്പപ്പാട്ട് 'സഫീനപ്പാട്ട്' എന്ന പേരിലും അറിയപ്പെട്ടു. പിന്നീട് ആ മാതൃകയിൽ രചിക്കപ്പെട്ട പാട്ടുകളെല്ലാം സഫീനപ്പാട്ട് എന്ന പേരിലായി.

അറബി-മലയാളം കൃതികൾ പ്രധാനമായും കവിതാരൂപത്തിലും പാട്ട് രൂപത്തിലും ഉള്ളവയാണ്. ഗദ്യത്തേക്കാളേറെ ഈ കാവ്യങ്ങളാണ് ജനശ്രദ്ധ പിടിച്ചുപറ്റിയത്. മാപ്പിളപ്പാട്ടിന്റെ പ്രാസ പ്രയോഗം അറബിയിൽ നിന്നും ഉടലെടുത്തതാണ് എന്ന് ചിലർ അഭിപ്രായപ്പെടുന്നു. മറ്റു ചിലർ ഇത് നിഷേധിക്കുന്നുണ്ട്. അപ്രകാരം തന്നെ മഹാന്മാരായ പുണ്യാത്മാക്കളുടെ ജീവിത സംഭവങ്ങളെയും അനുഭവങ്ങളെയും വിവരിച്ച് കോർത്തിണക്കിയ കീർത്തന കാവ്യങ്ങളായ മാലപ്പാട്ടുകൾ, പ്രതിരോധ പോരാട്ടങ്ങളുടെ സാഹിത്യാവിഷ്കാരങ്ങളായ പടപ്പാട്ടുകൾ ഇസ്‌ലാമിക ചരിത്രത്തിലെ പടനീക്കങ്ങളുടെ ചരിത്രങ്ങളാണിത്. പടപ്പാട്ടുകളോട് ചെറിയ രൂപത്തിൽ കിടപിടിക്കുന്നത് വടക്കൻ പാട്ടുകളാണ്. ബദർ പടയും ഉഹ്ദ് പടപ്പാട്ടുകളുമെല്ലാം ഉദാഹരണങ്ങൾ. 1921-ലെ മാപ്പിള ലഹള, ഖിലാഫത്ത് സമരം തുടങ്ങിയവ ഉൾക്കൊള്ളിച്ച കേരള മണ്ണിന്റെ ചരിത്രം പറയുന്ന പടപ്പാട്ടും ഇക്കൂട്ടത്തിൽ പെടുന്നു.

അതുപോലെ കഥാരൂപേണ വർണിച്ച ഖിസ്സപ്പാട്ടുകൾ, പടപ്പാട്ടുകളെ ഖിസ്സപ്പാട്ടിൽ ഉൾപ്പെടുത്താമെങ്കിലും ചില ഖിസ്സപ്പാട്ടുകളെ മാത്രമേ പടപ്പാട്ടാണെന്ന് പറയാൻ കഴിയൂ. മക്കം ഫത്ഹ് ഖിസ്സ, ആദം നബി ഖിസ്സ, പക്ഷിപ്പാട്ട് ഇങ്ങനെ ഉദാഹരിക്കാം. ഇങ്ങനെ തുടങ്ങിയവയെല്ലാം അറബി മലയാള മാപ്പിള ഭാഷയുടെ സംഭാവനകളാണ്. അപ്രകാരം കത്തുപ്പാട്ടുകൾ പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ് മാപ്പിള സാഹിത്യത്തിൽ. സുഹൃത്തുക്കൾ തമ്മിലും, മക്കൾ മാതാപിതാക്കൾ, ഭാര്യ ഭർത്താക്കന്മാർ തമ്മിൽ പരസ്പരം പാട്ടു രൂപത്തിലാണ് കത്തെഴുതാറ്. നിരവധി കൃതികൾ ഈ ഗണത്തിൽ വിരചിതമായിട്ടുണ്ട്.

അറബി മലയാള സാഹിത്യത്തിലെ പ്രഥമ കൃതി മുഹ്‌യിദ്ദീൻ മാലയാണ്. ഇത് മാലപ്പാട്ട് ഗണത്തിൽ പെട്ടതാണ്. ഈ ശ്രേണിയിലെ ഉയർന്ന സ്ഥാനീയമാണിതിന്. കോഴിക്കോട്ടെ ഖാളി മുഹമ്മദാണ് രചയിതാവ്. ആധ്യാത്മിക വല്ലരിയിലെ അതുല്യ പ്രഭ ശൈഖ് ജീലാനി(റ)വിന്റെ ജീവിത സമാഹാരമാണ് വിഷയം. കേരളത്തിൽ അറിയപ്പെട്ട ഒരു സൂഫി ഗീതവും കൂടിയാണ് ഈ മാല. മുഹ്‌യിദ്ദീൻ മാലയുടെ രചയിതാവായ ഖാളി മുഹമ്മദ് കോഴിക്കോട്ടെ പ്രസിദ്ധ ഖാളി കുടുംബത്തിലാണ് ജനിക്കുന്നത്. പോർച്ചുഗീസ് അധിനിവേശ പോരാട്ടത്തിന് മുന്നണിപ്പോരാളികളായിരുന്നു ഇവർ. അക്കൂട്ടത്തിൽ ഖാളി മുഹമ്മദിനും വളരെയേറെ വലിയ പങ്കുണ്ട്. അദ്ദേഹത്തിന്റെ പിതൃപരമ്പര മാലിക് ബിൻ ഹബീബ്(റ)വിലേക്ക് എത്തിച്ചേരുന്നു. ഉസ്മാൻ ലബ്ബൻ ഖാഹരിയാണ് പ്രധാന ഉസ്താദ്. പ്രമുഖ പണ്ഡിതനായ അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ഫത്ഹുൽ മുബീൻ അക്കൂട്ടത്തിൽ പെടുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ ഗ്രന്ഥം മുഹ്‌യിദ്ദീൻ മാലയാണ്.

1607 ആണ് ഇതിന്റെ രചനാകാലം. എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് എഴുതുന്നതിനു തൊട്ടു മുമ്പുള്ള കാലഘട്ടമാണിത്. മുഹ്‌യിദ്ദീൻ മാലയുടെ ചുവടു പിടിച്ച് നിരവധി മാലപ്പാട്ടുകൾ പിന്നീട് അറബി മലയാളത്തിലുണ്ടായി. പഴയ കാലങ്ങളിൽ


## ഫലപ്രദമായ ചികിത്സ



**സ്ത്രീപുരുഷന്മാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തന രോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാണ്ട്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെ ചികിത്സാ പരിജ്ഞാനമുള്ള ഹക്കീം കെ.ഇ. ഇബ്രാഹീമിനെ നേരിൽ കാണുക. വിദേശത്തുള്ളവർ രോഗവിവരം കത്ത് മുഖേന അറിയിക്കുക.**

## അൽ-അമീൻ

യൂനാനി സെന്റർ (Regd.)
ട്രാഫിക് ജംഗ്ഷൻ(പഴയ ബസ് സ്റ്റാന്റ് )
മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, പെരിന്തൽമണ്ണ
Ph: 04933 227984, 9847103628. 10 AM to 5 PM

**പ്രവർത്തനം ബുധൻ, വ്യാഴം, വെള്ളി മാത്രം**

ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M. ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 4128888

മുസ്‌ലിം വീടുകളിൽ ഇതു സ്ഥിര മായി പാരായണം ചെയ്തിരുന്നു. ഇതിൽ തന്നെ എഴുതിയ കാലഘട്ട ത്തെക്കുറിച്ച് വ്യക്തമായി പറയുന്നു ണ്ട്. “കൊല്ലം എഴുന്നൂറ്റി ഏൺപത്തി രണ്ടിൽ ഞാൻ, കോത്തേൻ ഈ മാലേണ നൂറ്റമ്പത്തഞ്ച് ചുമ്മർ” എന്ന വരിയിൽ ഇതിന്റെ കാലഘട്ടത്തെക്കു റിച്ച് വ്യക്തമായ ചിത്രം തരുന്നു. കൊല്ലവർഷം എന്നാൽ മലയാള വർഷമാണ്. അത് 782-ൽ രചിച്ചു എന്നാണ്(ഹിജ്റഃ 1016). ഖാളി മുഹ മ്മദ് വഫാത്താകുന്നത് 1025-ലുമാണ്.

മാലക്കു പുറമെ മുനാജാത്തും ചേർത്തിരിക്കുന്നു. മുനാജാത്തിൽ അറബി തമിഴ് പദ്യ കൃതികളുടെ സ്വാധീനമുണ്ട്. ലാളിത്യത്തിനും ആർജവത്തിനും മാതൃകയാണ് ഇതിലെ ഓരോ വരികളും. മാലയുടെ ഘടനയെ സംബന്ധിച്ചും പ്രതിപാദി ക്കുന്നുണ്ട്.

“മുത്തും മാണിക്യവും ഒന്നായി കോർത്തപ്പോൾ, മുഹ്‌യിദ്ദീൻ മാലേണ കോർത്തേ ഞാൻ ലോകരെ.”

മുത്തും മാണിക്യവും കൂട്ടിക്ക ലർത്തിയ പോലെയാണ് മുഹ്‌യിദ്ദീൻ മാല ഞാൻ രചിച്ചത് എന്നാണ് കവി വ്യക്തമാക്കുന്നത്. ഇതിന്റെ അടി സ്ഥാന സ്രോതസ്സ് ബഹ്ജ, തക്മില കിതാബുകൾ ആണെന്ന് അവർ പാടി യിട്ടുണ്ട്. എന്നാൽ അവയെ വേർതി രിച്ച് പറഞ്ഞിട്ടില്ല. അടിസ്ഥാന മൂല കത്തെ ഇങ്ങനെ പരിചയപ്പെടാം.

“അവൻ ചൊന്ന ബൈത്തിനും ബഹ്ജ കിതാബിനും

അങ്ങിനെ തക്മില തന്നിന്നും കണ്ടോവർ”


ഇത് പാരായണം ചെയ്യുന്നവർക്ക് അല്ലാഹു സ്വർഗത്തിൽ മണിമാടം നൽകുമെന്ന് വ്യക്തമാക്കുന്നു.

“മൊളിയൊന്നും പിളയാതെ കള യാതെ ചൊന്നോർക്ക്; മണിമാടം സ്വർഗത്തിൽ നായൽ കൊടുക്കുമേ.”

വലിയ മഹത്വമേറിയതാണെന്ന പ്രഖ്യാപനം കൂടി ഇതിലുണ്ട്.

ചുരുക്കത്തിൽ മാപ്പിള കലാ സാഹിത്യങ്ങളും സംസ്കാരങ്ങളും മാപ്പിള ചരിത്രത്തിൽ നിന്ന് ഒഴിച്ചുകൂ ടാനാവാത്തതാണ്. ആത്മീയവും ജീവിത ചരിത്രങ്ങളും ഇതിൽ പ്രോജ്ജ്വലിച്ചു നിൽക്കുന്നു. ന്യൂജെൻ സംസ്കാരങ്ങൾക്ക് കാതോർക്കുന്ന ആധുനിക സമൂഹത്തിന് മാപ്പിളക്കല കൾ ഒരു പാഠമാവണം.

## ഹബീബുല്ല തങ്ങൾ കൊന്നാര്



കർമംകൊണ്ട് ജീവിതം രൂപപ്പെടുത്തി സ്രഷ്ടാവിന്റെ സാമീപ്യം കൊതിച്ചവരാണ് ഔലിയാക്കൾ. വിശ്വാസവും തികഞ്ഞ ഭയഭക്തിയും സമർപ്പണ ബോധവും വിലായ ത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. “അറിയുക, അല്ലാഹുവിന്റെ ഔലി യാക്കൾ ഭയചകിതരോ ദുഃഖിതരോ അല്ല. വിശ്വാസവും ഭക്തിബോധ വുമുള്ളവരാണവർ” (സൂറഃ യൂനുസ്: 62,63).

“വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരെ സച്ചരിതരിൽ നമ്മൾ ഉൾപ്പെടുത്തും” (അൻകബൂത്ത്: 9).


ആത്മീയത തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചൂഷണ വിധേയമാക്കപ്പെ ടുകയും ചെയ്യുന്ന ഇക്കാലത്ത് ഉപര്യുക്ത വചനങ്ങൾ ഏറെ വിചിന്ത നീയമാണ്. ഭയഭക്തിയും വിശ്വാസവും തന്നെയാണ് വിലായത്തിന്റെ മുഖമുദ്ര.

ഔലിയാക്കൾക്കിടയിൽ വിവിധ പദവികൾ ഉണ്ട്. “ജ്ഞാനിക ളെയും വിശ്വാസികളെയും അല്ലാഹു വിവിധ പദവിയിൽ ഉയർത്തും” (സൂറഃ മുജാദല: 11).

സ്വഹാബത്തിനുശേഷം ഔലിയാക്കളിൽ ഉന്നതർ ഖുത്വുബാണ്. പിന്നെ അഫ്റാദ്, ഔതാദ്, ശേഷം അബ്ദാല് (യവാഖീത്: 2/69).

ഖുത്വുബുകൾ ഔലിയാക്കളിലെ മഹോന്നതരാണ്. എന്നാൽ ശൈഖ് ജീലാനി ഖുത്വുബുൽ അഖ്ത്വാബ് (ഖുത്വുബുകളുടെ ഖുത്വു ബ്) ആണ്.

ശൈഖ് തന്നെ ഇക്കാര്യം തെര്യപ്പെടുത്തുന്നുണ്ട്. “ഞാൻ എത്രയോ മുമ്പുതന്നെ ആദരണീയ ഖുത്വുബായിട്ടുണ്ട്. ഭൗമസഞ്ചാര ത്തിനിടയിൽ എന്റെ നാമത്തെ അല്ലാഹു മഹത്വപ്പെടുത്തുകയും ചെയ്തു. ലോക ഖുത്വുബുകൾക്കിടയിൽ തന്നെ ഞാൻ ഖുത്വുബാണ്. ഞാൻ അവരിൽ രാജകിളിയും എല്ലാവരും എന്റെ പരിചാരകരുമാണ്” (ഫുതൂഹുൽ ഗൈബ്).



ചെന്ന് അന്വേഷിച്ചപ്പോൾ ശൈഖ് പറഞ്ഞ ദിവസവും പിതാവ് കുറിച്ചു വെച്ച തിയ്യതിയും ഒന്നായിരുന്നു(ബഹ്ജ).

ശൈഖ് അബൂഅംറിൽ മിസ്‌രി പറയുന്നു: ബഗ്ദാദിലേക്ക് ഞാൻ ശൈഖ് ജീലാനി തങ്ങളെ സന്ദർശിക്കാൻ ചെന്നപ്പോൾ ഇറാനിലെ ധാരാളം ശൈഖുമാർ അവിടെ ഉണ്ടായിരുന്നു. യമനിലെ അബൂകറമിൽ ഖസ്‌വീനിയുടെ ചാരത്തായിരുന്നു ഞാൻ ഇരുന്നത്.

സംസാരത്തിനിടയിൽ ശൈഖ് ജീലാനി(റ) പറഞ്ഞു: "എന്റെ പാദം എല്ലാ വലിയ്യിന്റെയും പിരടിയിലാണ്." ഇതുകേട്ട എല്ലാ ശൈഖുമാരും തല താഴ്ത്തിക്കൊടുത്തു. കൂട്ടത്തിൽ ഞാനും.

സദസ് പിരിഞ്ഞപ്പോൾ അബുൽ കറം എന്നോട് പറഞ്ഞു: ശൈഖ് ജീലാനിയുടെ ഈ പ്രഖ്യാപനത്തിൽ എല്ലാ ശൈഖന്മാരും തല താഴ്ത്തിക്കൊടുത്തെങ്കിലും ഇസ്ഫഹാനിലുള്ള ശൈഖ് അബൂബക്ർ അതു ചെയ്തില്ല. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ വിലായത്ത് പദവി നഷ്ടപ്പെട്ടിട്ടുണ്ട് (കിതാബുൽ ബഹ്ജ: 15).

# ശൈഖ് ജീലാനി

ഇതിൽ മറ്റൊരിടത്ത് ശൈഖ് ഇങ്ങനെയാണ് പറയുന്നത്: ഞാൻ എന്റെ പിതാക്കന്മാരുടെ മുതുകിൽനിന്ന് തന്നെ ഖുത്വുബായിരുന്നു.

"ബാവാ മുതുവിന്ന് ഖുത്വുബായി വന്നോവർ

വാനം അതേളിലും കേളി മികച്ചോവർ" (മാല).

ഉന്നത സ്ഥാനീയനായ ശൈഖവർകൾക്ക് മറ്റുള്ളവരുടെ വിലായത്ത് പദവി എടുത്തുമാറ്റാനും നൽകാനുമുള്ള അധികാരം വരെ ലഭിച്ചിട്ടുണ്ട്. "സ്രഷ്ടാവിലേക്ക് ഞാൻ ഏറെ അടുത്തപ്പോൾ ഔന്നിത്യദാനം എനിക്കവൻ നൽകി" (ഫുതൂഹുൽ ഗൈബ്).

"നിലയെ കൊടുപ്പാനും നിലയെ കളയാനും

നായൻ അവർക്കനുവാദം കൊടുത്തോവർ" (മാല).

ശൈഖ് അബൂത്വാലിബിൽ ഖുറശീ പറയുന്നു: ഞാനും എന്റെ പിതാവും ബസ്വറയിലെ പ്രശസ്ത പണ്ഡിതൻ ശൈഖ് അബൂ മുഹമ്മദ് എന്നവരെ സന്ദർശിക്കാൻ ചെന്നു. അദ്ദേഹം ശിഷ്യർക്ക് ക്ലാസെടുക്കുകയായിരുന്നു. പെട്ടെന്ന് ചിന്താനിമഗ്നനായി തല താഴ്ത്തി 'എന്റെ തലയിലും' എന്നവിടുന്ന് പറഞ്ഞു.

ക്ലാസിനു ശേഷം ശൈഖിനോട് വചനപ്പൊരുൾ തേടിയപ്പോൾ മറുപടി ഇങ്ങനെയായിരുന്നു: "ഇന്ന് ബഗ്ദാദിൽ വെച്ച് ശൈഖ് ജീലാനി ഇങ്ങനെ പറഞ്ഞിട്ടുണ്ട്. 'എന്റെ കാൽ എല്ലാ വലിയ്യിന്റെയും മേലെയാണ്'. ഭൂലോകത്തുള്ള എല്ലാ ശൈഖന്മാരും ഇതുകേട്ട് തല കുനിച്ചിട്ടുണ്ട്. കൂട്ടത്തിൽ ഞാനും." തിയ്യതി കുറിച്ചുവെക്കാൻ പിതാവ് മറന്നിരുന്നില്ല. പിന്നീട് ബഗ്ദാദിൽ

പിന്നീട് ശൈഖിനോട് മാപ്പപേക്ഷിച്ചപ്പോൾ പദവി തിരിച്ചു ലഭിക്കുകയും ചെയ്തു (ഖുത്വുബിയ്യത്ത്).

ചെറു പ്രായത്തിൽ തന്നെ ജീലാനിയിൽ കറാമത്ത് പ്രകടമായിട്ടുണ്ട്. മുലകുടി പ്രായത്തിൽ റമളാനിൽ മുപ്പത് നാളിലും പകലിൽ മുല കുടിക്കാത്ത സംഭവം പ്രശസ്തമാണ്.

ശിശു പ്രായത്തിൽ പശുവിനെ മേച്ച് നടന്നപ്പോൾ ഒരശരീരി കേട്ടത്രെ: "ഇതിനാണോ നിന്നെ പടച്ചത്?" അതുപോലെ ഒരിക്കൽ ഉറങ്ങുമ്പോഴും ഇതേ ചോദ്യം തന്നെ കേട്ടതായി ചരിത്രമുണ്ട് (മാല).

• നിങ്ങളും സംശയങ്ങളും

ചെറുശ്ശോല ജലീൽ സഖാഫി

# സ്ത്രീകളും ഡ്രൈവിംഗും

**സംശയം: ഹജ്ജിൽ നിർബന്ധമായ അറവ് ഇവിടെ നാട്ടിലുള്ളവരെ ഏൽപിച്ച് ഇവിടെ അറവ് നടത്തിയാൽ മതിയാവുകയില്ലേ? ഹജ്ജ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയതിനു ശേഷം അറുത്താൽ മതിയാകുമോ? മാംസം സ്വദഖ ചെയ്യൽ നിർബന്ധമുണ്ടോ? അവന് ഭക്ഷിക്കാമോ?**

**ബഷീർ വിളയിൽ**

**നിവാരണം:** ഹജ്ജ്-ഉംറകളിൽ നിർബന്ധമാകുന്ന അറവ് ഹറമിൽ വെച്ചു തന്നെ നടത്തലും അതിന്റെ മാംസവും തോലുമെല്ലാം പൂർണമായും ഹറമിലെ ഫഖീർ-മിസ്കീനുകൾക്ക് സ്വദഖ ചെയ്യലും നിർബന്ധമാണ്. ചുരുങ്ങിയത് മൂന്നു പേർക്കെങ്കിലും നൽകണം. ഹറമിലെ സ്ഥിരതാമസക്കാർക്കും മറ്റു നാടുകളിൽ നിന്ന് അവിടെ എത്തിയവർക്കും നൽകാവുന്നതാണ്. എന്നാൽ ഇഹ്സ്വാർ-ഹജ്ജിൽനിന്ന് തടയപ്പെട്ടത്-മൂലം നിർബന്ധമായ അറവ് ഹറമിൽ തന്നെ വേണമെന്നില്ല. തടയപ്പെട്ട സ്ഥലത്തുവെച്ച് അറവ് നടത്തി അവിടെത്തന്നെ വിതരണം ചെയ്താൽ മതിയാകുന്നതാണ് (തുഹ്ഫ: 4/198, നിഹായ: 3/359).

*****

**സംശയം: ഉള്ഹിയ്യത്തിനുവേണ്ടി മൃഗത്തെ തെരഞ്ഞെടുത്തതിന് ശേഷം ആ മൃഗത്തിന് ന്യൂനത ഉണ്ടായാൽ എന്ത് ചെയ്യണം? അതിനെ അറുത്താൽ മതിയാകുമോ?**

**ഫാറൂഖ് പള്ളിക്കുന്ന്**

**നിവാരണം:** ഇതിനെ ഉള്ഹിയ്യത്തറുക്കാൻ നേർച്ചയാക്കി എന്ന വിധത്തിൽ മൃഗത്തെ കൃത്യമായി നിർണയിച്ചുകൊണ്ട് നേർച്ചയാക്കിയ മൃഗമാണെങ്കിൽ ആ നേർച്ചക്ക് ശേഷം അവന്റെ വീഴ്ചകൊണ്ടല്ലാതെ സംഭവിക്കുന്ന ന്യൂനത പ്രശ്നമല്ല. ആ മൃഗത്തെത്തന്നെ അറുക്കേണ്ടതാണ്. അതിനെ അറുക്കുന്നതുകൊണ്ട്

**മറക്കൽ നിർബന്ധമായ ശരീരഭാഗങ്ങൾ മറക്കുകയും യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ പാലിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ സ്ത്രീ വാഹനമോടിച്ചു എന്നത് നിഷിദ്ധമല്ല.**

നേർച്ച വീടുന്നതും ഉള്ഹിയ്യത്ത് ലഭിക്കുന്നതുമാണ്. എന്നാൽ മൃഗത്തെ കൃത്യമായി നിർണയിക്കാതെ നേർച്ചയാക്കുകയും ആ നേർച്ചക്ക് വേണ്ടി മൃഗത്തെ വാങ്ങുകയും ചെയ്തതാണെങ്കിൽ പ്രസ്തുത മൃഗത്തിന്റെ ന്യൂനത വാങ്ങിയതിന് ശേഷം ഉണ്ടായതാണെങ്കിലും പ്രശ്നമാണ്. അതിനെ അറുത്താൽ മതിയാകുന്നതല്ല. ന്യൂനതയില്ലാത്ത മറ്റൊരു മൃഗത്തെ അറവ് നടത്തേണ്ടതാണ്. അപ്രകാരം തന്നെ സുന്നത്തായ ഉള്ഹിയ്യത്ത് ഉദ്ദേശിച്ച് വാങ്ങിയ മൃഗത്തിൽ വാങ്ങുമ്പോൾ ഉള്ള ന്യൂനതയും പിന്നീടുണ്ടായ ന്യൂനതയും ഉള്ഹിയ്യത്തിന് തടസ്സമാണ്. അതിനെ അറുത്താൽ ഉള്ഹിയ്യത്ത് ലഭിക്കുകയില്ല. (അവലംബം: തുഹ്ഫ: 9/351, 357).

*****

**സംശയം: വിവാഹിതയാകുന്നതോടെ സ്ത്രീകൾ സ്വന്തം പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കുന്ന പതിവുണ്ടല്ലോ. ഇത് നബി(സ്വ) നിരോധിച്ചതാണെന്നും ഹറാമാണെന്നും കേട്ടു. വിശദീകരിച്ചാലും?**

**റുഖിയത്ത് ക്ലാപ്പന**

**നിവാരണം:** പിതാവല്ലാത്ത മറ്റൊരാളിലേക്ക് ചേർത്തി പറയുന്നതിനെയും പിതാവല്ലാത്തവനെ പിതാവായി വാദിക്കുന്നതിനെയും ശക്തമായി നിരോധിക്കുന്ന പ്രമാണയോഗ്യമായ ഹദീസുകളുണ്ട്. വാസില(റ) നിവേദനം. റസൂലുല്ലാഹി(സ്വ) പറഞ്ഞു: ഒരാൾ പിതാവല്ലാത്ത മറ്റൊരാളിലേക്ക് ചേരുന്നതും കാണാത്ത സ്വപ്നം കണ്ടുവെന്ന് പറയുന്നതും അല്ലാഹുവിന്റെ റസൂൽ പറയാത്തത് അവിടുന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുന്നതും ഏറ്റവും അപകടകരമായ കളവുകളാകുന്നു (ബുഖാരി).

സഅ്ദ്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ഒരാൾ അറിഞ്ഞുകൊണ്ട് പിതാവല്ലാത്തവനിലേക്ക് ബന്ധം വാദിച്ചാൽ സ്വർഗം അവന് വിലക്കപ്പെട്ടതാകുന്നു (ബുഖാരി).

എന്നാൽ പിതാവല്ലാത്ത മറ്റൊരാളെ പിതാവായി വാദിക്കുന്നതും സ്വന്തം പിതാവിന്റെ പിതൃത്വം നിഷേധിക്കുന്നതുമാണ് പ്രസ്തുത ഹദീസുകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതെന്നാണ് ഇമാമുകൾ വിശദീകരിച്ചിട്ടുള്ളത്. ഉദാഹരണമായി ഇമാം നവവി(റ) എഴുതുന്നു: പിതാവല്ലാത്തവനിലേക്ക് ബന്ധം ചേർന്നു എന്നതിന്റെ വിവക്ഷ അവനെ പിതാവാക്കുക എന്നാകുന്നു (ശറഹ് മുസ്‌ലിം: 2/50).

അടിമയെ അവന്റെ യജമാനിലേക്ക് ചേർത്തി പറയാമെന്നും എന്നാൽ അത് പിതാവ്-പുത്രൻ എന്ന നിലയിലാവരുതെന്നും വിവിധ ഹദീസുകൾ സമന്വയിപ്പിച്ചുകൊണ്ട് ഹാഫിള് ഇബ്നു ഹജർ(റ) വ്യക്തമാക്കിയിട്ടുണ്ട് (ഫത്ഹുൽ ബാരി: 12/49).

ചുരുക്കത്തിൽ ഒരാളുടെ പേരിനൊപ്പം ഒരുദ്ദേശ്യത്തിലും പിതാവല്ലാത്ത മറ്റൊരാളുടെ പേര് ചേർക്കരുതെന്നല്ല ഹദീസുകളുടെ വിവക്ഷ; മറിച്ച് പിതാവല്ലാത്തവനെ പിതാവായി വിശേഷിപ്പിക്കുകയും വാദിക്കുകയും ചെയ്യുന്നതാണ് ഹദീസുകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളത്. അഥവാ ഒരു സ്ത്രീ സ്വന്തം പിതാവല്ലാത്ത മറ്റൊരാളെ-ഭർത്താവിനെയോ മറ്റോ-പിതാവായി വാദിക്കുന്നതും പിതാവും പുത്രിയും എന്ന വിധത്തിൽ ബന്ധം ചേർക്കുന്നതുമാണ് നിരോധിക്കപ്പെട്ടിട്ടുള്ളത്. അതില്ലാതെ ഭർത്താവാണ് എന്ന അർത്ഥത്തിൽ സ്വന്തം പേരിനൊപ്പം ഭർത്താവിന്റെ പേരെഴുതുന്നത് നിഷിദ്ധമാണെന്ന് ഹദീസുകളിൽ നിന്ന് മനസ്സിലാക്കുന്നത് ശരിയല്ല. കർമശാസ്ത്ര ഇമാമുകൾ അങ്ങനെ പറഞ്ഞതായി അറിയില്ല.

*****

**സംശയം: സ്ത്രീകൾ വാഹനമോടിക്കുന്നതിന്റെ വിധിയെന്താണ്? തെറ്റാണോ?**

**നിവാരണം:** മറക്കൽ നിർബന്ധമായ ശരീരഭാഗങ്ങൾ മറക്കുകയും സ്ത്രീ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ടതായ നിയമങ്ങൾ പാലിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ സ്ത്രീ വാഹനമോടിച്ചു എന്നത് നിഷിദ്ധമല്ല.

*****

**സംശയം: ഈച്ച, കൊതുക് തുടങ്ങിയവ വസ്ത്രത്തിൽ കാഷ്ടിച്ചിട്ടുണ്ടെങ്കിൽ ആ വസ്ത്രം ധരിച്ച് നിസ്കരിക്കാമോ?**

**എം.എസ്. താണിയേപ്പൻകുന്ന്**

**നിവാരണം:** അത്തരം ജീവികളുടെ കാഷ്ടത്തിന് ഇളവുണ്ട്. വസ്ത്രത്തിലോ ശരീരത്തിലോ നിസ്കരിക്കുന്ന സ്ഥലത്തോ അതുണ്ടായാലും നിസ്കാരം സ്വഹീഹാകുന്നതാണ് (ഫത്ഹുൽ മുഈൻ).


**പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉയർന്ന മാർക്ക് വാങ്ങാൻ മരുന്നില്ലാത്ത ചികിത്സ**

കോഴിക്കോട്: മരുന്നോ പാർശ്വഫലങ്ങളോ വലിയ പണച്ചെലവോ ഇല്ലാത്ത അക്യുപഞ്ചർ നാഡീ പരിശോധന ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. ഈ ചികിത്സകൊണ്ട് ശരീരത്തിന്റെ മൊത്തം രോഗപ്രതിരോധ ശേഷി വർധിക്കും. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, കിഡ്നിയിലെ കല്ല്, മൂത്രക്കല്ല് തുടങ്ങിയ രോഗങ്ങൾ തടയുന്നതിനും ചികിത്സിച്ച് സുഖപ്പെടുത്താനും അക്യുപഞ്ചർ നാഡീ ചികിത്സയിലൂടെ സാധിക്കും. വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, തലവേദന, ചെന്നിക്കുത്ത്, കഴുത്തുവേദന, കൈകാൽ മുട്ട് വേദന, ഊരവേദനകൾ, തരിപ്പുകൾ തുടങ്ങിയ ശരീരത്തിലെ എല്ലാ വേദനകളും, കൈകാൽ വിള്ളൽ, ടോൺസൺസ്, തൈറോയിഡ്, ചുമ, അലർജി, കഫക്കെട്ട് ഏതാണ്ടെല്ലാ രോഗങ്ങൾക്കും, എല്ലാ ലൈംഗിക ബുദ്ധിമുട്ടുള്ളവർക്കും, കുട്ടികളില്ലാത്തവർക്കും ഉറക്കത്തിൽ മൂത്രമൊഴിക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും, ഓർമശക്തി വർധിപ്പിക്കാനും ഈ ചികിത്സ ഉപകരിക്കും.

തിങ്കൾ മുതൽ വ്യാഴം വരെ രാവിലെ 7 മുതൽ ഉച്ചയ്ക്ക് 2 മണി വരെ.
അക്യുപങ്ചർ ക്ലിനിക്ക്
മിനി ബൈപാസ്, പഴയ സരോവരം ഹാളിനടുത്ത്, കോഴിക്കോട്

**വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9961566111**

ചിക്മാംഗ്ലൂർ: 08105979831
മംഗലാപുരം: 09341105842
കാസറഗോഡ്: 9895014111
പയ്യന്നൂർ: 9961566111
തളിപ്പറമ്പ്: 0460 2202441
തലശ്ശേരി: 9847534867
വടകര: 9446245751
ബാലുശ്ശേരി: 8086725581
ഫറോക്ക്: 8891208533

ഇസ്സുദ്ദീൻ പൂക്കോട്ടുചോല

# ബീവി മുആദഃ(റ)



ഇസ്ലാമിക ലോകത്ത് പ്രവാചകന്മാർ കഴിഞ്ഞാൽ പിന്നെ ഏറ്റവും ശ്രേഷ്ഠരായവർ സൂഫീ ജീവിതം നയിക്കുന്ന അല്ലാഹുവിന്റെ ഔലിയാക്കളാണ്. പരിശുദ്ധ ജീവിതം കാഴ്ചവെച്ച പ്രവാചകന്മാരുടേതു പോലുള്ള ആത്മീയ ജീവിതം തന്നെയാണ് ഔലിയാക്കളും നയിച്ചു കൊണ്ടിരിക്കുന്നത്. അമ്പിയാക്കൾ കാണിക്കുന്ന അമാനുഷിക സിദ്ധികൾ അഥവാ മുഅ്ജിസത്ത് തന്നെയാണ് ഫലത്തിൽ ഔലിയാക്കളും കറാമത്തെന്ന പേരിൽ കാണിച്ചു കൊണ്ടിരിക്കുന്നതും. എങ്കിലും അമ്പിയാക്കളും ഔലിയാക്കളും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ലോകത്ത് ജീവിച്ചു പോയ അമ്പിയാക്കളുടെ കൂട്ടത്തിലൊന്നും ഒരു പ്രാവാചകയെ നമുക്ക് ദർശിക്കാനാവില്ല. സ്ത്രീകളെ അല്ലാഹു പ്രവാചകന്മാരാക്കി നിയോഗിച്ചിട്ടില്ല എന്നതു തന്നെയാണതിനു കാരണം. ഔലിയാക്കൾ മറിച്ചാണ്. അവരുടെ കൂട്ടത്തിൽ പ്രശസ്തകളായ നിരവധി വനിതകളുണ്ട്. സൂഫീ വനിതകളിൽ പ്രസിദ്ധയായ മറിയം ബീവിയുടെ ചരിത്രം സാമാന്യം വിശാലമായിത്തന്നെ നിരവധി സ്ഥലങ്ങളിൽ ഖുർആൻ പറയുന്നുണ്ട്. ആത്മീയത മുറ്റിയ ജീവിതം കൊണ്ട് ചരിത്രത്തെ പുഷ്കലമാക്കിയ നിരവധി സൂഫീ വനിതകളെ ഇസ്ലാമിക ചരിത്ര ലോകത്ത് ദർശിക്കാനാകും. പുതിയ കാലത്തെ ഉമ്മമാർക്കും പെങ്ങന്മാർക്കുമൊക്കെ അനുധാവനം ചെയ്യാൻ ഉതകുന്ന മാതൃകാ ജീവിതം കാഴ്ചവെച്ചവരായിരുന്നു അവർ. നാമൊക്കെ നിസ്സാരമെന്ന് കരുതുന്ന കറാഹത്തുകളോടു പോലും വൻപാപങ്ങളെന്ന രീതിയിലായിരുന്നു ചരിത്രത്തിലെ ഈ ഉമ്മമാർ സമീപിച്ചിരുന്നത്.

### മുആദഃ ബിൻതു അബ്ദില്ലാഹിൽ അദവിയ്യ(റ)

ഇസ്ലാമിക ലോകത്തെ സൂഫീ വനിതകളിൽ പ്രമുഖയാണ് ബസ്വറയിൽ ജീവിച്ചിരുന്ന മുആദഃ ബിൻതു അബ്ദില്ലാഹിൽ അദവിയ്യ(റ). ആധ്യാത്മികതയുടെ നിസ്തുലമായ ഏടുകൾ അവിടുത്തെ ജീവിതത്തിൽ കാണാം.. ധന്യമായ ദിനരാത്രങ്ങളായിരുന്നു മഹതിയുടെ ജീവിതം മുഴുക്കെയും. ഓരോ ദിവസവും സൂര്യനുദിച്ചാൽ മുആദഃ(റ) പറയുമായിരുന്നുവത്രെ; ഇതെന്റെ മരണം സംഭവിക്കാനുള്ള പകലാണെന്ന്. തന്മൂലം ഐഹിക ജീവിതത്തിന്റെ ഒരു പ്രവർത്തനങ്ങളിലും മഹതി വ്യാപൃതയാവാറില്ല. വ്രതാനുഷ്ഠാനം കൊണ്ട് ശരീരത്തെ മെരുക്കിയെടുക്കലും തസ്ബീഹുകളും ഖുർആൻ പാരായണവും കൊണ്ട് നാവിനെ പച്ച പിടിപ്പിക്കലുമാണ് പകൽ മുഴുക്കെയുള്ള പണി.. സൂര്യനസ്തമിക്കുവോളം ഒരു പോള പോലും കണ്ണടക്കാറില്ല. സൂര്യനസ്തമിച്ചു കഴിഞ്ഞാൽ ഇങ്ങനെയും പറയും; ഈ രാത്രി എനിക്കു മൃതിയടയാനുള്ള രാത്രിയാണെന്ന്. തദനുസൃതം സൂര്യനുദിക്കും വരെയും ഇമവെട്ടാതെ കണ്ണിലെണ്ണയൊഴിച്ച് പ്രാർത്ഥനയുടെയും സാഷ്ടാംഗങ്ങളുടെയും നിമിഷങ്ങളായിരിക്കും. വല്ല കാരണവശാലും മാനുഷികമായ ശാരീരിക സമ്മർദ്ദങ്ങൾ കൊണ്ട് കണ്ണുകൾ നിദ്രയിലേക്ക് വഴുതിയാൽ ഞൊടിയിട കൊണ്ട് മഹതി ഞെട്ടിയുണരും. പിന്നെ ഉറക്കം കണ്ണുകളെ വിട്ടൊഴിയും വരെ വീടിന്റെ ഇടനാഴികയിലൂടെ അങ്ങു

മിങ്ങും നടന്നു കൊണ്ടേയിരിക്കും. ശരീരത്തോടായി ഇങ്ങനെ പറയുകയും ചെയ്യും:

"ഉറക്കം നിന്നെ കീഴ്പെടുത്താനായി കഠിന പ്രയത്നത്തിലാണ്.

അതിനു മുന്നിൽ നീ അടിയറവു പറയരുത്.

നിനക്ക് ചെന്നു കിടക്കാനുള്ള കല്ലറയിൽ നീ സന്തോഷവതിയായിരിക്കുമോ..?



അതോ പ്രാരാബ്ധങ്ങളുടെ കയ്പുനീർ കുടിച്ചിറക്കേണ്ടി വരുമോ?

എന്തായിരിക്കും നിന്റെ അവസ്ഥയെന്ന് നിനക്കറിയില്ലല്ലോ വിഡ്ഢിയായ ശരീരമേ.."

കണ്ണുകളോടായി ഇങ്ങനെയും പറയും;

"നിന്റെ കാര്യം അത്ഭുതം തന്നെ..

നിന്നെയെങ്ങനെ ഉറക്കം ബാധിക്കുന്നു..

മണ്ണറയിലെ കൂരാകൂരിരുട്ടിൽ ഒന്നും കാണാനാകാതെ എത്രകാലം നിനക്ക് കിടക്കേണ്ടി വരും?

നീ എന്തുകൊണ്ട് ചിന്തിക്കുന്നില്ല..?!

ചിന്തിച്ചാൽ നിനക്കുറക്കം വരില്ലല്ലോ..."

ഉഷ്ണകാലം വന്നു ചേർന്നാൽ മഹതി കട്ടിയേറിയ വസ്ത്രങ്ങളെടുത്തണിയുമത്രെ! ഉഷ്ണമേറ്റ് വിയർത്തൊലിച്ച് ഉറക്കം വരാതിരിക്കാനാണിത്. ശൈത്യകാലമെത്തിയാൽ നേരിയ വസ്ത്രങ്ങളായിരിക്കും മഹതിയുടെ വേഷം. തണുത്ത് മരവിച്ചാൽ പിന്നെ കൺപോളകളടയില്ലല്ലോ..

ഇങ്ങനെ ഉറക്കമൊഴിച്ചിരിക്കുന്ന ദിനരാത്രങ്ങൾ പുണ്യകർമ്മങ്ങൾ കൊണ്ട് സമ്പന്നമായിരിക്കും. ഒരു ദിവസം തന്നെ ചുരുങ്ങിയത് അറുന്നൂറ് റകഅത്ത് സുന്നത്ത് നിസ്കരിക്കാറുണ്ടായിരുന്നുവത്രെ മഹതിയായ മുആദഃ(റ). വിനയത്തിന്റെ ആൾരൂപമായി ജീവിതം മുന്നോട്ടു നയിച്ചവരായിരുന്നു മഹതി. നാഥനെ പേടിച്ച് ജീവിതത്തിലൊരിക്കൽ പോലും തലയുയർത്തി നോക്കിയിട്ടില്ലെന്ന് ചരിത്രം പറഞ്ഞു തരുന്നുണ്ട്. ഐഹിക ജീവിതത്തിന്റെ ഒരു സുഖാസ്വാദനങ്ങളെയും ആഗ്രഹിക്കാതെ നിഷ്കപടവും ധന്യവുമായ ജീവിതം നയിച്ചവരായിരുന്നു മുആദഃ(റ).

ജീവിതത്തിൽ തണിയായുണ്ടായിരുന്ന ഭർത്താവ് അബുസ്സ്വഹ്ബാഉം ഏക മകനും നാഥന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്ത് രക്ത സാക്ഷിത്വം വഹിച്ചു... കൂടെ യുദ്ധം ചെയ്തവരാരോ ചെന്നു തന്റെ പ്രിയതമനും ഏക പുത്രനും രക്തസാക്ഷിത്വം വരിച്ച വിവരം പറഞ്ഞു.. മുഖത്ത് തെല്ലും ഭാവമാറ്റങ്ങളൊന്നുമില്ലാതെ തെളിഞ്ഞ ചിരിയോടെ മഹതി പറഞ്ഞു:

"നാഥനാണ് സത്യം.. ക്ഷണികവും നശ്വരവുമായ ഈ ഭൗതിക ലോകത്ത് ഒരുമിച്ച് കഴിയണമെന്ന് ഒരിക്കൽ പോലും ഞാൻ താത്പര്യപ്പെട്ടിരുന്നില്ല. എന്റെ പ്രിയതമനും പൊന്നുമോനും വീട്ടിലേക്കു തന്നെ തിരിച്ചുവരണമെന്ന് ഞാൻ ആശിച്ചിരുന്നില്ല.. ഈ ദുൻയാവ് ചീഞ്ഞു നാറിയ ശവമാണെന്നല്ലേ ആരോമൽ മുത്ത് നബി(സ്വ) പഠിപ്പിച്ചത്.. ഭർത്താവിനെയും പൊന്നുമോനെയും ഞാൻ സ്വർഗ്ഗത്തിൽ വെച്ചു കാണും.. ആ പറുദീസയിൽ വെച്ച് കൺകുളിർക്കെ കാണാനും അവിടുത്തെ സന്തോഷത്തിൽ ആർമാദിക്കാനും അവിടെ ഭാര്യ ഭർത്താക്കന്മാരായി സൗഖ്യ ജീവിതം നയിക്കാനുമാണ് ഞാനാശിക്കുന്നത്..."

എന്തൊരു തെളിഞ്ഞ മനസ്സ്! ഉറ്റവരും ഉടയവരും വേർപിരിയുമ്പോൾ വേപഥു പൂണ്ട് മാറത്തടിച്ചു കരയുന്ന നമുക്കൊക്കെ മാതൃകയാണ് മഹതി മുആദഃ(റ). ഐഹിക ലോകത്തുള്ള ക്ഷണികമായ ജീവിതമല്ല യഥാർത്ഥ ജീവിതമെന്നും മരണത്തോ


# കഥാപ്രസംഗം

**ചിന്തിക്കാനും പഠിക്കാനും ലഹരിക്കെതിരെ ബോധവൽക്കരണം:**

**"മകളേ, നിനക്കുവേണ്ടി"**

**മറ്റു സാമൂഹ്യ വിഷയങ്ങളും ചരിത്ര കഥകളും സ്റ്റേജിൽ അവതരിപ്പിക്കുന്നു**

**ടി.എൻ. പുരം & പാർട്ടി: 9447239168**

ടെയാണ് ജീവിതം തുടങ്ങുന്നതെന്നുമുള്ള സത്യം ഉൾക്കൊണ്ടവരായിരുന്നു മഹതി. ഭർത്താവ് അബുസ്വഹ്ബാഇ(റ)ന്റെ വേർപാടിനു ശേഷം മഹതി ഒരിക്കൽ പോലും കിടക്കാനുള്ള പായയും തലയണയും നിവർത്തിയിട്ടില്ലത്രെ..! പിന്നീടുള്ള കാലം മുഴുവനും നിസ്കാരപ്പായയിൽ തന്നെയായിരുന്നു മഹതിയുടെ ജീവിതം.. തന്റെ ദാമ്പത്യ ജീവിതത്തിലേക്ക് കടന്നു വന്ന ഒരേയൊരു ഭർത്താവിനോട് ധാർമികമായി കൂറുപുലർത്തുന്ന സദ്വൃത്തയായൊരു ഭാര്യയെയും മുആദഃ(റ)യുടെ ഈ സംഭത്തിൽ നമുക്ക് ദർശിക്കാനാകും..

ഭർത്താവിന്റെ ജീവിത കാലത്ത് തന്നെ അദ്ദേഹത്തിന്റെ ചെറിയൊരു അസാന്നിധ്യമുണ്ടായാൽ അന്യപുരുഷന്മാരോട് കൊഞ്ചിക്കുഴയാനും അവരെ വശീകരിക്കാനും ഫോൺവിളിച്ചും ചാറ്റുചെയ്തും കീഞ്ചനവർത്തമാനങ്ങളും കിന്നാരങ്ങളും പൈങ്കിളി വാക്കുകളും പറയുന്ന ഉമ്മപെണ്ണുങ്ങന്മാരുണ്ടെങ്കിൽ, മഹതിയായ മുആദഃ(റ)യുടെ ഈ സുമനസ്സ് നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്.. ഒരുപാട് പകർത്താനുണ്ട് മഹതിയുടെ ജീവിതത്തിൽ..

മുആദഃ(റ)യുടെ ചരിത്രമുത്തുകൾ രേഖപ്പെടുത്തി വെച്ച ചരിത്രഗ്രന്ഥങ്ങളിൽ മഹതിയുടെ ധന്യമായ വഫാത്തിനെക്കുറിച്ച് പ്രതിപാദിക്കുന്നത് കാണാം.. മരണാസന്നയായ നേരം മഹതി കരയാൻ തുടങ്ങി..

"എന്തിനാണ് കരയുന്നത്..?"

കൂട്ടം കൂടിനിന്നവരിൽ ചിലർ ചോദിച്ചു. ധന്യമായ ജീവിതം നയിച്ചവരല്ലേ.. മരണ സമയത്ത് കരയാൻ മാത്രം എന്തുണ്ടായി.. കൂടി നിന്നവർക്കെല്ലാം ആശങ്കയായി.. പുഞ്ചിരിച്ച് മരിക്കേണ്ടവളാണ് മുആദഃ(റ).. പിന്നെന്താണിത്ര കരയാൻ.. വേദന കൊണ്ടോ മറ്റോ ആണോ?! മഹതി പ്രതിവചിച്ചു:

"ഇനിയെനിക്ക് കൂടുതൽ നിസ്കരിക്കാൻ അവസരം ലഭിക്കില്ലല്ലോ... നോമ്പു നോൽക്കാൻ പഴുതില്ലല്ലോ... തസ്ബീഹും സ്വലാത്തും ചൊല്ലാൻ മരണശേഷം സാധിക്കുമോ... ഈ ആധിയാണെന്നെ കരയിപ്പിക്കുന്നത്..!"

കൂടി നിന്നവർ അത്ഭുതം കൂറി...

അൽപം കഴിഞ്ഞ് മഹതി ചിരിക്കാൻ തുടങ്ങി.. തേജസ്സാർന്ന പുഞ്ചിരി.. ജീവിതത്തലൊരിക്കലും ഇത്രത്തോളം മഹതി ചിരിച്ചു കാണില്ല..

"മഹതിയെന്തിനാ ചിരിക്കുന്നത്... ഞങ്ങളോടു പറയുമോ..? അങ്ങയുടെ സന്തോഷത്തിൽ ഞങ്ങൾക്കും പങ്കു ചേരാമല്ലോ..." കൂടിനിന്നവർ ചോദിച്ചു.

"അതോ..? എന്റെ പ്രിയതമൻ അബുസ്സ്വഹ്ബാഇനെ ഞാനിപ്പോൾ കാണുന്നുണ്ട്..! അദ്ദേഹമിപ്പോൾ പറുദീസയിലാണ്... മുത്തുരത്നങ്ങൾ പതിപ്പിച്ച പടുകൂറ്റൻ മാളികയുടെ മുന്നിലാണ് മൂപ്പർ... പച്ചപ്പട്ടുടുത്ത് പുഞ്ചിരിച്ചാണ് നിൽപ്... എന്റെ ഭർത്താവ് ഇത്ര സുന്ദരനായിരുന്നോ... എന്തൊരു മൊഞ്ച്..! ഇഹലോകത്തു വെച്ച് അദ്ദേഹത്തെ ഇത്ര സുന്ദരനായി ഞാൻ കണ്ടിട്ടേയില്ല... ഞാനും പോകുന്നത് ആ സ്വർഗത്തിലേക്കാണല്ലോ... അവിടെച്ചെന്നാൽ എന്റെ പൊന്നുമോനെയും പ്രിയതമനെയും എനിക്ക് കാണാമല്ലോ..."

മഹാന്മാരൊക്കെ നമ്മെപ്പോലെ ജനിച്ചു വളർന്നവർ തന്നെയാണ്.. അവരെ ഇത്ര മഹോന്നതരാക്കിത്തീർത്തത് അവരുടെ ഹൃദയ ശുദ്ധിയും ആരാധനാ കർമ്മങ്ങളിലുള്ള താൽപര്യവുമായിരുന്നു.. ഈയൊരു താൽപര്യം തന്നെയാണ് മഹതി മുആദഃ(റ)യുടെ ഉദ്ധൃത വാക്കുകളിലും നിഴലിച്ചു കാണുന്നത്..

ഫാത്തിമ. എ

# ജ്ഞാനവും ധനവും

അർശിലെ പുലി എന്നപേരിൽ പ്രസിദ്ധനായ അലിയ്യുബ്നു അബൂത്വാലിബ്, വിജ്ഞാനത്തിന്റെ കവാടം എന്നും അറിയപ്പെടുന്നു.

ഒരിക്കൽ അലി(റ)വിന്റെ സദസ്സിലേക്ക് പത്ത് പണ്ഡിതന്മാർ കടന്നുവന്നു. ആദരവോടെ അവരെ സ്വീകരിച്ചിരുത്തിയ അലി(റ) അവരോട് ആഗമനോദ്ദേശ്യം ആരാഞ്ഞു.

അവർ പറഞ്ഞു: ഞങ്ങൾ പത്തുപേരുംകൂടി ഒരു ചോദ്യം ചോദിക്കും. എന്നാൽ ഉത്തരം പത്താൾക്കും വേണം. പറ്റുമോ?

പുഞ്ചിരി തൂകി അലി(റ) മറുപടി നൽകി: ഇൻശാ അല്ലാഹ്... ശ്രമിക്കാം. ചോദിക്കൂ...

അവരിലെ പ്രധാനി ചോദിച്ചു: ജ്ഞാനത്തിനു ധനത്തേക്കാൾ മഹത്വമേറുവാൻ കാരണമെന്ത്?

അലി(റ) ഒരു നിമിഷം പോലും വൈകിക്കാതെ ഉത്തരം തുടർന്നു:

1. ജ്ഞാനം പ്രവാചകന്മാരുടെ താവഴിയാണ്. ധനം ഫിർഔന്മാരുടെയും.

2. ജ്ഞാനം വർധിക്കുമ്പോൾ മിത്രങ്ങൾ കൂടുന്നു. ധനം വർധിക്കുമ്പോൾ ശത്രുക്കളാണു കൂടുന്നത്.

3. ജ്ഞാനിയെ ജ്ഞാനം കാക്കും. ധനത്തെ ധനവാൻ കാക്കണം.

4. ജ്ഞാനിക്ക് (അറിവ്) മറ്റുള്ളവർക്ക് നൽകുന്നതു സന്തോഷമായിരിക്കും. ധനികനു ധനം നൽകുന്നത് വിഷമമാവും.

5. ജ്ഞാനം മോഷ്ടിക്കാൻ പറ്റില്ല. ധനം മോഷ്ടിക്കപ്പെടും.

6. മരണത്തോടെ ധനം മറ്റൊരാളുടേതാവുന്നു. ജ്ഞാനം കൂടെയുണ്ടാവും.

7. ജ്ഞാനം മനസ്സിൽ വെളിച്ചം പകരുന്നു. ധനം ഇരുട്ടും.

8. ധനം വർധിക്കുമ്പോൾ അഹങ്കാരം കൂടുന്നു. ജ്ഞാനം വർധിക്കുന്തോറും വിനയമാണു കൂടുന്നത്.

9. ജ്ഞാനത്തിന് അതിരില്ല. ധനത്തിനു അതിരുണ്ട്.

10. ജ്ഞാനിക്ക് ഏത് ചുറ്റുപാടിലും ജീവിക്കാൻ പറ്റുന്നു. ധനികനു അത് പറ്റില്ല.

ഉത്തരങ്ങൾ കേട്ട് സന്തോഷത്തോടെ, സംതൃപ്തിയോടെ, പണ്ഡിതന്മാർ മടങ്ങിപ്പോയി. സദസ്യർ എല്ലാവരും അലി(റ)വിനെ അഭിനന്ദിച്ചു.

• നോവൽ

# 4 എല്ലാം മറക്കുന്ന പുഴ

ഹംസ ആലുങ്ങൽ

# കുറുമ്പുകാരിയെപ്പോലെ പുഴ

ആടി ഉലയുന്ന തോണിയുടെ ചലനത്തിനൊത്തുണ്ടാകുന്ന കുഞ്ഞുകുഞ്ഞു ഓളങ്ങൾ തീരം തേടുന്നത് നോക്കിയിരിക്കുമ്പോൾ അയാളുടെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. കടത്തുതോണി ഇളകിത്തുടങ്ങിയിട്ടില്ല. വരാനിരിക്കുന്ന യാത്രക്കാരെ കാത്തിരിക്കുകയാണ്. രണ്ടുമൂന്നുപേർ കടവത്തു നിൽപ്പുണ്ട്. അവരിൽ മുമ്പിലായിരുന്നു അയാൾ. ആളുകൾ നിറയാതെ മമ്മദ് തുഴക്കോലെടുക്കില്ല.

എത്രപെട്ടെന്നാണ് പുഴയുടെ മുഖം കലങ്ങിയത്. ഭാവം മാറിയത്. രാവിലത്തെ തെളിച്ചമല്ല ഉച്ചയ്ക്ക്. ഉച്ചയിലെ കലക്കമാകില്ല സന്ധ്യയിൽ. രാത്രിയിൽ ഇനി ഒരു പക്ഷേ വീണ്ടും മാറും ഭാവങ്ങൾ. ചാലിയാറിന്റെ കൈവഴിയായ പുഴ പശ്ചിമഘട്ടത്തിന്റെ താഴ്‌വരയിൽ നിന്നുത്ഭവിക്കുന്നതിനാൽ മലക്കുമുകളിൽ എപ്പോഴും മഴപെയ്യും. ചിലപ്പോൾ ഉരുൾപൊട്ടും. ഉഗ്രസ്വരൂപിണിയായി, കരയെ അതിക്രമിച്ച്, കണ്ണിൽകാണുന്നതെല്ലാം തച്ചുടച്ച് ഒരു കുറുമ്പുകാരിയെപ്പോലെ അപ്പോൾ പുഴ കുതിച്ചുപായും. പിന്നെ ഒന്നും അറിയാത്തവളെപ്പോലെ എല്ലാം മറന്ന്... സമാധാനത്തോടെ ഒഴുകുന്ന പുഴയുടെ മട്ടുമാറുക എപ്പോഴാണെന്ന് പറയാനാകില്ല.

ഇപ്പോൾ പുഴ വീണ്ടും നിറഞ്ഞിരിക്കുന്നു. മണൽതിട്ടകൾക്കരികിൽ വളർന്നിരുന്ന പടുവൃക്ഷങ്ങളെ പിഴുതെടുത്ത് ഒഴുകുന്നു.

“മലക്ക് മഴ പെയ്ത്ക്ക്ണ്. വെള്ളത്തിന് കലക്കല്ലാത്തത് അതോണ്ടാ”

-മമ്മദിന്റെ വിശദീകരണം.

ആളുകൾ പുഴയെ നോക്കിക്കൊണ്ടിരുന്നു. ഒഴുക്കിലുണ്ടാകുന്ന മാറ്റത്തെ തിരിച്ചറിഞ്ഞു. ഇനി അതിന്റെ ഗതിമാറ്റത്തെക്കുറിച്ച് മനസ്സിലാകാതെ മമ്മദ് തോണിയിറക്കില്ല. ഉരുൾപൊട്ടലോ കൊങ്ങൻ വെള്ളമോ ആണെങ്കിൽ അയാൾക്കൊറ്റയ്ക്ക് തോണിവിലങ്ങില്ല. ചിലപ്പോൾ കൈവിട്ടുപോയെന്നും വരും. ഇതുവരെ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് അയാൾ യാത്രക്കാർക്ക് മുന്നറിയിപ്പ് നൽകി.

“ഒരു പതിനഞ്ച് മിനുറ്റ് കഴിയട്ടെ. എല്ലാരും ഇവിടെ ഇരുന്നോളീൻ. വെള്ളത്തിന്റെ മട്ടറിയട്ടെ.”

എല്ലാവർക്കും തിരക്കുണ്ടായിരുന്നുവെങ്കിലും ആരും ഒന്നും പറഞ്ഞില്ല. ഇത് അയാളുടെ കുഴപ്പം കൊണ്ടല്ലല്ലോ. ചിലർക്ക് വെള്ളം നിറയുന്നത് കാണാനുള്ള കൗതുകമായിരുന്നു. ചിലർ വെള്ളം കുതിച്ചെത്തുന്ന പുഴയിലെ തോണിയിൽ കയറി യാത്രചെയ്യാനും ഭയപ്പെട്ടു.

അയാളുടെ മനസ്സും പുഴയുടേതുപോലെ കലങ്ങിമറിയുകയാണ്. ഇനി എങ്ങോട്ട് എന്നറിയാതെയാണ് അയാൾ കടവത്തേക്കു നടന്നത്. സൽമാന്റെ വീട്ടുകാർ വേണ്ട രീതിയിൽ പരിഗണിച്ചു. അവർക്കറിയുന്നതെല്ലാം പറഞ്ഞു തന്നു. അന്വേഷിച്ചാൽ ഉത്തരം കിട്ടാവുന്ന ചില വഴികളെക്കുറിച്ചും സൂചന തന്നു. അതിൽ അയാളെ ഏറെ ആഹ്ലാദിപ്പിച്ചത് അവർ ആ വിവരം പറഞ്ഞപ്പോഴാണ്.

“സൽമാക്ക് ഒരു കുട്ടിയുണ്ട്. ആൺകുട്ടി. അയാള് ഏതോ നാട്ടുകാരനായിരുന്നു. അയാള് ഇട്ടെറിഞ്ഞുപോയതാ. പിന്നെ വന്നിട്ടില്ല. ഇപ്പൊ ആ ചെറുക്കന് ഒരു പത്തു മുപ്പത് വയസ്സുണ്ടാകും. ഇന്റെ മോൻ ഈ വീടും പറമ്പും വാങ്ങുമ്പോ കുട്ടിക്ക് അഞ്ച് വയസ്സായിരുന്നു. പിന്നെ എപ്പളേങ്കിലുമൊക്കെ ഓലിബടെ വന്നിട്ടൊള്ളൂ.”

സൽമാന്റെ വല്ല്യുമ്മ പറഞ്ഞുകൊണ്ടേയിരുന്നു. അയാൾക്കതെല്ലാം പുതിയ വിവരങ്ങളായിരുന്നു. തനിക്ക് സൽമയിൽ ഒരു മകനുണ്ടത്രെ. ഈ ഭൂമിയിൽ തന്റെ അവകാശിയായി ഒരു മകൻ. ഇതിൽപ്പരം എന്തു സന്തോഷമാണ് ഉണ്ടാകാനുള്ളത്..? അവനിപ്പോൾ മുപ്പത് വയസ്സിനടുത്ത് പ്രായമുണ്ടാകുമത്രെ. അവനിപ്പോൾ എന്തുചെയ്യുകയാവും? ഇങ്ങനെയൊരാളെ അവൻ കണ്ടിട്ടില്ല. ജീവനോടെ ഉണ്ടെന്നും അറിയില്ല. ഉണ്ടെങ്കിൽ തന്നെ വെറുത്തിട്ടേയുണ്ടാകൂ. എപ്പോഴും ശപിച്ചിട്ടേയുണ്ടാകൂ. ജന്മം നൽകി

യാൽ മാത്രം ഉപ്പയാകില്ല
ല്ലോ. നാടുമുഴുവൻ
അലഞ്ഞു നടക്കുകയായി
രുന്നുവല്ലോ. വഴിതെറ്റി എ
ത്തിയ ഇടങ്ങളിൽ
നിന്നെല്ലാം രണ്ടോ
മൂന്നോ വിവാഹവും കഴി
ച്ചു. ആ ബന്ധങ്ങളി
ലൊന്നും ഒരവകാശി
ഉണ്ടായില്ല. അവിടെ
നിന്നൊന്നും സൽമയുടെ
സ്നേഹത്തിന്റെ സമൃദ്ധി
അനുഭവിക്കാനുമായില്ല.
അതുകൊണ്ടുതന്നെ
പുതിയ മേച്ചിൽപ്പുറങ്ങളി
ലേക്കുള്ള യാത്രയായിരു
ന്നു.

അറിഞ്ഞിരുന്നില്ല.
അറിയാക്കാൻ മേൽവിലാ
സവും നൽകിയിരുന്നില്ല
ല്ലോ. അന്വേഷിച്ചില്ല എന്ന
താകും നേര്. അറിഞ്ഞിരു
ന്നുവെങ്കിൽ എന്നേ
ഇവിടെ ഓടി എത്തുമായി
രുന്നു. ഓടിയെത്താൻ
വെമ്പിയപ്പോഴെല്ലാം
പിന്നോട്ടടുപ്പിച്ചതും
അവൾ തന്നെയായിരുന്നു.
മറ്റൊന്നുമല്ല. അവൾ
തീരെ ചെറുപ്പം. കാണാൻ
സുന്ദരിയും. ഇട്ടെറിഞ്ഞു
പോയയാളെ തിരസ്കരി
ക്കാൻ അവൾക്കും സ്വാത
ന്ത്ര്യമുണ്ടല്ലോ. ഒരി
ക്കൽപോലും അന്വേഷിച്ചു
വരികയോ ജീവിച്ചിരിക്കു
ന്നുവെന്നതിന്റെ അടയാള
ങ്ങൾ ശേഷിപ്പിക്കുകയോ
ചെയ്യാത്ത ഒരാളെ പ്രത്യേ
കിച്ചും. വീട്ടുകാരും
അവൾക്കായി പുതിയൊ
രാളെ കണ്ടെത്തിയിട്ടുണ്ടാ
കുമെന്നും കണക്കുകൂട്ടി.

എന്നാൽ അവൾ ഉപേ
ക്ഷിച്ചുപോയ ആളി
നെത്തന്നെ കാത്തിരിക്കു
കയായിരുന്നുവെന്നാണ്
ഈ ഉമ്മ പറയുന്നത്.
എത്രനാൾ..? അതുമാത്രം
അവർക്കറിയില്ല. മകന്
അഞ്ചു വയസ്സാകും വരെ
അവർ ഇടക്കിടെ ഇവിടെ
വന്നിരുന്നു. സുലൈമാനി
ക്കയുടെ മരണം വരെ
അവരുടെ ഭർത്താവും
അയാളുടെ ഉറ്റ ചങ്ങാതി
യായിരുന്നു. അവർ
കാണുകയും വിശേഷ
ങ്ങൾ കൈമാറുകയും
ചെയ്തു. സുലൈമാനിക്ക
യുടെ ഭാര്യ സൽമാന്റെ
ഉമ്മയുടെയും അടുത്ത
കൂട്ടുകാരിയായിരുന്നു.
അവർ തമ്മിൽ പിന്നെയും
ബന്ധം തുടർന്നു. ഇവിടെ
നിന്നും വീടുവിറ്റശേഷം
അവരുടെ വീടിനരികി
ലുള്ള വീട്ടിലായിരുന്നു
താമസം. അതു പത്തു



കിലോമീറ്റർ അപ്പുറത്തുള്ള മറ്റൊരു ഗ്രാമമാണ്. കല്യാണ വീടുകളിൽ നിന്നും വിവാഹാഘോഷങ്ങൾക്കിടയിൽ നിന്നും ആദ്യമൊക്കെ അവർ കണ്ടു. വിശേഷങ്ങൾ കൈമാറി. പിന്നീട് അതിന്റെ എണ്ണവും കുറഞ്ഞു. അഞ്ചു വർഷം മുമ്പ് അവരും മരിച്ചെന്ന വിവരമാണ് കിട്ടിയത്. ആ മരണാനന്തര ചടങ്ങിൽ അവരും പങ്കെടുത്തിരുന്നു. അന്നാണവർ സൽമയെ അവസാനമായി കണ്ടത്.

വേറൊരു കല്യാണത്തിന് സമ്മതിക്കാത്തതിനെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. പിന്നീട് ഓളെ ആരെങ്കിലും കെട്ട്യോന്നറിയൂല. ഇപ്പൊ എവടെണ്ടെന്നും. ഇന്റെ മോള് റസിയാക്കറിയായിരിക്കും. ഓല് ചെങ്ങായ്ച്ച്യാളായിരുന്നു.

റസിയ. ആ പേര് അയാൾക്കറിയാം. അവരെ കണ്ടിട്ടുമുണ്ട്. സൽമക്കൊപ്പം എപ്പോഴും കണ്ടിരുന്നവൾ. പലപ്പോഴും അവളെ തിരക്കിവന്നിരുന്ന കൂട്ടുകാരികളിൽ ഏറെ പരിചിതമായ മുഖം. അവർ ഇപ്പോൾ എവിടെയാകും? ആ ആകാംക്ഷയും അയാൾ ചോദിച്ചു.

“റസിയ ഇപ്പോ...?”

“ഓളും കുട്ട്യാളും ഗൾഫിലാ. രണ്ടു വർഷായി പോയിട്ട്. രണ്ടു മാസം കഴിഞ്ഞാ വെരുണ്ണ്ട്.”

ആ പ്രതീക്ഷയും അസ്തമിച്ചു. അതിനുത്തരം ലഭിക്കണമെങ്കിൽ രണ്ടുമാസം കൂടി കാത്തിരിക്കണം. മാത്രവുമല്ല അവർ ഗൾഫിലായതിനാൽ നാട്ടിലുള്ള സൽമയെക്കുറിച്ച് അവർക്കത്ര അറിവുണ്ടാകാനും സാധ്യതയില്ല. പത്തു കിലോമീറ്റർ അപ്പുറത്തുള്ള കൊടശ്ശേരി ഗ്രാമത്തിലേക്കുപോകാം. അവിടെയായിരുന്നല്ലോ സുലൈമാനിക്കയുടെ അവസാനകാലം. അദ്ദേഹം മണ്ണോട് ചേർന്നത് അവിടുത്തെ പള്ളിപ്പറമ്പിലല്ലേ. ഉമ്മയും അതേ പള്ളിപ്പറമ്പിലല്ലേ ഉറങ്ങുന്നത്. അതുകൊണ്ട് സൽമയും ആ പരിസരത്തെവിടെയെങ്കിലും ഉണ്ടാകും. അവിടംവിട്ട് അവൾ എവിടെപ്പോകാനാണ്. അടുത്ത യാത്ര അവിടേക്കുതന്നെ എന്നു തീരുമാനിച്ചാണ് അയാൾ ആ വീട്ടിൽ നിന്നിറങ്ങിയത്.

അതിനു മുമ്പേ അയാളെക്കുറിച്ചും ആ വീട്ടുകാർ ചോദിച്ചു. ആ ഉമ്മയെ അയാൾ മുമ്പ് കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. പക്ഷേ, അവർക്ക് തന്നെ മനസിലായിട്ടില്ല. അന്നത്തെ ചുറുചുറുക്കുള്ള യുവാവല്ലല്ലോ ഇന്നയാൾ. അന്നത്തെ തടിച്ചുകൊഴുത്ത ശരീരപ്രകൃതവുമല്ലല്ലോ ഇന്ന്. വർഷങ്ങൾക്കു മുമ്പേ ഇവിടംവിട്ടുപോയ വീട്ടുകാരിൽ പലരും മരിച്ചുമണ്ണടഞ്ഞശേഷം അവരെ തിരക്കിവരുന്നയാൾ ആരാണെന്നറിയാൻ ആർക്കായാലുമുണ്ടാകില്ലേ ആകാംക്ഷ. അതേ അവരും പ്രകടിപ്പിച്ചുള്ളൂ.

“ഇങ്ങള് സുലൈമാനിക്കാന്റെ ആരായിട്ട് വരും?”

ചോദ്യം നേരത്തെ പ്രതീക്ഷിച്ചിരുന്നതിനാൽ ഉത്തരവും കരുതിവെച്ചിരുന്നു. ആ കുടുംബത്തെ കബളിപ്പിച്ച് കടന്നുപോയ ആളാണെന്ന് പറയുമ്പോഴുണ്ടാകുന്ന മുഷിപ്പിൽ നിന്ന് രക്ഷപ്പെടാൻ നല്ലത് മറ്റൊരു മേൽവിലാസം തന്നെയാണ്. എന്നാൽ വിത്തും വേരും തിരക്കുന്നയാളിന് ആ കുടുംബവുമായി എന്തെങ്കിലും ബന്ധമില്ലാതിരിക്കാനും പാടില്ലല്ലോ. അതുകൊണ്ടു പറഞ്ഞു.

“ഇനിക്ക് ബന്ധമൊന്നൂല്ല. ഇന്റെ ഒരു ബന്ധുവായിരുന്നു മൂപ്പരുടെ മോളെ ആദ്യം കല്യാണം കഴിച്ചിരുന്നത്. ഓനൊരു തലയില്ലോത്താനാ. ഏതൊക്കെയോ നാട്ടിലൂടെയാ അലഞ്ഞത്. ഇപ്പൊതെണ്ടിത്തിരിഞ്ഞ് നാട്ടിലെത്തിയിട്ടുണ്ട്. ഓനൊരു ആഗ്രഹം. ഓലെപ്പറ്റി ഒന്നറിയണമെന്ന്. അന്വേഷിച്ചപ്പോ അയിലൊരു കുട്ടിയുള്ളതായും അറിഞ്ഞു. അതോണ്ടാ ഞാൻ വന്നത്.”



അവർ കൊടശ്ശേരിയിലേക്കുള്ള വഴി പറഞ്ഞുതന്നു. ഊണും കഴിപ്പിച്ചാണ് തിരിച്ചയച്ചത്. വല്ല വിവരവും ലഭിച്ചാൽ അറിയിക്കാനൊരു ഫോൺ നമ്പറും നൽകിയിട്ടുണ്ട്. അവിടുത്തെ നമ്പർ അയാളും വാങ്ങിവെച്ചു. എന്തെങ്കിലും വിവരം ലഭിക്കാൻ സാധ്യതയുള്ള ഗ്രാമത്തിലെ ചില വ്യക്തികളുടെ വിലാസവും ഫോൺ നമ്പറും തന്നു.

പുഴയുടെ ഒഴുക്ക് തന്റെ കൈപ്പിടിയിൽ ഒതുങ്ങാവുന്നതാണെന്ന് ബോധ്യമായപ്പോഴേ മമ്മദ് തുഴക്കോലെടുത്തുള്ളൂ. അപ്പോഴേക്കും യാത്രക്കാർ നിറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ഇളകിത്തുടങ്ങിയ തോണി അമർത്തിത്തുഴയുമ്പോൾ മമ്മദ് അയാളോടായി പറഞ്ഞു.

“ഇങ്ങള് അന്വേഷിച്ചോലെ കിട്ടിയോ?”

“ഇല്ല.”

“ന്നാ പോകല്ലിട്ടോ... ഒരു കാര്യം പറയാനുണ്ട്.”

– അയാൾ ആകാംക്ഷയോടെ കാത്തിരുന്നു. എന്തായിരിക്കും മമ്മദിന് പറയാനുണ്ടാവുക..?

(തുടരും)

● ഇതാണ് ഇസ്‌ലാം-4

മുഹമ്മദ് കുട്ടി ബാഖവി പെരുമുഖം

# പിഴക്കാത്ത വഴി

സ്രഷ്ടാവിന്റെ പ്രീതി ലഭിക്കുന്നതിനു വേണ്ടി ജീവിതമർപ്പിച്ച സത്യവിശ്വാസികൾ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും അനിർവചനീയമായ അനുഭൂതിയിൽ ആറാടുകയായിരിക്കും. മറുഭാഗത്ത് നടക്കുന്ന നാലുതരം സാക്ഷികൾ മുഖാന്തരം തെളിയിക്കപ്പെടുന്ന കുറ്റമറ്റ വിചാരണകളോ വിധിപ്രഖ്യാപനങ്ങളോ തുടർന്നു ഇരകൾക്കുണ്ടാകുന്ന വേവലാതികളോ അവർ അറിയുകയില്ല. മരണാനന്തര ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെല്ലാം റസൂൽ(സ്വ) പഠിപ്പിച്ചുതന്നിട്ടുണ്ട്. റസൂലിനെ ഖണ്ഡിക്കാനോ മറികടക്കാനോ മനുഷ്യവർഗത്തിൽപെട്ട ഒരാൾക്കും സാധ്യമല്ല.

മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള വിവരങ്ങളുടെ വിശ്വാസ്യത ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടിയാണ് പ്രപഞ്ച രഹസ്യങ്ങളെസ്സംബന്ധിച്ചും ഭൂമിയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെപ്പറ്റിയുമുള്ള കൃത്യമായ വിവരങ്ങളും പ്രവചനങ്ങളും ആറാം നൂറ്റാണ്ടിൽ വിശുദ്ധ ഖുർആനും തിരുനബി(സ്വ)യും നടത്തിയത്. അന്ത്യദിനം വരെയുണ്ടാകുന്ന സംഭവങ്ങളത്രയും ഖുർആനും റസൂലും പരാമർശിച്ചപ്പോൾ ഇനിയൊരു ഗ്രന്ഥത്തിന്റെയും നബിയുടെയും ആവശ്യകത ഇല്ലാതാകുകയായിരുന്നു. ആറാം നൂറ്റാണ്ടിൽ നടപ്പിൽ വരുത്തിയ നിയമങ്ങളും വിധിവിലക്കുകളും 21-ാം നൂറ്റാണ്ടിലും പ്രസക്തവും പ്രായോഗികവുമാണെന്ന കണ്ടെത്തലുകളും അന്ത്യപ്രവാചകനാണ് മുഹമ്മദ് നബി(സ്വ) എന്ന് നമ്മെ ബോധ്യപ്പെടുത്തിത്തരുന്നുണ്ട്.

വിലകുറഞ്ഞ പ്രലോഭനങ്ങളോ പ്രകോപനങ്ങളോ പ്രബോധന തന്ത്രമായി സ്വീകരിച്ച മതമല്ല ഇസ്‌ലാം. വ്യക്തമായ തെളിവുകളിൽ ആകൃഷ്ടരായി കടന്നുവരുന്നവർക്കും ആത്മാർത്ഥമായ അർപ്പണ സന്നദ്ധതയുള്ളവർക്കും മാത്രമേ ഈ മതത്തിൽ സ്ഥാനമുള്ളൂ. അത്ഭുത മനുഷ്യനാണ് മുഹമ്മദ് നബി(സ്വ). അല്ലാഹുവിന്റെ ദൂതനാണെന്നതിനാൽ അനേകം പ്രത്യേകതകളും നബി(സ്വ)ക്ക് കൊടുക്കപ്പെട്ടിട്ടുണ്ട്. അമ്പരപ്പിക്കുന്ന വിജ്ഞാന ശാഖകളുള്ള ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അനുഗൃഹീതരാണ് അതിനെ നെഞ്ചിലേറ്റിയവർ. ആദം നബി(അ) മുതൽ അവസാന നാൾ വരെയുണ്ടാകാവുന്ന മനുഷ്യരുടെ എണ്ണം കണ്ടെത്തുന്നതിന് ശാസ്ത്രലോകം ഇറങ്ങിത്തിരിക്കുകയാണെങ്കിൽ വിശുദ്ധ ഖുർആനിലെ രണ്ട് ആയത്തുകൾ ആ ദിശയിലേക്ക് സൂചന നൽകിയിട്ടുണ്ട് എന്നതാണ് ഇസ്‌ലാം മതവിശ്വാസികൾക്ക് അഭിമാനത്തോടെ പറയാനുള്ളത്.

വികസിത അഗ്രം തലയോട്ടിക്കുള്ളിലും വാൽ നട്ടെല്ലിലുമായി സ്ഥിതിചെയ്യുന്നതും ജലം നിറച്ച ഗദയോട് സാമ്യമുള്ളതും പന്ത്രണ്ട് ശതമാനം മുതൽ പതിനഞ്ച് ശതമാനം വരെ സക്രിയവും എൺപത്തി അഞ്ച് ശതമാനവും നിഷ്ക്രിയമായതുമായ തലച്ചോറുമായാണ് ഭൂമിയിൽ മനുഷ്യൻ സഞ്ചരിക്കുന്നത്. പതിനാറോ പതിനേഴോ ശതമാനം പ്രവർത്തിക്കുന്ന തലച്ചോറുള്ള ഒരാളുണ്ടാകുകയാണെങ്കിൽ അവൻ ലോകത്തിലെ ഒരത്ഭുത മനുഷ്യനായിരിക്കുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ഇത്രയും

ചെറിയ ശതമാനമുപയോഗിച്ചുകൊണ്ട് ഭൂമിയിൽ ജീവിതം അവസാനിപ്പിച്ചവർക്കും അല്ലാത്തവർക്കും സുഖകരമായ ജീവിതം നയിക്കുന്നതിന് ഈ പരിമിതി തടസ്സമായിട്ടില്ല. ശാരീരികമായ കഴിവുകളുടെ പരിധി മറികടക്കുവാൻ പൗരാണിക സമൂഹം മൃഗങ്ങളെയും മറ്റും ഉപയോഗപ്പെടുത്തിയപ്പോൾ ലോകത്തിന്റെ നാലതിരുകളും കൂട്ടിപ്പിടിച്ചുകൊണ്ട് കൈവെള്ളയിലൊതുക്കുവാനാഗ്രഹിക്കുന്ന നവസമൂഹം അതിനാവശ്യമായ മാധ്യമങ്ങളും കണ്ടുപിടിച്ചു ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. തലച്ചോറിന്റെ പ്രവർത്തനങ്ങളെ പന്ത്രണ്ടും പതിനാലും ശതമാനത്തിലൊതുക്കിക്കൊണ്ടുതന്നെ.

മരണംവരെ ഒരിക്കലും പ്രവർത്തിക്കാത്ത എൺപത്തിയഞ്ച് ശതമാനം മസ്തിഷ്കം ശരീരത്തിൽ പടച്ചുവെച്ചതിന്റെ ഉദ്ദേശ്യമെന്താണ്? പതിനാറോ പതിനേഴോ ശതമാനം മസ്തിഷ്കം പ്രവർത്തിക്കുന്നവൻ ഒരത്ഭുത മനുഷ്യനായിരിക്കുമെങ്കിൽ നൂറു ശതമാനവും പ്രവർത്തിക്കുന്നവന് ഏതെല്ലാം മേഖലകളിൽ എന്തെല്ലാം കഴിവുകളായിരിക്കും ഉണ്ടായിരിക്കുക. ഇത്തരം കഴിവുകളാർജ്ജിച്ച ഒരാളും ഉണ്ടായിട്ടില്ലെന്ന് ആർക്കെങ്കിലും പറയാനൊക്കുമോ? പ്രവാചകന്മാരുടെ വിശിഷ്യാ മുഹമ്മദ് നബി(സ്വ)യുടെയും മറ്റു മഹത്തുക്കളുടെയും ചരിത്രങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ട അസാധാരണ കാഴ്ചകളുടെയും കേൾവികളുടെയും അസാധ്യമെന്ന് വിശേഷിപ്പിക്കപ്പെട്ട സംഭവങ്ങളുടെയും പിന്നിൽ പൂർണമായും സക്രിയമായ തലച്ചോറിന്റെ പ്രവർത്തനങ്ങൾക്കും പങ്കുണ്ടായിരിക്കുമോ?

മസ്തിഷ്കമടക്കമുള്ള ശരീരം രൂപപ്പെടുന്നത് പ്രസവം നടക്കുന്നതിന്റെ ഏതാനും ആഴ്ചകൾക്ക് മുമ്പ് മാത്രമായതിനാൽ തലച്ചോറ് പൂർണമായും പ്രവർത്തിച്ചിരുന്ന കാലം കഴിഞ്ഞുപോയിട്ടുണ്ടെന്ന് കരുതാൻ ന്യായമില്ല. എന്നാൽ ആദിമ മനുഷ്യനായ ആദം നബി(അ)യെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തിത്തന്നപ്പോൾ അഗോചര വിഭാഗത്തിൽ നാം എണ്ണിപ്പോരുന്ന മലക്കുകളും ഇബ്‌ലീസുമായും അവക്ക് കണ്ടും കേട്ടുമുള്ള ബന്ധമുണ്ടായിരുന്നു എന്നതിൽതിന്ന് അവരുടെ മസ്തിഷ്കം പൂർണമായും പ്രവർത്തിച്ചിരുന്നതായി മനസ്സിലാക്കാവുന്നതാണ്. പുനർജനനിയായ മനുഷ്യരെസ്സംബന്ധിച്ച വിവരണങ്ങളിൽ നിന്ന് അവരുടെ കാഴ്ച, കേൾവി തുടങ്ങിയവയുടെ അത്ഭുതകരമായ കഴിവുകളും ചലനങ്ങളുടെ അമ്പരപ്പിക്കുന്ന വേഗതകളും വിവരിച്ചുതന്നതിൽനിന്ന് തലച്ചോറിനെ മരണാനന്തര ജീവിതത്തിന്റെ ആവശ്യത്തിന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് അനുമാനിക്കപ്പെടാവുന്നതാണ്. ചുരുക്കത്തിൽ നമ്മുടെ മസ്തിഷ്കവും നമ്മോട് പറയുന്നത് മരണാനന്തരം വിജയകരമായ ജീവിതത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്താനാണ്.

മൃതശരീരങ്ങൾക്ക് സംസാരമുണ്ടെന്നും മനുഷ്യനും ജിന്നുമൊഴികെയുള്ള സകല ജീവികളും അത് കേൾക്കുമെന്നുമുള്ള റസൂലിന്റെ വചനവും ഭൂകമ്പമടക്കമുള്ള പ്രകൃതിദുരന്തങ്ങൾ മനുഷ്യേതര ജീവികൾക്ക് കാലേക്കൂട്ടി അറിയുന്നതിന് കഴിവുണ്ടെന്നുള്ള കണ്ടെത്തലുകളും അവകൾ നൂറു ശതമാനവും പ്രവർത്തിക്കുന്ന മസ്തിഷ്കവുമായാണ് ഭൂമിയിൽ അധിവസിക്കുന്നതെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. മരണാനന്തരമുള്ള വിചാരണയും വിധി നടപ്പാക്കലും കഴിഞ്ഞശേഷം അവയെ മണ്ണാക്കി മാറ്റപ്പെടുമെന്ന് റസൂൽ(സ്വ) പറഞ്ഞിട്ടുണ്ട്. അതിനാൽ മനുഷ്യരെപ്പോലെ അവയ്ക്ക് മസ്തിഷ്കത്തെ നിഷ്ക്രിയമാക്കി ഈ ജീവിതത്തിൽ മാറ്റിവെക്കേണ്ടുന്ന ആവശ്യം വരുന്നില്ല.

നൂറ്റാണ്ടുകൾ പതിനാല് കഴിഞ്ഞിട്ടും വിശ്വാസാചാരങ്ങളിൽ വെട്ടിത്തിരുത്തലുകൾക്ക് വിധേയമാക്കാതെ ജനകോടികൾ നെഞ്ചിലേറ്റി നടക്കുന്ന, മൂലഗ്രന്ഥങ്ങൾക്ക് കൃത്യമായ വ്യാഖ്യാനങ്ങളും വിശദീകരണവും നൽകുന്ന പതിനായിരക്കണക്കിന് കനപ്പെട്ട ഗ്രന്ഥങ്ങൾ മതത്തിനും ലോകത്തിനും സമർപ്പിച്ച, അനേക ലക്ഷം അനുകരണീയരായ മഹത്തുക്കളെ മാനവ കുലത്തിന് സമ്മാനിച്ച പരിശുദ്ധ ഇസ്‌ലാം മതം അതിന്റെ തുടക്കത്തിലെന്നപോലെ അടിച്ചമർത്തപ്പെട്ട അവസ്ഥയിലേക്ക് നടന്നടുക്കുകയാണ്; ലോകം അവസാനത്തോടടുക്കുമ്പോൾ സത്യമതത്തിന്റെ ഗതി ഇങ്ങനെയായിരിക്കുമെന്ന മഹാനായ റസൂലിന്റെ പ്രവചനത്തെ അന്വർത്ഥമാക്കിക്കൊണ്ട്. ഒരു ഇസ്‌ലാമേതര ഭൂമിയാണ് ശത്രുക്കൾ സ്വപ്നം കാണുന്നതെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗത്തിലാണ് താമസിക്കുന്നത്. അതോടെ ലോകാവസാനം സംഭവിക്കുന്നു എന്നതാണ് കാരണം. വാഗ്ദത്തം ചെയ്യപ്പെട്ട, യാഥാർത്ഥ്യവും പുതിയതുമായ ജീവിതത്തിന് തുടക്കം കുറിക്കാൻ വേണ്ടി റസൂൽ(സ്വ) മുന്നറിയിപ്പ് നൽകിയ ലോകാവസാനത്തിന്റെ ലക്ഷണങ്ങൾ അനുഭവിച്ചുകൊണ്ടാണ് നാമിപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നത്.

ഒരാൺ പെണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യരെല്ലാം. അതിനാൽ ജാതി മത ഭേദമന്യേ സ്നേഹത്തോടെയും സഹകരണത്തോടെയും ജീവിക്കണമെന്നാണ് മതത്തിന്റെ നിലപാട്. ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് മതം അനുമതി നൽകുന്നില്ല. മതത്തിന്റെ വക്താക്കളായി രംഗത്ത് വരുന്നവരും കൊടിയ നാശങ്ങൾ സമൂഹത്തിൽ വിതക്കുന്നവരും ഇസ്‌ലാം മതത്തെപ്പറ്റി ഒന്നും പഠിക്കാത്തവരാണ്. ദീനിനെ ആഴത്തിൽ പഠിക്കാനും പ്രാവർത്തികമാക്കാനും മുസ്‌ലിംകൾ തയ്യാറായാൽ ലോകത്ത് ശാന്തിയും സമാധാനവും താനേ കൈവരും.

അത്ഭുതങ്ങളുടെ കലവറയായ വിശുദ്ധ ഖുർആനും വിസ്മയിപ്പിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയായ മുത്തുറസൂലുമാണ് മുസൽമാന്റെ മാർഗദർശകർ. അതുകൊണ്ടുതന്നെ അവർക്ക് പിഴവ് സംഭവിക്കുകയില്ല. ഈ മതത്തെ അടുത്തറിയുകയും അനുകരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാണ്. കണ്ണും കാതും ഖൽബും ശരിയായ ദിശയിലൂടെ ചരിപ്പിക്കുന്നവർക്ക് സത്യം ബോധ്യപ്പെടുന്നതിന് പ്രയാസം നേരിടുകയില്ല.

ഈ സത്യപ്രസ്ഥാനത്തിന്റെ ആധികാരികത ബോധ്യപ്പെടുത്തുന്ന എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങൾ ലോകമാകെ വ്യാപിച്ചുകിടക്കുന്നുണ്ട്. അല്ലാഹുവിന്റെ സൃഷ്ടി വൈഭവം ഓരോ വസ്തുവും നമ്മോട് വിളിച്ചു പറയുന്നുമുണ്ട്. ഉപയോഗപ്പെടുത്തണം നാം നമ്മുടെ ചിന്തയെ, കാഴ്ചയെ, കേൾവിയെ.

ഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തട്ടെ, ആമീൻ. ■

ത്വയ്യിബ് പെരുവള്ളൂർ



# പച്ചമീനിലും മാരക വിഷമോ?

പാചകം ചെയ്ത് രണ്ട് ദിവസം കഴിഞ്ഞിട്ടും മീൻകറി തിളച്ചുകൊണ്ടിരിക്കുന്നു. മൂവാറ്റുപുഴയിലെ സലീമിന്റെ വീട്ടിലുണ്ടായ സംഭവം പത്രങ്ങളിൽ വാർത്തയായിരുന്നു. മീൻകറിയിൽ നിന്നും ആവി പറക്കുന്നതും പാചകം ചെയ്ത ചട്ടി ചൂടായിക്കൊണ്ടിരിക്കുന്നതുമാണ് വീട്ടുകാരെയും നാട്ടുകാരെയും അതിശയിപ്പിച്ചത്. പാചകം ചെയ്ത അയലക്കറിക്ക് ചെറിയൊരു മധുരം തോന്നിയിരുന്നു. ശാരീരിക അസ്വസ്ഥതകളെ തുടർന്ന് സലീമിന്റെ ഭാര്യയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെന്നായിരുന്നു വാർത്ത. മീൻ കേടുകൂടാതിരിക്കാൻ ഉപയോഗിച്ച രാസവസ്തുക്കളും മീൻകറി പാചകം ചെയ്യാൻ ഉപയോഗിച്ച പദാർഥങ്ങളും തമ്മിലുള്ള പ്രതിപ്രവർത്തനമായിരിക്കാം കറി തിളക്കുന്നതിന് കാരണമെന്നായിരുന്നു ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ വിശദീകരണം. മത്സ്യത്തിൽ മായം ചേർക്കുന്നതുകൊണ്ടുണ്ടാകുന്ന അനാരോഗ്യ സംഭവങ്ങൾ ഒറ്റപ്പെട്ടതല്ല. മത്സ്യങ്ങൾ കേടുകൂടാതിരിക്കാൻ ഇത്തരം കുറുക്കുവഴികൾ തേടുന്നുണ്ടെന്ന് പലരും അറിയുന്നുമില്ല.

മാർക്കറ്റിൽ ചെന്നാൽ കണ്ണഞ്ചിപ്പിക്കുന്ന പച്ചമീൻ കൂമ്പാരം ആരെയും ആകർഷിക്കും. കടലിൽ നിന്ന് പിടിച്ചുകൊണ്ടുവന്നതേയുള്ളൂ എന്ന് തോന്നും. അത്രയും 'മോഡിഫൈ' ചെയ്താണ് മത്സ്യപ്പെട്ടികൾ മാർക്കറ്റുകളിലെത്തുന്നത്. പുതിയ മത്സ്യമെന്ന് പറഞ്ഞ് പറ്റിച്ചാണ് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത്. ട്രോളിംഗ് നിരോധന സമയത്താണെങ്കിൽ പറയുകയും വേണ്ട. മത്സ്യലഭ്യതയുടെ കുറവ് ചൂഷണം ചെയ്ത് മാസങ്ങൾക്ക് മുമ്പ് സ്റ്റോക്ക് ചെയ്തവയാണ് വിപണിയിൽ എത്തിക്കുക. ഈ കാലയളവിൽ മത്സ്യം കഴിച്ചതിനെ തുടർന്ന് ഛർദിയും വയറിളക്കവും പിടിപെട്ട് ചികിത്സ തേടുന്നവരുടെ എണ്ണം കൂടുതലാണ്. വിഷബാധയേറ്റവർ സ്വയം ആശുപത്രിയിൽ ചെന്ന് പരിഹാരം കാണുന്നു. ആയതിനാൽ സംഭവം പുറംലോകമറിയുന്നുമില്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ അറിയുന്നുവെങ്കലും നടപടിയെടുക്കാറില്ല. ചെക്ക് പോസ്റ്റുകളിലും പരിശോധന കാര്യക്ഷമമല്ല. മത്സ്യം എത്തിക്കുന്ന ഏജൻസികളുമായി ഉദ്യോഗസ്ഥർക്കുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് നടപടിയെടുക്കാത്തതിന് പിന്നിലെന്ന് പരക്കെ ആരോപണമുണ്ടെങ്കിലും ഈ ഭാഗത്തേക്ക് ആരും തിരിഞ്ഞുനോക്കാറില്ല.

മാർക്കറ്റുകളിൽ കിട്ടുന്ന മീനുകളിലധികവും അമോണിയ, അമോണിയം ക്ലോറൈഡ്, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയാണെത്തുന്നത്. മീനുകൾ ഏറെ നാൾ കേടുകൂടാതിരിക്കാനാണ് ഇത്തരം പ്രയോഗങ്ങൾ നടത്തുന്നത്. കാഴ്ചയിൽ ഫ്രഷെന്ന് തോന്നുകയും ചെയ്യും. ഐസിന്റെ ഫ്രീസിംഗ് മിക്സചറിനോടൊപ്പമാണ് രാസവസ്തുക്കൾ ചേർക്കുന്നത്. ഇവ നിറച്ച പ്ലാസ്റ്റിക് ട്രേകളിൽ മത്സ്യം സൂക്ഷിക്കുകയും ചെയ്യുന്നു. മൊത്തവിതരണക്കാരുടെ അടുത്ത് മീൻ എത്തുമ്പോൾ തന്നെ രാസപദാർഥങ്ങൾ മത്സ്യത്തിൽ കലർത്തിയിരിക്കും. ഇതാണ് ചെറുകിട കച്ചവടക്കാർക്ക് നൽകുന്നത്. വലിയ കണ്ടെയ്നറുകളിൽ മത്സ്യങ്ങൾ എത്തിച്ച ശേഷം മാർക്കറ്റുകളിലും ചെറിയ ഗുഡ്സ് ഓട്ടോകളിലുമാണ് വിൽപന പൊടിപൊടിക്കുന്നത്. അമോണിയ, അമോണിയം ക്ലോറൈഡ് രാസവസ്തുക്കൾ മനുഷ്യരിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാക്കുക. ഇവ കലർന്ന മത്സ്യങ്ങളുടെ ദീർഘ നാളെത്തെ ഉപയോഗം നാഡീവ്യൂഹത്തെ തകരാറിലാക്കും. കരൾ, വൃക്ക എന്നിവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ദഹന പ്രക്രിയയുടെ താളംതെറ്റിക്കും. ആന്തരിക രക്തസ്രാവം, വയറിളക്കം, ഛർദി, അലർജി, ചർമ രോഗങ്ങൾ തുടങ്ങിയവയും ഉണ്ടാകാൻ സാധ്യതയേറെയാണ്.

മൃതദേഹം അഴുകാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രാസപദാർഥമായ ഫോർമാലിൻ മത്സ്യത്തിൽ കലർത്തുന്നുണ്ട്. ഇത്തരം



മത്സ്യങ്ങൾ എത്ര കഴുകിയെടുത്താലും വേവിച്ചാലും ഫോർമാലിന്റെ അംശം നഷ്ടപ്പെടുന്നില്ല. മനുഷ്യന്റെ ആന്തരികാവയവങ്ങളെ തകരാറിലാക്കുന്ന രാസപദാർഥമാണിത്. ആരോഗ്യത്തിന് ഹാനികരമായ അമോണിയയായിരുന്നു മത്സ്യങ്ങൾ അഴുകാതിരിക്കാൻ മുമ്പ് ഉപയോഗിച്ചിരുന്നത്. അമോണിയ മത്സ്യത്തിൽ വിതറിയ ശേഷം അമോണിയം ചേർന്ന വെള്ളം ഐസാക്കി മത്സ്യത്തിൽ ഒഴിക്കലാണ് പതിവ്. ഇത്തരത്തിൽ അമോണിയം ചേർത്ത വെള്ളം ഉപയോഗിച്ചാലും ഒരാഴ്ചയിൽ കൂടുതൽ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയാറില്ല. ഇതോടെയാണ് ഫോർമാലിൻ ലായനി ഉപയോഗിച്ച് തുടങ്ങിയത്. മൊത്തവിതരണ കേന്ദ്രങ്ങളിലും ചില്ലറ വിൽപനക്കാർക്കും ഫോർമാലിൻ അടക്കമുള്ള രാസവസ്തുക്കൾ എത്തിക്കുന്ന സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കടപ്പുറത്തെ മണലിനൊപ്പം രാസവസ്തുക്കളും ഐസും അമിത അളവിൽ കൂട്ടിക്കലർത്തിയാണ് ചില്ലറ വിൽപന കേന്ദ്രങ്ങളിലെ മീൻ വിൽപന. മണൽ കലർത്തിയ മീൻ പുതിയതായി തോന്നുമെങ്കിലും പാകം ചെയ്ത് കഴിക്കുമ്പോൾ അസ്വസ്ഥത അനുഭവപ്പെടും. നല്ല മത്സ്യത്തോടൊപ്പം രാസവസ്തു കലർത്തിയ മത്സ്യവും ചേർക്കുന്നതിനാൽ നല്ലതും ചീത്തയും തിരിച്ചറിയാൻ പ്രയാസമാകും. മാർക്കറ്റുകളേക്കാൾ റോഡരികിലും വഴിയോരങ്ങളിലുമായി വാഹനങ്ങളിൽ കൊണ്ടുവന്നാണ് വിഷം കലർത്തിയ മത്സ്യം കൂടുതലായും വിറ്റഴിക്കുന്നത്. പൊതുവെ മാർക്കറ്റുകളിൽ പരിശോധന ഇല്ലെങ്കിലും നാട്ടിൻ പുറങ്ങളിൽ സധൈര്യം വിറ്റഴിക്കാം. തൂത്തുകുടി, മംഗലാപുരം, പനാജി എന്നിവിടങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന മീനുകളിൽ ഫോർമാലിന്റെ സാന്നിധ്യം ഉള്ളതായി കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിട്ടൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു.

മത്സ്യം ഫോർമാലിൻ ലായനിയിലിട്ട് സൂക്ഷിച്ചാൽ വർഷങ്ങൾ തന്നെ രൂപമാറ്റം സംഭവിക്കാതെ സൂക്ഷിക്കാമെന്ന് വിദഗ്ധർ പറയുന്നു. വലിപ്പവും ആകർഷണീയതയും ഉണ്ടാവാൻ അമോണിയവും ഉപയോഗിക്കുന്നു. തുടർച്ചയായി മായം കലർത്തിയ മത്സ്യം കഴിക്കുന്നവർക്ക് ക്യാൻസർ അടക്കമുള്ള മാരക രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

## നാട്ടിൻപുറങ്ങളും ഒഴിവാകുന്നില്ല

പാടശേഖരങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്ന പലവിധ കീടനാശിനികളുടെയും അവശിഷ്ടങ്ങൾ പുറത്തേക്ക് ഒഴുക്കിവിടുന്ന വെള്ളത്തിലൂടെ തോടുകളിൽ എത്തുന്നുണ്ട്. ഇവ മത്സ്യ സമ്പത്തിന് ഭീഷണിയാണ്. കടുത്ത ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നു.

വിഷക്കായ അരച്ച് തുരിശ്, ഫ്യൂറഡാൻ, മണ്ണെണ്ണ എന്നിവയുമായി ചേർത്ത് നഞ്ച് മിശ്രിതം തയ്യാറാക്കി തോടുകളിൽ ഒഴുക്കി മീൻ പിടിക്കുന്നുമുണ്ട് ചിലയിടങ്ങളിൽ. മീൻ കൂടുതലായി കാണപ്പെടുന്ന ഭാഗത്ത് ഇത് കലർത്തും. വലയിൽ കുടുങ്ങാത്ത മീനുകൾ വിഷമേറ്റ് ചത്തുപൊങ്ങും. വിഷം പടർന്ന വെള്ളത്തിൽ കുളിക്കുന്നവർക്ക് ചൊറിച്ചിലും പുകച്ചിലുമായിരിക്കും ഫലം. പുഴകളിൽ ജലനിരപ്പു കുറയുമ്പോൾ ഇത്തരം പ്രവർത്തികൾ നടക്കുന്നുണ്ട്. സമീപത്തെ കിണറുകളിലേക്കും രാസപദാർഥങ്ങളുടെ അംശങ്ങളും വ്യാപിക്കുമെന്നതിനാൽ മനുഷ്യന്റെ ആരോഗ്യത്തിന് ഇത് ഹാനികരമാണ്. ഇതിന് പുറമേ മത്സ്യങ്ങളുടെ വംശനാശത്തിന് ഭീഷണിയാണ് ഇത്തരം വിഷം കലർത്തിയുള്ള മീൻ പിടുത്തം.

## ഉണക്കമീനും സുരക്ഷിതമല്ല

കോട്ടയത്ത് ഉണക്കമീൻ കഴിച്ച് വളർത്തുനായ ചത്ത സംഭവത്തെത്തുടർന്ന് ഒരു ചാനൽ നടത്തിയ അന്വേഷണത്തിൽ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. ഇരുപത് ശതമാനത്തിൽ താഴെമാത്രം മത്സ്യ ലഭ്യതയുള്ള കേരളത്തിൽ മലയാളിക്ക് ആവശ്യമായ പകുതിയിലധികം മത്സ്യങ്ങളും എത്തുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്.

കേരളത്തിലേക്ക് മത്സ്യമെത്തിക്കുന്ന തമിഴ്നാട്ടിലെ നാഗപട്ടണത്ത് നടത്തിയ അന്വേഷണം വിരൽ ചൂണ്ടുന്നത് ശുദ്ധമായ ഉണക്കമീനുകളൊന്നും ഇവിടെ എത്തുന്നില്ലെന്നതാണ്. നല്ല മത്സ്യങ്ങൾ വാഹനത്തിൽ കയറ്റിയ ശേഷം അഴുകിയവ തരംതിരിച്ച് കൂട്ടിയിടുന്നു. ഇടക്ക് അതിൽ ഉപ്പ് വിതറും. തിരക്കൊഴിഞ്ഞ ശേഷം രണ്ട് കിലോമീറ്റർ അപ്പുറത്തുള്ള അക്കരപ്പേട്ടയിലെ കണ്ടാൽ അറക്കുന്ന മാലിന്യ വെള്ളത്തിൽ കൊണ്ടുപോയി വെറുതെയൊന്ന് മുക്കിയെടുക്കും. അതുകഴിഞ്ഞ് നായയും മറ്റു ജീവികളും നിരന്തരം സംഹാര താണ്ഡവമാടുന്ന വെറും മണ്ണിൽ മൂന്ന് ദിവസം ഉണക്കാനിടും. ശേഷം കേരളത്തിലേക്ക് കയറ്റിവിടുന്നു. ഇവയാണ് മലയാളികളുടെ തീൻമേശയിലേക്ക് പൊരിഞ്ഞെത്തുന്നത്.

മുമ്പൊക്കെ ഉണക്കമീനിന് വില കുറവായിരുന്നു. എന്നാൽ ഇന്ന് ഇവയുടെ വിലകേട്ടാൽ തരിച്ചുപോകും. നല്ല മത്സ്യങ്ങളൊക്കെ വിദേശത്തേക്ക് കയറ്റി അയച്ച് ബാക്കിവരുന്ന ചീഞ്ഞളിഞ്ഞവയാണ് ഇവിടെ ഉപ്പ് വിതറിയുണക്കി ഉണക്കമീനായി വിൽക്കുന്നത്.

മീൻ വിഭവങ്ങളൊന്നുമില്ലാതെ മലയാളികൾക്ക് പൊതുവെ ചോറ് ഇറങ്ങില്ല. എങ്കിലും മാരക വിഷം കലർന്ന മീനാണ് നമുക്ക് മുമ്പിലെത്തുന്നതെന്ന തിരിച്ചറിവിലൂടെ ഇവ കഴിക്കുന്നത് നിയന്ത്രിച്ചാൽ ഇവമൂലമുണ്ടാകുന്ന രോഗങ്ങളിൽ നിന്നും മുക്തി നേടാം.

● ഖുർആൻ പാഠശാല

അബ്ദുറഹ്മാൻ ദാരിമി, സീഫോർത്ത്

# കേവലാക്ഷരങ്ങളുടെ രഹസ്യം

അലിഫ്, ലാം, മീം കൊണ്ടാണ് അൽ ബഖറ തുടങ്ങുന്നത്. ഇത്തരം കേവലാക്ഷരങ്ങൾ ഖുർആനിലെ ഇരുപത്തിയൊമ്പത് സൂറത്തുകളുടെ ആമുഖത്തിൽ കാണാൻ കഴിയും. അറബി അക്ഷരമാലയിലെ ഇരുപത്തിയെട്ട് അക്ഷരങ്ങളിൽ നിന്ന് പതിനാല് അക്ഷരങ്ങളാണ് തുടർന്നുള്ള ആയത്തുകളുമായി അർത്ഥപരമായി പ്രകടമായ ബന്ധമില്ലാതെയും ഘടനാ ബന്ധമില്ലാതെയും കാണപ്പെടുന്നത്. അലിഫ്, ലാം, മീം, സ്വാദ്, റാഅ്, കാഫ്-ഹാ-യാ-ഐൻ-ത്വാഅ്, സീൻ, ഹാഅ്, ഖാഫ്, നൂൻ എന്നീ പതിനാല് അക്ഷരങ്ങളാണവ. പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം "അൽ-ഹുറൂഫുൽ മുഖത്വഅ" (മുറിഞ്ഞ് നിൽക്കുന്ന അക്ഷരങ്ങൾ) എന്നാണ് ഇവക്ക് നാമകരണം നൽകിയിട്ടുള്ളത്. ചില സൂറത്തുകളുടെ ആമുഖത്തിൽ ഒന്നും ചിലതിൽ രണ്ടും എന്നാൽ മൂന്നെണ്ണമുള്ളതും ചിലതിൽ നാലും അഞ്ചുമായും കാണാനാവും. ചില അക്ഷരങ്ങൾ ഒന്നിലധികം സൂറത്തുകളിൽ ആവർത്തിക്കപ്പെട്ടിട്ടുമുണ്ട്. അറബി അക്ഷരങ്ങളുടെ സവിശേഷതകളായ മഹ്മൂസ്, റിഖ്വത്ത്, ശിദ്ദത്ത്, ഇത്വ്ബാഖ്, ഇസ്തിഅ്ലാഅ്, ഖൽഖലത്ത് എന്നിവയുടെ പകുതി ഭാഗമാണ് ഖുർആനിന്റെ ആമുഖത്തിൽ കൊണ്ടുവന്നിട്ടുള്ള കേവലാക്ഷരങ്ങൾ. മഹാന്മാരായ ഖുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിഭാഗം പേരും ഇവയുടെ അർത്ഥ തലങ്ങൾ വിശദീകരിക്കാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തിട്ടുള്ളത്. മഹാന്മാരായ ജലാലുദ്ദീൻ സുയൂത്വി(റ), ജലാലുദ്ദീൻ മഹല്ലി(റ) തുടങ്ങിയവർ അവയുടെ ഉദ്ദേശ്യം അല്ലാഹുവിന്നറിയാം എന്നെഴുതി വെക്കുകയാണുണ്ടായത്. മുതശാബിഹ്(തിരിച്ചറിയാൻ കഴിയാത്തത്) ആയ ആയത്തുകൾ എന്ന നിലയിലാണ് അവർ അതിനെക്കണ്ടത്. മഹാന്മാരായ ഖുലഫാഉ റാശിദുകൾ(അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ), അബ്ദുല്ലാഹിബ്നു മസ്ഊദ് തുടങ്ങി സ്വഹാബി പ്രമുഖർ ഈ പക്ഷക്കാരാണ്. സുഫ്യാനുസ്സൗരി അടക്കമുള്ള താബിഈ പ്രമുഖരും നിരവധി ഹദീസ് പണ്ഡിതന്മാരും ഈ നിലപാടാണ് സ്വീകരിച്ച് കാണുന്നത്. മറ്റ് ചില പണ്ഡിതന്മാരുടെ വീക്ഷണം 'ഇത്തരം അക്ഷരക്കൂട്ടുകളിൽ ചില സൂചനകളും രഹസ്യങ്ങളും ഉണ്ടെന്നും ഇലാഹീ അനുഗ്രഹവും ആലോചനാശേഷിയുമുള്ള സൗഭാഗ്യർക്ക് അത് മനസ്സിലാക്കാൻ കഴിയുമെന്നു'മാണ്. ആ നിലയിൽ നിരവധി അർത്ഥതലങ്ങൾ ഈ അക്ഷരക്കൂട്ടുകൾക്ക് ഖുർആൻ വ്യാഖ്യാതാക്കൾ നൽകിയിട്ടുണ്ട്.

ഒരർത്ഥം ഇങ്ങനെ: ഖുർആനിന്റെ അസ്തിത്വം ചോദ്യം ചെയ്ത നിഷേധികളോടുള്ള അർത്ഥഗർഭമുള്ള ചോദ്യമാണ് ഈ അക്ഷരങ്ങൾ. അറബി സാഹിത്യത്തിന്റെ അത്യുന്നതങ്ങളിൽ അഭിരമിക്കുന്നവർക്ക് തങ്ങളുടെ അടുത്തുള്ള അലിഫും ലാമും മീമും സ്വാദും റാഉം എല്ലാം കൂട്ടിയിട്ട് ഖുർആനിന് തത്തുല്ല്യമായ ഗ്രന്ഥമോ, ഖുർആനിലെ ഒരദ്ധ്യായത്തോട് കിടപിടിക്കുന്ന അധ്യായമോ കൊണ്ടുവരാൻ എന്തുകൊണ്ട് കഴിയുന്നില്ല? ബൈളാവി, മുബർറദ് തുടങ്ങി നിരവധി പേർ ഈ വീക്ഷണം പറഞ്ഞിട്ടുണ്ട്. ഈ വീക്ഷണത്തിന് സ്വീകാര്യതയും പിൻബലവും ലഭിക്കുന്ന ഒരു സംഗതിയുണ്ട്. ഖുർആനിൽ ഈ അക്ഷരങ്ങൾ കൊണ്ട് ആരംഭിച്ച ഇരുപത്തിയൊമ്പത് സൂറത്തുകളിലെ ഇരുപത്തി അഞ്ചെണ്ണവും ഖുർആനിന്റെ അമാനുഷികത ബോധ്യപ്പെടുത്തുന്ന വാക്യങ്ങളാണ് ഈ അക്ഷരങ്ങൾക്ക് ഉടനെ കൊണ്ടുവന്നിട്ടുള്ളത്. മർയം, റൂം, അൻകബൂത്ത്, നൂൻ എന്നീ സൂറത്തുകൾ മാത്രമാണ് ഇവയിൽ നിന്നൊഴിവുള്ളത്. ഉദാഹരണത്തിന് സൂറത്തുൽ ബഖറയിൽ അലിഫ്, ലാം, മീം എന്നതിന്റെ ഉടനെ "ദാലികൽ കിതാബു" (ആ ഗ്രന്ഥത്തിൽ ഒരു സംശയവുമില്ല) എന്നാണ് പറയുന്നത്. തൊട്ടടുത്ത സൂറത്തു ആലു ഇംറാനിലും അലിഫ്, ലാം, മീമിന് ശേഷം ഖുർആനിനെത്തന്നെയാണ് പരിചയപ്പെടുത്തുന്നത്.

മഹാനായ ഇബ്നു ജരീർ ഇബ്നു അബ്ബാസിൽ നിന്നും ഇക്രിമ(റ)യിൽ നിന്നും ഉദ്ധരിക്കുന്നത്, ഇത്തരം അക്ഷരങ്ങൾ അല്ലാഹുവിന്റെ നാമങ്ങളാണെന്നും അവ കൊണ്ട് സത്യം ചെയ്യുകയാണെന്നുമാണ്. അലിഫ്, ലാം, മീം 'ഇസ്മുൽ അഅ്ളം'(അല്ലാഹുവിന്റെ ഉത്തമ നാമം) ആണെന്നാണ് മഹാനായ അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ പക്ഷം. അലി(റ) യാ കാഫ് ഹാ യാ ഐൻ സ്വാദ്, യാ ഹാമീം ഐൻ സീൻ ഖാഫ് എന്നിങ്ങനെ അല്ലാഹുവിനെ വിളിക്കാറുണ്ടായിരുന്നു. ഖുർആനിന്റെ പേരുകളാണെന്നാണ് പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കളായ ഖതാദ, മുജാഹിദ്(റ) തുടങ്ങിയവർ അഭിപ്രായപ്പെട്ടത്. മഹാന്മാരായ ചില പണ്ഡിതന്മാരുടെ വീക്ഷണം ഇങ്ങനെ കാണാം: ഖുർആനിന്റെ ആമുഖത്തിൽ കാണപ്പെടുന്ന ഇത്തരം കേവലാക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന സൂറത്തുകളിൽ പ്രസ്തുത അക്ഷരങ്ങൾ കൂടുതലായി കാണപ്പെടും. ഉദാഹരണത്തിന് 'ഖാഫ്' കൊണ്ട് തുടങ്ങുന്ന സൂറത്തിൽ ഖാഫ് ഉൾക്കൊള്ളുന്ന പദങ്ങൾ കൂടുതലുണ്ട്. (ഉദാ: ഖൗൽ, റഖീബ്, ഖുർആൻ, തൻഖുസ്വു, അൽഖയ്നാ, ബാസിഖാത്ത്, ഖൽബ്.....). 'സ്വാദ്' കൊണ്ട് തുടങ്ങുന്ന അദ്ധ്യായത്തിൽ സ്വാദിന്റെ വർദ്ധനവും(ഉദാ: മനാസ്വ്, ഇസ്ബിറൂ, അസ്ഹാബു,

സ്വയ്ഹത്ത്, ഫസ്ല്, ഖസ്മ്.......). അലിഫ്, ലാം, റാഅ് തുടങ്ങിയ അദ്ധ്യായത്തിൽ ഈ മൂന്ന് അക്ഷരങ്ങളും ഉൾക്കൊള്ളുന്ന പദങ്ങൾ 220 എണ്ണം വന്നിട്ടുണ്ട്. ഈ നിലക്ക് ഓരോ അക്ഷരക്കൂട്ടുകളെയും കണക്കാക്കാൻ കഴിയും.

ഇബ്നുഖയ്യിം വിവക്ഷിക്കുന്നത് ഇങ്ങനെയാണ്: അലിഫ്, ലാം, മീം എന്നീ അക്ഷരങ്ങൾ മഖ്റജുകളുടെ മൂന്ന് ഇടങ്ങളിൽ നിന്നാണ് പുറപ്പെടുന്നത്. അലിഫ് ചങ്കിൽ നിന്നും ലാം നാവിൽ നിന്നും മീം രണ്ട് ചുണ്ടുകളിൽ നിന്നും. ഇതിന്റെ താൽപര്യം സൃഷ്ടിപ്പിന്റെ ആദ്യവും മധ്യവും അന്ത്യവും ബോധ്യപ്പെടുത്താനാണ്. ഈയൊരു അർത്ഥ തലത്തിലാണ് അലിഫ്, ലാം, മീം കൊണ്ട് ആരംഭിച്ച മുഴുവൻ അദ്ധ്യായങ്ങളും സംസാരിക്കുന്നത്. ജീവന്റെ സൃഷ്ടിപ്പിന്റെ തുടക്കവും മധ്യഭാഗവും അവസാനവും പ്രസ്തുത അദ്ധ്യായങ്ങൾ വിവരിക്കുകയും അവക്ക് ആവശ്യമായ ലക്ഷ്യങ്ങൾ നിരത്തുകയും ചെയ്യുന്നുണ്ട്. സൂറത്തുൽ ബഖറയും അൻകബൂത്തും സൂറത്തു റൂമും അടക്കമുള്ള സൂറത്തുകളിൽ ഇത് കാണാനാവും. സ്വാദ് എന്ന അക്ഷരം 'ഖിസ്വാം'(തർക്കം) എന്ന പദവുമായി ബന്ധമുള്ളതാണ്.

സ്വാദ് കൊണ്ട് ആരംഭിച്ച സൂറത്തുകളിൽ നിരവധി തർക്കവാദങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. ഉദാഹരണമായി തിരുനബി (സ) ഖുറൈശികളോട് തർക്കവാദമായി സംസാരിച്ചത് സൂറത്തു സ്വാദിലെ ആറാം വചനത്തിൽ കാണാനാവും. ദാവൂദ്(അ) മലക്കുകളുമായി സംവദിച്ചത് ഇരുപത്തിയൊന്നാം വചനത്തിലും നരകാവകാശികളുടെ തർക്ക സംസാരം അറുപത്തി നാലാം വചനത്തിലും ഉണ്ട്. അബ്ബാസിയ്യ ഭരണത്തിലെ ഗവർണറും മഹാനായ മാലിക്ബ്നു അനസ്(റ)വും ഒരു മസ്അല വിഷയത്തിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസമുണ്ടായി. അനസ്(റ) തന്റെ വാദത്തിൽ നിന്ന് പിൻമാറിയില്ല. ഗവർണ്ണർ ഈ വിവരം ഭരണാധികാരി ഹാറൂൻ റശീദിനെ അറിയിച്ചു. അദ്ദേഹം ക്ഷോഭംകൊണ്ട് വിറച്ചു. ഇതറിഞ്ഞ മാലിക്(റ) പുറത്തിറങ്ങാതെയും ഭരണാധികാരിയെ കാണാതെയും വീട്ടിൽ തന്നെ കഴിഞ്ഞുകൂടി. പല പ്രാവശ്യം ഹാറൂൻ റശീദ് ദർബാറിലെത്താൻ ആവശ്യപ്പെട്ടിട്ടും മാലിക്(റ)വിന്ന് മാനസാന്തരമുണ്ടായില്ല. അവസാനം ഹാറൂൻ റശീദ് മാലിക്(റ)വിന്റെ വീട്ടിലെത്തിയെങ്കിലും വാതിൽ തുറക്കാൻ മാലിക് (റ) തയ്യാറായില്ല. ഹാറൂൻ റശീദ് വലിയ കോപത്തിലാണെന്നറിഞ്ഞിട്ടും കുറെ സമയം വാതിൽ അടഞ്ഞു തന്നെ കിടന്നു. അവസാനം മാലിക്(റ) വാതിൽ തുറന്നു. രണ്ടുപേരും വളരെ സൗമ്യതയോടെ കാര്യങ്ങൾ സംസാരിച്ച് പിരിഞ്ഞു. സംഭാഷണ സമയത്ത് മാലിക്(റ) വിന്റെ പത്ത് കൈവിരലുകളിലായി കാഫ്, ഹാ, യാ, ഐൻ, സ്വാദ്, ഹാ, മീം, ഐൻ, സീൻ, ഖാഫ് എന്നീ അക്ഷരങ്ങൾ എഴുതി കെട്ടിയിരുന്നു.

സൂറത്ത് മർയമിന്റെയും സൂറത്തു ശൂറയുടെയും ആമുഖത്തിലുള്ള ഈ അക്ഷരക്കൂട്ടുകൾക്ക് മനുഷ്യ മനസ്സിനെ മയപ്പെടുത്താനും ഭയപ്പെടുന്നവരിൽ നിന്ന് ദയയും വാത്സല്യവും ലഭിക്കാനും കാരണമാകുമെന്ന് ഇമാം ഗസ്സാലി തന്റെ ഖവാസ്സുൽ ഖുർആനിൽ എഴുതുന്നുണ്ട്. ഇമാം ഗസ്സാലി തുടർന്നെഴുതുന്നു: മഹാനായ അബ്ദുറഹ്മാനുബ്നു ഔഫ്(റ) സമ്പത്ത്, വീട് തുടങ്ങിയവയുടെ സംരക്ഷണത്തിന് "ഹുറൂഫുൽ മുഖത്വഅ" എഴുതിവെക്കാറുണ്ടായിരുന്നു. ഇവയുടെ ബറകത്ത് കൊണ്ട് സംരക്ഷണവും ഐശ്വര്യവും ലഭിക്കുമെന്നും മഹാനവർകൾ പറഞ്ഞിരുന്നു.

മഹാനായ ഉസ്മാൻ(റ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: "പടച്ചവനേ... ഖുർആനിന്റെ മഹത്വം കൊണ്ടും നൂൻ എന്ന ആയത്തിന്റെ മഹത്വം കൊണ്ടും ഉമ്മത്തു മുഹമ്മദിന്ന് ശക്തിയും സൈഥര്യവും നൽകി നീ സഹായിക്കേണമേ..." ഈ അക്ഷരത്തിൽ മനുഷ്യ സുരക്ഷക്കുള്ള പ്രത്യേക ശക്തിയുണ്ട്. തിരുനബി(സ) പറയുന്നു: 'നിങ്ങൾ ഒരിടത്ത് രാത്രിയിൽ തങ്ങേണ്ടി വന്നാൽ "ഹാമീം ലായുൻസ്വറൂൻ" എന്നായിരിക്കണം നിങ്ങളുടെ അടയാളവും ചിഹ്നവും.' പല യുദ്ധങ്ങളിലും പ്രസ്തുത വചനം ഉരുവിടാൻ മുസ്ലിംകളോട് നബി(സ) പ്രത്യേകം കൽപിക്കുകയും ചെയ്യാറുണ്ടായിരുന്നു (അഹ്മദ്, അബൂദാവൂദ്, തുർമുദി, നസാഈ).

സജ്ജനങ്ങളിൽ പലരും ഖുർആനിലെ ഇത്തരം അക്ഷരക്കൂട്ടുകൾ തങ്ങളുടെ രക്ഷാകവചമായാണ് കണ്ടത്. ചിലർ ഇങ്ങനെ പറഞ്ഞു: ഹാമീം, ഐൻ, സീൻ, ഖാഫ് എന്ന ആയത്ത് അവതീർണമായപ്പോൾ ഞങ്ങൾ മനസ്സിലാക്കി, ഇത് ഇലാഹിയ്യായ രഹസ്യ നിക്ഷേപമാണ്. പ്രയാസ ദുരീകരണത്തിന്ന് വലിയ കവചമായി ഞങ്ങൾക്ക് അത് അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. ഉറക്കിൽ മൂത്രമൊഴിക്കുക, ബോധക്ഷയം തുടങ്ങിയവക്ക് ബിസ്മി ചേർത്തി ഈ അക്ഷരങ്ങൾ ഓതി മന്ത്രിക്കുന്നത് പ്രത്യേകം ഫലം ചെയ്യുമെന്ന് മഹാന്മാരായ പലരും അനുഭവത്തിലൂടെ പറഞ്ഞിട്ടുണ്ട്.

ഇമാം ഗസ്സാലി എഴുതുന്നു: ബസ്വറയിൽ പല്ല് വേദനക്ക് മന്ത്രിക്കുന്ന ഒരാളുണ്ടായിരുന്നു. പ്രസ്തുത മന്ത്രം ഒരാൾക്കും അയാൾ പഠിപ്പിച്ച് കൊടുത്തിരുന്നില്ല. അയാൾ മരണാസന്നനായപ്പോൾ കൂടെയുള്ളവരോട് മഷിയും പേനയും കൊണ്ടുവരാനാവശ്യപ്പെട്ടു. അയാൾ പറഞ്ഞു: 'ഞാൻ പറയുന്നത് നിങ്ങൾ എഴുതിയെടുക്കുക. പല്ല് വേദനക്കും വേദനാസംബന്ധമായ എല്ലാ പ്രയാസങ്ങൾക്കും ഈ മന്ത്രം വലിയ ഔഷധമാണ്. ഒരു വിജ്ഞാനം മറച്ച് വെക്കുന്നത് കാരണം നരകത്തിൽ ഞാൻ വീണുപോവാൻ കാരണമാവുമെന്ന് കരുതിയാണ് ഇപ്പോൾ ഈ വിജ്ഞാനം കൈമാറുന്നത്. എല്ലാ വേദനകൾക്കും രോഗങ്ങൾക്കും ഈ മന്ത്രം നിങ്ങൾ പതിവാക്കുക. അലിഫ്, ലാം, മീം, സ്വാദ്, ത്വാ, സീൻ, മീം, കാഫ്, ഹാ, യാ, ഐൻ, സ്വാദ്, ഹാമീം, ഐൻ, സീൻ, ഖാഫ്, അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവ റബ്ബുൽ അർശിൽ അളീം", എന്നതിന്ന് ശേഷം സൂറത്തു 'ശൂറാ'യിലെ 22-ാം വചനവും സൂറത്തുൽ 'അൻആമി'ലെ പതിമൂന്നാം വചനവും ചേർക്കുക. ഇത് നിങ്ങൾ എഴുതിയെടുക്കുക'. അല്ലാഹുവിന്റെ നാമങ്ങളുടെ ചുരുക്കങ്ങളാണ് ഈ അക്ഷരങ്ങൾ എന്ന് അഭിപ്രായപ്പെട്ടവരെ കാണാം. ഉദാ: അലിഫ് (അല്ലാഹു) ലാം (ലത്വീഫ്) മീം (മജീദ്). ഓരോ അക്ഷരങ്ങൾക്കും അല്ലാഹുവിന്റെ നാമങ്ങൾ ചേർത്ത് പറഞ്ഞവരാണിവർ.

ഈ അക്ഷരക്കൂട്ടുകൾ മുഖേന അനുഗ്രഹങ്ങളുടെ ഭണ്ഡാരം അനുഭവിക്കണമെന്നാണ് അല്ലാഹുവിന്റെ താൽപര്യമെന്നും ഇവയുടെ അർത്ഥം അറിയലും അറിയാതിരിക്കലും ആവശ്യമില്ലെന്നും പറഞ്ഞവരുമുണ്ട്. ഖുർആനിന്റെ പ്രത്യേകതയും ശൈലിയും അങ്ങനെയാണ്. ബിസ്മി എഴുതുന്നിടത്ത് അലിഫില്ലാതെ എഴുതുന്നതും ഇഖ്റഅ് ബിസ്മിയിൽ അലിഫ് ചേർത്തെഴുതുന്നതുമാണ് ഖുർആനിന്റെ സ്വഭാവം. ഇതുപോലെ അൽ-ബഖറയുടെ ആമുഖത്തിൽ അലിഫ്, ലാം, മീം എന്ന് പാരായണം ചെയ്തപ്പോൾ സൂറത്തുൽ ഫീലിന്റെ ആരംഭത്തിൽ "അലം" എന്ന് അർത്ഥമുള്ള വചനമായാണ് പാരായണം ചെയ്യുന്നത്. രണ്ടും എഴുത്ത് ഒരേ രീതിയിൽ തന്നെ. ഖുർആനിന്റെ ശൈലിയും രീതിയും അങ്ങനെയാണെന്ന് ഉൾക്കൊണ്ട് ഖുർആനിനെ അനുഭവിക്കുകയാണ് വിശ്വാസി ചെയ്യേണ്ടതെന്നാണ് ഇവർ പറയുന്ന ന്യായം. ■

ടി.എൻ.പുരം

# റസീനയുടെ ഭർത്താവ്

കുടുംബ കോടതിയിലേക്കിറങ്ങുംമുമ്പ് റസീന തന്റെ തീരുമാനം ഒരിക്കൽകൂടി ആവർത്തിച്ചു:

“ഇനി വയ്യ, അയാളുടെ കൂടെ ഒരു ജീവിതം. ഇതിലും ഭേദം മരണമാണ്...”


തുറിച്ചു നോക്കുന്നുണ്ടായിരുന്നു അപ്പോൾ അവളുടെ രണ്ടു മക്കളും. മൂത്തവന് നാലു വയസ്സും ഇളയവൾക്ക് രണ്ടു വയസ്സുമാണ് പ്രായം. ആലപ്പുഴയിൽ നിന്ന് പത്തു കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമത്തിലാണ് സംഭവം.

എല്ലാ പെൺകുട്ടികളെയും പോലെ ഏറെ പ്രതീക്ഷയോടെയാണ് റസീന, ഭർതൃവീട്ടിൽ വലതു കാൽ വെച്ച് കയറിയത്. ഒന്നാം ദിവസം തന്നെ അവൾ ഭർത്താവിൽ മദ്യം മണത്തു. അയാൾ സ്ഥിരം മദ്യപാനിയാണെന്ന് വൈകാതെ തിരിച്ചറിയുകയും ചെയ്തു. സർവം ഇട്ടെറിഞ്ഞ് ഓടിപ്പോരണം എന്നുണ്ടായിരുന്നു റസീനക്ക്. രോഗിയായ ഉപ്പയെയും, വീട്ടിലെ മോശം സാമ്പത്തിക സ്ഥിതിയെയും ഓർത്തപ്പോൾ ധൈര്യമുണ്ടായില്ല എന്നുമാത്രം.

കൂലിപ്പണിക്കാരനായിരുന്നു ഭർത്താവ്. സന്ധ്യക്ക് വീട്ടിലെത്തുംമുമ്പേ, പുഴക്കരയിൽ കൂട്ടുകാരുടെ കൂടെ സന്ധിക്കുക ഭർത്താവിന്റെ പതിവായിരുന്നു. കൂട്ടുകാർ കഴിഞ്ഞേ, വീട്ടുകാര്യങ്ങൾ പോലും ശ്രദ്ധിച്ചിരുന്നുള്ളൂ... കൂട്ടുകാർ നാട്ടുകാര്യങ്ങൾ ചർച്ച ചെയ്ത് രാത്രി വൈകുവോളം കാറ്റുകൊണ്ടിരിക്കും. അവസാനം, അവർ കുടിച്ച് പിരിയുകയും ചെയ്യും.

കുട്ടികൾ രണ്ടായതോടെ റസീന കൂടുതൽ ദുരിതത്തിലേക്കെടുത്തറിയപ്പെട്ടു. വീട്ടിൽ കലഹങ്ങളില്ലാത്ത ദിവസങ്ങൾ കുറവ്. ഇതിനകം, പല ആവശ്യങ്ങൾക്കായി അവളുടെ മുപ്പതു പവൻ ആഭരണവും ഭർത്താവ് നശിപ്പിച്ചു കഴിഞ്ഞിരുന്നു.

കലഹം മൂത്ത് മർദ്ദനം പതിവാകാൻ തുടങ്ങിയതോടെയാണ് റസീനക്ക് മടുത്തത്. മുടി കുത്തിപ്പിടിച്ച് ചുമരിൽ ഇടിക്കുകയും, അടിവയർ നോക്കി തൊഴിക്കുകയും, അടുക്കളയിലെ പാത്രങ്ങൾ എടുത്തെറിയുകയും, വീട്ടിലെ ബൾബുകൾ തച്ചുടക്കുകയും തുടങ്ങി പല നാടകങ്ങളും വീട്ടിൽ അരങ്ങേറിക്കൊണ്ടിരുന്നു. കൂട്ടുകാരെക്കുറിച്ച് ഒരക്ഷരം എതിർത്തു പറഞ്ഞാൽ ഒരു പല്ലെങ്കിലും അടിച്ചു തെറിപ്പിക്കാതെ ഭർത്താവ് അടങ്ങില്ലായിരുന്നു. സ്വന്തം വീട്ടിൽ പറയാതെ, കുറെക്കാലം റസീന പിടിച്ചുനിന്നെങ്കിലും, അവളുടെ ശരീര ഭാഷയിൽനിന്നുതന്നെ അവർക്കെല്ലാം മനസ്സിലായിരുന്നു. വൃദ്ധരായ മാതാപിതാക്കൾക്കും കരയാനേ കഴിഞ്ഞുള്ളൂ... ഒരു മധ്യസ്ഥ ശ്രമത്തിനും ചർച്ചകൾക്കും ഭർത്താവ് വഴങ്ങിയില്ല. ‘മദ്യമാണ് മതം, കൂട്ടുകാരാണ് ജീവൻ’ എന്ന നയത്തിൽ ഉറച്ചു ജീവിക്കുന്ന ഭർത്താവിൽ നിന്ന് ഇനി ഒരു കരുണയും റസീന പ്രതീക്ഷിക്കുന്നുമില്ല. തന്നെയും മക്കളെയും സ്നേഹിക്കാൻ കഴിയാത്ത ഒരാളെ സഹിക്കുന്നതിലും ഭേദം എങ്ങനെയെങ്കിലും വിവാഹ







മോചനം നേടലാണ്. 'വേണ്ട, എനിക്കിനിയൊരു ഭർത്താവ്' എന്നവൾ ആണയിട്ടു പറയുന്നു.

കുടുംബ കോടതികളിലും മധ്യസ്ഥ ചർച്ചകളിലും വർധിച്ചുവരുന്നു സമാന ഇരകളുടെ അനുഭവങ്ങൾ. മദ്യം തകർക്കുന്ന സൈ്വര്യജീവിതം കുറച്ചൊന്നുമല്ല നമ്മുടെ നാടുകളിൽ. സ്വാർത്ഥനായ ഭർത്താവ്, തന്റെ സുഖത്തിനപ്പുറം ഭാര്യയുടെയും മക്കളുടെയും മനസ്സ് കാണാൻ ശ്രമിക്കാതിരിക്കുന്നതാണ് പ്രശ്നങ്ങളുടെ കാതൽ. വേദന സഹിച്ചും സന്തോഷം അഭിനയിച്ചും കഴിയുന്ന ഭാര്യമാർ വേറെയുമുണ്ട്. മാനഹാനി ഭയന്ന്, സങ്കടം തിന്നു കഴിയുന്ന ഇത്തരക്കാരുടെ കണക്ക് ഒരു സർവേയിലും കാണാറില്ല.

വിവാഹത്തിനു മുമ്പുള്ള കാര്യമായ അന്വേഷണത്തിൽ, മദ്യപാന സ്വഭാവം അറിയുന്നതോടെ പല രക്ഷിതാക്കളും പിന്തിരിയാറുണ്ട്. എന്നാൽ എനിക്കവനെത്തന്നെ മതി എന്ന പെൺകുട്ടിയുടെ വാശിയിലും, വിവാഹശേഷം മദ്യപാനം തുടങ്ങുന്ന കേസുകളിലുമാണ് പ്രശ്നങ്ങൾ പൊട്ടിത്തെറിയായി പുറത്തേക്കു പ്രവഹിക്കുന്നത്. സമ്പാദ്യം മുഴുവൻ മദ്യം ഊറ്റിക്കൊണ്ടുപോകുന്ന നിരവധി സംഭവങ്ങളും വ്യാപകമാണ്. വിദ്യാർത്ഥികളെപ്പോലും ലഹരിക്കാർ വലവീശിപ്പിടിക്കുന്ന പുതിയ കാലത്ത് ഇനി എന്തെല്ലാം സംഭവിക്കാനിരിക്കുന്നു?

പക്ഷേ, ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. ലഹരിയിൽ നിന്നുള്ള മുക്തി മനുഷ്യന് അസാധ്യമാണോ? പുകവലിയും മദ്യപാനവും മരണം വരെ മനുഷ്യൻ ഉപേക്ഷിക്കില്ലെന്ന വാദത്തിൽ കഴമ്പുണ്ടോ?

മാനസികമായി തയ്യാറെടുത്താൽ, ഉപേക്ഷിക്കാൻ പറ്റാത്തതായി ഒന്നുമില്ലെന്നതാണ് സത്യം. ലഹരിയും പുകവലിയും ബ്ലൂഫിലിം കാണലും ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾക്ക് അടിമയാണോ, തീർച്ചയായും മാനസിക ശക്തിയാർജിച്ചാൽ ഇവയോടെല്ലാം വിടപറയാൻ സാധിക്കുമെന്നത് അവിതർക്കിതം.

പതിനാറു വയസ്സിൽ പുകവലി തുടങ്ങിയ ഒരാളെ എനിക്കറിയാം. റമളാൻ മാസത്തിൽ മഗ്‌രിബ് ബാങ്കു കേട്ടാൽ ഒരു തുള്ളി വെള്ളം കുടിച്ച ഉടനെ രണ്ടു സിഗരറ്റ് വലിച്ചിരുന്നയാളാണ്. അങ്ങനെ സ്വുബ്ഹിയാകുമ്പോഴേക്ക് പതിവു 'കോട്ട്'യിലപ്പുറം എത്തിക്കാൻ 'നിർബന്ധി'തനായ ഒരാൾ. അദ്ദേഹം പുകവലി നിർത്തിയത് 50–ാം വയസ്സിലാണ്. എന്തായിരുന്നു പ്രേരകം എന്നു ചോദിച്ചപ്പോൾ മനസ്സിന്റെ ധൈര്യം എന്ന് മറുപടി. "ഇനി വലിക്കില്ല, ഇനി വലിക്കില്ല" എന്നയാൾ ഉപബോധ മനസ്സിനോടു പറഞ്ഞുകൊണ്ടിരുന്നു. ആദ്യനാളുകളിൽ വല്ലാത്ത വിമ്മിഷ്ടം അനുഭവിച്ചെങ്കിലും, അതു കാര്യമാക്കിയില്ല. ശോഭനമായ ഭാവിക്കുവേണ്ടി തീരുമാനത്തിൽ ഉറച്ചുനിന്നു. ഇന്നയാൾ ഹാപ്പിയാണ്. ഒരു സ്വകാര്യം പോലെ അയാൾ കൂട്ടിച്ചേർത്തു: "ഇരുപത്തഞ്ചു കൊല്ലത്തിനു ശേഷം തന്റെ ഭാര്യയും... ഇപ്പഴാണ് ജീവിതത്തിന്റെ വസന്തം ആഘോഷിക്കുന്നത്..." പുകവലിക്കാരുടെ ഭാര്യമാർ എത്ര അസംതൃപ്തരാണെന്ന് ഇതു കേട്ടപ്പോൾ ഞാനോർത്തുപോയി.

ഇനിയുമുണ്ട് എന്റെ നാട്ടിൽ മറ്റൊരു കഥാപാത്രം. വർഷങ്ങളായി മദ്യപാനിയാണ്. പക്ഷേ, ഒരലമ്പും ഉണ്ടാക്കാറില്ല. അയാൾ തന്റെ സുഖലോകത്ത് ഒതുങ്ങിക്കൂടി. ഭാര്യയോടും മക്കളോടും പ്രശ്നത്തിന് പോവാറില്ലെങ്കിലും ഈ ദുഃസ്വഭാവത്തിൽ അവരെല്ലാം ദുഃഖിതരായിരുന്നു. കക്ഷിയുടെ അനിയൻ, അകാലത്തിൽ മരണപ്പെട്ട ദുഃഖനാളുകളിൽ പോലും രണ്ടു ദിവസത്തിലധികം പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. നിസ്കാരവും നോമ്പും ഒന്നുമില്ലാതെ, മദ്യത്തെ കൂട്ടുകാരനാക്കി അയാൾ ജീവിച്ചത് പത്തുനാൽപതു വർഷമാണ്. പക്ഷേ, ഒരു ദിവസം മദ്യം പണിപറ്റിച്ചു. കൂട്ടുകാരനുമായുണ്ടായ കശപിശ കത്തിക്കുത്തിൽ കലാശിച്ചു. കൂട്ടുകാരനെ ആസ്പത്രിയിലേക്ക് കൊണ്ടുപോയതിന്റെ പിറ്റേന്നാൾ തന്നെ കക്ഷിയെ പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി. ജാമ്യത്തിനിറക്കാൻ പോലും ആരും എത്തിയില്ല. ജയിലിൽ ഒറ്റപ്പെട്ടു കഴിയുമ്പോൾ അയാൾ ശരിക്കും അസ്വസ്ഥനായി.

പക്ഷേ, വിചിത്രമെന്നു പറയട്ടെ, ഒരു വർഷത്തിനു മുമ്പുതന്നെ ജയിൽശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ അദ്ദേഹം പുതിയ മനുഷ്യനായിക്കഴിഞ്ഞിരുന്നു. മദ്യത്തിനോട് ഗുഡ്ബൈ പറഞ്ഞ കക്ഷി, നിസ്കാരാദി കാര്യങ്ങളിൽ സജീവമാവുകയും കുടുംബത്തോട് സ്നേഹം പുലർത്തുന്ന രക്ഷിതാവായി പുതുജീവിതം ആസ്വദിക്കുകയും ചെയ്യുന്നു. ഇതെന്തൽഭുതം എന്ന് നാട്ടുകാർ അന്യോന്യം ചോദിക്കുന്നു.

ഈ രണ്ടു സംഭവങ്ങളും ഊഹക്കഥകളല്ല. 'അസാധ്യമായി ഒന്നുമില്ല' എന്ന യാഥാർത്ഥ്യമാണിത് അറിയിക്കുന്നത്. ജയിൽ ഉദ്യോഗസ്ഥർ, കക്ഷിയെ കൗൺസിലിംഗിന് വിധേയമാക്കിയോ എന്നറിയില്ല. എന്തായാലും ഒരു കുടുംബം രക്ഷപ്പെട്ടു എന്നത് സത്യം.

മദ്യപാനികളെ എഴുതിത്തള്ളരുത് എന്ന സന്ദേശം നാം തിരിച്ചറിയണം. അവഗണനയാണ് പലരെയും ചീത്ത കൂട്ടുകെട്ടിലെത്തിക്കുന്നത്. കുടുംബ പ്രശ്നങ്ങളും, വീട്ടിലെ സൈ്വര്യക്കേടും ചിലരെയെങ്കിലും മദ്യത്തിലെത്തിക്കാറുണ്ട്. സിനിമയും സീരിയലും വഴിതെറ്റിച്ച ഇരകളും ഒട്ടേറെ. മദ്യമാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമെന്ന തെറ്റായ ബോധവും തിരുത്തപ്പെടേണ്ടതുണ്ട്. സാമ്പത്തിക നഷ്ടവും, ശരീരത്തെ കാർന്നു തിന്നുന്ന രോഗങ്ങളുമാണ് യഥാർത്ഥ സമ്പാദ്യം എന്ന് ഇത്തരക്കാർ തിരിച്ചറിയണം.

ജീവിതം വേർപ്പെടുത്തുംമുമ്പ് റസീനക്കൊരു പുനർവിചിന്തനമാവാം. തന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്ന പരിശോധനയാണ് ആദ്യം വേണ്ടത്. അതു പരിഹരിച്ചു, നല്ലൊരു സൈക്കോളജിസ്റ്റിനെ സമീപിക്കുകയാണ് അടുത്ത ഘട്ടത്തിൽ ചെയ്യേണ്ടത്. ഇതിന് ഭർത്താവിന്റെ സഹകരണം കൂടി വേണം. അതുണ്ടാക്കിയെടുക്കാനുള്ള 'പൊടിക്കൈകൾ' സ്നേഹനിധിയായ ഭാര്യക്ക് അസാധ്യമേയല്ല.

കേരളത്തിൽ തന്നെ ചിലയിടങ്ങളിൽ റീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ചികിത്സക്കെത്തിയ പലരും ഇന്നു സന്തോഷ ജീവിതം നയിക്കുന്നുമുണ്ട്. മുൻവിധിയോടെ മാറ്റിനിർത്തുകയോ, ഇനി ശരിയാവില്ലെന്ന് എഴുതിത്തള്ളുകയോ അരുത്. അസാധ്യമായി ഒന്നുമില്ല എന്ന പോസിറ്റീവ് എനർജി നിങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കും. അവ തിരിച്ചറിയാത്തതാണ് ബന്ധങ്ങളെ വഷളാക്കുന്നത്. ■

ഷംസീർ ഇബ്റാഹീം നൂറാനി

# വസ്‌വാസ്:

## ചികിത്സ എങ്ങനെ, എപ്പോൾ?

വസ്‌വാസ് എന്ന് പൊതുവെ അറിയപ്പെടുന്ന ഒരു മാനസിക പ്രയാസം സർവസാധാരണമായി നമുക്കിടയിൽ കാണപ്പെടുന്നു. ഗവേഷണങ്ങൾ പറയുന്നത് മൊത്തം ജനസംഖ്യയുടെ 3.3 ശതമാനം ആളുകൾക്ക് വസ്‌വാസ്(OCD) ഉണ്ട് എന്നാണ്. കേരളത്തിലെ കണക്കുകളെക്കുറിച്ച് കൃത്യമായ പഠനങ്ങളില്ലെങ്കിലും വളരെയധികമാണ് എന്നതിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സംശയമില്ല. സ്ത്രീകളേക്കാൾ പുരുഷന്മാർക്കാണ് ഈ രോഗം കാണപ്പെടുന്നത് എന്നാണ് മിക്കവാറും എല്ലാ പഠനങ്ങളും പറയുന്നത്. കേരളത്തിൽ 12-നും 18 -നും ഇടയിൽ പ്രായമുള്ള 7300-ഓളം വിദ്യാർത്ഥികളിൽ നടത്തിയ പഠനം പറയുന്നത് 0.8 ശതമാനം വിദ്യാർത്ഥികൾക്ക് OCD ഉണ്ട് എന്നാണ്. ഇതിൽത്തന്നെ മുസ്‌ലിംകളിൽ താരതമ്യേന കൂടുതലാണ് എന്നും പറയുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ നമ്മുടെ സമൂഹത്തിൽ ഈ പ്രശ്നം ബാധിച്ചവരുടെ എണ്ണം എത്രയോ കൂടുതലാണ് എന്നതാണ് സത്യം. പലപ്പോഴും ഇത് തിരിച്ചറിയുന്നില്ല എന്നതാണ് ശരി.

ചിലരുടെ ധാരണ ഈ രോഗം മുസ്‌ലിംകൾക്ക് മാത്രം കാണപ്പെടുന്നു എന്നാണ്. എന്നാൽ അത് പൂർണമായും തെറ്റാണ്. മതപരമായ കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടാകുന്നത് കൂടുതലും മുസ്‌ലിംകളിലാണ്. മുസ്‌ലിംകൾ മതാചാരങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം കൽപിക്കുന്നു എന്നതുതന്നെ കാര്യം.

അമിതമായ ആവർത്തിച്ചുള്ള കഴുകലും വൃത്തിയാക്കലും ആരാധനകളിലുള്ള ആവർത്തനങ്ങളും മാത്രമാണ് പൊതുവെ ആളുകൾ വസ്‌വാസായി മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ ഇത് OCDയുടെ അനേകം ലക്ഷണങ്ങളിൽ ചിലതു മാത്രമാണ്. ഇതൊന്നും കൃത്യമായി മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ ജീവിതകാലം മുഴുവൻ ഇത് അനുഭവിച്ച് ജീവിക്കണം എന്ന് പലരും മനസ്സിലാക്കുന്നു. ഇതിന് ഫലപ്രദമായ ചികിത്സ ഉണ്ടെന്നും ആരെയാണ് ചികിത്സക്ക് സമീപിക്കേണ്ടത് എന്നും അറിയാത്തത് ജീവിതത്തെ നരകതുല്യമാക്കുകയും ചെയ്യുന്നു.

ഈ അസുഖത്തിന് ഒരുപാട് ലക്ഷണങ്ങളുണ്ട്. ഇവ രണ്ട് തരത്തിലാണ് കാണപ്പെടുക. ഒന്ന്: അനാവശ്യ തോന്നലുകൾ (Obsessions), രണ്ട്: അനിയന്ത്രിത പ്രവർത്തികൾ (Compulsions).

അക്രമാസക്തതയുമായി ബന്ധപ്പെട്ട അനാവശ്യ ചിന്തകളാണ് ഇതിലൊന്ന്. ഒരിക്കൽ കൗൺസലിംഗ് സെന്ററിൽ വന്ന ഒരു സ്ത്രീയുടെ പ്രശ്നം അവരുടെ കുട്ടിയെ രാത്രി അടുത്തു കിടക്കുമ്പോൾ കഴുത്തു ഞെരിച്ചു കൊലപ്പെടുത്തുമോ എന്ന ഭയമായിരുന്നു. അതുപോലെ മൂർച്ചയുള്ള കത്തി എടുത്താൽ സ്വശരീരത്തിലോ അരികിലുള്ളവരെയോ അപകടപ്പെടുത്തിപ്പോകുമോ എന്ന അമിത ഭയവും. അക്രമം, അപകടം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചിന്തകളോ ചിത്രങ്ങളോ മനസ്സിലേക്ക് ആവർത്തിച്ച് വരുന്നതും ഇതിന്റെ ലക്ഷണങ്ങളാണ്. ഇതു മാത്രമല്ല, പ്രകൃതി ദുരന്തങ്ങളോ കൊള്ളകളോ അപകടങ്ങളോ താൻ കാരണം സംഭവിക്കുന്നു എന്നുവരെ തോന്നാറുണ്ട്.

മറ്റൊരു പ്രധാന പ്രശ്നമാണ് വീടിന്റെയോ വാഹനത്തിന്റെയോ വാതിലുകൾ പൂട്ടിക്കഴിഞ്ഞാൽ സംശയം തോന്നലും വീണ്ടും പരിശോധിക്കലും ആവർത്തിക്കലും. അതുപോലെത്തന്നെ ഗ്യാസ്, മറ്റു വീട്ടുപകരണങ്ങൾ, അലമാര തുടങ്ങിയവ പൂട്ടുമ്പോഴും ഈ പ്രശ്നമുള്ളവർക്ക് സംശയം തോന്നാറുണ്ട്. ഒരാൾ കൗൺസലിംഗിനു വന്നപ്പോൾ അയാളുടെ പ്രശ്നം ലൈറ്റ് ഓഫാക്കിക്കഴിഞ്ഞാൽ സംശയം തോന്നലായിരുന്നു. അങ്ങനെ സ്വിച്ച് ചെക്ക് ചെയ്ത് നേരം വെളുപ്പിച്ച ദിവസങ്ങൾ വരെയുണ്ട്. മറ്റൊരാൾ തന്റെ കട പൂട്ടി വീട്ടിലെത്തിയ ശേഷം രാത്രി 15 കിലോമീറ്റർ ഓട്ടോ വിളിച്ച് വന്നു ചെക്ക് ചെയ്യാറുണ്ടത്രെ. എന്നാലേ ഒരു സമാധാനമുള്ളൂ.

മറ്റൊരിക്കൽ കൗൺസലിംഗിനു വന്ന ഒരാൾ പറഞ്ഞത് പൈശാചിക ചിന്തകൾ ആക്രമിക്കുന്നു എന്നാണ്. ദൈവിക ചിന്തകൾ വരേണ്ടതിനു പകരം മോശമായ ചിന്തകളും ദൈവനിന്ദാ പരമായ കാര്യങ്ങളുമാണ് ഓർമയിൽ വരുന്നത്. അതിനാൽ തന്നെ പല തവണ അദ്ദേഹം ശഹാദത്ത് കലിമ ദിവസവും ചൊല്ലുന്നു. നിസ്കരിക്കുമ്പോഴും മറ്റും ചിലർക്ക് ഇത്തരം ചിന്തകൾ ഉണ്ടാവുകയും നിർത്താനാവാതെ പ്രയാസപ്പെടുകയും ചെയ്യുന്നു. നിർത്താൻ ശ്രമിക്കുന്തോറും കൂടി വരികയും ചെയ്യും.

ചിലരുടെ പ്രശ്നം എന്തോ മാരകരോഗങ്ങൾ തന്നെ പിടികൂടിയിരിക്കുന്നു എന്ന ചിന്തയാണ്. ശരീരത്തിലെവിടെയെങ്കിലും ചെറിയ വേദനയോ ഗ്യാസ് മൂലം നെഞ്ചുവേദനയോ അനുഭവപ്പെട്ടാൽ മാരക രോഗം ബാധിച്ചിരിക്കുന്നു എന്ന ചിന്ത ഉടലെടുക്കുന്നു. ക്യാൻസറാണെന്നോ അറ്റാക്ക് ആണെന്നോ ഒക്കെ വിശ്വസിക്കുന്നു.
ഡോക്ടർമാർ പരിശോധിച്ച് പ്രശ്നമൊന്നും ഇല്ലെന്നു പറഞ്ഞാലും ആ ഡോക്ടർക്ക് മനസ്സിലായിട്ടില്ല എന്നായിരിക്കും ഇത്തരക്കാരുടെ പ്രതികരണം. ഇത്തരം ചിന്തകൾ അന്തർലീനമായി മനസിൽ കിടക്കുന്നവർക്കാണ് ആരോഗ്യ മാസികകൾ, രോഗലക്ഷണങ്ങൾ അടങ്ങിയ പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കുമ്പോൾ ഓരോ രോഗവും എനിക്കുണ്ട് എന്ന് തോന്നുന്നത്.

ചിലർക്ക് എല്ലാത്തിലും വൃത്തികേട് അനുഭവപ്പെടുന്നവരായിരിക്കും. ഇത്തരക്കാർ പബ്ലിക് ടോയ്‌ലറ്റുകൾ ഉപയോഗിക്കാനും മറ്റുള്ളവർ വൃത്തിയാക്കിയ പ്ലേറ്റോ ഗ്ലാസോ തുടങ്ങിയവ ഉപയോഗിക്കാനും എന്തിനേറെ ഷേക്ക് ഹാന്റ് ചെയ്യാനും മറ്റുള്ളവർ ഇരുന്ന സീറ്റിൽ ഇരിക്കാൻ പോലും മടിയുള്ളവരായിരിക്കും. സ്കൂളിലെ ടോയ്‌ലറ്റ് ഉപയോഗിക്കാനുള്ള മടി കാരണം പെൺകുട്ടികൾ (കൂടുതലും) പലപ്പോഴും വെള്ളം കുടിക്കുന്നതു തന്നെ കുറയ്ക്കുകയും തന്മൂലം മൂത്രാശയ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നത് കൂടി വരുന്നു.

രണ്ടു വർഷമായി വിഷാദ രോഗത്തിനു ചികിത്സയിലായിരുന്ന ഒരു യുവാവ് കൗൺസലിംഗിനു വന്നിരുന്നു. അയാൾക്ക് വിഷാദ രോഗത്തിന്റെ എല്ലാ ലക്ഷണങ്ങളും ഉണ്ട്. പക്ഷേ, രണ്ടുവർഷം മരുന്നു കഴിച്ചിട്ടും ഒരു കുറവുമില്ല. അയാളുടെ പ്രശ്നം ആരെക്കാണുമ്പോഴും ലൈംഗിക ചിന്തകൾ മനസ്സിലേക്ക് കടന്നുവരുന്നു എന്നതായിരുന്നു. ഇത് നിർത്താൻ ശ്രമിച്ചിട്ടും നടക്കാത്തതിനാൽ പരമാവധി ആളുകളിൽനിന്ന് അകലം പാലിച്ചു. പെങ്ങന്മാരെയും അടുത്ത ബന്ധുക്കളെയും അടുത്തു വരുന്നതിൽ നിന്നു തടയാൻ അയാൾ ദേഷ്യപ്പെടുകയും തട്ടിക്കയറുകയും ചെയ്തു. അനാവശ്യമായി കടന്നുവരുന്ന ഈ തോന്നലാണ് തന്നെ വിഷാദ രോഗിയാക്കുന്നതെന്ന് അയാൾക്കു പോലും മനസ്സിലായില്ല.

ചിലർക്ക് ആരാധനകളിലും ദൈനംദിന പ്രവൃത്തികളിലും അനാവശ്യ ചിന്തകൾ കടന്നുവരുന്നതിനാലോ ശരിയായി ചെയ്തില്ല എന്ന തോന്നലിനാലോ ശരിയായി ചെയ്തു എന്ന് വിശ്വാസമാകുന്നതു വരെ ആവർത്തിച്ചു ചെയ്യേണ്ടതായി വരുന്നു. വീട്ടിൽ നിന്നു പുറത്തു കടക്കുമ്പോൾ മോശമായ ചിന്ത മനസ്സിൽ വന്നാൽ അപകടം പറ്റും എന്നു തോന്നുകയും അത്തരം ചിന്തകൾ നിലനിൽക്കുന്നതിനാൽ പല തവണ ആവർത്തിച്ചു പുറത്തിറങ്ങുകയും ചെയ്യുന്നവരുണ്ട്. നിയ്യത്ത് (ആരാധന എന്ന വിചാരം) യഥാർത്ഥത്തിൽ മനസ്സിൽ വന്നിട്ടില്ല എന്നും പ്രാർത്ഥനകൾ പറഞ്ഞതിൽ തെറ്റു വന്നു എന്നെല്ലാം പേടിച്ച് ആരാധനകൾ ആവർത്തിക്കുകയും ചെയ്യുന്നു ചിലർ. ഇത് കൂടി വരികയും അഞ്ചു മിനുട്ടിനു പകരം മണിക്കൂറുകൾ ചെലവഴിക്കേണ്ടി വരികയും എന്നാലും തൃപ്തികരമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയും വന്നുചേരുന്നു. ഒടുക്കം പലരും സഹിക്കവയ്യാതെ ആരാധന തന്നെ നിർത്തിവെക്കുന്നു.

എണ്ണുന്നതുമായി ബന്ധപ്പെട്ട സംശയങ്ങളാണ് മറ്റു ചിലത്. പണം എണ്ണി തിട്ടപ്പെടുത്തുമ്പോഴോ എണ്ണി മന്ത്രങ്ങൾ ചൊല്ലുമ്പോഴോ നിസ്കാരത്തിലെ റക്അത്തിന്റെ എണ്ണത്തിലോ ഒക്കെ സംശയം തോന്നുകയും ആവർത്തിക്കേണ്ടി വരികയും ചെയ്യുന്ന അവസ്ഥയാണിത്. മറ്റു ചില പ്രശ്നങ്ങൾ ആവശ്യമില്ലാത്ത വസ്തുക്കൾ സൂക്ഷിച്ചു വെക്കുന്ന സ്വഭാവമാണ്. യാത്രാ ടിക്കറ്റുകൾ, റസിപ്റ്റുകൾ, പത്ര കട്ടിംഗുകൾ തുടങ്ങിയവയെല്ലാം എടുത്തു സൂക്ഷിക്കുന്നു ഇത്തരക്കാർ. ഒരു സ്ത്രീ തന്റെ പ്രഗ്നൻസി ടെസ്റ്റ് വരെ കാലങ്ങളോളം സൂക്ഷിച്ചുവെച്ചിരുന്നു.

ഇവയൊന്നും കൂടാതെ എന്തെങ്കിലും ചെയ്യുമ്പോൾ കൃത്യമായി ഇത്ര തവണ ചെയ്യണം, ഒരു പ്രത്യേക നിറം ഉപയോഗിക്കണം, ചില നിറങ്ങൾ ഉപയോഗിച്ചാൽ അപകടമാണ് എന്നുള്ള തോന്നലുകളടക്കം ജീവിതത്തെ പല രീതിയിലും ബാധിക്കുന്ന ഒരുപാട് ചിന്തകൾ ഇനിയുമുണ്ട്. ഇത്തരം ചിന്തകൾ സഹിക്കാനാവാതെ പലരും വിഷാദ രോഗത്തിലേക്ക് നയിക്കപ്പെടാറാണ് പതിവ്. ഇത് പക്ഷേ OCD കാരണമാണെന്ന് ആരും മനസ്സിലാക്കാറില്ല.

വസ്‌വാസ് ഉണ്ടാകുന്നത് അമിതമായ ഉൽക്കണ്ഠ (Anxiety) കാരണമാണ്. അതിനാൽ തന്നെ ഇതൊരു മാരക രോഗമാണ് എന്ന് പറയാൻ പറ്റില്ല. കൃത്യമായി ചികിത്സിച്ചാൽ പൂർണമായും മാറ്റാവുന്നതാണ്. ഇത് പക്ഷേ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രശ്നം സൃഷ്ടിച്ചേക്കാം. ഭാര്യയും ഭർത്താവും തമ്മിലുള്ള പ്രശ്നവുമായി കൗൺസലിംഗിന് വന്നവർ OCD കാരണമാണ് ഇതെല്ലാം ഉണ്ടായത് എന്നു മനസ്സിലാക്കി മാറ്റം വരുത്തിയ ഒരുപാട് കേസുകൾ കാണാൻ സാധിച്ചിട്ടുണ്ട്.

ഈ രോഗം കാരണമായി പൊതുവേ കാണപ്പെടുന്ന രണ്ടു പ്രധാന പ്രശ്നങ്ങളുണ്ട്. ഒന്ന്: വിഷാദം (Depression). രണ്ട്: അകാരണമായി നിസാര കാര്യങ്ങൾക്ക് പെട്ടെന്ന് ദേഷ്യം വരൽ (Irritability). ഇവ രണ്ടും സമാധാനപരമായ ജീവിതത്തെയും വ്യക്തിബന്ധങ്ങളെയും സാരമായി ബാധിക്കും എന്നതിൽ സംശയമില്ല.

ഇവയെക്കൂടാതെ, ഉറക്കക്കുറവ്, ക്ഷീണം, ദഹന പ്രശ്നങ്ങൾ, ഗ്യാസ്, ഭയം, അനാവശ്യ സംശയങ്ങൾ, ശ്രദ്ധക്കുറവ്, മറവി തുടങ്ങിയ പ്രശ്നങ്ങൾ കൂടി കാണാറുണ്ട്. വസ്‌വാസ് കാരണമായി ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്നവർ പലപ്പോഴും ചികിത്സ തേടുന്നത് ഈ പ്രശ്നങ്ങൾക്കാണ്. ഇവ ഉണ്ടാവാനുള്ള കാരണം (OCD) മാറ്റാതെ ഈ പ്രശ്നങ്ങൾക്കു ഒരു മാറ്റവും വരില്ല. അതിനാൽതന്നെ ചികിത്സ ഫലിക്കില്ല.

ചികിത്സിക്കാൻ അറിവും പരിചയ സമ്പത്തുമുള്ള മനഃശാസ്ത്രജ്ഞനെയാണ് (Psychologist) സമീപിക്കേണ്ടത്. രോഗം കൃത്യമായി വിലയിരുത്തിയ ശേഷം ചികിത്സാരീതി നിർണയിക്കും. OCD യുടെ ചികിത്സക്ക് മിക്കവാറും മരുന്ന് ആവശ്യമില്ല. കൂടുതൽ പഴക്കമുള്ളവർക്ക് ചിലപ്പോൾ മരുന്ന് ആവശ്യമായി വന്നേക്കാം. ആവശ്യമെങ്കിൽ സൈക്കോളജിസ്റ്റ് ഒരു മെഡിക്കൽ ഡോക്ടറുടെ (Psychiatrist) ചികിത്സയും നിർദേശിക്കും.



# പൊരിവെയിൽ കൊള്ളുന്ന ജനങ്ങളും പീപി വിളിക്കുന്ന മോഡിയും

വൈദേശിക കുത്തകകളിൽനിന്ന് ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയത് ദശാബ്ദങ്ങളുടെ പോരാട്ടത്തിന്റെ ഫലമായാണെന്നത് അറിയാത്തവരായി ആരും കാണില്ല. ആ ചരിത്രങ്ങളൊക്കെ പാഠപുസ്തകങ്ങളുടെ, താളുകളിൽ വായിക്കാൻ കിട്ടും. വിലപ്പെട്ട സ്വാതന്ത്ര്യം നമുക്ക് കിട്ടിയത് പട്ടിണി കിടക്കുന്നവന്റെയും മണ്ണിൽ അധ്വാനിക്കുന്നവന്റെയും വിയർപ്പും രക്തവും പൊരിഞ്ഞിട്ടാണ്. ദലിതനും, പ്രാന്തവൽക്കരിക്കപ്പെട്ടവനും, ഇന്ത്യയിലെ കോടിക്കണക്കിന് വരുന്ന ന്യൂനപക്ഷങ്ങളും ആ പോരാട്ടങ്ങളിൽ ഭാഗവാക്കായിരുന്നു. അവർക്കൊക്കെ വലിയൊരു സ്വപ്നമുണ്ടായിരുന്നു. പട്ടിണിയില്ലാത്ത അന്തിയുറങ്ങാൻ ഒരു പാർപ്പിടമുള്ള ജനത അധിവസിക്കുന്ന ഇന്ത്യയെന്ന സ്വപ്നമായിരുന്നു അത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികൾ ഈ സ്വപ്നങ്ങളെ ചൂഷണം ചെയ്താണ് അധികാരമേറിയതെന്നതും ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നു. പാവപ്പെട്ടവന്റെ സ്വപ്നങ്ങൾ ഇന്നും സ്വപ്നങ്ങളായി തന്നെ തുടരുകയും ഇന്ത്യയിലെ വൻകിട കുത്തകകൾ പർവതം പോലെ വളരുകയും ചെയ്യുന്ന കാഴ്ചയാണ് പൊതുസമൂഹത്തിന്റെ മുന്നിലുള്ളത്. ഈയൊരു അവസ്ഥ സംജാതമാക്കിയത് അധികാരം കയ്യാളിയവരുടെ സമീപനവും കാഴ്ചപ്പാടുമാണെന്നതിന് തെളിവുകൾ നിരത്തേണ്ടതില്ല. ഇന്നിപ്പോൾ കള്ളപ്പണക്കാരെ വേട്ടയാടുന്നതിന്റെ ഫലമായി പൊരിവെയിലത്ത് നിൽക്കേണ്ടിവരുന്ന അടിസ്ഥാന വർഗത്തിന്റെ കഥയോളമെത്തിയിരിക്കുന്നു അത്. മറുഭാഗത്ത് ഭരണകൂടം കുത്തകകളെന്ന് വിശേഷിപ്പിക്കുന്നവർ ബാങ്കുകളെ വെട്ടിച്ചും മറ്റും സുഖാഡംബരങ്ങളോടെ ജീവിതം നയിക്കുകയും ചിലരെല്ലാം വിദേശങ്ങളിലേക്ക് താമസം മാറ്റുകയും ചെയ്തിരിക്കുന്നു. ഇതിന്റെ പേരിൽ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുന്നവർ സാധാരണക്കാരിൽ സാധാരണക്കാർ തന്നെ.

സമൂഹത്തെ മുച്ചൂടും ചൂഷണം ചെയ്തുകൊണ്ടാണ് ഒരു കുത്തകയ്ക്ക് ഏതൊരു രാജ്യത്തും വളർന്നു പന്തലിക്കാൻ കഴിയുന്നത്. അതിന് ഭരണകൂടത്തിന്റെ വലിയ പിന്തുണ ആവശ്യമുണ്ട്. ഇക്കാലമത്രയും ആ പിന്തുണയും, സഹവർത്തിത്വവും, പരിലാളനയും ആവോളം ലഭിച്ചതുകൊണ്ടാണ് ഇന്ത്യൻ  കുത്തകകൾ വളർന്നവന്നത്. നെഹ്റുവിന്റെ കാലത്ത് വിരലിലെണ്ണാവുന്ന കുത്തക കമ്പനികളേ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളൂ. എന്നാലിന്നത് വിരലിലെണ്ണാവുന്നതിനപ്പുറം കടന്നെന്നു മാത്രമല്ല, പല കമ്പനികളും ലോക കുത്തകകളെ ആസ്തികൊണ്ട് അതിശയിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇത് ഭരണകൂടത്തിന്റെ കുത്തകകളോടുള്ള പരിഗണനയെ എടുത്തുകാണിക്കുന്നുണ്ട്. ജനങ്ങളെ മാത്രമല്ല, ബാങ്കുകളെപ്പോലും വെട്ടിച്ചുകൊണ്ടാണ് ഇവരിങ്ങനെ തടിച്ചു കൊഴുത്തത്. ഒടുവിൽ 7016 കോടി രൂപ സമ്പന്ന വ്യവസായികളുടേതായി ബാങ്കുകൾ എഴുതിത്തള്ളിയെന്ന വാർത്തയാണ് ലോകം കേട്ടത്. ഒരു ഭാഗത്ത് കള്ളപ്പണത്തിനു വേണ്ടിയുള്ള വേട്ട സർക്കാർ ആരംഭിച്ച് ദിവസങ്ങൾ കഴിഞ്ഞാണ് ഇത്രയും ഭീമമായ സംഖ്യ എഴുതിത്തള്ളിയതെന്നത് ഒരു വിരോധാഭാസമായി തോന്നാമെങ്കിലും, അതിന്റെ സാമ്പത്തിക പ്രത്യാഘാതം സമൂഹത്തിൽ ഉണ്ടാക്കിയേക്കാവുന്ന ഗുരുതരമായ വീഴ്ച ചെറുതായിരിക്കില്ല. ബാങ്കുകൾ പണം സ്വരൂപിക്കുന്നത് അമിതമായി വായ്പകൾക്ക് പലിശ ഈടാക്കിക്കൊണ്ടും പൊതുജനങ്ങളുടെ നിക്ഷേപങ്ങൾ സമാഹരിച്ചുകൊണ്ടുമാണ്. സമ്പന്ന വ്യവസായികളുടെ പണം ബാങ്കുകൾക്ക് അധികകാലം ക്രയവിക്രയം ചെയ്യാൻ കഴിയാറില്ല. പണത്തിന്റെ വരവ് പോക്കിനുള്ള ഒരു ഇടനിലക്കാരൻ മാത്രമാണ് സമ്പന്നരെസ്സംബന്ധിച്ചിടത്തോളം



ബാങ്കുകൾ. എന്നാൽ സാധാരണക്കാർക്ക് ബാങ്കുകൾ അങ്ങനെയല്ല. അവർക്ക് ഭാവി പദ്ധതികൾക്കുള്ള മറ്റൊരു സ്ഥാപനമാണത്. കൃഷി ചെയ്യാനും, ചെറുകിട കച്ചവടം ചെയ്യാനും വേണ്ടി ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നവന്റെ മീതെ അമിത പലിശ ഈടാക്കിയും അടവ് തെറ്റിയാൽ കൂട്ടുപലിശ വാങ്ങിയും സമ്പാദ്യം കൂട്ടുന്ന ബാങ്കുകൾ കുത്തകകളുടെ കോടികൾ എഴുതിത്തള്ളുമ്പോൾ ഈ കർഷകന്റെയോ, കച്ചവടക്കാരന്റെയോ കടബാധ്യതക്ക് ജപ്തി നടപടികൾ സ്വീകരിക്കുന്ന സമീപനമാണ് പല നാഷണലൈസ്ഡ് ബാങ്കുകളുടേതും. ബാങ്കുകൾക്കോ, സർക്കാറിനോ ഇന്ത്യൻ കുത്തകകൾ ബാങ്കിൽ നിന്നെടുത്ത കോടിക്കണക്കിന് രൂപ കിട്ടാക്കടമായി എഴുതിത്തള്ളുമ്പോൾ സങ്കോചമൊട്ടുമില്ല. അവരൊരിക്കലും കുറ്റവാളികളോ, വെട്ടിപ്പുകാരോ അല്ല തന്നെ. എന്നാൽ സാധാരണ പൗരൻ നോട്ട് പരിഷ്കാരത്തിന്റെ പേരിൽ വേട്ടയാടുക മാത്രമല്ല, ഇരയാവുക കൂടി ചെയ്യപ്പെടുന്നു.

ഒരർത്ഥത്തിൽ ഒരു വ്യവസായി ബാങ്കുകളെ കബളിപ്പിക്കുമ്പോൾ, കബളിപ്പിക്കപ്പെടുന്നത് ബാങ്കുകളെ മാത്രമല്ല, പൊതുസമൂഹത്തെ ഒന്നടങ്കമാണ്. ഇന്ത്യയിലെ മദ്യരാജാവും രാജ്യസഭാംഗവുമായ വിജയ് മല്യയുടെ കഥ തന്നെയെടുക്കാം. ഒമ്പതിനായിരം കോടി രൂപ വെട്ടിച്ചാണ് അദ്ദേഹം ഇംഗ്ലണ്ടിലേക്ക് വിമാനം കയറിയത്. ഇതിൽ 1201 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാത്രം എഴുതിത്തള്ളിയതാണ്. ഇന്ത്യയിലെ നൂറിൽപരം വ്യവസായികളുടെ കടം ഇങ്ങനെ എഴുതിത്തള്ളിയതിൽ ഉൾപ്പെടും. സുപ്രീം കോടതിയടക്കമുള്ള നീതിന്യായ സ്ഥാപനങ്ങൾ പല ആവർത്തി മുന്നറിയിപ്പ് നൽകിയിട്ടും മല്യയെ അറസ്റ്റ് ചെയ്യാനോ ആ കള്ളപ്പണക്കാരന്റെ കയ്യിലുള്ള ആസ്തി കണ്ടുകെട്ടാനോ നിൽക്കാതെ, അദ്ദേഹത്തിന് സുഗമമായി രാജ്യം വിടാനുള്ള പൊത ഒരുക്കുകയാണ് മോദി സർക്കാർ ചെയ്തത്. മല്യ രാജ്യം വിടുന്നത് സി.ബി.ഐ. പോലും അറിഞ്ഞില്ല. മല്യയെ ഇന്ത്യയിൽ തിരിച്ചുകൊണ്ടുവരാൻ കഴിയുന്നില്ല എന്ന് മാത്രമല്ല, ഈ കൊടും കുറ്റവാളിയുടെ കയ്യിലുള്ള പൊതുപണം ഖജനാവിൽ തിരിച്ചെത്തിക്കാനുള്ള ത്രാണി പോലും കേന്ദ്ര സർക്കാറിനില്ലാത്തത് കാണുമ്പോൾ ഭരിക്കുന്നവന്റെ ആത്മാർത്ഥത പൊതുസമൂഹം ചോദ്യംചെയ്തു പോകുന്നു.

കൃഷി നശിച്ചും വായ്പ തിരിച്ചടക്കാനാവാതെയും ആത്മഹത്യ ചെയ്യുന്നവരുടെ നാടാണ് ഇന്ത്യ. കഴിഞ്ഞ വർഷം മാത്രം ഇങ്ങനെ ആത്മഹത്യ ചെയ്തവർ നൂറുക്കണക്കിന് വരും. ഇവരെല്ലാം ലോണെടുത്തിരിക്കുന്നത് ഇന്ത്യയിലെ മുഖ്യധാരാ ബാങ്കുകളിൽ നിന്നാണ്. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ തലപ്പത്തുള്ള എസ്.ബി.ഐ. മാത്രം അടുത്ത കാലത്ത് എഴുതിത്തള്ളിയത് 48,000 കോടിയാണ്. ഈ സംഖ്യയിൽ കർഷകന്റെയോ, ചെറുകിട കച്ചവടക്കാരന്റെയോ നയാപൈസ പോലും പെടില്ല. ഒക്കെയും കുത്തകകളുടേത് മാത്രം. മറ്റ് ബാങ്കുകളുടെ കഥ പറയാതിരിക്കുന്നതാണ് ഭേദം. അപ്പോൾ ഭരണകൂടവും കോർപ്പറേറ്റുകളും തമ്മിലുള്ള ഒത്തുകളിയുടെ ആഴം നമുക്ക് മനസ്സിലാവും. ഒരു വ്യവസായി ബാങ്കിൽ നിന്നുമെടുത്ത സംഖ്യ തിരിച്ചടക്കാത്തത് എന്തുകൊണ്ടാണെന്ന് സുപ്രീം കോടതി തന്നെ പലപ്പോഴായി ഉന്നയിച്ചിട്ടുണ്ട്. ഒരിക്കലുമത് വ്യവസായി പാപ്പരായതുകൊണ്ടല്ല. മറിച്ച് ഭരണകൂടവും കുത്തകകളും ബാങ്കുകളും തമ്മിലുള്ള അവിശുദ്ധമായ കൂട്ടുകെട്ടിന്റെ ഫലം കൂടിയാണ്. ഒരു ബാങ്ക് കിട്ടാക്കടമായി എഴുതിത്തള്ളുന്ന ഈ സംഖ്യ തിരിച്ചുപിടിക്കുന്നത് വീണ്ടും പൊതുസമൂഹത്തെ ചൂഷണം ചെയ്തുകൊണ്ടാണെന്നതാണ് ഇതിലെ വലിയ തമാശ. പൊതുജനത്തിന് മറ്റൊരു മാർഗമില്ലാത്തതിനാൽ അതിന് ഇരയാവേണ്ടിയും വരുന്നു.

ഡോ: എൽ. വിജയലക്ഷ്മി
മെഡിക്കൽ കോളേജ്, തിരുവനന്തപുരം

# കുട്ടികളുടെ ഭക്ഷണം

**? ആരോഗ്യകരമായ വളർച്ചയ്ക്ക് കുട്ടികൾക്ക് വേണ്ട ഭക്ഷണം എന്തെല്ലാം?**

– കുട്ടികൾ അഞ്ചു ഭക്ഷണ ഗ്രൂപ്പുകളിൽ നിന്നുള്ള ഭക്ഷണങ്ങൾ ആവശ്യമായ തോതിൽ അടങ്ങിയ സമീകൃതാഹാരം വേണം നൽകാൻ. പയറുവർഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പാൽ എന്നിവയെല്ലാം ഡയറ്റിൽ ഉൾപ്പെടുത്തണം. പച്ചിലക്കറികളും റാഗി പോലുള്ള ധാന്യങ്ങളും വഴി കാത്സ്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതോടൊപ്പം ആവശ്യത്തിനു കായികാധ്വാനവും കൂടി ചേർന്നാൽ ആരോഗ്യകരമായ ശരീരവും മനസ്സും സ്വന്തമാക്കാം.

**? കുട്ടികളിൽ ഭക്ഷണ അലർജി ഉണ്ടാകുമോ?**

– കുട്ടികളിൽ ചില പ്രത്യേക ഭക്ഷണ സാധനങ്ങൾ അലർജിയുണ്ടാക്കാം. പക്ഷേ, ഇതത്ര സാധാരണമല്ല. ചുരുക്കം ചില കുട്ടികളിലേ ഭക്ഷണ അലർജി കാണാറുള്ളൂ. അതും ഭക്ഷണത്തിലെ പ്രോട്ടീനിന്റെ സാന്നിധ്യം മൂലവും. പശുവിൻപാൽ, മുട്ടയുടെ വെള്ള, നീലക്കടല, ചില മത്സ്യങ്ങൾ എന്നിവയെല്ലാം അലർജിയുണ്ടാക്കാം. ഏതെങ്കിലും പ്രത്യേക ഭക്ഷണ പദാർത്ഥത്തോടു കുട്ടിക്ക് അലർജിയുണ്ടെന്നു കണ്ടാൽ പിന്നെ ആ ഭക്ഷണം കുട്ടിക്കു നൽകരുത്.



**? ഭക്ഷണ അലർജിയുടെ ലക്ഷണങ്ങൾ ഏവ?**

– സാധാരണഗതിയിൽ ഛർദി, തലചുറ്റൽ, വയറിളക്കം, കുടലിനെ ബാധിച്ചിട്ടുണ്ടെങ്കിൽ വയറുവേദന എന്നിവ കാണാം. ത്വക്കിനെയാണ് ബാധിച്ചിരിക്കുന്നതെങ്കിൽ ചൊറിച്ചിൽ, ചുവന്ന പാടുകൾ, കുരുക്കൾ എന്നിവ വരാം. ശ്വസനേന്ദ്രിയ വ്യൂഹത്തെയാണ് ബാധിച്ചിരിക്കുന്നതെങ്കിൽ അലർജിക്ക് ബ്രോങ്കൈറ്റിസ്, ആസ്ത്മ എന്നിവ വരാം. നാഡീവ്യൂഹത്തെ ബാധിച്ചാൽ മൈഗ്രേൻ, പേശീ–സന്ധി വേദന എന്നിവയും കണ്ടുവരുന്നു. ചില പ്രത്യേകതരം മത്സ്യങ്ങളോ മറ്റു ഭക്ഷണ പദാർത്ഥങ്ങളോ കഴിക്കുക വഴി ആൻജിയോന്യൂറോട്ടിക് എഡിമ എന്ന സ്ഥിതിവിശേഷം ഉണ്ടാകാം. അടിയന്തിരമായി വൈദ്യശ്രദ്ധ കിട്ടേണ്ട രോഗാവസ്ഥയാണിത്.

**? കുട്ടികൾ പാൽ കുടിക്കാതിരുന്നാൽ കാത്സ്യത്തിന്റെ കുറവ് വരില്ലേ..?**

– പാലിലൂടെ മാത്രമല്ല, മറ്റു ഭക്ഷണങ്ങളിലൂടെയും കുട്ടികൾക്കു കാത്സ്യം ലഭ്യമാകാം. മോര് ഇഷ്ടമാണെങ്കിൽ അതു നൽകാം. പാൽക്കട്ടി, മുള്ളുള്ള ചെറുമത്സ്യം, പച്ചിലക്കറികൾ, റാഗി എന്നിവ കാത്സ്യത്താൽ സമൃദ്ധമാണ്. ഓറഞ്ച്, മധുരക്കിഴങ്ങ് എന്നിവയിൽനിന്നും കാത്സ്യം ലഭിക്കുന്നതാണ്. കാത്സ്യം ഗുളികകൾ ശിശുരോഗ വിദഗ്ധരുടെ നിർദേശത്തോടെ മാത്രമേ നൽകാവൂ. വർഷങ്ങളോളം തുടർച്ചയായി

കാത്സ്യം ഗുളികകൾ നൽകുന്നത് അഭികാമ്യമല്ല.

**? പച്ചക്കറികളും പഴവർഗങ്ങളും കുട്ടികൾ കഴിക്കാതിരുന്നാൽ എന്താണ് പരിഹാരം..?**

– കുട്ടികൾക്ക് ഭക്ഷണം നൽകുമ്പോൾ നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ ഒഴിവാക്കുക. അഞ്ചാറു തരത്തിലുള്ള ഭക്ഷണ രീതികൾ കണ്ടെത്തി മാറിമാറി പരീക്ഷിക്കാം. ധാരാളം പച്ചക്കറി വിഭവങ്ങൾ ചേർത്തുണ്ടാക്കുന്ന സൂപ്പാണ് പച്ചക്കറി കഴിപ്പിക്കാനുള്ള മറ്റൊരു മാർഗം. പഴങ്ങൾ പായസത്തിനോടൊപ്പമോ മറ്റ് ആഹാര സാധനങ്ങളോടൊപ്പമോ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.

**? കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് നൽകേണ്ട ഭക്ഷണം എന്തെല്ലാം?**

– ധാരാളം അന്നജമടങ്ങിയ തവിടു നീക്കാത്ത ധാന്യങ്ങൾ, പയറുവർഗങ്ങൾ, പച്ചിലക്കറികൾ ഇവ ആവശ്യമായ അളവിൽ കഴിക്കണം. കുട്ടിയുടെ തൂക്കത്തിന് അനുസൃതമായി ഒരു കിലോഗ്രാമിന് രണ്ടു ഗ്രാം പ്രോട്ടീൻ ലഭിക്കുംവിധം ദിവസവുമുള്ള ഭക്ഷണം ക്രമീകരിക്കണം. പാൽ, മുട്ട, മത്സ്യം, പയറുവർഗങ്ങൾ എന്നിവയെല്ലാം പ്രോട്ടീൻ സ്രോതസ്സുകളാണ്. കൊഴുപ്പുള്ള ഭക്ഷണം മിതമായി മതി. ബേക്കറി പലഹാരങ്ങളും കൃത്രിമ പാനീയങ്ങളും ഒഴിവാക്കണം.

**? കുട്ടികളുടെ ഉച്ചഭക്ഷണം എങ്ങനെ വേണം?**

– മത്സ്യം, മാംസം, മുട്ട, ബീൻസ്, പയറുവർഗങ്ങൾ എന്നിങ്ങനെ പ്രോട്ടീൻ സമ്പുഷ്ടമായ എന്തെങ്കിലും ഭക്ഷ്യവിഭവം നിർബന്ധമായും ഉൾപ്പെടുത്തണം. അന്നജമടങ്ങിയ ഏതെങ്കിലും ഒരു ഭക്ഷ്യവിഭവവും വേണം. ഉദാ: ചോറ്, ഉരുളക്കിഴങ്ങ്, കിഴങ്ങുവർഗങ്ങൾ. ഭക്ഷണത്തിന്റെ ഒരു ഭാഗം പച്ചക്കറികളായിരിക്കണം. പാകപ്പെടുത്തിയോ പച്ചയ്ക്ക് സാലഡായോ നൽകാം. ഒരു പഴവർഗവുമാകാം. ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റിക് പാത്രങ്ങളിൽ ഭക്ഷണം പൊതിഞ്ഞു നൽകരുത്. അംഗീകൃതമായ ഗുണമേന്മയുള്ള പാത്രങ്ങളിൽ മാത്രം നൽകുക. ചൂടോടെ പായ്ക്കു ചെയ്യരുത്. ചൂടു മാറിയ ശേഷം മാത്രം പൊതിഞ്ഞു കെട്ടാം.

**? മുടി വളർച്ചയ്ക്കും ചർമകാന്തിക്കും എന്തു നൽകണം?**

– അണ്ടിപ്പരിപ്പുകൾ, മത്തി പോലുള്ള എണ്ണ മത്സ്യങ്ങൾ എന്നിവയിലെ അവശ്യ കൊഴുപ്പ് ആരോഗ്യമുള്ള ചർമം ലഭിക്കാൻ സഹായിക്കും. പച്ചിലക്കറികൾ, പച്ച നിറമുള്ള പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ വിറ്റാമിൻ ഇ.യും ഗുണകരമാണ്. റെഡിമെയ്ഡ്-പായ്ക്കറ്റ് ഭക്ഷണ ശീലങ്ങൾ ചർമത്തിന്റെ കാന്തി കെടുത്തും. മുടി വളർച്ചയ്ക്ക് മേൽ പറഞ്ഞ ഭക്ഷണങ്ങളോടൊപ്പം പ്രോട്ടീനും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കണം.

**തയ്യാ: ശശികുമാർ ചേളന്നൂർ**


അലോപ്പതി പോലും കൈവിട്ട രോഗങ്ങൾക്ക്

ആയുർവേദത്തിന്റെ പരിഹാരം

MARMAH മർമ്മ്

ആയുർവേദ ഹോസ്പിറ്റൽ

ബൈപാസ് ജംഗ്ഷൻ – കൊണ്ടോട്ടി



Chief Physician

Dr. P.K. MOHAMMED ALIAS BAPPU

BAM, PGDPC, P.hD.

അലോപ്പതിയിൽ സർജറി വിധിക്കാവുന്ന അപകടത്തിലുണ്ടാകുന്ന ഒടിവ്, ചതവ്, പ്ലാസ്റ്ററിട്ടിട്ടും സർജറി നടത്തിയിട്ടും ശരിയാവാത്ത സന്ധികൾ, വൈകല്യങ്ങൾ, ജോലി-ജീവിത ശൈലീദന്യമായ കഴുത്ത്-പുറം-നടുവേദന നട്ടെല്ലിലെ ക്ഷതം, തേയ്മാനം, ഡിസ്ക്, ഇടുപ്പ് തേയ്മാനം, ജന്മനാലുള്ള അസ്ഥി തകരാറുകൾ, സർജറി നിർദേശിക്കാവുന്ന കാൽമുട്ട് തേയ്മാനം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ.

ഗർഭധാരണ ശേഷിക്കുറവ്, തുടർച്ചയായ അബോർഷൻ, ഗർഭാശയതാഴ്ച, പുറം തള്ളൽ, മൂത്രാശയ താഴ്ച, ചിരിക്കുമ്പോഴും ചുമക്കുമ്പോഴും മൂത്രം പോകൽ, ഗർഭാശയ-അണ്ഡാശയ മുഴകൾ (ഫൈബ്രോയിഡ്&സിസ്റ്റ്), അമിത രക്തസ്രാവം, മാസമുറ തകരാറുകൾ, സ്ത്രീ പുരുഷ വന്ധ്യത, തൈറോയ്ഡ് എന്നിവക്കുള്ള ചികിത്സ.

പ്രസവാനന്തരം വേണ്ടുന്ന ശാസ്ത്രീയശുശ്രൂഷ ലഭിക്കാത്തതിനാലാണ് ഗർഭാശയ തള്ളലും രക്തം പോക്കും മറ്റും ഉണ്ടാകുന്നത്. ഗർഭാശയം എടുത്തുകളയേണ്ടതുമൂലമുണ്ടാകുന്ന സ്ത്രീത്വവും ആരോഗ്യവും നഷ്ടപ്പെടുത്തുന്ന രോഗ കാരണങ്ങൾക്ക് പ്രത്യേക ശുശ്രൂഷ.

സന്ധിവാതം, ആമവാതം, രക്തവാതം, പിള്ളവാതം, അർദ്ദിതം, പക്ഷാഘാതം, രക്ത സമ്മർദ്ദം എന്നിവക്ക് ചുരുങ്ങിയ ദിവസത്തെ ചികിത്സ. അൾസറൈറ്റിസ് കൊളൈറ്റിസ്, മൂക്കിലെ ദശ എന്നിവക്കും നേത്യ രോഗങ്ങൾ, കാഴ്ചക്കുറവ്, അൾഷിമേഴ്സ്, ഓർമക്കുറവ്, മൂത്രം നിയന്ത്രിക്കാനാവായ്മ, മൂത്രതടസ്സം, ബലക്ഷയം തുടങ്ങിയ വാർദ്ധക്യസഹചരോഗങ്ങൾക്കും പരിഹാരം.

Bypass Junction, Kondotty, Malappuram, Kerala - 673 638
Ph: 0483 645 2192, 09846 926 481, 0483 271 2520

24 Hours Helpline: 08129 671 524
www.marmayurveda.com

അക്ബർ അലി കൊല്ലം

# ഭർത്താവ്: ഭാര്യയുടെ സ്വർഗം

മനുഷ്യനെ സൃഷ്ടിച്ച പ്രപഞ്ചനാഥൻ തന്നെ മനുഷ്യസമൂഹത്തിന്റെ നിലനിൽപിനാവശ്യമായ സംവിധാനങ്ങളെ തയ്യാർ ചെയ്തുതന്നു. അതിലൊന്നാണത്രെ വൈവാഹിക ജീവിതം. പുരുഷനും സ്ത്രീക്കും മഹത്വങ്ങൾ കൽപിക്കുന്ന വിശുദ്ധ ഇസ്‌ലാം രണ്ടു വിഭാഗത്തിനും വ്യത്യസ്ത പദവികളാണ് നൽകുന്നത്.

മനുഷ്യകുലത്തിന്റെ നിലനിൽപിന് വേണ്ടി ആദിമ മനുഷ്യൻ ആദം(അ)നെ സൃഷ്ടിച്ച ഉടനെ അല്ലാഹു ചെയ്തത് ആദമിൽനിന്ന് തന്നെ ഒരു ഇണയെ സൃഷ്ടിക്കുക എന്നതായിരുന്നു. കാരണം ഒന്നായി നിന്ന് രണ്ട് വ്യത്യസ്ത ദൗത്യങ്ങൾ പൂർത്തീകരിക്കേണ്ടവരാണവർ. സ്ത്രീക്കും പുരുഷനും പരസ്പരം ഇണയായി ജീവിക്കാൻ മതപരമായി നികാഹ് എന്ന ചടങ്ങിലൂടെ മാത്രമേ അനുവദനീയമാവുകയുള്ളൂ. ഒരു സ്ത്രീ വിവാഹത്തിലേക്ക് കാലെടുത്ത് വെക്കുന്നത് മുതൽ അവൾ പുതിയൊരു പാത പണിയുകയാണ്. അതായത്, സ്ത്രീയുടെ സ്വർഗപാതയാണ് ഭർത്താവ്. തന്റെ ഭർത്താവിന്റെ പൊരുത്തത്തോടുകൂടി ഒരു സ്ത്രീ മരണപ്പെട്ടാൽ അവൾ സ്വർഗത്തിലാണെന്ന് നബിവചനം. സ്വർഗവാസികളായ നാല് കൂട്ടം സ്ത്രീകളെക്കുറിച്ച് നബി(സ്വ) അരുളിയിരിക്കുന്നു: (1) അല്ലാഹുവിനെ അനുസരിക്കുന്ന ഭർത്താവിന് വഴിപ്പെടുന്ന സ്ത്രീ. (2) ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ഭർത്താവിനൊപ്പം ക്ഷമിച്ചു കഴിയുന്ന കൂടുതൽ പ്രസവിക്കുന്ന സ്ത്രീ. (3) ഭർത്താവിന്റെ അഭാവത്തിൽ സ്വന്തം ശരീരത്തെയും സ്വത്തിനെയും സൂക്ഷിക്കുന്ന സ്ത്രീ. (4) ചെറിയ കുട്ടികൾ ഉണ്ടായിരിക്കേ ഭർത്താവ് മരണപ്പെടുകയും എന്നാൽ അവരുടെ ജീവിതം അനാഥമാക്കപ്പെടുമോ എന്ന ഭയത്താൽ മറ്റൊരു വിവാഹത്തിന് തയ്യാറാകാതെ സ്വയം നിയന്ത്രിക്കുകയും കുട്ടികളെ നല്ല നിലയിൽ പരിപാലിക്കുകയും ചെയ്യുന്ന സ്ത്രീ. ഇവരെല്ലാം സ്വർഗവാസികളായ സ്ത്രീകളുടെ കൂട്ടത്തിലായാണ് നബി(സ്വ) എണ്ണിയിരിക്കുന്നത്. തന്റെ ഭർത്താവിനെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ഭർത്താവ് പറയുന്ന കാര്യങ്ങൾ അനുസരിക്കുകയും, ഭർത്താവിന് ദേഷ്യമുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുകയും, ഭർത്താവ് ദേഷ്യപ്പെട്ട് സംസാരിച്ചാൽ സ്വയം നിയന്ത്രിക്കുകയും ചെയ്യൽ ഭാര്യയുടെ കടമയാണ്. നാവുകൊണ്ട് ഭർത്താവിനെ ദ്രോഹിച്ചാൽ അവൾ നരകാവകാശിയാകും എന്ന് ഹദീസിലുണ്ട്.

ഒരിക്കൽ നബി(സ്വ) ഫാത്വിമ ബീവി(റ)യോട് പറഞ്ഞു: ഞാൻ നരകത്തിൽ അതിശക്തമായ ശിക്ഷ അനുഭവിക്കുന്ന ഒരു സ്ത്രീയെ കണ്ടു. ചുട്ടുപഴുത്ത ഇരുമ്പിന്റെ തൂണിൽ അവളുടെ നാവ് വലിച്ചു

TIPS

## ഷൂ ഉപയോഗിക്കുമ്പോൾ

രാത്രി അൽപം സോഡാ ഉപ്പ് ഷൂവിന് മേൽ തൂകി വച്ച ശേഷം രാവിലെ നന്നായി തുടച്ച് പോളിഷ് ചെയ്താൽ നല്ല തിളക്കം കിട്ടും. നാരങ്ങാത്തോട് കൊണ്ട് ഉരസിയാൽ ഷൂ തിളങ്ങും. പോളിഷ് ചെയ്യുംമുമ്പ് ഒരു കഷ്ണം ഉരുളക്കിഴങ്ങ് കൊണ്ട് ഷൂവിന്റെ എല്ലാ വശങ്ങളിലും നന്നായി അമർത്തിത്തുടക്കുക. കുട്ടികൾക്ക് കെട്ടിക്കൊടുക്കുമ്പോൾ അൽപം നനച്ച ശേഷം ഷൂ ലേസ് കെട്ടിയാൽ പെട്ടെന്ന് അഴിയാതിരിക്കാൻ ഉപകാരപ്പെടും.

## താരൻ ശല്യം നീങ്ങാൻ

കുതിർത്ത ഉലുവ അരച്ചു കഞ്ഞിവെള്ളം ചേർത്ത് തലയിൽ പുരട്ടി വച്ച് അൽപ സമയത്തിനു ശേഷം (മുപ്പതു മിനിറ്റ്) കഴുകിക്കളഞ്ഞാൽ മതി. മൈലാഞ്ചിയിലയും ഉലുവയും അരച്ച് കുറച്ച് നാരങ്ങാനീര് ചേർത്ത് തലയിൽ തേച്ചു പിടിപ്പിക്കുക, കണിക്കൊന്നയുടെ ഇല, തൊലി എന്നിവയിട്ട് തിളപ്പിച്ചാറിയ വെള്ളംകൊണ്ട് കഴുകിയാൽ മതിയാവും.

എള്ളെണ്ണ ഒഴിവാക്കുക. വെളിച്ചെണ്ണയോ അതു ചേർത്ത് കാച്ചുന്ന എണ്ണകളോ ആവാം.

കെട്ടി ഇരു കൈകളും പുറകിലേക്ക് കൂട്ടിക്കെട്ടിയിരിക്കുന്നു. മാത്രമല്ല, മലക്കുകൾ അവളുടെ വായയിൽ ചൂടുള്ള ടാർ ഒഴിച്ചുകൊടുക്കുന്നു. ജിബ്‌രീൽ(അ)നോട് ഞാൻ ചോദിച്ചു: ആ സ്ത്രീ ചെയ്ത തെറ്റെന്താണ്? ജിബ്‌രീൽ(അ) പറഞ്ഞു: അവൾ ഭർത്താവിനെ നാവുകൊണ്ട് ബുദ്ധിമുട്ടിച്ചവളാണ്.

ദാമ്പത്യ ജീവിതവുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ മഹത്വവും അവകാശങ്ങളും പരിശോധിച്ചാൽ തന്നെ ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന സ്ഥാനം മനസ്സിലാക്കാൻ കഴിയും. ഇണയായി വരുന്ന സ്ത്രീക്ക് പുരുഷൻ പാർപ്പിടം, വസ്ത്രം, ഭക്ഷണം തുടങ്ങിയവ ഒരുക്കിക്കൊടുക്കൽ ബാധ്യതയാണ്. ഇതിലെന്തെങ്കിലും കുറവ് വന്നാൽ അവൾക്ക് കോടതിയെ സമീപിക്കാനുള്ള അവകാശമുണ്ട്. അവരിരുവരുടേയും കുട്ടിയെ മുലയൂട്ടുന്നതിന്റെ കൂലി തന്റെ ഭർത്താവിനോട് ചോദിച്ച് വാങ്ങാനും അവകാശമുണ്ട്. പരസ്പരം സഹകരിച്ചു മുന്നോട്ടു പോവുകയാണ് കൂടുതൽ പേരും. പുരുഷന് ഉപയോഗിക്കാൻ പാടില്ലാത്ത പലതും സ്ത്രീക്ക് ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. സ്വർണവും വെള്ളിയും ഉദാഹരണം. നിയമാനുസൃതം സൗന്ദര്യവർധക വസ്തുക്കളാവാം. പട്ടുവസ്ത്രങ്ങൾ ധരിക്കാം.

ദാമ്പത്യ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ അവൾ എണ്ണമറ്റ പ്രതിഫലത്തിന് അർഹയാകുന്നു.

– ഒരു സ്ത്രീ നിസ്കാരം, നോമ്പ് തുടങ്ങിയവ സൂക്ഷ്മതയോടെ നിർവഹിച്ച് തന്റെ ഭർത്താവിനെ അനുസരിച്ച് ജീവിച്ചാൽ സ്വർഗത്തിലെ ഏഴ് വാതിലിലൂടെ പ്രവേശിക്കാവുന്നതാണ്.

– ഭർത്താവ് ജോലി കഴിഞ്ഞ് ക്ഷീണിച്ച് വീട്ടിൽ വരുമ്പോൾ ഭാര്യ സന്തോഷപൂർവം സ്വീകരിച്ചാൽ ഒരു ധർമസമരത്തിന്റെ കൂലി ലഭിക്കുന്നതാണ്.

– പ്രസവിച്ചാൽ 70 വർഷത്തെ ഇബാദത്തിന്റെ പ്രതിഫലവും പ്രസവം കാരണമുണ്ടാകുന്ന വേദനയ്ക്ക് ഓരോ ഹജ്ജിന്റെ പ്രതിഫലവും എഴുതപ്പെടുന്നതാണ്.

– തന്റെ കുഞ്ഞിന് നിശ്ചയിക്കപ്പെട്ട കാലയളവുവരെ മുലപ്പാൽ കൊടുത്താൽ ഒരു മലക്ക് അവളെ നോക്കി ഇപ്രകാരം പറയുന്നതാണ്; "സ്വർഗം നിനക്ക് നിർബന്ധമാക്കിയിരിക്കുന്നു".

– തന്റെ കുഞ്ഞിന്റെ കരച്ചിൽ കാരണം രാത്രി മുഴുവൻ ഉറക്കമൊഴിച്ചാൽ അവൾക്ക് 20 അടിമകളെ മോചിപ്പിച്ച പ്രതിഫലം ലഭിക്കുന്നതാണ്.

ചുരുക്കത്തിൽ സദ്‌വൃത്തയായ സ്ത്രീക്ക് സ്വർഗത്തിലേക്കുള്ള എളുപ്പ വഴിയാണ് ഭർത്താവ്. ഭർത്താവിന് (അല്ലാഹു നിഷിദ്ധമാക്കാത്ത കാര്യങ്ങൾ) വഴിപ്പെടുന്നതിലൂടെയും അവനെ അനുസരിക്കുന്നതിലൂടെയും അവന്റെ പൊരുത്തത്തിൽ മരണപ്പെടുന്നതിലൂടെയും അവൾ സ്വർഗവാസിയാകുന്നതാണ്. ■


# ഹാർട്ട് ബ്ലോക്കിനും പ്രമേഹത്തിനും
## ചൈനീസ് അക്യൂപങ്ചറും കേരളാ പാരമ്പര്യ നാട്ടുവൈദ്യവും

ഈ ചികിത്സയിൽ ചുരുങ്ങിയ ചെലവിലും കാലയളവിലും ഞരമ്പുകളിലെ കൊഴുപ്പുകൾ അലിഞ്ഞ് പോകുന്നതിനാൽ ഓപ്പറേഷൻ കൂടാതെ ഹാർട്ട് ബ്ലോക്കിന് ഫലപ്രദമായ ചികിത്സ. ഒരു മാസത്തെ മരുന്നുകൾ അടക്കം 3500/- രൂപ മാത്രം. ചികിത്സ പാലക്കാട് വൈദ്യ ശാലയിൽ മാത്രം.

ഈ ചികിത്സയിൽ കിട്ടുന്ന മറ്റു ഗുണങ്ങൾ : ശരീരത്തിലെ കൊഴുപ്പുകൾ അലിഞ്ഞ് പോകുന്നതിനാൽ അമിതവണ്ണവും കുടവയറും കുറയുന്നു. നാഡീ ഞരമ്പുകളിലെ രക്തയോട്ടം സുഖമമാകുന്നതിനാൽ ലൈംഗീക ബലഹീനത എന്നിവയ്ക്ക് ഫലപ്രദമായ പരിഹാരം.



കെ.എസ്. ഹർഷാദ് വൈദ്യർ
ACUPUNCTURE (M.D.), COLOMBO UNIVERSITY, SRI LANKA
Practical Experience from : ZHONGFANG RED CROSS INTERNATIONAL HOSPITAL, HUAI HUA, CHINA
കേരളാ പാരമ്പര്യ നാട്ടുവൈദ്യൻ / മാനേജിംഗ് ഡയറക്ടർ


കേരളാ പാരമ്പര്യ നാട്ടുവൈദ്യവും ചൈനീസ് അക്യൂപങ്ചർ രീതിയും ചേർത്ത് പ്രമേഹം, മുട്ടുകാൽ വേദന, വന്ധ്യത, ലൈംഗീക ബലഹീനത എന്നിവ ചികിത്സിക്കുന്നു

For more details, Contact :
KATTOLLY AYURVEDICS & RESEARCH CENTRE
10/584, T - NAGAR, NERUKKAKAD, CHANDRANAGAR, KALLEPPULLY P. O., PALAKKAD - 678 005, KERALA, INDIA.
CUSTOMER CARE +91 99 47 64 14 89 | +91 97 44 55 1234
email : kattollyayurvedics@gmail.com; Visit us Online @ www.kattollyayurvedics.in
GMP

താലോലം

തമ്പാൻ തായിനേരി

# കിങ്ങിണിയുടെ ആഗ്രഹം



പൊന്നച്ചന്റെ വീട്ടിലെ കിങ്ങിണിപ്പൂച്ചയ്ക്ക് ഒരാഗ്രഹം. തനിക്കും വേണം കഴുത്തിലൊരു മണി. മണി കിലുങ്ങി നടക്കാൻ നല്ല ചേലായിരിക്കും.

കിങ്ങിണി തള്ളപ്പൂച്ചയോട് പറഞ്ഞു:

"അമ്മേ... അമ്മേ... എനിക്കും കെട്ടണം കഴുത്തിലൊരു മണി..."

തള്ളപ്പൂച്ച പറഞ്ഞു: "അയ്യേ... നിനക്കു മണിയോ... ഉണ്ണീ... ആവശ്യമില്ലാത്ത ആഗ്രഹങ്ങളൊന്നും വേണ്ട... ട്ടോ..."

കിങ്ങിണിപ്പൂച്ച ശാഠ്യം പിടിച്ചു കരഞ്ഞു. "വേണം എനിക്കും കഴുത്തിലൊരു മണി. പോത്തൻ പറമ്പിലെ കാളക്കുട്ടന് മണിയുണ്ടല്ലോ. പിന്നെ മനയ്ക്കലെ കൊമ്പൻ ആനയ്ക്കും കഴുത്തിൽ മണിയുണ്ടല്ലോ. പിന്നെ എന്താ എനിക്ക് മാത്രം..."

തള്ളപ്പൂച്ച ചിരിച്ചു. "അവരെപ്പോലെയാണോ നമ്മൾ. നമ്മൾ പൂച്ചകളല്ലേ ഉണ്ണീ..."

കിങ്ങിണി ഒരു തരത്തിലും വിടുന്ന മട്ടില്ല. ഒരേ വാശി തന്നെ. കഴുത്തിൽ മണി കെട്ടണം. കിങ്ങിണിയുടെ കരച്ചിൽ കണ്ടപ്പോൾ തള്ളപ്പൂച്ചയ്ക്കു സങ്കടം വന്നു.

തള്ളപ്പൂച്ച എങ്ങനെയൊക്കെയോ ഒരു മണി സംഘടിപ്പിച്ച് കിങ്ങിണിയുടെ കഴുത്തിൽ കെട്ടിക്കൊടുത്തു. കിങ്ങിണിയുടെ ഉത്സാഹം പിന്നെ പറയേണ്ടതില്ല. തൊടിയിലും പറമ്പിലും കിങ്ങിണിപ്പൂച്ച മണികിലുക്കിക്കൊണ്ട് ഓടടാ ഓട്ടം. പിന്നെ  കിങ്ങിണിയുടെ പരാക്രമം അന്യജീവികളോടായി. അണ്ണാൻകുട്ടിയുടെയും കോഴിക്കൂട്ടത്തിന്റെയും നേരെ കിങ്ങിണി മണിയും കിലുക്കി ഗമയോടെ ഓടി.

"എച്ചില് നക്കി... എച്ചില് നക്കി..."

അണ്ണാൻ കുട്ടി കിങ്ങിണിയെ പരിഹസിച്ചുകൊണ്ട് മരത്തിന്റെ മുകളിലേയ്ക്കു പാഞ്ഞു.



തള്ളക്കോഴികൾ മക്കളെ ചിറകിൽ ഒളിപ്പിച്ചു. കിങ്ങിണി ആഹ്ലാദക്കാഴ്ചകൾ കണ്ടു. നേരം പാതിരയായപ്പോൾ കിങ്ങിണിയ്ക്ക് വല്ലാതെ വിശക്കാൻ തുടങ്ങി. തള്ളപ്പൂച്ച അടുത്തെങ്ങുമില്ല. വീട്ടുകാരൻ പൊന്നപ്പന്റെ അടുക്കളയിൽ തള്ളപ്പൂച്ച ചുരുണ്ടു കിടക്കുകയാവും. നേരെ അങ്ങോട്ടു വിടാം. കിങ്ങിണി പതുക്കെ അങ്ങോട്ടു നടന്നു.

ണിം... ണിം... ണിം..

മണിയുടെ ശബ്ദം മാത്രം ഇരുട്ടിൽ മുഴങ്ങി. അടുക്കളയുടെ മൂലകളിലെല്ലാം കിങ്ങിണി മണത്തുനോക്കി.

“ഈ തള്ളപ്പൂച്ച എവിടെയായിരിക്കും?”

മ്യാവൂ... മ്യാവൂ... എന്ന് വിളിച്ച് ഒച്ചത്തിൽ കരയാം. കിങ്ങിണി കരയാനായി ഒരുങ്ങിയപ്പോഴായിരുന്നു തലയിൽ ഉശിരൻ ഒരു വീക്ക് വീണത്.

“അയ്യോ... കൊല്ലല്ലേ...”

കിങ്ങിണി നിലവിളിച്ചുകൊണ്ട് ഒറ്റ ഓട്ടമായിരുന്നു.

അപ്പോൾ പൊന്നപ്പൻ വിളിച്ചു പറയുന്നതു കേട്ടു: “പാത്രത്തിൽ മൂടിവെച്ച നെയ്യപ്പമെല്ലാം കിങ്ങിണിയാ കട്ടുതിന്നുന്നത്. കിങ്ങിണിയ്ക്ക് മണികെട്ടിയത് ഗുണകരമായി.”

ഒരു നെയ്യപ്പം പോലും മോഷ്ടിക്കാത്ത താൻ കുറ്റവാളിയായി. കിങ്ങിണിയ്ക്ക് സങ്കടം വന്നു. വീക്ക് കിട്ടിയ വേദനയോടെ കിങ്ങിണി ചക്കരമാവിന്റെ ചുവട്ടിലേക്ക് നടന്നു. മാവിന്റെ ചുവട്ടിലെ ഇരുട്ടിൽ വയറു നിറച്ച് ആരോ ഏമ്പക്കമിടുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ കിങ്ങിണിയ്ക്ക് മനസ്സിലായി, കുട്ടൻകാട്ടിലെ കരിമ്പൻ പൂച്ചയാണ്. “എന്താ കിങ്ങിണീ, പാതിരാത്രി ഇങ്ങോട്ട്..?” കരിമ്പൻ ചോദിച്ചു.

കിങ്ങിണി സംഗതികളെല്ലാം വിശദീകരിച്ചു. കരിമ്പൻ പറഞ്ഞു: “മറ്റുള്ളവർ ചെയ്യുന്നതെല്ലാം നമ്മൾ ആഗ്രഹിക്കരുത്. അവരവർക്ക് ചേരുന്നതേ ചെയ്യാവൂ... പൊന്നപ്പന്റെ നെയ്യപ്പം കട്ടു തിന്നതു ഞാനാ...കുറ്റം ചെയ്യാത്ത നീ കള്ളനുമായി...”

അമ്മ പറഞ്ഞതിന്റെ പൊരുൾ അപ്പോഴാണു കിങ്ങിണി ഓർത്തത്. അമ്മയെ അനുസരിക്കാത്തതിന്റെ ദോഷം കിങ്ങിണിക്ക് ബോധ്യമായി.

ഷാഹിമ. കെ.എം.

# അമ്പിളിമാമൻ



അമ്പിളിമാമാ ചങ്ങാതീ
താഴെവരാമോ എന്നരികിൽ
വാശി പിടിച്ചു കരയുന്ന
വാവക്കരികിൽ വരുമെങ്കിൽ
നൽകാം നൽകാം ചങ്ങാതീ
സമ്മാനങ്ങൾ കൈ നിറയെ.




# കൂടിക്കാഴ്ച

koodikkazhcha@gmail.com

## പൂങ്കാവനം ചെയ്യേണ്ടിയിരുന്നത്

വർഷങ്ങളായി പൂങ്കാവനം വായനക്കാരനും പ്രചാരകനുമാണ് ഞാൻ. പൂങ്കാവനം ആകാംക്ഷയോടെ കാത്തിരിക്കുന്ന കുടുംബങ്ങൾ ഏറെയുണ്ട്. പേജ് കൂട്ടി, വില വർധിപ്പിച്ചതിനു പകരം ദ്വൈവാരികയാക്കിയാൽ മതിയായിരുന്നു. ഒരെണ്ണം എല്ലാ പംക്തികളും ഉൾക്കൊള്ളിച്ച് നിലവിലെ മാസികപോലെയും മറ്റൊന്ന് പ്രത്യേക വിഷയത്തെ ആസ്പദമാക്കിയുള്ള പഠനപതിപ്പും. വിദൂരമല്ലാത്ത ഭാവിയിൽ ഈ മാറ്റം പ്രതീക്ഷിച്ചുകൊണ്ട്...

**ഇസ്ഹാഖ് പാലക്കോട്**

*****

## വിലകൂട്ടിയത് പ്രശ്നമല്ല

പൂങ്കാവനം പുതിയ മാറ്റം ശ്രദ്ധേയം. പണ്ഡിതന്മാരുടെ മികവുറ്റ ലേഖനങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു ഡിസംബർ ലക്കം. അഞ്ചു രൂപ കൂടിയത് വിഷയമല്ല. പംക്തികൾ ചോരാതെ നോക്കണേ...

**റംസിയ ഹൈദർ, ആനക്കാംപൊയിൽ**

*****

## പെൺകുട്ടികളും ഹോസ്റ്റലും

ഒക്ടോബർ ലക്കം പൂങ്കാവനം എന്തു കൊണ്ടും ശ്രദ്ധിക്കപ്പെട്ടു. അശ്റഫ് കാവിലിന്റെ ലേഖനം ചിന്തനീയം തന്നെ. പെൺകുട്ടികൾ ഹോസ്റ്റലുകളിൽ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ രക്ഷിതാക്കൾ അറിയാതെ പോകരുത്. ഇത്തരം ഫീച്ചറുകൾ ഇനിയും പ്രതീക്ഷിക്കുന്നു. ആശംസകളോടെ...

**മുഹ്സിനാ മുബശ്ശിർ, ഒതളൂർ**

*****

## പൂർണ പിന്തുണയോടെ

കഴിഞ്ഞ കുറച്ചു കാലമായി കുടുംബ മാസികകളിൽ എല്ലാ നിലക്കും പൂങ്കാവനം മികച്ചു നിൽക്കുന്നു. ഇത് ഞങ്ങളെപ്പോലുള്ള വായനക്കാരുടെ അനുഭവമാണ്. മാറ്റത്തോടെ പുറത്തിറങ്ങുന്ന പൂങ്കാവനത്തിന് സർവവിധ പിന്തുണകളും... വിജയാംശസകളോടെ...

**മുസ്തഫ കാരക്കാട്**

*****

## പ്രവാചക ലേഖനങ്ങൾ

ഡിസംബർ ലക്കം പൂങ്കാവനം കൊള്ളാം. രണ്ടത്താണി എഴുതിയ വാട്ട്സാപ്പ് രോഗങ്ങൾ നർമത്തിനപ്പുറം നമ്മെ ചിന്തിപ്പിക്കുന്നതുമാണ്. മുത്തുനബിയനുരാഗം നിറഞ്ഞു തുളുമ്പുന്ന നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പൂങ്കാവനത്തിനും എഴുത്തുകാർക്കും അഭിനന്ദനങ്ങൾ.

**മുബശ്ശിറ. ഒ.ആർ.**

*****

## നേർക്കാഴ്ച

പൂങ്കാവനം പ്രസിദ്ധീകരിച്ച ഹബീബുള്ളാ തങ്ങൾ കൊന്നാരിന്റെ നേർക്കാഴ്ച എന്ന പംക്തി വളരെയധികം ചിന്തിപ്പിക്കുന്നതും പാഠങ്ങൾ ഉൾക്കൊണ്ടതാണ്. നൊന്തുപെറ്റ മക്കളുടെ സുഖലോലുപതയിൽ പണ്ട് ചേരാനുള്ള ഭാഗ്യമില്ലാതെ വൃദ്ധസദനത്തിലേക്ക് പോകേണ്ട മനുഷ്യത്വരഹിതമായ അനുഭവങ്ങളാണ് അതിൽ പരാമർശിച്ചിട്ടുള്ളത്.

ചോര നീരാക്കിയ പണംകൊണ്ട് മക്കളെ പ്രതീക്ഷകളോടെ പഠിപ്പിച്ച് വളർത്തിയ മാതാപിതാക്കൾക്ക് ഖേദകരമായ കാഴ്ചയാണ് കാണാൻ ഇടയാക്കുന്നത്. ഉന്നത ജോലികളിൽ മക്കൾ പ്രവേശിച്ചതോടെ മാതാപിതാക്കളെ പരിപാലിക്കാൻ സമയമില്ലാതെ വൃദ്ധസദനത്തിലേക്ക് കൊണ്ടുപോകുന്ന പാശ്ചാത്യ സംസ്കാരമാണ് ഇന്നിന്റെ സമൂഹം വരവേറ്റത്.

മാതാപിതാക്കളോട് ഛെ എന്ന വാക്ക് പോലും പറയരുതെന്ന ഇസ്ലാമിന്റെ പാഠഭാഗം ശ്ലാഘനീയമാണ്. മറ്റു മതങ്ങളെക്കാൾ മാതാപിതാക്കൾക്ക് വിലകൽപിക്കുന്ന ഇസ്ലാം പഠിക്കാത്തവരായിരിക്കാം വൃദ്ധസദനത്തിലേക്ക് മാതാപിതാക്കളെ തള്ളിവിടുന്നത്. മാത്രവുമല്ല മാതാപിതാക്കളുടെ സ്നേഹവും ലാളനയും ലഭിക്കാത്ത ന്യൂ ജൻ മക്കളുമായിരിക്കാം വൃദ്ധസദനത്തിലേക്കുള്ള സന്ദർശകർ. ഇത്തരം നല്ലയിനം പംക്തികൾ വരും നാളുകളിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മുഹമ്മദ് ആത്വിഫ് ചൊക്ലി**

*****

## ക്ലാസ്റൂം

നവംബർ ലക്കം ഉസ്താദിന്റെ ക്ലാസ്റൂം തികച്ചും അവസരോചിതമായി. ഇന്ന് വലിയ പഠിപ്പും ജോലിയുമുള്ള പെൺകുട്ടികൾക്ക് പോലും ഇസ്ലാമിന്റെ ഉള്ളിൽ ഒതുങ്ങിയുള്ള ഇത്തരം കാര്യങ്ങൾ അറിയുമോ എന്ന് സംശയമാണ്. മുതിർന്നവർക്കും കുട്ടികൾക്കും പഠിക്കാനും പകർത്താനും ക്ലാസ് റൂം സഹായകരമായി. പൂങ്കാവനത്തിന്റെ വില വർദ്ധനവിൽ ഞങ്ങളും പങ്കുചേരുന്നു. നബിദിനാശംസകളോടെ,

**നഫീസാകുഞ്ഞിപ്പ, പന്താവൂർ**

*****

## വിശദീകരണം

ഡിസംബർ ലക്കം ഇ.ടി. മുഹമ്മദ് ബഷീറിയുടെ സ്വലാത്തും പ്രപഞ്ചവും എന്ന ലേഖനത്തിലെ 'പ്രവാചക ശിരോമണി എന്ന പ്രോജ്ജ്വലിക്കുന്ന ആത്മാവുമായുള്ള നെറ്റ്വർക്ക് ശക്തിപ്പെടുത്താൻ വേണ്ടിയും അതിലൂടെ' എന്നതിനു ശേഷമുള്ള വരികൾ 'പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ നൂറുത്തജല്ലിയിൽ വിലയം പ്രാപിക്കാൻ സാധ്യമാകുന്നതിനു വേണ്ടിയുമാകുന്നു' എന്ന് തിരുത്തി വായിക്കേണ്ടതാകുന്നു.

**എഡിറ്റർ, പൂങ്കാവനം**

**നിങ്ങളുടെ അഭിപ്രായങ്ങൾ ഇ-മെയിൽ വഴിയും അറിയിക്കാം koodikkazhcha@gmail.com**

# കുസൃതിപ്പൂക്കൾ



ജവാദ് അബ്ദുല്ല
കടവത്തൂർ



മുഹമ്മദ് റാസി
കല്ലുംപുറം



ഹംന സുൽഫിക്കർ
പള്ളിമുക്ക്




ആരിക




ആയിഷ അശ്റഫ്
പള്ളിപ്പറമ്പ്



മുഹമ്മദ് നാസിം ബശീർ
കൈപ്പമംഗലം




ജുല്ല ഫാത്വിമ
ഉളിയിൽ




ഫാത്വിമ ഹന്ന
കരേക്കാട്




ദുൽഖർ സൽമാൻ
കോഡൂർ



ഫാത്വിമ നിദ
മമ്പാട്




മുഹമ്മദ് ബിശ്ർ
കണ്ണൂർ




മാസിൻ ഷഫീഖ്
പട്ടർനടക്കാവ്




റാമീൽ
പാഴൂർ



ഉമറുൽ ഫാറൂഖ്
കൊല്ലം



ഫാത്വിമ സഹ്റ
വടുതല



നിഹാൽ മുഹമ്മദ്
പുറമണ്ണൂർ



## അടുക്കള

നസീല കാക്കൂർ



# മീൻ ബിരിയാണി

### ആവശ്യമുള്ള സാധനങ്ങൾ

മീൻ (അയക്കൂറയോ, ആവോലിയോ

വലിയ കഷ്ണങ്ങളായി മുറിച്ചത്: 500 ഗ്രാം

ബിരിയാണി അരി: 500 ഗ്രാം

മുളകുപൊടി: 1 ടീസ്പൂൺ

മഞ്ഞൾപൊടി: 1 ടീസ്പൂൺ

ഓയൽ: ആവശ്യത്തിന്

ഉള്ളി ചെറുതായി അറിഞ്ഞത്: 1½ കപ്പ്

പച്ചമുളക്, ഇഞ്ചി, വെളുത്തുള്ളി ചതച്ചത്: 2 ടീസ്പൂൺ

ഗരം മസാലപ്പൊടി: 2 ടീസ്പൂൺ

മല്ലിയില അരിഞ്ഞത്: ½ കപ്പ്

തേങ്ങ ചിരകിയത്: ½ കപ്പ്

ചെറുനാരങ്ങ: ഒന്ന്

തൈര്: 1 കപ്പ്

### തയ്യാറാക്കുന്ന വിധം

മീൻ നന്നായി കഴുകി എടുക്കുക. മുളകുപൊടി, മഞ്ഞൾപൊടി, ഉപ്പ് എന്നിവ പേസ്റ്റ് പോലെ ആക്കി മീൻ അതിലിട്ട് നന്നായി പുരട്ടുക. മീൻ നന്നായി മസാല പുരണ്ട ശേഷം എണ്ണയിലിട്ട് പൊരിച്ചെടുക്കുക. തേങ്ങ ചിരകിയത് തൈരിൽ കലക്കി വെക്കുക. ഒരു പാത്രം അടുപ്പത്ത് വെച്ച് വെളിച്ചെണ്ണ ഒഴിച്ച് ചൂടായാൽ ഉള്ളി ഇട്ട് നന്നായി വഴറ്റുക. ഉള്ളിയുടെ നിറം മാറിവരുമ്പോൾ പച്ചമുളക്, വെളുത്തുള്ളി, ഇഞ്ചി ഇവ ഇട്ട് വഴറ്റുക. ഇതിലേക്ക് തൈരിൽ കലക്കിയ തേങ്ങ ഇടുക. അൽപം ഉപ്പ് ചേർത്ത് വേവിക്കുക. ഇതിലേക്ക് പൊരിച്ച മീനും മല്ലിയിലയും ഇട്ട് ഇറക്കിവെക്കുക. ഉരുളി അടുപ്പിൽ വെച്ച് നെയ്യ് ചൂടാകുമ്പോൾ മൂന്നിരട്ടി തിളക്കുന്ന വെള്ളം ചേർത്ത് ചോറ് വേവിക്കുക. ചോറ് വെന്ത ശേഷം പകുതി മാറ്റി ഗരം മസാലപ്പൊടി വിതറി മീൻ മസാല പരത്തുക. മാറ്റിവെച്ച ചോറ് ഇതിനുമേലെ പരത്തുക. ഇതിനു മേൽ കുങ്കുമം വിതറുക. കനമുള്ള മൂടി കൊണ്ട് മൂടി കനൽവെക്കുക.



# വെജ്റ്റബിൾ ബിരിയാണി

### ആവശ്യമുള്ള സാധനങ്ങൾ

1. അരി: 1 കിലോ
2. കാരറ്റ്, കാബേജ്, തക്കാളി എന്നിവ ചെറിയ കഷ്ണങ്ങളാക്കിയത്: 2 കപ്പ്
3. സവാള: മ്മ കിലോ
4. ബീൻസ്: 1 കപ്പ്
5. വെളുത്തുള്ളി ചതച്ചത് :1 ടേബിൾ സ്പൂൺ
6. ഇഞ്ചി ചതച്ചത്: 1 ടേബിൾ സ്പൂൺ
7. പച്ചമുളക് ചതച്ചത്: 1 ടേബിൾ സ്പൂൺ

മല്ലിയില, പൊതീന: ¼ കപ്പ്
ഗരം മസാലപൊടി: 1 ടേബിൾ സ്പൂൺ
കറുവപ്പട്ട: 1 കഷ്ണം
കറാമ്പു: 3 കഷ്ണം
നെയ്യ് : 50 ഗ്രാം
വെളിച്ചെണ്ണ: 100 ഗ്രാം
ഉപ്പ് ആവശ്യത്തിന്
അണ്ടിപ്പരിപ്പ്, കിസ്മിസ്: 50 ഗ്രാം

### പാകം ചെയ്യുന്ന വിധം

രണ്ടു മുതൽ ഏഴു വരെയുള്ള ചേരുവകൾ വെളിച്ചെണ്ണ ഒഴിച്ച് വേവിച്ചെടുക്കുക. ശേഷം വെള്ളം തിളപ്പിച്ച് ആവശ്യത്തിന് ഉപ്പ് ചേർത്ത് കഴുകിയ അരി ഇട്ട് പകുതി വേവിക്കുക. ഇതിൽ നേരത്തെ വേവിച്ചു വെച്ച പച്ചക്കറികളും ഗരം മസാല, മല്ലിയില, പൊതീന, കറുവപ്പട്ട എന്നിവയും ചേർത്തിളക്കി മുകളിൽ നെയ്യൊഴിച്ച് കുറച്ചുസമയം അടുപ്പിൽതന്നെ വെക്കുക. ശേഷം അണ്ടിപ്പരിപ്പ്, കിസ്മിസ് എന്നിവ മുകളിൽ വിതറി 5 മിനിറ്റിനുശേഷം വിളമ്പാവുന്നതാണ്

# കഫ്സ റൈസ്



### ആവശ്യമുള്ള സാധനങ്ങൾ

1. ബസ്മതി അരി 1 കിലോ
2. ചിക്കൻ വലിയ കഷ്ണമാക്കിയത് 1 കിലോ
3. വെളിച്ചെണ്ണ 200 ഗ്രാം
4. സവാള 200 ഗ്രാം
5. കാരറ്റ് 100 ഗ്രാം
6. വലിയ ജീരകം 1 ടീസ്പൂൺ
7. കുരുമുളക് 1 ടീസ്പൂൺ
8. പച്ചമല്ലി 1 ടീസ്പൂൺ
9. ഏലക്കായ 8 എണ്ണം
10. ഗ്രാമ്പു 8 എണ്ണം
11. പട്ടഒരു വലിയ കഷ്ണം
12. മഞ്ഞൾപൊടി ½ സ്പൂൺ
13. ഉപ്പ് പാകത്തിന്
14. തക്കാളി 300 ഗ്രാം
15. പച്ചമുളക് 100 ഗ്രാം

### തയ്യാറാക്കുന്ന വിധം

നാലു മുതൽ പന്ത്രണ്ടു വരെയുള്ള ചേരുവകൾ വെളിച്ചെണ്ണയിൽ വഴറ്റുക. ഇതിലേക്ക് തക്കാളിയും പച്ചമുളകും വെള്ളം ചേർക്കാതെ ജ്യൂസായി അടിച്ചു ചേർക്കുക. ഈ മിശ്രിതത്തിൽ ചിക്കൻ ചേർക്കുക. ആവശ്യത്തിന് ഉപ്പ് ഉപയോഗിക്കുക. കോഴി പകുതി വേവുമ്പോൾ ഏഴ് ഗ്ലാസ് വെള്ളം ചേർത്ത് തിളപ്പിക്കുക. തിളക്കുമ്പോൾ അതിലേക്ക് അരിയിട്ട് വേവിക്കുക. വെന്തതിന് ശേഷം ചൂടോടെ ഉപയോഗിക്കാം.

# വാളും പരിചയും

**സർദാർ**

**ശരീഫ് കൂരിയാട്**

പ്രിയ സർദാർ, കേന്ദ്ര സർക്കാറിനെപ്പറ്റി എന്താണ് അഭിപ്രായം?

**മറക്കില്ലൊരിക്കലും ഈ ദുരിതകാലം.**

*****

**നഫീസ പുത്തൂർ**

സർദാർ, ഇത് അവസാന ക്യൂവായിരിക്കുമെന്നാണ് പ്രധാനമന്ത്രി പറയുന്നത്?

**അതെ, അടുത്തത് മരണമണിയാണെന്നർത്ഥം.**

*****

**ജബ്ബാർ വിളയിൽ**

സർദാർജീ, സ്വപ്നത്തിൽ കാണുന്ന സുന്ദരികളെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ എന്താണ് ചെയ്യേണ്ടത്?

**ഒരു ഖബ്ർ കുഴിച്ചുവെക്കുന്നത് നന്നായിരിക്കും.**

*****

**ഹസ്സൻ ചില്ലൂർ**

പ്രിയ സർദാർ, എന്റെ കല്യാണം നോക്കാൻ തുടങ്ങിയിട്ട് കുറെ കാലമായി. ഒന്നും ശരിയാവുന്നില്ല. താങ്കൾക്ക് മകളുണ്ടോ?

**മാനഹാനിയുള്ളവരുമായി ബന്ധത്തിന് താൽപര്യമില്ല.**

*****

**മുബശ്ശിർ നെന്മാറ**

പ്രിയ സർദാർ, താങ്കളെ എന്റെ വീട്ടിലേക്ക് കുടുംബസമേതം ക്ഷണിക്കുന്നു. എന്താ വരില്ലേ?

**കുടുംബത്തോടെ തല്ലാനാണോ..?**

*****

**നഫീസാ അബ്ദുറഹ്മാൻ, പാലൂർ**

ചക്കരക്കുടത്തിൽ കൈയിട്ടാൽ നക്കിത്തുടക്കാതിരിക്കില്ല എന്ന് പറയാറുണ്ട്. ശരിയാണോ?

**കിട്ടിയ ഇണയെക്കൊണ്ട് തൃപ്തിപ്പെടു കുട്ടീ...**

*****

**അബ്ദുൽ ബാസിത്ത്, കൂരിയാട്**

സഭയിൽ എൽ.ഡി.എഫും യു.ഡി.എഫും തമ്മിൽ തല്ലുന്നു. പൂങ്കാവനത്തിൽ സർദാറും കുഞ്ഞാപ്പുവും തമ്മിൽ തല്ലുന്നു. എന്നാണ് മാറ്റം വരിക?

**അസ്റാഈലിനോട് ചോദിക്കണം.**

*****

**നഫീസാ കുഞ്ഞിപ്പ, പന്താവൂർ**

പണംകൊണ്ട് അടിയന്തരാവസ്ഥ സൃഷ്ടിച്ച മോദി സർക്കാറിനെക്കുറിച്ച് എന്ത് തോന്നുന്നു?

**ഗുജറാത്തിലെ നരഹത്യയുടെ രണ്ടാം ഭാഗം.**

*****

**ഉബൈദ് കൊടിഞ്ഞി**

പ്രിയ സർദാർ, ജനസേവനത്തിന് എന്താണ് മാർഗം?

**കൊടിഞ്ഞിയിൽ ആദ്യം വേണ്ടത് ബോധവൽക്കരണമാണ്.**

*****

**ഷീബ പാറാൽ**

വൈകിവരുന്ന ഭർത്താക്കന്മാരെക്കുറിച്ച് എന്തു പറയുന്നു?

**വീട്ടിൽ സ്വൈര്യം കൊടുക്കാത്തവരാണ് നന്നാവേണ്ടത്.**

*****

## കുഞ്ഞാപ്പു

**ഫൈസൽ**





Printed, Published and Owned by Abdul Khadir Kundachalil. Printed at Geethanjali offset Prints, Kundayithode, Kozhikode 5 - and Published from Poomkavanam Publications, Intercity Arcade Calicut 4, Kerala. Editor: Abdul Khadir Kundachalil


ഇനി മുതൽ
പൂങ്കാവനം
കൂടുതൽ കളർ
പേജുകളോടെ...
വരിക്കാരാവുന്നവർക്ക് മനംനിറയെ
സമ്മാനങ്ങൾ
രണ്ടുവർഷത്തേക്കു 480 രൂപ അടച്ച് വരി ചേരുമ്പോൾ സൈനുദ്ദീൻ ഇർഫാനി മാണൂർ
എഴുതിയ 120 രൂപ വിലയുള്ള 'കെണിവലകൾ; കുടുംബിനികൾക്കു ചുറ്റും' എന്ന
പുതിയ പുസ്തകവും
240 രൂപ അടച്ച് ഒരു വർഷത്തേക്കു വരിചേരുമ്പോൾ ഇബ്റാഹിം ടി.എൻ.പുരം എഴുതിയ
60 രൂപ വിലയുള്ള 'ഇംറാന്റെ പ്രിയ പുത്രി–ബീവി മർയം' എന്ന പുസ്തകവും
സൗജന്യം
കൂടാതെ
വരിക്കാരിൽ നിന്നും
നറുക്കിട്ടെടുക്കുന്ന
ഭാഗ്യശാലികൾക്ക്
രണ്ടാം സമ്മാനം
സൈക്കിൾ
മെഗാ സമ്മാനം
വാഷിംങ്
മെഷീൻ
മൂന്നാം സമ്മാനം
ജ്യൂസ് മെഷീൻ
പ്രോത്സാഹന സമ്മാനമായി
ക്ലോക്കുകളും ഗ്ലാസുകളും
നിലവിലുള്ള വരിക്കാർക്കും ഈ പദ്ധതിയിൽ അംഗമാകാം
ഈ
ആനുകൂല്യം
2017 ജനുവരി 31
വരെ മാത്രം
പൂങ്കാവനം
പബ്ലിക്കേഷൻസ്
മർകസ് കോംപ്ലക്സ്, കോഴിക്കോട് – 673 004
ഫോൺ: 0495 – 2729036, 037
: 8089773806
E-mail: poomkavanamcalicut@gmail.com
Poomkavanam Publications: Bank A/c No: 13060200026390, Federal Bank
Puthiyara Branch, Kozhikode, IFSC: FDRL0001306

RNI No. KERML/2008/25817
Regd. No. KL/CT/73/2015-17
KL/PMG/NR/WPP/37/KKD/2015-17
Licensed to post without pre-payment
Published on 21. 12. 2016

Date of Posting 21st & 22nd of
every month at Calicut RMS

POOMKAVANAM MONTHLY
Calicut-673 004
2017 January
Price ₹: 20/-

BIS | PLATINUM

Follow us: apollogold.co.in

സ്വർണപ്രഭയോടെ വരവേൽക്കാം പുതുവർഷത്തെ

പുതുവർഷത്തിനേകൂ പരിശുദ്ധ സ്വർണത്തിന്റെ തിളക്കവും



എവർക്കും
പുതുവൽസരാശംസകൾ

KOZHIKODE
Ph: 0495 2725682

KANNUR
Ph: 0497 2767916

VATAKARA
Ph: 0496 2515599

PERAMBRA
Ph: 0496 2614000

TIRUR
Ph: 0494 2429902

MANJERI
Ph: 0483 2765540

MALAPPURAM
Ph: 0483 2737558

PATTAMBI
Ph: 0466 2211888

QATAR
Ph: 00974 - 44173999

FOR YOU.. FOR EVER...

APOLLO 916 GOLD

GOLD - DIAMOND - PLATINUM - WATCHES

FUSION Vintage arsha RARE HAYA Twinkle Lite

Customer care 0495 - 6066060